# വി. മത്തായിയുടെ സുവിശേഷം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# വി. മത്തായിയുടെ സുവിശേഷം

**Title:** The Gospel of St. Mathew
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2015 April 5 (Easter)

**Editorial Board:** Rev. Dr. Joseph Pamplany
Rev. Dr. Thomas Kochukarottu
Rev. Dr. Joseph Kakkaramattathil

**Office Assistance:** Rev. Sr. Glorista SABS
Mr. Renjith K.C.
Mrs. Maneesha Shinoj
Mrs. Anitha Vijayan
Mrs. Jeshitha Vijesh
Miss. Bhavya K
**Design & Layout:** Mr. Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. മത്തായി എഴുതിയ സുവിശേഷം ........ 5
2. യേശുവിന്റെ ശൈശവം (മത്താ 1-2) ........ 30
3. ദൈവരാജ്യം ക്രിസ്തുവിന്റെ ഉപമകളിലൂടെ ........ 54
4. മത്തായിയുടെ സുവിശേഷത്തിലെ ധർമ്മബോധവും അതിന്റെ സാമൂഹ്യമാനങ്ങളും ........ 60
5. യുഗാന്ത്യദർശനം - വി. മത്തായിയുടെ സുവിശേഷത്തിൽ ........ 90
6. വിനയം, കരുണ, വിശ്വാസം ( മത്താ 8:5-13) ........ 107
7. ശാപങ്ങളെ അനുഗ്രഹമാക്കിയവൾ (മത്താ 15:21-28) ........ 112
8. മാറുന്ന മലകളും വളരുന്ന കടുകുമണിയും (മത്താ 17:14-23) ........ 117
9. സ്വർഗ്ഗരാജ്യത്തിലെ ശിശു (മത്താ 18:1-9) ........ 122
10. പതിനൊന്നാം മണിക്കൂറിലെത്തുന്ന യജമാനൻ (മത്താ 20:1-16) ........ 127
11. കഴുതപ്പുറത്തൊരു കുഞ്ഞാട് (മത്താ 21:1-17) ........ 132
12. മൂലക്കല്ലുകളകാനുള്ള നിയോഗം (മത്താ 21:33-46) ........ 140
13. സത്യമായും അവൻ മൂന്നാംദിനം ഉയിർത്തെഴുന്നേറ്റു (മത്താ 28:1-6) .... 144
14. ഉത്ഥാനത്തിരുനാൾ (മത്താ 28:1-20) ........ 148
15. ഒരു വലിയ നിയോഗം (മത്താ 28:16-20) ........ 153

# 01

## മത്തായി എഴുതിയ സുവിശേഷം

പുതിയനിയമ കാനോനായിൽ ആദ്യമായി നൽകിയിരിക്കുന്നത് മത്തായി എഴുതിയ സുവിശേഷമാണ്. ഏറ്റവുമാദ്യം രചിക്കപ്പെട്ട സുവിശേഷമായതുകൊണ്ടല്ല, ആദിമസഭയിൽ ഏറ്റവുമധികം പ്രചരിച്ചിരുന്നതുകൊണ്ടാണ് ഈ സുവിശേഷം കാനോനായിൽ ആദ്യസ്ഥാനത്തെത്തിയത്. 28 അധ്യായങ്ങളും 1071 വാക്യങ്ങളുമുള്ള ഈ സുവിശേഷം ആദിമസഭ തലമുറകൾക്കായി കാത്തുസൂക്ഷിച്ച അമൂല്യമായ ഒരു നിധിയാണ്.

### സുവിശേഷകനായ മത്തായി

ഈശോയുടെ പന്ത്രണ്ടുശ്ലീഹൻമാരിൽ ഒരാളായ മത്തായി (ലേവി) ആദ്യസുവിശേഷം രചിച്ചു എന്നാണ് അതിപുരാതനമായ പാരമ്പര്യം. ഹിയെരാപ്പോളീസിലെ (തുർക്കി) പപ്പിയാസിന്റെ (എ.ഡി. 70–140) ഒരു പ്രസ്താവന എവുസേബിയസ് തന്റെ സഭാചരിത്രത്തിൽ ഉദ്ധരിക്കുന്നതിൽനിന്നാണ് ഈ പാരമ്പര്യത്തിന്റെ തുടക്കം. പപ്പിയാസ് പറയുന്നു: “മത്തായി ഹീബ്രുഭാഷയിൽ (കർത്താവിന്റെ/കർത്താവിനെക്കുറിച്ചുള്ള) വാക്കുകൾ സമാഹരിച്ചു. ഓരോരുത്തരും

താന്താങ്ങളുടെ കഴിവുപോലെ അവ വിവർത്തനം ചെയ്യുകയും ചെയ്തു" (*തിരുസഭാചരിത്രം* III, 39,16). ചുങ്കക്കാരനായ ലേവിയാണ് ഈ സുവിശേഷത്തിന്റെ കർത്താവ് എന്ന് ഒരിജൻ സാക്ഷ്യപ്പെടുത്തുന്നതും എവുസേബിയസ് ഉദ്ധരിക്കുന്നുണ്ട് (*തിരുസഭാചരിത്രം* VI,25). ഇരണേവൂസും അലക്സാണ്ട്രിയയിലെ ക്ലെമന്റും മത്തായി ശ്ലീഹായുടെ കർതൃത്വത്തിൽ വിശ്വസിച്ചവരാണ്.

അപ്പസ്തോലനായ മത്തായി യേശുസംഭവത്തിന്റെ ദൃക്സാക്ഷിയാണ്. പക്ഷേ അദ്ദേഹമാണ് ഈ സുവിശേഷം രചിച്ചതെന്ന് ഇപ്പോഴും സംശയരഹിതമായി സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടാം നൂറ്റാണ്ടിലാണ് "മത്തായിയുടെ സുവിശേഷം" എന്ന് ആദ്യസുവിശേഷത്തിനു തലക്കെട്ടു ലഭിക്കുന്നത് . അപ്പസ്തോലനായ അദ്ദേഹം തന്റെ സുവിശേഷ രചനയ്ക്ക് ദൃക്സാക്ഷിയല്ലാത്ത മർക്കോസിനെ ആശ്രയിക്കുന്നതെന്തുകൊണ്ട്? മർക്കോസിന്റെ സുവിശേഷത്തിലെ ചുങ്കക്കാരനായ ലേവി (2,14) ഒന്നാം സുവിശേഷത്തിൽ മത്തായി എന്ന പേരിലാണ് പ്രത്യക്ഷപ്പെടുന്നത്. മത്തായി ശ്ലീഹാ ഒന്നാം സുവിശേഷം വിരചിതമായ ആദിമസഭാസമൂഹത്തിന്റെ ഉത്ഭവത്തിൽ പ്രഥമസ്ഥാനം വഹിച്ച ആളായിരിക്കണം. സുവിശേഷം യഥാർത്ഥത്തിൽ എഴുതിയ ആൾ ആ സമൂഹത്തിലെ ഒരു പ്രബോധകനോ അദ്ധ്യാപകനോ ആയിരുന്നിരിക്കണം (മത്താ 13,52; 23.34). യഹൂദ മതഗ്രന്ഥങ്ങളിൽ പ്രാവീണ്യവും ക്രിസ്തുപ്രബോധനങ്ങളിൽ ദൃഢവിശ്വാസവുമുള്ള ആളായിരുന്നു അദ്ദേഹം. 'പഴയതും' 'പുതിയതും' നിശ്ചയമുള്ള ഒരു ഗുരുവര്യൻ (മത്താ 13,52).

സുവിശേഷകൻ ഒരു യഹൂദ ക്രൈസ്തവൻ ആയിരുന്നു എന്നു വാദിക്കുന്ന പണ്ഡിതന്മാർ ധാരാളമുണ്ട്. അതിനുള്ള കാരണങ്ങൾ പലതാണ്. (1) നിയമത്തോടുള്ള ആഭിമുഖ്യം (മത്താ 5,17-20; 23,3.23). (2) പഴയനിയമസൂചനകളുടെയും "പൂർത്തീകരണ"ത്തിന്റെയും ബാഹുല്യം (മത്താ 1,22-23; 2,5-6.15.17-18; 3,3; 4,14-16; 8,17). (3) ഈശോയുടെ പ്രേഷിത പ്രവർത്തനം ഇസ്രായേലിലേക്കു മാറിയിരിക്കുന്നു (മത്താ 10,5-6; 15,24). (4) സാബത്ത് പാലിക്കുന്ന സമൂഹമാണ് മത്തായിയുടേത് (മത്താ 24,20). (5) ഈ സമൂഹം യഹൂദരുമായി ഐക്യത്തിലാണു കഴിയുന്നത് (മത്താ 17,24-27; 23,1-3). (6) ഈശോയെ മോശയുമായി താരതമ്യപ്പെടുത്തി അഞ്ചു നീണ്ട പ്രസംഗങ്ങൾ നൽകിയിരിക്കുന്നു (കാ. മത്താ 2,13 മു; 4,1-2; 5,1).

രചയിതാവ് ഒരു വിജാതീയ ക്രൈസ്തവനായിരുന്നു എന്നതിനും നിരവധി തെളിവുകൾ നിരത്താറുണ്ട്: (1) സുവിശേഷം പ്രദാനം ചെയ്യുന്ന സാർവ്വത്രികരക്ഷയെപറ്റിയുള്ള പ്രസ്താവനകൾ വിജാതീയ പ്രേഷിത പ്രവർത്തനം നടത്തിയ ഒരു സമൂഹത്തിലാണ് ഇതെഴുതപ്പെട്ടതെന്നു സൂചിപ്പിക്കുന്നു (മത്താ 28,18-20; 8,11-12; 10,18; 12,18.21മു). (2) ആചാരങ്ങൾ ഒഴിവാക്കാനുള്ള മനോഭാവം (15,11-20; 23,25-26). (3) സുവിശേഷത്തിലുള്ള നിയമ വിമർശനം (5,21-48), മോശയെക്കാൾ ഉപരിയായ മിശിഹായുടെ സ്ഥാനം (19,3-9). (4) ഫരിസേയരുടെ നീതിചിന്തയുടെ വിമർശനം (5,20; 6,12; 9,3മു; 12,1മു). (5) അറമായ സ്വാധീനത്തിന്റെ അഭാവം (കാ. മർക്കോ 1,13; മത്താ 4,2; മർക്കോ 5,41; മത്താ 9,25; മർക്കോ 7,34; മത്താ 15,30; മർക്കോ 7,11; മത്താ 15,5). (6) സുവിശേഷകന്റെ സമൂഹം സിനഗോഗിനോട് അകൽച്ച പുലർത്തിയിരുന്നു (മത്താ 23, 34 6; 7,296). (7) സാബത്തു നിയമങ്ങൾ അപ്രസക്തമാണ് (12,43; 22,3; 8,11-12; 21,39മു; 27,25; 28,15).

ഈ രണ്ടു നിലപാടുകൾക്കും അനുകൂലികൾ ധാരാളമുണ്ട്. പലസ്തീനായ്ക്കു വെളിയിൽ ജനിച്ചുവളർന്ന, യവനസംസ്ക്കാരവുമായി അടുപ്പമുണ്ടായിരുന്ന ഒരു യഹൂദക്രൈസ്തവനായിരിക്കണം രചയിതാവ് എന്ന് ഒരു കൂട്ടം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. വിജാതീയരുടെ ഇടയിലുള്ള പ്രേഷിത പ്രവർത്തനം, നിയമത്തോടുള്ള (തോറാ) സമീപനങ്ങളിലെ ലാഘവത്വം എന്നിവ ഈ നിലപാടിനെ ശക്തിപ്പെടുത്തുന്ന വാദങ്ങളാണ്. യഹൂദപാരമ്പര്യവുമായിട്ടുള്ള രചയിതാവിന്റെയും സുവിശേഷത്തിന്റെയും ബന്ധവും പ്രേഷിത പ്രവർത്തനത്തിലെ തുറവിയും പരിഗണിക്കുമ്പോൾ ഈ നിലപാട് ശരിയായിരിക്കാനുള്ള സാധ്യതയുണ്ട്. രചയിതാവ് ആരാണെന്നു കൃത്യമായി നിർണ്ണയിക്കുക തികച്ചും വിഷമകരമാണ്. പഴയനിയമ പരിജ്ഞാനമുള്ള ഒരു ക്രൈസ്തവൻ എന്നതിൽ കൂടുതലായി ഒന്നും പറയാനാവില്ല എന്നതാണു വാസ്തവം.

## രചനാസ്ഥലവും കാലവും

മത്തായിയുടെ സുവിശേഷം സിറിയായിൽവച്ചു രചിക്കപ്പെട്ടു എന്നാണ് പാരമ്പര്യം. സുവിശേഷത്തിലെ യഹൂദ-ക്രൈസ്തവ സൂചനകൾ, ഡിഡാക്കെയും (7,1;8; 10,15; 16) അന്ത്യോക്യായിലെ ഇഗ്നേഷ്യസും (ഇഗ്നേഷ്യസ്: സ്മിർണാലേഖനം 1,1; മത്താ 3,15; ഫിലദെൽഫിയാ ലേഖനം 3,1; മത്താ 15,13) നൽകുന്ന സാക്ഷ്യങ്ങൾ എന്നിവ ഇതു ശരിവെക്കുന്നു. അന്ത്യോക്യാ, ഡമാസ്കസ്, സീദോൻ, ടയിർ മുതലായ സിറിയൻ പട്ടണങ്ങളിൽ ഏതാണ് ശരിയായ രചനാസ്ഥലമെന്നു നിർണ്ണയിക്കാൻ സാധ്യമല്ല. ഗ്രീക്കു സംസാരിക്കുന്നവർക്കുവേണ്ടി ഗ്രീക്കു ഭാഷയിൽ എഴുതപ്പെട്ടതാ

ണല്ലോ ഈ സുവിശേഷം. അതുകൊണ്ട് പാലസ്തീനായിൽ വച്ചായിരിക്കില്ല എഴുതപ്പെട്ടത് എന്നേ ഖണ്ഡിതമായി പറയാൻ പറ്റൂ.

ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത് എ.ഡി. 70 -85 വർഷങ്ങൾക്കിടയിൽ സുവിശേഷം വിരചിതമായി എന്നാണ്. ഇഗ്നേഷ്യസിന് 110-ാമാണ്ടിൽ ഈ സുവിശേഷത്തെപറ്റി അറിയാമായിരുന്നു. ദേവാലയ നാശത്തെ പറ്റി (70) മത്തായി അറിഞ്ഞിരുന്നു എന്നാണ് പണ്ഡിതാഭിപ്രായം (കാ. 22,7; 21,41; 23,38). പത്രോസിന്റെ ഒന്നാം ലേഖനമാണ് (85-95) ഈ സുവിശേഷം ഉപയോഗിക്കുന്ന ആദ്യ ക്രൈസ്തവ കൃതി. മർക്കോസിന്റെ സുവിശേഷത്തിനു ശേഷമായിരിക്കണമല്ലോ മത്തായിയുടെ രചന. അപ്പോൾ 70നു ശേഷം എന്ന നിഗമനത്തിനു പ്രസക്തിയുണ്ട്.

## സ്വീകർത്താക്കൾ

ആരെ ഉദ്ദേശിച്ചാണ് മത്തായി തന്റെ സുവിശേഷം എഴുതിയത്? യഹൂദമതവുമായി വേർപിരിഞ്ഞുതുടങ്ങിയ ഒരു ക്രൈസ്തവസമൂഹത്തിലാണ് ഈ സുവിശേഷത്തിന്റെ ഉത്ഭവം. അവരാണ് സുവിശേഷത്തിന്റെ സ്വീകർത്താക്കൾ. ക്രൈസ്തവർ ഒരു പക്ഷേ പീഡിപ്പിക്കപ്പെട്ടിരിക്കാനും സാദ്ധ്യതയുണ്ട് (10,17-18; 23,4). "അവരുടെ/ നിങ്ങളുടെ സിനഗോഗുകൾ" (4,23; 9,35; 10,17; 12,9; 13,54; 23,34), "നിയമജ്ഞരും ഫരിസേയരും" (5,20,12,38; 15,1; 23,2.13.15.23.25.27.29) മുതലായ പ്രയോഗങ്ങൾ ഈ വേർപിരിയലിനെ സൂചിപ്പിക്കുന്നു. യഹൂദമതപണ്ഡിതന്മാരുടെയും ഫരിസേയരുടെയും കാപട്യം (6,1 -18; 21,1-36) മത്തായി എടുത്തുകാണിക്കുന്നുണ്ട്. ഇസ്രായേലിന്റെ പ്രമുഖ സ്ഥാനം അവസാനിച്ചതായി മത്തായിയുടെ സമൂഹം കരുതുന്നു. വിജാതീയരുടെ ഇടയിൽ പ്രേഷിത പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മത്തായിയുടെ സമൂഹം ഈ പ്രവർത്തനത്തിൽ സജീവമാണ്. യഹൂദരിൽനിന്നും വിജാതീയരിൽനിന്നുമുള്ള ക്രൈസ്തവർ അംഗങ്ങളായ ഒരു സമൂഹമായിരുന്നു അത്. ഏതെങ്കിലും ഒരു പ്രത്യേക വിഭാഗം മാത്രമുള്ള ഒരു സമൂഹത്തിനല്ല മത്തായി എഴുതിയത്; വിവിധ സമൂഹങ്ങൾക്കാണ് എന്ന ആശയത്തിന് ഇപ്പോൾ പ്രാമുഖ്യം കിട്ടിത്തുടങ്ങിയിട്ടുണ്ട്.

യഹൂദമതാനുയായികളുടെ നീതിയെ അതിശയിക്കുന്ന പുതിയ നീതിയാണ് മത്തായിയുടെ സമൂഹം അനുവർത്തിക്കേണ്ടത് (5,20). അത് നിറവേറ്റുകയാണ് ദൈവേഷ്ടം (7,21; 12,50; 21,31). മിശിഹാ "പൂർത്തീകരണത്തിന്റെ" സന്ദേശവാഹകനാണ് (5,48; 19,21). നിയമരാഹിത്യം അനുവദനീയമല്ല (7,15; 24,11). പ്രവാചകരും (10,41; 23,34) നിയമ പണ്ഡിതരും (13,52; 23,34) അരൂപിയിൽ നിറഞ്ഞ





വരും (10,8) അദ്ദേഹത്തിന്റെ സമൂഹത്തിൽ ഉണ്ടായിരുന്നു. പത്രോസിന്റെ ശ്ലീഹന്മാരിലെ പ്രഥമ സ്ഥാനം അംഗീകരിച്ചിരുന്ന ഒരു സമൂഹമാണ് മത്തായിയുടെത് (10,2;15,15; 18,21; 16,18-19).

## സ്രോതസ്സ്

സമവീക്ഷണ സുവിശേഷങ്ങളുടെ പരസ്പരബന്ധം ചർച്ചചെയ്തപ്പോൾ മത്തായി, ലൂക്കാ സുവിശേഷങ്ങൾ പൊതുവായി ഉപയോഗിച്ച രണ്ടു സ്രോതസ്സുകൾ മർക്കോസിന്റെ സുവിശേഷവും ക്യൂ രേഖയുമാണെന്ന് കാണുകയുണ്ടായി. മർക്കോസിന്റെ സുവിശേഷത്തിന്റെ മറ്റൊരു പതിപ്പായിരിക്കണം മത്തായി ഉപയോഗിക്കുന്നത്. വാമൊഴിയിലുള്ള ഒരു ക്യൂ പാരമ്പര്യമാണ് മത്തായി ഉപയോഗിച്ചതെന്നു കരുതുന്നവരിൽ പ്രധാനിയാണ് ജി. ബോൺകാം. മത്തായിയിൽ മാത്രം കാണുന്ന 25 "പെരിക്കോപ്പു"കൾ ഉള്ളതിനാൽ അവയ്ക്ക് ആധാരമായ സ്രോതസ്സുകളും മത്തായി ഉപയോഗപ്പെടുത്തിയിട്ടുണ്ട് എന്ന് ഊഹിക്കാം. ആ സ്രോതസ്സ് ലിഖിതരൂപത്തിലുള്ള ഒരു രേഖയായിരുന്നിരിക്കാൻ സാധ്യതയില്ല. കാരണം പൊതുവായ ഒരു ദൈവശാസ്ത്ര ദർശനമില്ലാത്ത 25 പ്രത്യേക പെരിക്കോപ്പുകളാണ് അവ. വാമൊഴി പാരമ്പര്യത്തിലാണ് അവ മത്തായിക്കു കൈവന്നതെന്നാണ് പണ്ഡിതന്മാരുടെ നിഗമനം. മത്തായിയുടെ സുവിശേഷത്തിന്റെ പകുതിയോളം മാർക്കോസിൽനിന്നും മറ്റേ പകുതി ക്യൂ പാരമ്പര്യത്തിലും ഇതരപാമ്പര്യങ്ങളിലും നിന്നും വന്നതാകണം. മർക്കോസിന്റെ ഘടന മത്തായി സ്വീകരിക്കുന്നു. ക്യൂ പാരമ്പര്യത്തിൽ നിന്നുള്ള ഭാഗങ്ങൾ മത്തായി അതേപടി എടുത്തുചേർക്കുകയല്ല ചെയ്തിരിക്കുന്നത്. തന്റെ പ്രധാന കഥയോട് ഓരോ ഭാഗവും വിളക്കിച്ചേർക്കാൻ മത്തായി ശ്രദ്ധിച്ചിട്ടുണ്ട്.

സെന്റ് പോളിന്റെ ദൈവശാസ്ത്രവുമായി മത്തായിയുടെ സുവിശേഷത്തിനുള്ള ബന്ധം പല ഗവേഷകരും ചൂണ്ടിക്കാണിച്ചിട്ടുണ്ട് (ന്യായവിധി, നിയമം, സാർവ്വത്രികരക്ഷ മുതലായ പ്രമേയങ്ങൾ). ഡിഡാക്കെ, ഇഗ്നേഷ്യസിന്റെ ലേഖനങ്ങൾ എന്നിവയുടെ രചയിതാക്കൾ മത്തായിയുടെ സുവിശേഷത്തെ ആശ്രയിച്ചിട്ടുണ്ട് എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

## മത്തായിയിൽ മാത്രം കാണുന്ന ഭാഗങ്ങൾ

മത്തായിയിൽ മാത്രം കാണുന്ന ഭാഗങ്ങളെ വിവരണങ്ങൾ, ഉപമകൾ, അത്ഭുതങ്ങൾ, ഉത്ഥിതന്റെ പ്രത്യക്ഷീകരണ വിവരണങ്ങൾ, യേശുവചനങ്ങൾ എന്നിങ്ങനെ അഞ്ചായി തിരിക്കാം. മത്തായിയുടെ മറ്റൊരു പ്രത്യേകതയാണ് ഈശോയുടെ അഞ്ച് ദീർഘപ്ര

ഭാഷണങ്ങൾ (മത്താ 5-7: മലയിലെ പ്രസംഗം; 10: പ്രേഷിത പ്രവർത്തനം; 13: ദൈവരാജ്യം ഉപമകളിലൂടെ; 18: ക്രൈസ്തവ സമൂഹജീവിതം; 27-25: യഹൂദമതവിമർശനം-യുഗാന്ത്യം).

**1. വിവരണങ്ങൾ**

1,18-2,23 - ഈശോയുടെ ജനനസംബന്ധമായവ
27,3-10 - യൂദാസിന്റെ മരണം
27,19 - പീലാത്തോസിന്റെ ഭാര്യയുടെ സ്വപ്നം
27,24-25 - പീലാത്തോസിന്റെ കൈകഴുകൽ
27,51-53 - മരിച്ചവരുടെ ഉത്ഥാനം
27,62-66 - കല്ലറ കാവൽക്കാർ
28,11-15 - കല്ലറ കാവൽക്കാരുടെ അസത്യപ്രചാരണം

**2. ഉപമകൾ**

13,24-30 - ഗോതമ്പുവയലിലെ കളകൾ
13,44-52 - വയലിലെ നിധി, രത്നം, വല, ജ്ഞാനിയായ വീട്ടുടമസ്ഥൻ
18,23-35 - നിർദ്ദയനായ ഭൃത്യൻ
20,1-16 - മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ
21,28-38 - രണ്ടു പുത്രന്മാർ
25,1-13 - പത്തു കന്യകമാർ
25,31-46 - അന്ത്യവിധി

**3. അത്ഭുതങ്ങൾ**

9,27-34 - അന്ധർക്കും ഊമനും സൗഖ്യം
14,22-23 - കടലിൽ താഴുന്ന പത്രോസ്
17,24-27 - മത്സ്യത്തിന്റെ വായിലെ നാണയം
21,14-16 - ദേവാലയത്തിൽവച്ചു നൽകുന്ന രോഗശാന്തി

**4. ഉത്ഥിതന്റെ പ്രത്യക്ഷീകരണങ്ങൾ**

28,9-19 - ഈശോ സ്ത്രീകൾക്കു പ്രത്യക്ഷനാകുന്നു
28,16-18 - ഗലീലിയയിലെ ഒരു മലയിൽ വച്ചുള്ള പ്രത്യക്ഷീകരണം

**5. യേശുവചനങ്ങൾ**

5,5.7-10 - സുവിശേഷ ഭാഗ്യങ്ങൾ
5,17.19-20 - നിയമത്തിന്റെ പൂർത്തീകരണം
5,21-24 - കൊലപാതകത്തെപറ്റി
5,27-37 - വ്യഭിചാരം, വിവാഹമോചനം, ആണയിടൽ
6.1-6 - ധർമ്മദാനം, പ്രാർത്ഥന





6,16-18 - ഉപവാസം
7,6 - മുത്തുകൾ പന്നികൾക്കുള്ളതല്ല
11,28-30 - അധ്വാനിക്കുന്നവനും ഭാരം വഹിക്കുന്നവരും
16,17-15 - പത്രോസിന് താക്കോലുകൾ
18,15-22 - തിരുത്താനും ക്ഷമിക്കാനും തയ്യാറാവുക
19,10-12 - വിവാഹവും കൃപയും
23,8-11.15-12- ഫരിസേയർക്കെതിരേ
28,18-20 - പ്രേഷിതാഹ്വാനം

## ഭാഷയും സാഹിത്യശൈലിയും

ഏറ്റവും യഹൂദ സ്വഭാവം പുലർത്തുന്ന സുവിശേഷമാണ് മത്തായിയുടെത്. പഴയനിയമത്തിൽനിന്ന് ഏകദേശം 130 ഉദ്ധരണികൾ മത്തായിലുണ്ട്. അവയിൽ 43 എണ്ണം പൂർണ്ണരൂപത്തിൽതന്നെയാണ്. "കർത്താവ് പ്രവാചകൻ വഴി അരുളിചെയ്തത് പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്" എന്നൊരു കുറിപ്പ് 12 ഉദ്ധരണികളോടൊപ്പം മത്തായി നൽകുന്നുണ്ട് (1,22-23; 2,5-6; 2,15.2,17-18; 2.23; 4,14-15; 8,17; 12,17-25; 13,35; 21,4-5; 27,9). പഴയനിയമത്തിൽ നിന്ന് വാക്യങ്ങളെടുത്ത് അവയെ ഈശോയോട് ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുകയാണ് മത്തായിയുടെ രീതി. സമകാലീന യഹൂദ വ്യാഖ്യാന സമ്പ്രദായത്തോടും ഖുംറാനിലെ വ്യാഖ്യാന രീതികളോടും മത്തായി സാധർമ്മ്യം പുലർത്തുന്നുണ്ട്. ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ "ഹെബ്രായ ഭാഷയിൽ മത്തായി എഴുതി" എന്നു പറഞ്ഞപ്പോൾ ഉദ്ദേശിച്ചത് ഇതുതന്നെയാണ്. ഹെബ്രായ ഭാഷകൊണ്ട് അദ്ദേഹം സൂചിപ്പിക്കുന്നത് "ഹെബ്രായരുടെ ആശയ പ്രകാശന രീതി"യത്രേ. ഹെബ്രായ സാഹിത്യശൈലി, സങ്കേതങ്ങൾ മുതലായവയൊക്കെ മത്തായി ഉപയോഗിച്ചു എന്നർത്ഥം.

മർക്കോസിന്റെ ഭാഷ പരിഷ്ക്കരിക്കുവാൻ മത്തായി ഉദ്യമിച്ചിരിക്കുന്നതുകൊണ്ട് ക്ലാസിക്കൽ ഗ്രീക്ക് ശൈലിയിലാണ് അദ്ദേഹം എഴുതിയതെന്ന് ധരിക്കാൻ പാടില്ല. സപ്തതിയുടെ ഭാഷയോടു സാമ്യമുള്ളതും ശേമിക സ്വാധീനം പ്രകടിപ്പിക്കുന്നതുമായ കൊയിനേ ഗ്രീക്കാണ് മത്തായിയുടെ ഭാഷ. ശേമിക ശൈലിയുടെ പ്രത്യേകതകളായ സമാന്തരത്വം, ആവർത്തനങ്ങൾ, ഉൾപ്പെടുത്തലുകൾ (inclusio) എന്നിവ അദ്ദേഹം ഉപയോഗിക്കുന്നുണ്ട്.

## പാഠവിഭജനം (ഘടന)

മത്തായിയുടെ സുവിശേഷത്തിന്റെ ഘടനയെപറ്റി നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ മൂന്നെണ്ണമാണ്.

(1) അഞ്ച് പ്രഭാഷണങ്ങളെ ആധാരമാക്കി അഞ്ച് ഭാഗങ്ങളായി തിരിക്കുന്ന ഒരു വിഭജനമാണ് അതിൽ പ്രധാനം. ആമുഖവും (അ. 1-2) സമാപനവും (അ. 26-28) കൂടാതെയുള്ള അഞ്ചുഭാഗങ്ങൾ ഇവയാണ്: അ. 3-7; 8-10; 11-13,52; 13,53-18,35; 19-25. (2) ആമുഖവും (1,1-4,16) സമാപനവും (26-28) കൂടാതെ രണ്ടു ഭാഗങ്ങളായി (4,17-16,20; 16,21-25,46) തിരിക്കുന്ന ഒരു സമ്പ്രദായം. ഈ രണ്ടുഭാഗങ്ങളുടെയും ആദ്യ വാക്യങ്ങൾ (4,17; 16,21) മത്തായിയുടെ പ്രത്യേകമായ സൂചനകളായി കണക്കാക്കുന്നു. ഒന്നാം ഭാഗം ഗലീലിയിലെ പ്രവർത്തനങ്ങളും രണ്ടാം ഭാഗം ജെറുസലെമിലേക്കുള്ള യാത്രയുമാണ്. ആദ്യഭാഗത്തിന്റെ പരിണാമഗുപ്തിയാണ് 16,13-20 (ഈശോ മിശിഹായാണെന്ന പത്രോസിന്റെ ഏറ്റുപറച്ചിൽ). കുരിശു മരണത്തിലേക്കുള്ള സൂചന തരുന്ന 16,21 ഒരു പുതിയ ഭാഗത്തിന്റെ ആരംഭമായി കാണാം. (3) വിവരണവും പ്രഭാഷണവും ഇടകലർന്ന ഒരു വിഭജനരീതി ചില പണ്ഡിതന്മാർ സ്വീകരിക്കുന്നുമുണ്ട്:

| | |
|---|---|
| വിവരണം - അ. 1-4; പ്രഭാഷണം - അ. | 5-7 |
| 8-9; | 10 |
| 11-12; | 13 |
| 14-17; | 18 |
| 19-23; | 24-25 |
| 26-28; | |

സുവിശേഷത്തിന്റെ ഭാഷാപരവും ആശയപരവുമായ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടുള്ള ഒരു പാഠവിഭജനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത് (പൊക്കോർണി - ഹെക്കെൽ).

| | | |
|---|---|---|
| 1. | 1,1-4,22 | പ്രാഗ്ചരിത്രം |
| | 1,1-2,23 | ദൈവപുത്രന്റെ വംശാവലിയും ജനനവും |
| | 3,1-4,22 | പരസ്യജീവിതത്തിനുള്ള ഒരുക്കം |
| 2. | 4,23-7,29 | പഴയനിയമത്തെ അതിശയിക്കുന്ന പുതിയ നീതി |
| | 4,23-25 | ഈശോയുടെ പ്രവൃത്തികൾ |
| | 5,1-7,29 | *ഒന്നാം പ്രഭാഷണം: മലയിലെ പ്രസംഗം* |
| 3. | 8,1-11,30 | മിശിഹായുടെ മഹത്തായ പ്രവൃത്തികൾ |
| | അ. 8-9 | അത്ഭുതപ്രവൃത്തികളും യഹൂദരുമായുള്ള തർക്കവും |
| | അ. 10 | *രണ്ടാം പ്രഭാഷണം: പ്രേഷിത ദൗത്യം* |
| | അ. 11 | വഴിയൊരുക്കുന്നവനും മിശിഹായും |
| 4. | 12,1-16,12 | ഈശോ-തിരസ്കൃതനാകുന്ന മിശിഹാ |
| | അ. 12 | അത്ഭുതവും തർക്കവും |
| | 13,1-52 | *മൂന്നാം പ്രഭാഷണം: ദൈവരാജ്യം* |
| | 13,53-16,12 | അത്ഭുതവും തർക്കവും |





| | | |
|---|---|---|
| 5. | 16,13-20,34 | പീഡാസഹനത്തിലേക്കുള്ള മാർഗ്ഗത്തിൽ |
| | 16,13-17,27 | പത്രോസിന്റെ ഏററുപറച്ചിൽ, പീഡനത്തെപറ്റി രണ്ടു പ്രവചനങ്ങൾ, രൂപാന്തരീകരണം, ശിഷ്യത്വം |
| | 18,1-35 | *നാലാം പ്രഭാഷണം: ക്രൈസ്തവ സമൂഹജീവിതം* |
| | 19,1-20.34 | പീഡാസഹനം, മൂന്നാം പ്രവചനം, ശിഷ്യത്വം |
| 6. | അ. 21-25 | ജെറുസലെമിലെ അന്ത്യദിനങ്ങൾ |
| | 21,1-22,46 | ഫലം പുറപ്പെടുവിക്കാത്ത ജനം |
| | 21,1-22 | നഗരപ്രവേശനം, ദേവാലയശുദ്ധീകരണം, അത്തിമരം |
| | 21,23-22,14 | ഈശോയുടെ അധികാരം |
| | 22,15-46 | അവസാനത്തെ നാലു തർക്കങ്ങൾ |
| | അ. 23 | യഹൂദമതനേതാക്കൾക്കെതിരേ വിമർശനം |
| | അ. 24-25 | *അഞ്ചാം പ്രഭാഷണം: യുഗാന്ത്യം* |
| 7. | അ. 26-28 | പീഡാസഹനവും ഉത്ഥാനവും |
| | 26-27 | പീഡാനുഭവവിവരണം |
| | 28 | ഉത്ഥാനം, പ്രേഷിതദൗത്യം |

**1. പ്രാഗ്ചരിത്രം (1,1-4,22):** രക്ഷാചരിത്രപരമായും മിശിഹാവിജ്ഞാനീയപരമായുമുള്ള പ്രാഗ്ചരിത്രത്തിൽ മനുഷ്യചരിത്രത്തിലേക്ക് ഇറങ്ങിവരുന്ന ദൈവപുത്രനെ ആദ്യമായി അവതരിപ്പിക്കുകയാണ്. വംശാവലിയിലൂടെ ഈശോ ദാവീദിന്റെയും അബ്രാഹത്തിന്റെയും പുത്രനാണെന്നും (1,1-17) അങ്ങനെ വാഗ്ദാനത്തിന്റെ അവകാശിയാണെന്നും വ്യക്തമാക്കുന്നു. പാപമോചകനും (1,21) രക്ഷകനുമായ ഈശോ ദൈവത്തെ നമ്മോടു കൂടെയാക്കുന്ന ഇമ്മാനുവേലാണ് (1,23). വിജാതീയരായ ജ്ഞാനികൾ ഈശോയെ തിരിച്ചറിയുമ്പോൾ യഹൂദർക്ക് അതിനു കഴിയുന്നില്ല (2,1-12). താൻ രക്ഷിക്കാനുള്ള ജനതതന്നെ അവിടുത്തെ വധിക്കാൻ ശ്രമിക്കുന്നു. മോശയെപ്പോലെ ഈജിപ്തിലാണ് ഈശോയും അഭയം തേടുന്നത് (2,13-18).

അടുത്ത രണ്ട് അദ്ധ്യായങ്ങളിൽ പരസ്യജീവിതത്തിന്റെ തുടക്കത്തിലെ ഈശോയെ അവതരിപ്പിക്കുന്നു. മൂന്നാമദ്ധ്യായത്തിൽ സ്നാപകയോഹന്നാന്റെ പ്രസംഗവും (വാ. 1-12) ഈശോയുടെ സ്നാനവുമാണ് (വാ. 13-14). "സകലനീതിയും പൂർത്തിയാക്കാനാണ്" ഈശോ മാമ്മോദീസ സ്വീകരിക്കുന്നത് (3,15). ദൈവത്തോടുള്ള വിധേയത്വമാണ് മിശിഹായുടെ മുഖമുദ്ര. ഈശോ നേരിടുന്ന പ്രലോഭനങ്ങൾ അവിടുത്തെ ദൈവാശ്രയത്വം പ്രകാശിപ്പിക്കുന്നുണ്ട് (4,1-11). കഫർണാമിൽ ഈശോ തന്റെ പ്രസംഗപര്യടനം ആരംഭിച്ചു. ആദ്യശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നതും അവിടെ വച്ചുതന്നെ (4,12-22).

**2. പഴയനിയമത്തെ അതിശയിക്കുന്ന പുതിയ നീതി** യുടെ പ്രഘോഷകനാണ് മിശിഹാ (4,23-7,29): ഈ ഭാഗത്തെ ആദ്യവാക്യങ്ങളിൽ (4,23-25) ഗലീലിയിലെ ഈശോയുടെ പ്രവർത്തനങ്ങളുടെ ഒരു രത്നചുരുക്കമാണുള്ളത്. അവിടുത്തെ പ്രവർത്തനങ്ങളിൽ പ്രസംഗം അതിപ്രധാനമായ ഒന്നാണെന്നു മത്തായി കരുതുന്നു. അധികാരപൂർവ്വം പഠിപ്പിക്കുന്ന ഗുരുവാണ് ഈശോ (7,28). "ശിഷ്യന്മാർ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവു" മാണ് (5,13-14). അവരുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ അതിശയിച്ചില്ലെങ്കിൽ അവർക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാനാവില്ല (5,20).

**3. മിശിഹായുടെ മഹത്തായ പ്രവൃത്തികൾ (8,1-11,30):** മിശിഹായുടെ മഹത്തായ പ്രവൃത്തികൾ ആരംഭിക്കുന്നത് ദൈവരാജ്യത്തിന്റെ നീതിയെക്കുറിച്ചുള്ള പ്രസംഗത്തിനുശേഷമാണ്. പല അത്ഭുതപ്രവൃത്തികളുടെ വിവരണങ്ങൾകൊണ്ടു സമ്പന്നമാണ് ഈ അധ്യായങ്ങൾ. ദൈവത്തിന്റെ തിരുമനസ്സ് ഈ അത്ഭുതങ്ങളിലൂടെ നിറവേറുന്നതായി മത്തായി മനസ്സിലാക്കുന്നു. ഈശോയെ യഹൂദർ തിരസ്ക്കരിക്കുന്നതിന്റെ അടയാളങ്ങളും ഈ ഭാഗത്തുണ്ട് (9,3-6.11-13.14-17.34). ശിഷ്യത്വം (8,18-22), മത്തായിയെ തെരഞ്ഞെടുക്കുന്നതിന്റെ വിവരണം (9,9-13), ശിഷ്യന്മാരുടെ പെരുമാറ്റം (9,14-19), വിളവും വേലക്കാരുടെ കുറവും (9,35-38) മുതലായവ ഈശോയുടെ പുതിയ സമൂഹത്തിന്റെ ചില പ്രത്യേകതകൾ ചൂണ്ടിക്കാട്ടുന്നുണ്ട്. ശിഷ്യസമൂഹത്തിന്റെ പ്രേഷിതദൗത്യം വ്യക്തമാക്കുന്ന പ്രഭാഷണമാണ് 10-ാം അദ്ധ്യായം. സ്നാപകയോഹന്നാന്റെ ശിഷ്യന്മാർ (11,1-6), സ്നാപകനെക്കുറിച്ചുള്ള ഈശോയുടെ സാക്ഷ്യം (11,7-19), ഈശോയെ തിരസ്ക്കരിക്കുന്നവരുടെ ഭാഗധേയം (11,2-24) എന്നിവയോടൊപ്പം ഈശോയുടെ വ്യക്തിത്വത്തെക്കുറിച്ചുള്ള ഒരു ആത്മഭാഷിതത്തോടെ (11,25-30) ഈ ഭാഗം അവസാനിക്കുന്നു.

**4. ഈശോ - തിരസ്കൃതനാകുന്ന മിശിഹാ (12,1-16,12):** മിശിഹായുടെ പ്രവർത്തനങ്ങളിലുള്ള ദൈവിക ഇടപെടലുകളായി അത്ഭുതപ്രവൃത്തികളെ വ്യാഖ്യാനിക്കുന്ന ഈശോ (11,4) അത്തരത്തിലുള്ള കൂടുതൽ പ്രവൃത്തികൾ ചെയ്യുന്നതും യഹൂദമതനേതാക്കളുമായി സംഘർഷത്തിലേർപ്പെടുന്നതും ഈ ഭാഗത്തു വിവരിക്കുന്നു. 13-ാം അദ്ധ്യായത്തിലുള്ള പ്രഭാഷണമാണ് (ദൈവരാജ്യത്തിന്റെ ഉപമകൾ) ഈ ഭാഗത്തിന്റെ കാതൽ. ഈ ഉപമകൾ യുഗാന്ത്യത്തിലെ വിധിയെയും വ്യംഗ്യമായി സൂചിപ്പിക്കുന്നുണ്ട്. തിന്മ ചെയ്യാനുള്ള സാധ്യത അംഗീകരിക്കുന്ന ഈ ഉപമകൾ അവയുടെ ഫലം യുഗാന്ത്യത്തിലാണുണ്ടാവുക എന്ന് വ്യക്തമാക്കുന്നു. ഫരിസേയരും സദുക്കായരുമായുള്ള രണ്ട് തർക്കങ്ങൾ ഈ ഭാഗത്തുണ്ട് (12,1-12; 16,1-12). പാരമ്പര്യം, ശുദ്ധിനിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള സംഭാഷണവും ഈശോയുടെ പുതിയ നീതിദർശനം വെളിപ്പെടുത്തുന്ന ഒന്നാണ്.





**5. പീഡാസഹനത്തിലേക്കുള്ള മാർഗ്ഗത്തിൽ (16,13-20,34):** ജെറുസലെമിൽവച്ച് സംഭവിക്കാതിരിക്കുന്ന പീഡാസഹനത്തെക്കുറിച്ചുള്ള മൂന്നു പ്രവചനങ്ങളും കുരിശെടുത്തുകൊണ്ടു അനുഗമിക്കാനുള്ള മൂന്ന് ആഹ്വാനങ്ങളുമാണ് ഈ ഭാഗത്തുള്ളത്. ഈശോയുടെ കുരിശിന്റെ പാത തന്നെയാണ് ശിഷ്യത്വത്തിന്റേതും. മിശിഹായെ അനുഗമിക്കുന്നവന്റെ ജീവിതശൈലി വ്യക്തമാക്കുന്ന പ്രഭാഷണം ഈ ഭാഗത്തിന്റെ കേന്ദ്രമായി കണക്കാക്കാം. സഭയെയും സമൂഹത്തെയുംകുറിച്ചുള്ള സുവിശേഷകന്റെ ഉത്കണ്ഠയാണ് ഈ ഭാഗത്തിന്റെ മുഖമുദ്ര. അത്ഭുതങ്ങളുടെ രണ്ടു വിവരണങ്ങളേ ഇവിടെയുള്ളൂ (17,14-20; 20,29-34).

**6. ജെറുസലെമിലെ അന്ത്യദിനങ്ങൾ (അ. 21-25):** ഈ ഭാഗത്ത് ഈശോ യഹൂദരുമായി നടത്തുന്ന സംഭാഷണങ്ങളും (അ. 21-22) പ്രഭാഷണവുമാണ് ഉള്ളത് (23,24-25). ഈശോയുടെ ജെറുസലെം പ്രവേശനവും ദേവാലയശുദ്ധീകരണവും (21,1-17) യഹൂദമതനേതാക്കളെ പ്രകോപിപ്പിക്കുകയുണ്ടായി. അത്തിമരത്തെ ശപിച്ചുകൊണ്ട് ഈശോ ആ പ്രകോപനം ഉദ്ദീപിപ്പിക്കുകയും ചെയ്തു (21,18-22). യഹൂദമതനേതാക്കൾ ഈശോയുടെ അധികാരത്തെക്കുറിച്ച് അവിടുത്തോട് സംശയം ഉന്നയിച്ചു (21,23-27). മൂന്ന് ഉപമകളിലൂടെ (21,28-22,14) ഈശോ അവരുടെ തെറ്റുകളെക്കുറിച്ച് ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നതാണ് തുടർന്നുള്ള ഭാഗത്ത്. പ്രധാനപ്പെട്ട വിഷയങ്ങളായ നികുതി, ഉത്ഥാനം, സുപ്രധാനനിയമം, ദാവീദും മിശിഹായും എന്നിവയെപറ്റിയുള്ള തർക്കമാണ് പിന്നീട് (22,15-46).

യഹൂദനിയമങ്ങൾ പാലിക്കുന്നതിൽ അതീവ ശുഷ്കാന്തി പുലർത്തിയിരുന്ന ഫരിസേയരെയും നിയമജ്ഞരെയും കടുത്ത വാക്കുകളിൽ ഈശോ വിമർശിക്കുന്നു (അ. 23). യഹൂദമതത്തെ മൊത്തമായി ഈശോ വിമർശിക്കുകയാണെന്ന് ഇതിനർത്ഥമില്ല. അടുത്ത രണ്ട് അധ്യായങ്ങളിലായി യുഗാന്ത്യത്തെക്കുറിച്ചുള്ള ദീർഘപ്രഭാഷണമാണ് മത്തായി നൽകുന്നത്. വരാനിരിക്കുന്ന വിധിയാളനായ മിശിഹായ്ക്കുവേണ്ടി തയ്യാറായിരിക്കാനുള്ള ആഹ്വാനമാണ് ഈ ഭാഗത്തുള്ള മൂന്ന് ഉപമകളിലൂടെ ഈശോ നൽകുന്നത്.

**7. പീഡാസഹനവും ഉത്ഥാനവും (അ. 26-28):** ഈശോയുടെ ജീവിതയാത്രയുടെ അന്ത്യദിനങ്ങൾ സമവീക്ഷണസുവിശേഷങ്ങൾ സമാന്തരമായാണല്ലോ അവതരിപ്പിക്കുന്നത്. ബഥാനിയായിലെ തൈലാഭിഷേകം, യൂദാസിന്റെ വഞ്ചന, പെസഹാ ആചരണം, പുതിയ ഉടമ്പടിയുടെ സ്ഥാപനം, ഗത്സേമനിയിൽ വച്ചുള്ള പ്രാർത്ഥന, ബന്ധനം, വിചാരണ, പത്രോസിന്റെ നിഷേധം, പീലാത്തോസ് നടത്തുന്ന വിചാരണ, ബറാബ്ബാസ്, വിധിപ്രസ്താവന, പരിഹസിക്കൽ, ക്രൂശാരോഹണം, മരണം, സംസ്ക്കാരം എന്നിവയാണ് പീഡാനുഭവവിവരണത്തിലുള്ളത്. യൂദാസിന്റെ പുനരാലോചനയും ആത്മഹത്യയും (27,3-10), പീലാത്തോസിന്റെ ഭാര്യയുടെ ഇടപെടൽ (27,19), പീലാത്തോസിന്റെ കൈകഴുകൽ (27,24), ജനത 'രക്തഭാരം' ഏറ്റെടുക്കുന്നു (27,25), ദേവാലയവിരിയുടെ കീറൽ (27,51-53), കല്ലറയ്ക്ക് കാവൽ (27,62-66) മുതലായവ മത്തായി മാത്രം രേഖപ്പെടുത്തുന്ന വിശദാംശങ്ങളാണ്. അതുപോലെ ഈശോയുടെ പ്രത്യക്ഷീകരണം (28,9-10), യഹൂദപുരോഹിതരുടെ വഞ്ചന (28,11-15), ഗലീലിയിലെ പ്രത്യക്ഷീകരണവും അധികാരത്തെക്കുറിച്ചുള്ള പ്രസ്താവനയും (28,18), നിരന്തര സാന്നിദ്ധ്യത്തിന്റെ വാഗ്ദാനം എന്നിവയും (28,20).

## സുവിശേഷത്തിന്റെ പാഠം

മത്തായിയുടെ സുവിശേഷത്തിന്റെ ഇന്ന് അവശേഷിക്കുന്ന ഏറ്റവും പഴക്കമേറിയ ഹസ്തലിഖിതശകലങ്ങൾ 200-മാണ്ട് അടുത്ത് എഴുതപ്പെട്ടതാണ്. സുവിശേഷത്തിന്റെ മൂന്നും അഞ്ചും അധ്യായങ്ങളിൽ നിന്നുള്ള ഏതാനും വാക്കുകൾ ഉൾക്കൊള്ളുന്ന പപ്പീറസ് ലിഖിതവും ($P^{64}$; ബാർസലോണയിൽ) 26-ാമധ്യായത്തിന്റെ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന പപ്പീറസ് ലിഖിതവുമാണ് ($P^{67}$; മാഗ്ദലേൻ കോളേജ്, ഓക്സ്ഫോർഡ്) അവ. മറ്റൊരു പപ്പീറസ് ലിഖിതത്തിന് ($P^{77}$) അൽപംകൂടി പ്രായം കുറവാണ്. ഇതിൽ മത്താ 23,30-39 രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നാം നൂറ്റാണ്ടിൽനിന്നുള്ള മൂന്ന് പപ്പീറസ് ലിഖിതങ്ങൾ ($P^{1}$, $P^{70}$, $P^{75}$) ചെസ്റ്റർ ബെയാറ്റി ശേഖരത്തിലാണുള്ളത്. മൂന്നും നാലും നൂറ്റാണ്ടുകളിൽനിന്നുള്ള നാലു പപ്പീറസ് ശകലങ്ങളും മത്തായിയുടെ സുവിശേഷത്തിന്റെ ഭാഗങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ($P^{101}$: 3,10-12; 3,16-4,2; $P^{102}$: 4,11-12; 4,22-23; $P^{103}$: 13,55-56; 14,3-5; $P^{104}$: 21,34-37.43-45). മത്തായിയുടെ സുവിശേഷത്തിന്റെ സമ്പൂർണ്ണ പാഠമുള്ളതും തോൽക്കടലാസിൽ നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ എഴുതപ്പെട്ടതുമായ കയ്യെഴുത്തുപ്രതികളാണ് സീനായ് കോഡെക്സും (S, ആലെഫ്) വത്തിക്കാൻ കോഡെക്സും (B). ഒരു കോപ്റ്റിക് ഭാഷാഭേദത്തിൽ നാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ട





ക്രോസ് ബി-ഷോയെൻ കോഡെക്സ് (അ. 5-28) സുവിശേഷത്തിന്റെ പാഠത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ട് സവിശേഷമായ ഒരു പാഠമാണ് നൽകുന്നത്. ഒരു മൂല ഗ്രീക്ക് പതിപ്പിന്റെ വിവർത്തനമാണ് ഇത്.

## സുവിശേഷത്തിന്റെ സാഹിത്യരൂപം

ഈശോയുടെ അത്ഭുതങ്ങൾ, ഉപമകൾ, പ്രവൃത്തികൾ, വാക്കുകൾ എന്നിങ്ങനെ വിവിധ ബ്ലോക്കുകളായിട്ടാണ് മത്തായി വിഷയങ്ങൾ സമാഹരിച്ചിരിക്കുന്നത്. അതിനാലാണ് വ്യക്തമായൊരു രൂപരേഖ മത്തായിയുടെ സുവിശേഷത്തിന് നൽകാൻ സാധിക്കാത്തത്.

ഈശോയുടെ വാക്കുകളോടാണ് മത്തായിക്ക് കൂടുതൽ ആഭിമുഖ്യം. അതിന്റെ സ്വാധീനത്താൽ ആഖ്യാനഭാഗങ്ങളെ കഴിയുന്നത്ര ചുരുക്കാനാണ് മത്തായി ശ്രമിച്ചിരിക്കുന്നത്. മറ്റു സുവിശേഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇതു വളരെ വ്യക്തമായി കാണാൻ സാധിക്കും.

ആഖ്യാനഭാഗം ക്രിസ്തുവിന്റെ ജീവിതത്തെ വളരെ തന്മയത്വപരമായി ഒരു ഘടനയിൽ ക്രമപ്പെടുത്തുന്നു; ഗലീലിയിൽ തനിക്കനുയായികളെ നേടുന്നതിൽ ഈശോ വിജയിച്ചു, പക്ഷേ അതോടൊപ്പം അവിടുത്തോടുള്ള എതിർപ്പും കൂടിക്കൂടി വന്നു; യൂദയായിൽ പുരോഹിതശ്രേഷ്ഠന്മാരോടും, ഫരിസേയരോടും, സദുക്കായരോടും അവിടുന്നു കൂടെക്കൂടെ വാദപ്രതിവാദത്തിലേർപ്പെട്ടു. നികൃഷ്ടമായ നിയമാനുസരണത്തിനെതിരായും, ഫരിസേയിസത്തിനെതിരായും അവിടുന്ന് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നു. പഴയനിയമത്തിൽനിന്ന് പുതിയനിയമത്തിലേക്കുള്ള പ്രയാണം അവിടുന്നു മുൻകൂട്ടി അറിയിക്കുന്നു. വിശുദ്ധ കുർബാന സ്ഥാപിച്ചശേഷം അവിടുന്ന് മരണത്തെ സ്വാഗതം ചെയ്യുന്നു. വീണ്ടും ഉയിർത്തെഴുന്നേൽക്കുന്നു.

ഈ ചട്ടക്കൂടിനുള്ളിൽ മത്തായി സംഭവകഥകളെ ക്രമപ്പെടുത്തുന്നു. ഇത് സമയക്രമമനുസരിച്ചല്ല, പിന്നെയോ വിഷയക്രമമനുസരിച്ചാണ്. "ആ സമയത്ത് ", "ആ ദിവസങ്ങളിൽ", "അന്നേദിവസം" എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ സമയത്തെ സൂചിപ്പിക്കുന്നില്ല.

സംജ്ഞാനാമങ്ങളെയും, വർണ്ണനാപരമായ വിശദീകരണങ്ങളെയും അപ്രധാന കഥാപാത്രങ്ങളെയും ഒഴിവാക്കാനാണ് മത്തായിയുടെ പരിശ്രമം. "ഇരട്ടിപ്പിക്കുക" എന്നൊരു പ്രത്യേക സ്വഭാവം സുവിശേഷകനിൽ കാണാൻ സാധിക്കും. രണ്ടു കുരുടന്മാർ (9:27-31) രണ്ടു പിശാചുബാധിതർ (8:28-34) ജറീക്കോയിലെ രണ്ടു കുരുടന്മാർ (20 :29-34) രണ്ടു കഴുതകൾ (21:1-9). കുരുട

ന്മാരുടെ കഥപോലെ, അത്ഭുതകരമായ അപ്പം വർദ്ധനയുടെ കഥയും രണ്ടു പ്രാവശ്യം കാണുന്നുണ്ട് (14:13-21; 15:32-39).

അത്ഭുതങ്ങളുടെ വിവരണങ്ങളിൽ നിശ്ചിതമായ ഒരു രീതിയാണ് മത്തായി അവലംബിക്കുന്നത്. വ്യക്തികളുടെ അവതരണം, സഹായാഭ്യർത്ഥന, ഈശോയുടെ മറുപടി, ആജ്ഞാപനവും ഫലവും, കാണികളുടെ പ്രതികരണം എന്നിങ്ങനെ ശുഷ്കവും വിരസവുമായ ഒരു രചനാരീതിയാണിത്. എങ്കിലും ശൈലിയുടെ വ്യക്തതകൊണ്ട് സുവിശേഷകൻ ഇതു നികത്തുന്നു.

സംഭവങ്ങളുടെ വിവരണങ്ങളിൽ അവയുടെ മതപരവും സൈദ്ധാന്തികവുമായ അർത്ഥത്തെ വെളിച്ചത്തു കൊണ്ടുവരാനാണ് മത്തായി ശ്രമിക്കുന്നത്. ഈശോയോടും പന്ത്രണ്ടുപേരോടും ഒരു പ്രത്യേക ഭക്തിതന്നെ കാണിക്കുന്നുണ്ട്. അതുകൊണ്ടായിരിക്കാം മർക്കോസിന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈശോയുടെ ഉഗ്രമായ വൈകാരിക വിക്ഷോഭങ്ങളെ (Mk. 3:5) മത്തായി ലാഘവദൃഷ്ട്യാ വീക്ഷിക്കുന്നത്. ഈശോ എങ്ങനെ പഴയനിയമത്തിലെ പ്രവചനങ്ങൾ പൂർത്തിയാക്കി എന്നു കാണിക്കാൻ മത്തായി അങ്ങേയറ്റം പരിശ്രമിക്കുന്നുണ്ട്.

സംഭാഷണരംഗത്ത് ഈശോയുടെ അതേ പ്രയോഗങ്ങൾ മത്തായി കാത്തു സൂക്ഷിക്കുന്നു: "സ്വർഗ്ഗരാജ്യം", "ഇസ്രായേൽക്കാരുടെ രാജ്യം", "യാക്കോബിന്റെ വീട്", "ബന്ധിക്കുക അഴിക്കുക", "സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ", "ശ്മശാനകവാടം", "ഈലോകത്തിലും വരാനിരിക്കുന്നതിലും", "തീനരകം", "ദുഷ്ടന്റെ മക്കൾ", "ബൽസബൂൽ", മുതലായവ. അതുകൊണ്ടാണ് ഗ്രീക്കിലെ വിവരണഭാഗം സംഭാഷണഭാഗത്തേക്കാൾ മെച്ചപ്പെട്ടതായിരിക്കുന്നത്.

പഴയനിയമത്തിലെ പല ആലങ്കാരിക പ്രയോഗങ്ങളും മത്തായി ഉപയോഗിക്കുന്നുണ്ട്. ഹെബ്രായ സമാന്തരവാദം (11:30; 12:33) സമാന - വിരോധാഭാസ സമാന്തരവാദം (7:24-27; 16:25); നിർദ്ദിഷ്ടരൂപങ്ങളുടെ ആവർത്തനവും ശ്ലോകപാദമായ ഘടനയും (5:3 10; 12:22-32); "ഉൾപ്പെടുത്തൽ" (ഒരു വിവരണത്തിന്റേയോ വാചകത്തിന്റേയോ അവസാന ആരംഭത്തിൽ ഉപയോഗിച്ച അതേ സവിശേഷരൂപമുപയോഗിച്ച് മുഴുവനും ഒരു ഐക്യരൂപം നൽകുന്നതിനാണ് "ഉൾപ്പെടുത്തൽ" (Inclusion) എന്നു പറയുന്നത്) (7:16-20); അനുയോജ്യപദപ്രയോഗങ്ങളിലൂടെയുള്ള ചിന്തയുടെ വളർച്ച (12:46-50; 12:38-40), ആലങ്കാരിക ചോദ്യങ്ങൾ (5:46-47:cf. Lk.6:32-34).





മത്തായിയുടെ സുവിശേഷത്തിലെ സംഭാഷണഭാഗങ്ങൾ സിദ്ധാന്തപരമായ ഉള്ളടക്കത്താൽ തിങ്ങിയതും, സൂക്ഷ്മതയോടെയുള്ള ഘടനാവിന്യാസത്താൽ അലംകൃതവുമാണ്.

അഞ്ചു പ്രധാന ബ്ലോക്കുകളായി മത്തായിയുടെ സുവിശേഷത്തിലെ സംഭാഷണരംഗങ്ങൾ ചിതറിക്കിടക്കുന്നു. വിവരണഭാഗങ്ങൾ ഇവയ്ക്കിടയിൽ കാണാൻ സാധിക്കും. സുവിശേഷത്തിന്റെ പ്ലാനിലേക്കുള്ള ഒരു സൂചന ഇവിടെ നമുക്കു ദർശിക്കാം.

സുവിശേഷത്തിൽ കാണുന്ന ക്രിസ്തുവിന്റെ വാക്കുകൾ ആദിമസഭയുടെ അനുഭവത്തേയും, ഈശോ എന്ന വ്യക്തിയേയും അവിടുത്തെ വാക്കുകളേയുംകുറിച്ചുള്ള ധ്യാനത്തേയും സംശയരഹിതമായി പ്രതിബിംബിക്കുന്നു.

## സുവിശേഷത്തിന്റെ ഘടന

മത്തായിയുടെ സുവിശേഷത്തെ മൂന്നു പ്രധാന ഭാഗങ്ങളായി തിരിക്കാം. വംശാവലിയും ബാല്യകാലവിവരണവും (chs. 1,2), സുവിശേഷത്തിന്റെ കാതൽ (chs.3-25), പീഡാനുഭവ - ഉത്ഥാന വിവരണങ്ങൾ (chs.26-28).

സുവിശേഷത്തിന്റെ കാതലായ ഭാഗത്തിന്റെ വിഭജനത്തെ സംബന്ധിച്ച് പണ്ഡിതരുടെയിടയിൽ ഏകകണ്ഠമായ അഭിപ്രായമില്ല. അഞ്ചുഭാഗങ്ങളായുള്ള ഒരു വിഭജനമാണ് സാധാരണ അംഗീകൃതമായിരിക്കുന്നത്. ഓരോ ഭാഗവും ഒരു വിവരണവും ഒരു സംഭാഷണവും ഉൾക്കൊള്ളുന്നു. ഓരോന്നും അവസാനിക്കുന്നത് "ഈശോ ഈ വചനങ്ങൾ അവസാനിപ്പിച്ചപ്പോൾ......." (cf. 7:28; 11:1; 13:53; 19:1; 26:1) എന്ന നിർദ്ദിഷ്ട രൂപത്തിലാണ്. ഇതിനെ അടിസ്ഥാനമാക്കിയാണ് സുവിശേഷത്തെ അഞ്ചായി വിഭജിച്ചിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ, താഴെ കൊടുക്കുന്നതുപോലെ സുവിശേഷത്തിന്റെ പ്ലാൻ ആവിഷ്ക്കരിക്കാം:

## വംശാവലിയും ബാല്യകാല വിവരണവും (1-2)

### A. ഈശോയുടെ വംശാവലി (1:1-17)

ഇതു സുവിശേഷത്തെ പഴയനിയമവുമായി ബന്ധിക്കുന്നു. "അബ്രാഹത്തിന്റെയും ദാവീദിന്റെയും പുത്രനായ" (ഇസ്രായേലിലെ ഏറ്റം ശ്രേഷ്ഠരായ മിശിഹായുടെ രണ്ടു പ്രതിരൂപങ്ങൾ) ഈശോ ദൈവപുത്രനുംകൂടിയാണ്. രക്ഷാകരചരിത്രത്തിന് പഴയനിയമത്തിന്റെ പിൻതുടർച്ചയായി പുതിയൊരു ആരംഭം നൽകുന്നത് അവിടുന്നാണ്.

## B. ജോസഫിനുണ്ടായ അരുളപ്പാട് (1:18–25)

ജോസഫിലൂടെ ഈശോ "ദാവീദിന്റെ പുത്രനായി". ജോസഫ് യേശു എന്ന പേര് നൽകുന്നു. അതിന്റെ അർത്ഥം "യാഹ്‌വേ രക്ഷിക്കുന്നു" എന്നാണ്. അവിടുത്തെ ദൗത്യം അതുതന്നെയായിരുന്നു. "ദൈവം നമ്മോടുകൂടെ" എന്നർത്ഥം വരുന്ന "എമ്മാനുവേലാ"ണവിടുന്ന്. ഈ ആശയത്തിൽതന്നെയാണ് മത്തായി തന്റെ സുവിശേഷം അവസാനിപ്പിക്കുന്നതും.

## C. ജ്യോതിഷരുടെ ആരാധന (2:1–12)

തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ അവിശ്വാസവും അവിശ്വാസികളായ ജ്യോതിഷരുടെ വിശ്വാസവും തമ്മിൽ എന്തൊരന്തരം. അത്ഭുതമെന്നോണം വിഫലമായ ഹേറോദേസിന്റെ ക്രൂരപദ്ധതികൾ ദൈവനിശ്ചയത്തെ മനുഷ്യന് മറികടക്കാൻ സാധിക്കയില്ല എന്നതാണ് കാണിക്കുന്നത്.

## D. ഈജിപ്തിലേക്കുള്ള പലായനം (2:13–15)

പുതിയ ഇസ്രായേലായ ഈശോ പ്രതിരൂപാത്മകമായി പഴയ ഇസ്രായേലിന്റെ മരുഭൂമിയിലെ വിപ്രവാസം അനുഭവിക്കുന്നു.

## E. നിരപരാധികളുടെ മരണം (2:17–18)

ബാബിലോണിലെ അടിമത്തത്തിന്റെയും, അവിടെനിന്നുമുള്ള തിരിച്ചുവരവിന്റെയും ഒരു സൂചനയായിരിക്കാം ഇത്. പുതിയ ഉടമ്പടിയുടെ ഉദ്ഘാടനത്തിന് ഈശോ തുനിയുകയാണ്.

## F. ഈശോ, ഒരു നസ്രത്തുകാരൻ (2:19–23)

മോസസ് ഫറവോയുടെ കരങ്ങളിൽനിന്ന് രക്ഷപ്പെട്ടതുപോലെ (Ex. 4:19) ഈശോ ഹേറോദേസിന്റെ കൈകളിൽനിന്നും രക്ഷപ്പെടുന്നു. ഈശോ എങ്ങനെ നസ്രത്തിൽ ജീവിക്കാനിടയായെന്ന് ഇത് തെളിവുനല്കുന്നു.

## ഒന്നാംഭാഗം :സ്വർഗ്ഗരാജ്യത്തിന്റെ സ്ഥാപനം (3:1–7:29)

## A. ആഖ്യാനഭാഗം (3:1–4:25)

1. യോഹന്നാന്റെ ദൗത്യം (3:1–12)
   യോഹന്നാൻ ഏലിയായുടെ പിൻഗാമിയാണ്, ഏലിയാ തിരിച്ചുവന്നതാണ്.
2. ഈശോയുടെ ജ്ഞാനസ്നാനം (3:13–17)
   ഈശോ പരിശുദ്ധാത്മാവിനാൽ അഭിഷേചിക്കപ്പെടുന്നു.





3. ഈശോ നേരിട്ട പ്രലോഭനങ്ങൾ (4:1–11)

പഴയ ഇസ്രായേൽ മരുഭൂമിയിൽവച്ച് പരാജയപ്പെട്ടു. പുതിയ ഇസ്രായേൽ വിജയശ്രീലാളിതനായി മരുഭൂമിയിൽനിന്നും മടങ്ങി.

4. ഈശോ ഗലീലിയായിൽ (4:12–17)

അസീറിയാക്കാരുടെ ആക്രമണത്തിൽ വളരെയധികം സഹിക്കേണ്ടിവന്ന ഗലീലിയായിലെ യഹൂദർക്കാണ് രക്ഷയുടെ സന്ദേശം ആദ്യമായി കിട്ടിയത്. വിജാതീയരും ഈ രക്ഷയിൽ പങ്കാളികളാണ്. കാരണം ഇത് "വിജാതിയരുടെ ഗലീലി" ആണ്

5. ഈശോ ശിഷ്യന്മാരെ വിളിക്കുന്നു (4:18–22)

ഈശോ സഭ സ്ഥാപിക്കുകയാണ്. "മനുഷ്യനെ പിടിക്കുന്നവർ".

6. ഈശോയുടെ യാത്ര (4:23–25)

സിനഗോഗുകളിൽ പഠിപ്പിക്കുകയും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും ജനങ്ങളുടെ ഇടയിലെ എല്ലാവിധ രോഗികളെയും സുഖപ്പെടുത്തുകയുമാണ് അവിടുത്തെ ജോലി.

## B. സംഭാഷണഭാഗം (5:1–7:29)

1. സുവിശേഷഭാഗ്യങ്ങൾ (5:1–12)

മലയിൽ ഇരിക്കുന്ന ഈശോ പുതിയ മോശ ആണ്. പുതിയനിയമം അവിടുന്ന് വിളംബരം ചെയ്യുന്നു; തന്നെ ആവശ്യമുള്ളവരെ ദൈവം രക്ഷിക്കുന്നു.

2. ഉപ്പും പ്രകാശവും (5:13–16)
   സുവിശേഷമാണ് ഉപ്പ്, സഭയുടെ ജീവിതം ലോകത്തെ പ്രകാശിപ്പിക്കുന്നു.
3. നിയമവും സുവിശേഷവും (5:17–48)
   സ്നേഹം നിയമത്തേക്കാൾ ശക്തമാണ്
   a) കൊലപാതകം (5:21–26)
   b) വ്യഭിചാരം (5:27–30)
   c) വിവാഹമോചനം (5:31–32)
   d) കള്ളസത്യം (5:33–37)
   e) പ്രതികാരം (5:38–42)
   f) ശത്രുക്കളോടുള്ള സ്നേഹം (5:43–48)
4. യഥാർത്ഥ ക്രിസ്തീയ ജീവിതം (6:1–7:27)
   മാതൃകാപരമായ ക്രിസ്തീയ ധാർമ്മികജീവിതത്തെ ഈശോ വരച്ചുകാട്ടുന്നു.
   a) ധർമ്മദാനം (6:1–4)

b) പ്രാർത്ഥന (6:15-15)
c) ഉപവാസം (6:16-18)
d) യഥാർത്ഥ നിക്ഷേപം (6:19-21)
e) ശരീരത്തിന്റെ വിളക്ക് (6:22-23)
f) രണ്ട് യജമാനന്മാരെ സേവിക്കൽ (6:24)
g) ഉത്കണ്ഠ (6:25-34)
h) അന്യരെ വിധിക്കൽ (7:1-5)
i) പന്നികളുടെ മുമ്പിൽ മുത്തുകൾ (7:6)
j) പ്രാർത്ഥനയ്ക്കുത്തരം (7:7-11)
k) സുവർണ്ണ നിയമം (7:12)
l) ഇടുങ്ങിയ കവാടം, എളുപ്പമുള്ള വഴി (7:113-14)
m) നല്ല മരം, നല്ല ഫലം (7:115-20)
n) സ്വയം വഞ്ചന (7:21-23)
o) വചനം ശ്രവിക്കുന്നവരല്ല, അതനുസരിച്ച് പ്രവർത്തിക്കുന്ന വർ (7:24-27)

5. ഉപസംഹാരം (7:28-29)

**രണ്ടാംഭാഗം: ദൈവരാജ്യത്തിന്റെ വളർച്ച (8:1-11:1)**

A. ആഖ്യാനഭാഗം (8:1-9:34)

സഞ്ചാരമത പ്രാസംഗികനായിട്ടാണ് ക്രിസ്തുവിനെ ചിത്രീക രിക്കുന്നത്. അവിടുത്തെ സേവനം ഗലീലിയിൽ ഒതുങ്ങി നിൽക്കു ന്നു. എന്തുകൊണ്ട് ജനക്കൂട്ടം ക്രിസ്തുവിനെ ഇഷ്ടപ്പെടുന്നു എന്നു കാണിക്കാൻ മത്തായി കൃത്രിമമായി പത്ത് അത്ഭുതങ്ങൾ ഒരു ക്കുന്നു. യോഹന്നാന്റെ ശിഷ്യരുടെ ചോദ്യങ്ങൾക്കു മറുപടി നൽകു കയും ചെയ്യുന്നു. തന്റെ ശിഷ്യന്മാരിൽ ക്രിസ്തു വളർത്തിയെടു ക്കാനുദ്ദേശിക്കുന്ന മിഷൻ ചൈതന്യം ഈ ഭാഗത്ത് ക്രിസ്തുവിൽ വിളങ്ങിപ്രകാശിക്കുന്നു. ഈശോയുടെ അത്ഭുതങ്ങൾ സാത്താന്റെ ആധിപത്യത്തിന്മേലുള്ള അവിടുത്തെ ആദ്യആക്രമണമാണ്.

1. ആദ്യ അത്ഭുതത്രയം (8:1-15)
   a കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു (8:1-4)
   b ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നു (8:5-13)
   c പത്രോസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തുന്നു (8:14-15)
2. രോഗനിവാരണവും, പിശാചിനെ ബഹിഷ്ക്കരിക്കലും (8:16-17)
3. ശിഷ്യത്വത്തിന്റെ ക്ലേശങ്ങൾ (8:18-22)
4. രണ്ടാമത്തെ അത്ഭുതത്രയങ്ങൾ (8:23-9:8)
   a കൊടുങ്കാറ്റ് ശമിപ്പിക്കുന്നു (8:23-27)





   b ഗദറായിലെ പിശാചുബാധിതർ (8:28-34)
   c തളർവാതരോഗിയും പാപവും (9:1-8)
5. മത്തായിയുടെ വിളി (9:9-13)
6. യഹൂദമതവും ക്രിസ്തുമതവും (9:14-17)
7. അവസാനത്തെ നാലത്ഭുതങ്ങൾ (9:18-34)
   a ഭരണാധികാരിയുടെ മകൾ
   b രക്തസ്രാവം പിടിപെട്ട സ്ത്രീ (9:18-26)
   c രണ്ടു കുരുടന്മാർ (9:27-31)
   d ഊമനായ മനുഷ്യനിൽനിന്ന് പിശാചിനെ ബഹിഷ്ക്കരി ക്കുന്നു (9:32-34)

B സംഭാഷണഭാഗം (9:35-11:1)

ഈശോ ജനക്കൂട്ടത്തോട് അനുകമ്പ കാണിക്കുന്നു. കാരണം അവർ ഇടയനില്ലാത്ത ആടുകളെപ്പോലെയായിരുന്നു. മറ്റുള്ളവ രേയും തന്റെ ദൗത്യത്തിലും അധികാരത്തിലും അവിടുന്ന് പങ്കു കാരാക്കുന്നു. സ്വർഗ്ഗരാജ്യപ്രഘോഷണത്തിന് സഭയെ ചുമതലപ്പെ ടുത്തുന്നു. പന്ത്രണ്ട് പേരിലേക്ക് തന്റെ മിഷൻ ചൈതന്യം പകരു കയും, സുവിശേഷവല്ക്കരണത്തിന് വേണ്ട നിർദ്ദേശം നൽകുകയും ചെയ്യുന്നു.

1. സഭാസ്ഥാപനം (9:35-10:4)
2. സഭയുടെ കടമ (10:5-16)
3. ശ്ലീഹന്മാർക്കു നൽകിയ നിർദ്ദേശങ്ങൾ (10:17-42)
   a പ്രേഷിതരുടെ ക്ലേശങ്ങൾ (10:17-25)
   b ഭയരഹിതമായ ഏറ്റുപറച്ചിൽ (10:26-33)
   c ഭിന്നിക്കപ്പെട്ട കുടുംബങ്ങൾ (10:34-36)
   d ശിഷ്യന്മാരിൽനിന്നാവശ്യപ്പെടുന്ന ത്യാഗം (10:37-39)
   e ശിഷ്യൻ, ഈശോയുടെ പ്രതിനിധി (10:40-42)
4. ഉപസംഹാരം (11:1)

**മൂന്നാംഭാഗം: രാജ്യത്തോടുള്ള എതിർപ്പ് (11:2-13:52)**

A. ആഖ്യാനഭാഗം (11:2-12:50)

ഈശോയുടെ മിശിഹാസ്ഥാനം അവിടുത്തെ കേൾവിക്കാരുടെ യിടയിൽ വിഭിന്ന പ്രതികരണങ്ങൾ ഉളവാക്കുന്നു: യോഹന്നാൻ ചോദിക്കുന്നു, ജനക്കൂട്ടം ഈശോ രാജാവായ മിശിഹാ ആണോ എന്നാശ്ചര്യപ്പെടുന്നു. യാഹ്‌വേയുടെ ദാസനായി അവർ മനസ്സി ലാക്കണമെന്ന് ഈശോ ആഗ്രഹിക്കുന്നു. ഫരിസേയർ ഈ സത്യം വിശ്വസിക്കാൻ വിസമ്മതിക്കുന്നു; അവിടുന്ന് അത്ഭുതങ്ങൾ

പ്രവർത്തിച്ച പല പട്ടണങ്ങളും ഇതനുകരിക്കുന്നു. അതുകൊണ്ട വിടുന്ന് യോനായുടെ അടയാളം വാഗ്ദാനം ചെയ്യുന്നു.

1. യോഹന്നാന്റെ ചോദ്യം (11:2-6)
2. ആരാണ് യോഹന്നാൻ (11:19)
3. അവിശ്വാസികളുടെ വിധി (11:20-24)
4. സരളഹൃദയർ ഈശോയിൽ വിശ്വസിക്കുന്നു (11:25-30)
5. സാബത്തിനെ സംബന്ധിച്ച തർക്കം (12:1-14)
   a കതിരുകൾ പറിച്ചത് (12:1-8)
   b കൈ ശോഷിച്ചവനെ സുഖപ്പെടുത്തുന്നു (12:9-14)
6. ഈശോ യാഹ്‌വേയുടെ ദാസൻ (12:15-21)
7. ഫരിസേയരുടെ കുറ്റാരോപണം (12:22-24)
8. ഈശോയുടെ മറുപടി (12:25-37)
9. ഈശോ യോനായുടെ അടയാളം നല്കുന്നു (1238-35)
10. ആരാണ് ഈശോയുടെ അമ്മയും സഹോദരന്മാരും (12:46-50)

B സംഭാഷണഭാഗം (13:1-52)

ഇത് ഉപമകളുടെ പുസ്തകമാണ്. ദൈവരാജ്യത്തെ സംബന്ധിച്ച ഏഴ് ഉപമകൾ ഇവിടെ സമാഹരിക്കുന്നു. മറ്റ് സുവിശേഷങ്ങളുമായി ഇവയെ താരതമ്യപ്പെടുത്തുമ്പോൾ തന്റെ ഉദ്ദേശ്യത്തിനനുസരിച്ച് ചില വ്യതിയാനങ്ങൾ മത്തായി വരുത്തിയിരിക്കുന്നതായി കാണാം. ചിലപ്പോൾ അവയുടെ സന്ദർഭം ഈശോയുടെ ജീവിതത്തിൽനിന്നും ആദിമ സഭാപാരമ്പര്യത്തിൽനിന്നും വിഭിന്നമായിരിക്കാം. പ്രകൃത്യാതീതമായ രഹസ്യങ്ങളെ വിവരിക്കുകയാണവയുടെ ലക്ഷ്യം; രക്ഷാകരചരിത്രത്തെ അവ വ്യാഖ്യാനിക്കുന്നു. സഭയുടെ ഉത്ഭവം, വളർച്ച, കർത്തവ്യം, ലക്ഷ്യം എന്നിവയെ സംബന്ധിച്ചുള്ള പ്രതീകരൂപേണയുള്ള ചരിത്രമാണവ.

1. വിതക്കാരന്റെ ഉപമ (13:1-23)
2. കളകളുടെ ഉപമ (13:24-30)
3. കടുകുമണിയുടെ ഉപമ (13:31-32)
4. പുളിമാവിന്റെ ഉപമ (13:33)
5. എന്തിനാണുപമകൾ? (13:34-35)
6. കളകളുടെ ഉപമയുടെ വിശദീകരണം (13:36-43)
7. നിധിയും രത്നവും (13:44-46)
8. കടലിൽ വീശിയ വല (13:47-50)
9. ഉപസംഹാരം (13:51-52)
10. ഉപസംഹാരവാക്യം (13:53)





**നാലാംഭാഗം: രാജ്യം സഭയായിത്തീരുന്നു (13:54-19:1)**

A. ആഖ്യാനഭാഗം (13:54-17:27)

പശ്ചാത്തലം കൂടുതലും ഈശോയുടെ മരണമാണ്. സ്വന്തനാട്ടിൽ അവിടുന്ന് പരിത്യജിക്കപ്പെടുന്നു. യോഹന്നാന്റെ മരണം ഈശോയുടെ മരണത്തിന്റെ മുന്നോടിയാണ്. വി. കുർബാനയുടെ മുന്നോടിയായി അപ്പം വർദ്ധിപ്പിച്ചതിലൂടെയും, കൊടുങ്കാറ്റിനെ ശമിപ്പിച്ചതിലൂടെയും മരണശേഷവും തന്റെ സാന്നിധ്യം സഭയിലുണ്ടായിരിക്കുമെന്ന് അവിടുന്നു കാണിക്കുന്നു. സഭയിൽ പത്രോസിന് പ്രത്യേകാധികാരമുണ്ടായിരിക്കും.

1. സ്വന്തം നാട്ടിൽ തിരസ്കൃതനായ ഈശോ (13:54-58)
2. സ്നാപകയോഹന്നാന്റെ മരണം (14:1-12)
3. അഞ്ചപ്പം അയ്യായിരം പേർക്ക് (14:13-21)
4. ഈശോ വഞ്ചി രക്ഷിക്കുന്നു (14:22-33)
5. രോഗശാന്തികൾ (14:34-36)
6. യഥാർത്ഥ ശുദ്ധി (15:1-20)
7. കാനാൻകാരിയുടെ വിശ്വാസം (15:21-28)
8. രോഗബാധിതരെ സുഖപ്പെടുത്തുന്നു (15:29-31)
9. ഏഴപ്പം നാലായിരം പേർക്ക് (15:32-39)
10. അടയാളം ആവശ്യപ്പെടുന്നു (16:1-4)
11. പുളിമാവിന്റെ പാഠം (16:5-12)
12. പത്രോസിന്റെ വിശ്വാസപ്രഖ്യാപനം (16:13-20)
13. പീഡാനുഭവത്തെപ്പറ്റി ഒന്നാം പ്രവചനം (16:21-23)
14. കുരിശുമെടുത്ത് ഈശോയെ അനുഗമിക്കുക (16:24-28)
15. രൂപാന്തരീകരണം (17:1-8)
16. ഏലിയാ വന്നുകഴിഞ്ഞു (17:9-13)
17. അപസ്മാരരോഗിയെ സുഖപ്പെടുത്തുന്നു (17:14-20)
18. പീഡാനുഭവത്തെപ്പറ്റി രണ്ടാം പ്രവചനം (17:21-22)
19. ദേവാലയനികുതി (17:23-27)

B സംഭാഷണഭാഗം (18:1-19:1)

സഹോദരസ്നേഹമാണ് ക്രിസ്തുമതത്തിന്റെ ഒന്നാമത്തെ നിയമം.

1. ആരാണ് വലിയവൻ? (18:1-5)
2. ഇടർച്ചകൾ (18:6-9)
3. വഴിതെറ്റിയ ആട് (18:10-14)
4. പരസ്പരം തിരുത്തുക (18:15-18)

5. ഒരുമയോടുള്ള പ്രാർത്ഥന (18:19-20)
6. ക്ഷമയുടെ ചൈതന്യം (18:21-35)
7. ഉപസംഹാരം (19:1)

**അഞ്ചാംഭാഗം: സഭയുടെ സാർവ്വത്രികത (19:2-26-1)**

A. ആഖ്യാന ഭാഗം (19:2-23-39)

ക്രിസ്തുമതത്തിന്റെ പ്രധാന ലക്ഷണങ്ങളായ വിവാഹം, ബ്രഹ്മചര്യം, ശ്ലൈഹികാധികാരം എന്നിവയെ ഇവിടെ പരാമർശവിഷയമാക്കിയിരിക്കുന്നു. ഉപമകൾ അവിശ്വാസികളുടെ മാനസാന്തരത്തെ സൂചിപ്പിക്കുന്നു. ഈശോമിശിഹായെ സംബന്ധിച്ച പ്രത്യേകാധികാരങ്ങൾ സമർത്ഥിക്കുകയും, ജറുസലേമിലെ യഹൂദാധികാരികളുമായി ഏറ്റുമുട്ടുകയും ചെയ്യുന്നു.

1. വിവാഹവും വിവാഹമോചനവും ബ്രഹ്മചര്യവും (19:2-12)
2. ശിശുക്കളെ ആശീർവ്വദിക്കുന്നു (19:13-15)
3. സമ്പത്തിന്റെ അപകടങ്ങൾ (19:16-30)
4. മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ (20:1-16)
5. പീഡാനുഭവത്തെപ്പറ്റി മൂന്നാംപ്രവചനം (20:17-19)
6. സെബദിപുത്രന്മാരുടെ അമ്മ (20:20-28)
7. ജറീക്കോയിലെ രണ്ടു കുരുടന്മാർ (20:29-34)
8. ഈശോയുടെ ജറുസലേം പ്രവേശനം (21:1-11)
9. ദേവാലയം ശുദ്ധിയാക്കൽ (21:12-17)
10. അത്തിമരത്തെ ശപിക്കുന്നു (21:18-22)
11. ഈശോയുടെ അധികാരം (21:23-27)
12. രണ്ടു പുത്രന്മാർ (21:28-32)
13. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ (21:33-46)
14. വിവാഹവിരുന്നിന്റെ ഉപമ (22:1-14)
15. സീസറിന്റേത് സീസറിന് (22:15-22)
16. ശരീരത്തിന്റെ ഉയിർപ്പ് (22:23-33)
17. സ്നേഹത്തിന്റെ കല്പന (22:34-40)
18. ദാവീദിന്റെ പുത്രനായ ഈശോ (22:41-46)
19. ഫരിസേയരുടെ കാപട്യം (23:1-30)

B സംഭാഷണഭാഗം (24:1-26:1)

ദേവാലയത്തിന്റെ അവസാനം പഴയ ആചാരങ്ങളുടെയും അന്ത്യമാണ്. മത്തായിയുടെ മനസ്സിൽ മഹത്വീകൃതനായ ഈശോയായിരിക്കും തെളിഞ്ഞു നിൽക്കുന്നത്. ഈശോ സഭയ്ക്ക് അവസാനത്തെ ഉപദേശം നൽകുന്നു.





1. ഒടുക്കത്തിന്റെ തുടക്കം
2. ദേവാലയത്തിന്റെ നാശം (24:15-28)
3. പ്രപഞ്ചാരാധന (24:29-31)
4. അത്തിവൃക്ഷം (24:32-35)
5. എപ്പോഴും ഒരുങ്ങിയിരിക്കുവിൻ (24:36-41)
6. വിവേകിയായ കാര്യസ്ഥൻ (24:42-44)
7. വിശ്വസ്തനായ കാര്യസ്ഥൻ (24:45-51)
8. പത്ത് കന്യകമാരുടെ ഉപമ (25:1-13)
9. താലന്തുകളുടെ ഉപമ (25:14-30)
10. അന്ത്യവിധി (25:31-46)
11. ഉപസംഹാരം (26:1)

**പീഡാനുഭവവിവരണം: (26:2-27:66)**

പീഡാനുഭവവിവരണവും പുനരുത്ഥാനവിവരണവുമാണ് സുവിശേഷത്തിന്റെ പരമകാഷ്ഠ. അസ്വസ്ഥമായ ലോകത്തിൽ പ്രഘോഷിച്ച സുവിശേഷത്തിന്റെ അന്തഃസത്ത ഇവ ഉൾക്കൊള്ളുന്നു. പുതിയ ഉടമ്പടിയിൽ പുതിയ ഇസ്രായേലിന്റെ ഉദ്ഘാടനം നിർവ്വഹിക്കപ്പെടുന്നു; യൂദന്മാർ അവിടുത്തെ മരണം ആവശ്യപ്പെടുന്നു; വിജാതീയർ അവിടുത്തെ നിഷ്ക്കളങ്കത ഏറ്റുപറയുന്നു. അങ്ങനെ യഹൂദരുടെ രക്ഷകൻ അവിശ്വാസികളുടെ രക്ഷകനാകുന്നു.

A. ഈശോയ്ക്കെതിരേ ഗൂഢാലോചന (26:2-5)
B. ബഥനിയിലെ തൈലാഭിഷേകം (26:6-13)
C. യൂദാസിന്റെ വിശ്വാസവഞ്ചന (26:14-16)
D. പെസഹാ ഒരുക്കുന്നു (26:17-19)
E. ഒറ്റുകാരൻ (26: 20-25)
F. വിശുദ്ധ കുർബാനയുടെ സ്ഥാപനം (26: 26-29)
G. പത്രോസിന്റെ ഗുരുനിഷേധം പ്രവചിക്കുന്നു (26:30-35)
H. ഈശോ ഗത്സമനിയിൽ (26:36-46)
I. ഈശോ അറസ്റ്റ് ചെയ്യപ്പെടുന്നു (26:47-56)
J. ഈശോ സംഘത്തിന്റെ മുമ്പിൽ (26:57-75)
K. ഈശോ പീലാത്തോസിന്റെ മുൻപാകെ (27:1-2)
L. യൂദാസിന്റെ മരണം (27:3-10)
M. കേസ് വിസ്താരം പീലാത്തോസിന്റെ മുമ്പിൽ (27:11-14)
N. മരണത്തിന് വിധിക്കപ്പെടുന്നു (27:15-26)
O. പട്ടാളക്കാരുടെ പരിഹാസം (27:27-31)
P. കുരിശിന്റെ വഴി (27:32)
Q. ഈശോയെ കുരിശിൽ തറയ്ക്കുന്നു (27:33-44)

R. ഈശോയുടെ മരണം (27:45-56)

S. ഈശോയെ സംസ്ക്കരിക്കുന്നു (27:51-61)

T. കല്ലറയ്ക്ക് കാവൽനിൽക്കുന്നു (27:62-66)

**പുനരുത്ഥാന വിവരണം: (28:1-20)**

അബ്രാഹത്തോട് ചെയ്ത വാഗ്ദാനത്തിന്റെ (ഉൽപ. 12:3) പൂർത്തീകരണമായി ആരംഭത്തിൽ ചിത്രീകരിക്കപ്പെട്ട ക്രിസ്തു ഇവിടെ അഖിലത്തിന്റെയും നാഥനായിത്തീരുന്നു. അതുകൊണ്ട് സഭ എല്ലാ രാജ്യങ്ങളിലും വ്യാപിക്കണം. "എമ്മാനുവേൽ" ആയ ഈശോ സഭയിൽനിന്നും പോകുന്നില്ല. ലോകത്തിന്റെ അവസാനം വരെ അവിടുന്ന് സഭയിലുണ്ടായിരിക്കും. അങ്ങനെ വി. മത്തായി തന്റെ ബാല്യകാലചരിത്രത്തിന്റെ ദൈവശാസ്ത്രത്തിലേക്ക് വീണ്ടും വരുന്നു.

A. ശൂന്യമായ കല്ലറ (28:1-10)

B. കാവൽക്കാരുടെ വ്യാജപ്രസ്താവന (28:1-15)

C. സാർവ്വത്രിക പ്രേഷിത ദൗത്യം (28:16-20)

**സുവിശേഷത്തിന്റെ ദൈവശാസ്ത്രം**

സുവിശേഷത്തിന്റെ കാതലായ ഭാഗത്തെ അഞ്ചായി വിഭജിച്ച തിൽനിന്ന് പുതിയ നിയമത്തിന്റെ അവതരണമാണ് മത്തായി തന്റെ സുവിശേഷത്തിൽ ഉദ്ദേശിക്കുന്നത് എന്ന് അനുമാനിക്കാം. റബ്ബിമാരുടെ പ്രത്യേക ഭാഷാ പ്രയോഗവും ശൈലിയും വിശുദ്ധ മത്തായി തന്റെ ചർച്ചകളിൽ ഉപയോഗിക്കുന്നുണ്ട്. ഈശോതന്നെയും ഒരു റബ്ബിയായിരുന്നതുകൊണ്ടും യഹൂദക്രിസ്ത്യാനികൾ മറ്റ് യഹൂദരോടുള്ള വ്യവഹാരത്തിൽ ഇത്തരം വാദവിഷയം ഉപയോഗിച്ചിരുന്നതുകൊണ്ടുമായിരിക്കാം വി. മത്തായി ഇതിനു തയ്യാറാകുന്നത്. ഈശോയെ പുതിയ മോശയായും, സഭയെ പുതിയ ഇസ്രായേലായും അവതരിപ്പിക്കാനാണ് സുവിശേഷകൻ വെമ്പൽ കൊള്ളുന്നത്. ഉദാഹരണത്തിന് ഈശോ മലയിലിരുന്നുകൊണ്ട് സുവിശേഷഭാഗ്യങ്ങൾ അരുളിച്ചെയ്യുന്നതിനെപ്പറ്റിയും മോശ സീനായ് മലയിൽവച്ച് ദൈവത്തിൽനിന്ന് പത്ത് പ്രമാണങ്ങൾ സ്വീകരിക്കുന്നതിനെപ്പറ്റിയും ചിന്തിക്കുക.

നാല്പ്പത്തൊന്നു പ്രാവശ്യം വി. മത്തായി പഴയനിയമം ഉദ്ധരിക്കുന്നുണ്ട് "അതുപൂർത്തിയാകുന്നതിനു വേണ്ടിയാണ്" എന്നതാണ് സാധാരണ ഉപയോഗിക്കുന്ന അവതരണരൂപം. പ്രവചനങ്ങൾ ശരിയായിത്തീർന്നു എന്നല്ല പിന്നെയോ യാഥാർത്ഥ്യവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നാണ് ഇത് അർത്ഥമാക്കുന്നത്. സുവിശേഷത്തിലെ രക്ഷാകരസംഭവം പഴയനിയമത്തിന്റെ രക്ഷണീയശക്തിയുള്ള വചനങ്ങൾക്ക്, പുതിയൊരു മാനം നൽകുന്നു. അങ്ങനെ ഈശോ പഴയനിയമത്തിന്റ പൂർത്തീകരണം സാധിക്കുന്നു. ഈശോ മിശിഹായാണ്, ദാവീദിന്റെ പുത്രനാണ്, സഹിക്കുന്ന ദാസനാണ്, അബ്രാഹത്തിന്റെ പുത്രനാണ്, പഴയനിയമം പ്രതീക്ഷിച്ച ദൈവത്തിന്റെ സുതനാണ്. അറിവോടെയുള്ള അവിശ്വാസത്തിനേ ഈ സത്യത്തെ മറിച്ചു വയ്ക്കാൻ സാധിക്കൂ.





നിയമത്തെ നശിപ്പിക്കാനല്ല, പൂർത്തിയാക്കുവാനാണ് ക്രിസ്തു വന്നത്. നിയമത്തിന്റെ നാഥനാണവിടുന്ന്. സ്നേഹമെന്ന ഒരു കല്പനയിലേക്ക് അവിടുന്ന് മറ്റെല്ലാ കല്പനകളും വെട്ടിച്ചുരുക്കുന്നു. രക്ഷ പ്രദാനം ചെയ്യപ്പെടുന്നതു മുഖ്യമായും സ്നേഹം വഴിയാണ്, നിയമത്തിലൂടെയല്ല. നിയമത്തിന്റെ പൂർത്തീകരണം ക്രിസ്തുവിലാണെന്നത് ഫരിസേയർ വിശ്വസിച്ചില്ല. അതിനാൽ നിയമത്തെ അതിൽത്തന്നെ സമ്പൂർണ്ണമായി അവർ കണ്ടു; അങ്ങനെ നിയമത്തെ മനുഷ്യന് ദുസ്സഹമായ ഭാരമാക്കിത്തീർത്തു. അതുകൊണ്ടാണ് നിയമത്തെപ്പറ്റിയുള്ള ഫരിസേയരുടെ വ്യാഖ്യാനത്തെ അവിടുന്ന് എതിർത്തത്.

ഈശോ പുതിയ ഇസ്രായേൽ ആണ്. അവിടുന്ന് സഭാസമൂഹവുമായി അനന്യമായി ബന്ധപ്പെട്ടിരിക്കുന്നു. കാരണം സഭയ്ക്കു മാത്രമാണവിടുന്നിൽ വിശ്വാസമുള്ളത്. യഹൂദരുടെ അന്ധവിശ്വാസം ദൈവരാജ്യം വിജാതീയമായി തുറക്കാൻ കാരണമായി. പഴയ ഇസ്രായേലിനെ കൂടാതെ പുതിയ ഇസ്രായേലിന്റെ പൂർത്തീകരണം ഇവരാണ് സാക്ഷാത്ക്കരിക്കേണ്ടത്. പക്ഷേ ചരിത്രത്തിന്റെ അന്ത്യത്തിലേ ദൈവരാജ്യം പൂർണ്ണമായും സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. യഹൂദരുടെ മിശിഹാ നിഷേധത്തോടുകൂടി ഈ അന്ത്യസമയം സഭയിൽ ആരംഭിച്ചു. ആകയാൽ ലോകാവസാനത്തിലേ സഭ പൂർണ്ണമായും ദൈവരാജ്യവുമായി താദാത്മ്യം പ്രാപിക്കയുള്ളൂ.

നവ്യസഭയുടെ മുഖ്യപ്രശ്നമായ സുവിശേഷവും നിയമവും തമ്മിലുള്ള ബന്ധത്തിനുത്തരം നല്കുന്നതിലാണ് മത്തായി തന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. കൂടാതെ ക്രിസ്ത്യാനികളും യഹൂദരും തമ്മിൽ യഹൂദക്രിസ്തീയ സമൂഹത്തിൽ തന്നെയും നിലവിലിരുന്ന വാദപ്രതിവാദങ്ങൾക്കുത്തരം നല്കുക എന്നതും മത്തായിയുടെ ലക്ഷ്യമായിരുന്നിരിക്കാം.

**(ഫാ. ജോർജ് കുടിലിൽ,** *പുതിയനിയമത്തിന് ആമുഖം,* GSB, കുന്നോത്ത്)

**(ഫാ. അൽഫോൻസ് മാണി,** *ബൈബിൾ ഭാഷ്യം 9* (1980) 109-131)

## 02

# യേശുവിന്റെ ശൈശവം (മത്താ 1 – 2)

അപ്പസ്തോലസഭയുടെ സുവിശേഷപ്രസംഗം ആദ്യകാലങ്ങളിൽ യേശുവിന്റെ കുരിശുമരണത്തെയും ഉത്ഥാനത്തെയും കേന്ദ്രമാക്കിയായിരുന്നു. വി. പൗലോസിന്റെ ലേഖനങ്ങളും (cf 1കോറി 15:1-11) നടപടി പുസ്തകത്തിലെ സുവിശേഷപ്രസംഗങ്ങളും (2:14-40; 3:12-26; 4:8-12; 5:29-32; 10:34-43; 13:16-41) ഇതിനു തെളിവാണ്. കർത്താവും രക്ഷകനുമായി ആദിമസഭ ആരാധിച്ചിരുന്ന യേശു കുരിശിൽ മരിച്ചു എന്നത് യഹൂദർക്കും വിജാതീയർക്കും ഒരുപോലെ ഇടർച്ചയ്ക്കു കാരണമായിരുന്നു (cf 1കോറി 1:23). അതുകൊണ്ട് യേശുവിന്റെ ജീവിതം ശവക്കല്ലറയിൽ അവസാനിച്ചില്ലെന്നും അദ്ദേഹത്തിന്റെ മരണവും ഉത്ഥാനവും ദൈവത്തിന്റെ രക്ഷാഹിതത്തിന്റെ പൂർത്തീകരണമായിരുന്നെന്നും തിരുവെഴുത്തുകൾ ഉദ്ധരിച്ചുകൊണ്ട് തെളിയിക്കാനാണ് ആദിമസഭ ശ്രമിച്ചത്. പിന്നീട് യേശുവിന്റെ പ്രവൃത്തികളും പ്രബോധനങ്ങളും എപ്രകാരം അദ്ദേഹത്തെ കുരിശിലേക്ക് നയിച്ചു എന്ന് വിശദീകരിക്കുന്ന സുവിശേഷങ്ങൾ രൂപം കൊണ്ടു. ഇതിലെല്ലാം അന്തർഭവിച്ചിരുന്ന, യേശു ആരാണ്, യേശുവിന്റെ ദൗത്യം എന്താണ് എന്ന ചോദ്യങ്ങൾ യേശുവിന്റെ ജനനത്തെയും ശൈശവത്തെയുംപറ്റി പരി





ചിന്തിക്കാൻ പ്രചോദനം നൽകി. തൽഫലമായി അവയെപ്പറ്റിയുള്ള പാരമ്പര്യങ്ങൾ ആദിമസഭയിൽ ജന്മംകൊണ്ടു. സുവിശേഷകന്മാരായ മത്തായിയും ലൂക്കായും തങ്ങളുടെ സുവിശേഷങ്ങളുടെ ആമുഖമായി അവതരിപ്പിക്കുന്നത് ഈ പാരമ്പര്യങ്ങളാണ്. അവിശ്വാസികളെ എന്നതിനേക്കാൾ വിശ്വാസികളെ ഉദ്ദേശിച്ചാണ് അവ എഴുതപ്പെട്ടിട്ടുള്ളത്. യേശുവിന്റെ കുടുംബത്തെയോ, ശൈശവത്തെയോപ്പറ്റി കുറേ വിവരങ്ങൾ നൽകുകയല്ല സുവിശേഷങ്ങളുടെ ഉദ്ദേശ്യം. യേശുവിന്റെ ഉൽഭവത്തിൽ ദൈവത്തിന്റെ അത്ഭുതാവഹമായ പ്രവർത്തനം, രക്ഷാചരിത്രത്തിൽ യേശുവിനുള്ള സാർവ്വത്രിക പ്രസക്തിയും പരമമായ സ്ഥാനവും, യേശുവിൽ കൈവന്ന വിശുദ്ധലിഖിത പൂർത്തീകരണം തുടങ്ങിയ സദ്വാർത്താപരമായ സന്ദേശം പ്രഘോഷിക്കുകയാണ് സുവിശേഷകന്മാരുടെ ലക്ഷ്യം. ചുരുക്കത്തിൽ ചരിത്രവിവരണത്തേക്കാൾ സുവിശേഷ പ്രഘോഷണമാണ് ഇവിടെ നാം കേൾക്കുന്നത്.

## I മത്തായി 1-2: സവിശേഷതകൾ

### A മത്തായി - ലൂക്കാ: താരതമ്യപഠനം

സുവിശേഷകന്മാരായ മത്തായിയും ലൂക്കായും ഒരേ വിഷയത്തെപ്പറ്റി-യേശുവിന്റെ ജനനത്തെയും ശൈശവത്തെയുംപ്പറ്റി-പ്രതിപാദിക്കുന്നെങ്കിലും അവർ വിവരിക്കുന്ന സംഭവങ്ങളും വിവരണരീതികളും തികച്ചും വ്യത്യസ്തങ്ങളാണ്. താഴെ കൊടുത്തിരിക്കുന്ന രേഖാരൂപം (scheme) നോക്കുക

| ലൂക്കാ 1-2 | മത്താ 1-2 |
|---|---|
| 1:5-25: യോഹന്നാൻ മംഗലവാർത്ത | 1:1-17: വംശാവലി |
| 1:26-38: യേശു: മംഗലവാർത്ത | 1:18-25: ദൈവപുത്രൻ-ദാവീദിന്റെ പുത്രൻ |
| 1:39-56: മറിയം ഏലീശ്വായെ സന്ദർശിക്കുന്നു | 2:1-12: വിജ്ഞാനികളുടെ ആരാധന |
| 1:57-80: യോഹന്നാൻ: ജനനം പരിച്ഛേദനം | 2:13-15: ഈജിപ്തിലേക്ക് ഒളിച്ചോട്ടം |
| 2:1-40: യേശു: ജനനം പരിച്ഛേദനം സമർപ്പണം | 2:16-18: ശിശുവധം |
| 2:41-52: യേശു ദേവാലയത്തിൽ (3:23-38:വംശാവലി) | 2:19-23 നസ്രത്ത് വാസസ്ഥലമാക്കുന്നു |

ലൂക്കായുടെ വിവരണങ്ങൾ 128 വാക്യങ്ങൾ ഉൾക്കൊള്ളുമ്പോൾ മത്തായിയുടേത് 48 വാക്യങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. ലൂക്കായിൽ വിവരിക്കുന്ന ഒരു രംഗംപോലും മത്തായിയിൽ കാണുന്നില്ല. മത്തായി നൽകുന്ന വംശാവലി ലൂക്കാ 3-ാമദ്ധ്യായത്തിലുള്ളതിൽനിന്ന് സാരമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ലൂക്കായുടെ വിവരങ്ങളിൽ മറിയത്തിനാണ് പ്രാധാന്യം; മത്തായിയുടേതിലാകട്ടെ യൗസേപ്പിനും. താരതമ്യേന ആനന്ദകരമായ രംഗങ്ങളാണ് ലൂക്കാ വിവരിക്കുന്നത്: ഭക്തരും കുലീനരുമായ വ്യക്തികളുടെ സാന്നിധ്യം, ജറുസലെം ദൈവാലയത്തിന്റെ പൂജ്യത, ആഹ്ലാദജനകവും പ്രത്യാശാനിർഭരവുമായ സ്തുതിഗീതങ്ങൾ, ദൈവദൂതൻ അറിയിക്കുന്ന മംഗലവാർത്തകൾ ഇവയെല്ലാം ലൂക്കായുടെ വിവരണത്തെ നിറപ്പകിട്ടുള്ളതും ഹൃദയഹാരിയുമാക്കുന്നു. മത്തായിയാകട്ടെ സംഘർഷാത്മകായ രംഗങ്ങളാണ് ചിത്രീകരിക്കുന്നത്: യൗസേപ്പിന്റെ മനഃക്ലേശം, യേശുവിനെ നശിപ്പിക്കാനുള്ള ഹേറോദേസിന്റെ ശ്രമം, ക്രൂരമായ ശിശുവധം, ഈജിപ്തിലേക്ക് ഒളിച്ചോട്ടം അർക്കലാവൂസിനെപ്പറ്റിയുള്ള ഭീതി ഇവയെല്ലാമടങ്ങുന്ന മത്തായിയുടെ വിവരണം അസ്വസ്ഥവും പ്രക്ഷുബ്ധവുമായ ഒരന്തരീക്ഷത്തിന്റെ പ്രതീതിയാണ് ഉളവാക്കുന്നത്.

മത്തായിയുടേയും ലൂക്കായുടേയും വിവരണങ്ങൾ പരസ്പരം പൊരുത്തപ്പെടാനുള്ള ശ്രമം അപ്രസക്തമാണ്, അസാദ്ധ്യവുമാണ്. കാരണം, സുവിശേഷകന്മാർ വ്യത്യസ്തങ്ങളായ പ്രാദേശികസഭകൾക്കുവേണ്ടി തമ്മിൽ ബന്ധമില്ലാത്ത പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരാശ്രയം കൂടാതെയാണ് ഇവ എഴുതിയിട്ടുള്ളത്. തന്മൂലം ഓരോ സുവിശേഷത്തേയും അതിന്റേതായ സവിശേഷതകളുടെ പശ്ചാത്തലത്തിൽ വീക്ഷിച്ച് അതിലെ പ്രത്യേക സന്ദേശം ഉൾക്കൊള്ളാനാണ് നാം ശ്രമിക്കേണ്ടത്. എങ്കിലും അടിസ്ഥാനപരമായ ചരിത്രസത്യങ്ങളുടെ കാര്യത്തിൽ സുവിശേഷകന്മാർ തമ്മിലുള്ള യോജിപ്പ് ശ്രദ്ധാർഹമാണ്:

1. യേശുവിന്റെ ജനനകാലം: ഹേറോദേസ് രാജാവിന്റെ വാഴ്ച-മത്താ 2:1; ലൂക്കാ 1:5-26
2. ജനനസ്ഥലം: യൂദയായിലെ ബേത്‌ലഹം മത്താ 2:1; ലൂക്കാ 2:4-7
3. അമ്മയുടെ പേര്: മറിയം-മത്താ 1:16; 2:11/ ലൂക്കാ 1:27
4. മറിയത്തിന്റെ ഭർത്താവും തിരുക്കുടുംബനാഥനും: യൗസേപ്പ്-മത്താ 1:18-25/ലൂക്കാ1:26-38 (യേശുവിന്റെ കന്യാജനനം)
5. യേശു എന്ന നാമം: ദൈവനിശ്ചിതം- മത്താ 1:21/ലൂക്കാ 1:31; 2:21
6. തിരുക്കുടുംബം നസ്രത്തിൽ സ്ഥിരതാമസമാക്കുന്നു
7. മത്താ 2:22-23; ലൂക്കാ 2:39





വളരെ പുരാതനമായ പാരമ്പര്യങ്ങളാണ് ഇവിടെ നമുക്ക് ലഭ്യമാകുന്നത്. ഇവയുടെ ചരിത്രപരമായ മൂല്യം അവിതർക്കിതമാണ്.

## A മത്താ 1-2: ഘടന

I യേശുവിന്റെ രക്ഷാചരിത്രപരമായ ഉത്ഭവം (1:1-25)

- A വംശാവലി: യേശു - ഇസ്രായേൽ ചരിത്രത്തിന്റെ പരമകാഷ്ഠ (വാ. 1-17)
- B യൗസേപ്പിന് ലഭിച്ച മംഗലവാർത്ത: ദൈവപുത്രൻ - ദാവീദിന്റെ പുത്രൻ (വാ. 18-25)

II ഭാവിയുടെ പ്രവചനാത്മകമായ ചിത്രീകരണം (2:1-23)

- A വിജാതീയർ യേശുവിനെ ആരാധിക്കുന്നു (വാ. 1-12)
- B യഹൂദജനം യേശുവിനെ തിരസ്ക്കരിക്കുന്നു (വാ. 13-23)
  1. ഒളിച്ചോട്ടം-ഈജിപ്തിലേക്ക് (വാ.13-15)
  2. ശിശുവധം (വാ. 16-18)
  3. ഈജിപ്തിൽനിന്ന് നസ്രത്തിലേക്ക് (വാ. 19-23)

ആദ്യഭാഗത്ത് വംശാവലി ഉദ്ധരിച്ചുകൊണ്ട് യേശുവിന്റെ മാനുഷികമായ ഉത്ഭവം ഇസ്രായേൽ ജനത്തിലൂടെ ദൈവം സാക്ഷാത്ക്കരിക്കുന്ന രക്ഷാചരിത്രത്തിന്റെ അത്യുച്ചിയായി സുവിശേഷകൻ ചിത്രീകരിക്കുന്നു. എന്നാൽ യേശുവിന്റെ ഉത്ഭവം വാസ്തവത്തിൽ പരിശുദ്ധാത്മാവിന്റെ അത്ഭുതാവഹമായ പ്രവർത്തനഫലമാണെന്ന് യൗസേപ്പിന് ലഭിച്ച മംഗലവാർത്ത വെളിപ്പെടുത്തുന്നു. ദൈവപുത്രനായ യേശു ദാവീദിന്റെ പുത്രനാകുന്നത് യൗസേപ്പിലൂടെയാണെന്ന സൂചനയും ഇവിടെയുണ്ട്. കൂടാതെ മിശിഹാ, അബ്രാഹത്തിന്റെ പുത്രൻ, ദാവീദിന്റെ പുത്രൻ, എമ്മാനുവേൽ, യേശു (= രക്ഷകൻ) തുടങ്ങിയ സ്ഥാനപ്പേരുകൾ യേശു ആരാകുന്നു എന്ന വിശ്വാസികളുടെ ചോദ്യത്തിനുത്തരം നൽകുന്നുണ്ട്.

രണ്ടാം ഭാഗത്ത് വിവരിക്കുന്ന സംഭവങ്ങളെല്ലാം വിജ്ഞാനികളുടെ അന്വേഷണത്തിന്റെയും (2:8) അത് ഹേറോദേസ് രാജാവിലും ഓർശ്ലേത്തും ഉളവാക്കിയ പ്രതികരണത്തിന്റെയും (2:3) പ്രത്യാഘാതങ്ങളാണ്. അവ മത്തായിയുടെ സുവിശേഷത്തിന്റെ മറ്റു ഭാഗങ്ങളിൽ വെളിപ്പെടാനിരിക്കുന്ന രക്ഷാകരസംഭവങ്ങൾ പ്രതീകാത്മകമായി പ്രതിഫലിപ്പിക്കുന്നു. വിജാതീയർ യേശുവിനെയും സുവിശേഷത്തെയും സ്വീകരിക്കുമ്പോൾ യഹൂദജനം അദ്ദേഹത്തെ തിരസ്ക്കരിക്കുകയും പീഡിപ്പിക്കുകയും നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ ഭാഗത്ത് സ്ഥലനാമങ്ങൾക്കു നൽകുന്ന പ്രത്യേക

പ്രാധാന്യവും ശ്രദ്ധാർഹമാണ് (യൂദയാ, ഓർശ്ലേം, ബേത്‌ലഹേം, ഈജിപ്ത്, റോമ, ഇസ്രായേൽ ദേശം, ഗലീലി, നസ്രത്ത്). യൂദയായിലെ ബേത്‌ലഹത്തു പിറന്ന യേശു എങ്ങനെ നസ്രായനായി അറിയപ്പെടുന്നു എന്ന ചോദ്യത്തിനുത്തരം നൽകുന്നതിനുള്ള ശ്രമമാണിവിടെ കാണുന്നത്. തിരുക്കുടുംബം ബേത്‌ലഹത്തുനിന്ന് ഈജിപ്തുവഴി നസ്രത്തിലെത്തി സ്ഥിരതാമസമാക്കുന്നത് ദൈവഹിതാനുസാരമാണ്.

## II വിശകലനം

### A യേശുവിന്റെ രക്ഷാചരിത്രപരമായ ഉത്ഭവം

#### 1. വംശാവലി: മത്താ1:1-17

പഴയനിയമത്തിൽ പ്രചാരത്തിലിരുന്ന ഒരു സാഹിത്യരൂപമാണ് വംശാവലി (cf ഉൽ 5:1 ദിന 1-8). രാജവംശവുമായുള്ള തന്റെ ബന്ധം കാണിക്കാൻ ഫ്ളാവിയൂസ് ജൊസേഫൂസ് എന്ന യഹൂദചരിത്രകാരൻ ആത്മകഥയുടെ ആരംഭത്തിൽ തന്റെ വംശാവലി ഉദ്ധരിക്കുന്നുണ്ട്. യേശുവിന്റെ വംശാവലി ക്രോഡീകരിക്കുന്നതിൽ സുവിശേഷകൻ സാരമായ പങ്കു വഹിച്ചിട്ടുണ്ട്. നിലവിലിരിക്കുന്ന രേഖകളെ ആസ്പദമാക്കി ദൈവശാസ്ത്രപരമായ ഉദ്ദേശ്യത്തോടുകൂടെ അതിനെ സുവിശേഷകൻ രൂപീകരിച്ചു. സങ്കീർണ്ണമായ ഇസ്രായേൽ ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളെ പിന്നീട് ദൈവത്തിന്റെ രക്ഷാപദ്ധതി അബ്രാഹത്തിന്റെയും ദാവീദിന്റെയും പുത്രനും വാഗ്ദാനങ്ങളുടെ അവകാശിയുമായ യേശുവിൽ അതിന്റെ പൂർത്തീകരണഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കുന്നു എന്ന സന്തോഷകരമായ പ്രഖ്യാപനമാണ് ഈ വംശാവലി ഉൾക്കൊള്ളുന്നത്. ബൈബിളിലെ മറ്റു വംശാവലികൾപോലെ ഇതും കൃത്യമായ വിവരണങ്ങൾ ഉൾക്കൊള്ളുന്ന ഒരു കുടുംബരേഖ എന്നതിനേക്കാൾ ദൈവശാസ്ത്രപരമായ ഉദ്ദേശ്യത്താൽ പ്രചോദിതമായ സാഹിത്യസൃഷ്ടിയാണ്.

ഈ വംശാവലിയുടെ ഘടന ഇപ്രകാരമാണ്:

വാ. 1: ശീർഷകം

A വാ 2-6: പൂർവ്വപിതാവായ അബ്രാഹം മുതൽ രാജാവായ ദാവീദുവരെ (14 തലമുറകൾ)

B വാ. 7-11: ദാവീദുമുതൽ വിപ്രവാസം വരെ (14 തലമുറകൾ)

C വാ. 12-16: വിപ്രവാസംമുതൽ യേശുമിശിഹാവരെ (14 തലമുറകൾ)





**വാക്യം 17 സംഗ്രഹം**

ആമുഖപ്രസ്താവനയായ 1-ാം വാക്യം വംശാവലിയുടെ ഉദ്ദേശ്യത്തെ സ്പഷ്ടമാക്കുന്നു. യേശുമിശിഹാ അബ്രാഹത്തിന്റെ പുത്രനാണ് (cf ഗലാ 3:16): യഹൂദജനത്തിന്റെ പൂർവ്വപിതാവിനു സകലജനങ്ങളുടേയും ഭാഗധേയ നിർണ്ണായകമായി നൽകപ്പെട്ട വാഗ്ദാനങ്ങളുടെ (cf ഉൽപ 12:2-3) അവകാശിയുമാണ് (cf ഗലാ 13:16). യേശു ദാവീദിന്റെ പുത്രനാണ് (cf റോമ 1:4) യഹൂദരാജവംശസ്ഥാപകന് നൽകപ്പെട്ട വാഗ്ദാനങ്ങളുടെ ( 2 സാമുവർ 7:12-16) പൂർത്തീകരണവുമാണ്. അബ്രാഹത്തിനും ദാവീദിനും നൽകപ്പെട്ട വാഗ്ദാനങ്ങൾ മിശിഹായെ ലക്ഷ്യമാക്കിയുള്ളവയായിരുന്നു.മിശിഹായെപ്പറ്റിയുള്ള യഹൂദക്രിസ്ത്യാനികളുടെ പ്രതീക്ഷയുടെ രത്നച്ചുരുക്കമാണത്.

14 തലമുറകൾ വീതമുള്ള 3 ഖണ്ഡികകളായി വംശാവലിയെ വിഭജിച്ചിരിക്കുന്നു. (cf വാ. 17 ). ഈ വംശാവലിയിൽ സങ്കീർണ്ണമായ യഹൂദചരിത്രം മുഴുവൻ പ്രതിഫലിക്കുന്നു. ദൈവത്തിന്റെ പദ്ധതിയനുസരിച്ച് രക്ഷാചരിത്രം വിവിധ ഘട്ടങ്ങൾ കടന്നു പൂർത്തീകരണമായ യേശുവിൽ എത്തിച്ചേരുന്ന ചിത്രമാണു സുവിശേഷകൻ വരച്ചുകാണിക്കുന്നത്. മാനുഷികമായ വീഴ്ചകളുടേയും ദുരന്തങ്ങളുടേയും മദ്ധ്യത്തിലും ദൈവത്തിന്റെ പരിപാലന രക്ഷാചരിത്രത്തെ അതിന്റെ ലക്ഷ്യത്തിലേക്കുനയിക്കുന്നു എന്ന് സുവിശേഷകൻ സൂചിപ്പിക്കുന്നു.

ആദ്യത്തെ 14 തലമുറകളുടെ ലിസ്റ്റ് (വാ. 2-6) പരമ്പരാഗതമാണ് (cf റൂത്ത് 4:18-22; 1 ദിന 2:1-15 ). ലൂക്കായുടെ ലിസ്റ്റിലെ പ്രസക്തഭാഗവുമായി (ലൂക്കാ 3:32-34) അതിനു സാരമായ സാമ്യമുണ്ട്. പൂർവ്വപിതാവായ അബ്രാഹത്തിൽ ആരംഭിച്ച് ദാവീദുരാജാവിനെയും യഹൂദജനത്തിന്റെ സുവർണ്ണകാലത്തെയും അനുസ്മരിച്ചുകൊണ്ടവസാനിക്കുന്ന ഈ ഖണ്ഡിക ഈജിപ്തിലെ അടിമത്തം, പുറപ്പാട്, മരുഭൂമിയിലെ ഉഴൽച്ച, പാലസ്തീനാപ്രവേശനം, രാജഭരണസ്ഥാപനം തുടങ്ങിയ ചരിത്രപ്രധാനമായ സംഭവങ്ങളുടെ കാലമാണ് നമ്മുടെ ചിന്തയിൽ കൊണ്ടുവരുക.

വാ. 6 b-14 നൽകുന്ന ലിസ്റ്റിന് 1 ദിനാ 3:10-16 ലെ ലിസ്റ്റുമായി പൊതുവേ പൊരുത്തമുണ്ട്; എന്നാൽ മൂന്ന് രാജാക്കന്മാരുടെ പേരുകൾ ഇവിടെ കാണുന്നില്ല. ആദ്യ ഭാഗത്തിലെന്നപോലെ 14 തലമുറകളിൽ ഈ കാലഘട്ടത്തെ ഒതുക്കാൻ വേണ്ടിയായിരിക്കണം സുവിശേഷകൻ ഈ പേരുകൾ വിട്ടുകളഞ്ഞത്. അല്ലെങ്കിൽ, ഈ രാജാ

ക്കന്മാർ വിഗ്രഹാരാധകരായിരുന്നതുകൊണ്ടുമാകാം. ലൂക്കായുടെ ലിസ്റ്റിൽനിന്ന് തീർത്തും വിഭിന്നമാണീ ഭാഗം. മത്തായി ദാവീദിൽനിന്ന് ശ്ലേമോൻ വഴിയുള്ള പിന്തുടർച്ച കാണിക്കുമ്പോൾ ലൂക്കാ കാണിക്കുന്നത് നാഥാൻ വഴിയുള്ള പിന്തുടർച്ചയാണ്. രാജ്യവിഭജനം, ശിഷ്ടരും ദുഷ്ടരുമായ രാജാക്കന്മാരുടെ ഭരണകാലം, യുദ്ധങ്ങൾ, സമരിയായുടെയും ഓർശ്ലേത്തിന്റെയും വീഴ്ച തുടങ്ങിയ യഹൂദചരിത്രസംഭവങ്ങളിലൂടെ കടന്ന് ഏറ്റം ഇരുളടഞ്ഞ കാലഘട്ടമായ ബാബിലോണിലെ പ്രവാസത്തിലവസാനിക്കുന്നു. ഈ കാലഘട്ടത്തിലും ദൈവത്തിന്റെ വാഗ്ദാനങ്ങളും പരിപാലനയും സുസ്ഥിരമായി നിലകൊള്ളുന്നു എന്ന് സുവിശേഷകൻ സൂചിപ്പിക്കുന്നു.

ബാബിലോണിലെ പ്രവാസത്തിനുശേഷം മൂന്നാംഘട്ടം ആരംഭിക്കുന്നു. അധഃപതനത്തിൽനിന്ന് മഹത്വത്തിന്റെ അത്യുച്ചിയിലേക്കുള്ള ഒരു കുതിപ്പാണിവിടെ. ലൂക്കായുടേതിൽനിന്ന് തികച്ചും വിഭിന്നമായ ഈ ലിസ്റ്റിൽ ആദ്യത്തെ രണ്ടുപേരുകളൊഴിച്ച് (cf ദിന 3:17) ബാക്കിയെല്ലാം അജ്ഞാതങ്ങളാണ്. യഹൂദചരിത്രത്തിന്റെ അറുന്നൂറോളം വർഷങ്ങളിലെ ഗതിയെ പ്രതിനിധാനം ചെയ്യുന്ന ഈ അജ്ഞാതവ്യക്തികൾ അടിമത്ത്വത്തിന്റെയും വിദേശാധിപത്യത്തിന്റെയും കെടുതികളിലൂടെ ദൈവികവാഗ്ദാനങ്ങളെ സംവഹിക്കുന്നു. അധഃപതനത്തിന്റെ ഈ കാലഘട്ടമവസാനിക്കുന്നത് പ്രതീക്ഷകളുടെ പൂർത്തീകരണവും ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ സാക്ഷാത്ക്കാരവുമായ യേശുമിശിഹായിലാണ്.

അഗാധമായ രക്ഷാകരസത്യങ്ങളാണ് ഈ വംശാവലിയിൽക്കൂടെ സുവിശേഷകൻ പഠിപ്പിക്കുന്നത്. മാനവചരിത്രത്തിന്റെ ഏതോ ഇരുളടഞ്ഞമൂലയിൽ മറഞ്ഞുകിടക്കേണ്ട ഒരപ്രധാന സംഭവമല്ല യേശുവിന്റെ ജനനം. പ്രത്യുത, പഴയനിയമം മുഴുവൻ ഉൾക്കൊള്ളുന്ന ദൈവികപദ്ധതിയുടെ പൂർത്തീകരണവും രക്ഷാചരിത്രത്തിന്റെ മകുടവുമാണ്. യേശുവിൽ രക്ഷാചരിത്രത്തിന്റെ നിർണ്ണായകവും അന്തിമവുമായ കാലഘട്ടം ആരംഭിക്കുന്നു. ഈ മിശിഹാകാലത്തിന്റെ നവീനത്വമാണ് 16-ാം വാക്യം സൂചിപ്പിക്കുന്നത്. പഴയനിയമത്തിന്റെ കേവലമായ തുടർച്ചയല്ല യേശു. ദൈവത്തിന്റെ നേരിട്ടുള്ള രക്ഷാകരമായ ഇടപെടലിന്റെ ഫലമായാണ് യേശു കന്യകാമറിയത്തിൽനിന്നു പിറന്നതെന്ന വസ്തുത ഇതാണ് സൂചിപ്പിക്കുന്നത്. ദൈവംതന്നെ ഒരു പുതിയ ഘട്ടത്തിന് ആരംഭമിടുന്നു. വാഗ്ദാനത്തിന്റെയും ഒരുക്കത്തിന്റെയും കാലം സമാപിച്ചിരിക്കുന്നു. പൂർത്തീകരണത്തിന്റെയും രക്ഷയുടേയും കാലം സമാഗതമായിരിക്കുന്നു.





**യൗസേപ്പിനു ലഭിച്ച മംഗലവാർത്ത: മത്താ 1:18-25**

യേശു അബ്രാഹത്തിന്റെ പുത്രനാണ്, ദാവീദിന്റെ പുത്രനാണ് (1:1) എന്ന് സ്ഥാപിക്കാൻ ഉദ്ധരിക്കുന്ന വംശാവലി സമാപിക്കുന്നത് ഒടുവിലത്തെ കണ്ണിയായ യൗസേപ്പിന്റെ പുത്രനല്ല യേശു എന്ന സൂചനയോടുകൂടിയാണ് (വാ. 16). ഈ വൈരുദ്ധ്യം - രക്തബന്ധംവഴി ദാവീദിന്റെ പുത്രനല്ലെങ്കിലും യേശു എപ്രകാരം ദാവീദിന്റെ പുത്രനാകുന്നു എന്ന പ്രശ്നം- വിശദീകരിക്കുകയാണ് ഈ ഖണ്ഡികയുടെ ഉദ്ദേശ്യം.

കലാവൈദഗ്ദ്ധ്യത്തോടുകൂടി രചിച്ചിരിക്കുന്ന ഈ ഖണ്ഡികയിൽ സുവിശേഷകൻ വിവിധ സാഹിത്യസങ്കേതങ്ങൾ സമ്യക്കായി ഇണക്കിച്ചേർത്തിരിക്കുന്നു. യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള പ്രവചനം (വാ.20-21) പരമ്പരാഗതമായ "മംഗലവാർത്ത" എന്ന സാഹിത്യരൂപത്തിലാണ് രചിച്ചിരിക്കുന്നത്. രക്ഷാചരിത്രത്തിൽ പ്രധാനമായ പങ്കുവഹിക്കേണ്ട വ്യക്തികളുടെ ജനനത്തേയും ദൗത്യത്തേയും പ്രവചിക്കുന്ന ഒരു സാഹിത്യരൂപമാണിത്. മൂന്നുഭാഗങ്ങളാണിതിനുള്ളത്.

A ശിശുവിന്റെ ഗർഭധാരണത്തെയും ജനനത്തെയും പറ്റിയുള്ള മുന്നറിയിപ്പ്
B ശിശുവിന്റെ നാമത്തെപ്പറ്റി അറിയിപ്പ്
C ശിശുവിന്റെ ഭാവി ദൗത്യത്തെപ്പറ്റിയുള്ള സൂചന (സാധാരണമായി നാമം ദൗത്യത്തെ സൂചിപ്പിക്കുന്നു)

ഉദാഹരണമായി ഉൽപ 16:11-12; 17:19; 18:10-14; ന്യായ 13:5; ഏശ 7:14-16; ലൂക്കാ 1:12-20; 30-37 കാണുക. മേല്പ്പറഞ്ഞ മൂന്ന് ഭാഗങ്ങൾ നമ്മുടെ ഖണ്ഡികയിലെ 20-21 വാക്യങ്ങളിൽ കാണാൻ കഴിയും.

ഇവിടെ പ്രയോഗിച്ചിരിക്കുന്ന മറ്റൊരു സാഹിത്യരൂപം "ദൈവകല്പ്പന-കല്പനാനിർവ്വഹണം" എന്നതാണ്. രക്ഷാചരിത്രത്തിൽ ഒരു പ്രത്യേകദൗത്യം ഒരു വ്യക്തിയെ ഭരമേല്പ്പിക്കുന്നതും ആ വ്യക്തി അതു നിർവ്വഹിക്കുന്നതും കഴിയുന്നത്ര ഒരേ വാക്കുകളിൽ വിവരിക്കുക എന്നതാണ് ഈ സാഹിത്യരൂപത്തിന്റെ പ്രത്യേകത. ഉദാഹരണമായി ഉൽപ 46:1-7; പുറ 4:19-20; മത്താ 21:1-7 കാണുക. ഈ സാഹിത്യസങ്കേതം സുവിശേഷകൻ രണ്ടാമദ്ധ്യായത്തിൽ വീണ്ടും പ്രയോഗിക്കുന്നുണ്ട് (2:13-15, 19-23). നമ്മുടെ ഖണ്ഡികയിൽ കല്പനയും നിർവ്വഹണവും തമ്മിലുള്ള സ്ഥാനം ശ്രദ്ധിക്കുക

| | |
|---|---|
| ദൈവദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് യൗസേപ്പിനോട് പറഞ്ഞു (വാ. 20) | യൗസേപ്പ് നിദ്രയിൽ നിന്നുണർന്ന് ദൈവദൂതൻ ആജ്ഞാപിച്ചിരിക്കുന്നതുപോലെ പ്രവർത്തിച്ചു (വാ. 24) |
| നിന്റെ ഭാര്യ മറിയത്തെ സ്വീകരിക്കാൻ ശങ്കിക്കേണ്ട (വാ. 20) | തന്റെ ഭാര്യയെ അദ്ദേഹം സ്വീകരിച്ചു (വാ. 24) |
| ശിശുവിന് യേശു എന്ന് പേരിടണം (വാ.21) | ശിശുവിന് അദ്ദേഹം യേശു എന്ന് പേരിട്ടു (വാ. 24) |

സ്വപ്നത്തിലെ ദർശനങ്ങൾവഴി രക്ഷാചരിത്രത്തിലുള്ള ദൈവത്തിന്റെ ഇടപെടലിനെ ചിത്രീകരിക്കുന്ന രീതിയും പരമ്പരാഗതമാണ് (ഉദാ. ഉൽപ 20:3; 31:24; 46:2). ശൈശവ വിവരണത്തിൽ (Gospel of Infancy) സുവിശേഷകൻ ഈ രീതി പലതവണ ഉപയോഗിച്ചിരിക്കുന്നു (1:20; 2:12-13; 19:22).

ഖണ്ഡികയുടെ ഹൃദയഭാഗത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന "വി. ലിഖിത പൂർത്തീകരണ സാക്ഷ്യം" സ്വന്തമായ രീതിയിലാണ് സുവിശേഷകൻ നിർമ്മിച്ചിരിക്കുന്നത്. ദൈവത്തിന്റെ രക്ഷാകര വാഗ്ദാനങ്ങളും പ്രവചനങ്ങളും യേശുവിന്റെ ജീവിതസംഭവങ്ങളിൽ എങ്ങനെ പൂർത്തിയാകുന്നു എന്ന് വി. ലിഖിതം ഉദ്ധരിച്ചുകാണിക്കുവാൻ ആദിമ ക്രിസ്ത്യാനികൾ ശ്രദ്ധിച്ചിരുന്നു. സുവിശേഷങ്ങളിൽ നിരവധി വി. ലിഖിത ഉദ്ധരണികളും സൂചനകളും കാണാൻ കഴിയും. ഉദ്ധരണിക്ക് ആമുഖമായി ദൈവവചന പൂർത്തീകരണത്തെ പ്രത്യക്ഷമായി ഊന്നിപ്പറയുന്ന ഒരു നിശ്ചിതവാക്യം കൂട്ടിച്ചേർക്കുക എന്നത് മത്തായിയുടെ ഒരു പ്രത്യേകതയാണ്. 'ആമുഖവാക്യം-ഉദ്ധരണി' എന്ന ഈ പ്രത്യേക രൂപം മത്തായിയുടെ സുവിശേഷത്തിൽ 11 പ്രാവശ്യം പ്രയോഗിക്കപ്പെട്ടിരിക്കുന്നു. ശൈശവവിവരണത്തിൽ നാലു പ്രാവശ്യം ഇതു കാണാം (1:22-23; 2:15, 17-18,33). ഈ ഉദ്ധരണികൾ ഓരോ ഖണ്ഡികയ്ക്കും ദൈവശാസ്ത്രപരമായ ഒരു നിറം നൽകുന്നു. യേശുവിന്റെ ശൈശവ സംഭവങ്ങൾ പ്രഥമദൃഷ്ട്യാ കേവലം സാധാരണങ്ങളെന്ന് തോന്നാമെങ്കിലും വാസ്തവത്തിൽ ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമാണ് അവയെന്ന് ഈ ഉദ്ധരണികൾ ചൂണ്ടിക്കാണിക്കുന്നു.





ഇങ്ങനെ വിവിധ സാഹിത്യ സങ്കേതങ്ങൾ കോർത്തിണക്കി നിർമ്മിച്ച ഈ ഖണ്ഡികയുടെ പൊതുവായ ഘടന ഇപ്രകാരമാണ്:

ശീർഷകം: "യേശുമിശിഹായുടെ ജനനം" - വാ. 18a

A സന്ദർഭം:

1. കന്യാഗർഭധാരണം-വാ.18b
2. യൗസേപ്പിന്റെ തീരുമാനം-വാ.19

B വെളിപാട്:

ദൈവദൂതൻ പ്രത്യക്ഷപ്പെടുന്നു-വാ.20a

1. സന്ദേശം: യൗസേപ്പിന്റെ തീരുമാനത്തിന്റെ മറുപടി വാ.20b
2. മംഗലവാർത്ത: പുത്രൻ ജനിക്കും-വാ.21a
3. കല്പന: നാമകരണം വാ.21b
4. പ്രവചനം: ശിശുവിന്റെ ദൗത്യം വാ.21c

C വിശുദ്ധ ലിഖിത പൂർത്തീകരണ സാക്ഷ്യം-വ.22-23

D കല്പനാ നിർവ്വഹണം-വാ.24-25

ഈ ഖണ്ഡികയിൽ രണ്ടു പാരമ്പര്യങ്ങൾ സംയോജിപ്പിച്ചിരിക്കുന്നതായി കാണാം. ഒന്നാമത്തേത് യൗസേപ്പിന്റെ സംശയവും (വാ.19) അതിന്റെ നിവാരണത്തിനായി നൽകപ്പെട്ട വെളിപാടും (വാ.20) ഉൾക്കൊള്ളുന്നു. മറിയത്തിന്റെ കന്യാഗർഭധാരണമാണ് ഇതിന്റെ പശ്ചാത്തലം. യേശുവിന്റെ കന്യാജനനത്തെ സംശയങ്ങൾക്കും ദൂഷണങ്ങൾക്കും എതിരായി സുരക്ഷിതമാക്കുകയാണ് ഉദ്ദേശ്യം. യൗസേപ്പിന്റെ സംശയം വായനക്കാരുടെ സംശയത്തെ പ്രതിഫലിപ്പിക്കുന്നു. യൗസേപ്പിനു നൽകപ്പെട്ട ദൈവികസന്ദേശം (വാ.20) ഈ സംശയങ്ങളെ നിശേഷം ദൂരീകരിക്കുകയും കന്യാഗർഭധാരണം ദൈവാത്മാവിന്റെ ശക്തിയാൽ സംഭവിച്ചു എന്ന് സംശയരഹിതമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. സംശയനിവാരണത്തിനുശേഷം യൗസേപ്പ് മറിയത്തെ ഭാര്യയായി സ്വീകരിച്ചെന്നും യേശുവിന്റെ ജനനംവരെ വിരക്തനായി അവളോടൊത്ത് ജീവിച്ചെന്നുമുള്ള പ്രസ്താവനയോടുകൂടെ (വാ.24-25a) ഈ പാരമ്പര്യം അവസാനിക്കുന്നു.

രണ്ടാമത്തെ പാരമ്പര്യം ശിശുവിന്റെ ജനനത്തെയും നാമകരണത്തെയും പറ്റിയുള്ള "മംഗലവാർത്ത" യാണ് . ഇത് യൗസേപ്പിനുള്ള ഒരു ദൈവകല്പനകൂടിയാണ്. ശിശുവിന് പേരിടുക എന്ന

പിതാവിന്റെ അവകാശം "ദാവീദിന്റെ പുത്രനായ യൗസേപ്പിനെ" (വാ.20) ദൈവം ചുമതലപ്പെടുത്തുന്നു. ദൈവത്തിന്റെ കല്പനയെ സസന്തോഷം സ്വീകരിച്ച് ദൈവം നൽകിയ പിതൃത്വാവകാശം ഉപയോഗിച്ച് നാമകരണത്തിലൂടെ ശിശുവിന്റെ പിതൃത്വം യൗസേപ്പ് ഏറ്റെടുക്കുന്നു (വാ.25b). അങ്ങനെ കന്യകയായ മറിയത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ് ഉത്ഭവിച്ചതെങ്കിലും യേശു ദൈവത്തിന്റെ ഹിതാനുസാരം യൗസേപ്പിന്റെ പുത്രനായിത്തീരുന്നു; അബ്രാഹത്തിന്റെയും ദാവീദിന്റെയും അവകാശിയും വാഗ്ദാനങ്ങളുടെ പൂർത്തീകരണവും ആയിത്തീരുന്നു. ഇക്കാര്യം വെളിപ്പെടുത്തുകയാണ് മത്തായിയെ സംബന്ധിച്ചിടത്തോളം ഈ ഖണ്ഡികയുടെ പ്രധാന ഉദ്ദേശ്യം.

മറിയത്തെ രഹസ്യത്തിലുപേക്ഷിക്കുവാനുള്ള യൗസേപ്പിന്റെ തീരുമാനത്തിന് സേവ്യർ ലെയോൺ ഡ്യൂഫൂർ (cf.op.cit) എന്ന പണ്ഡിതൻ ഒരു പുതിയ വ്യാഖ്യാനം നൽകുന്നുണ്ട്. യൗസേപ്പിന്റെ തീരുമാനത്തിന്റെ കാരണം മറിയത്തിന്റെ വിശ്വസ്തതയെപ്പറ്റിയുള്ള സംശയമല്ല; വ്യഭിചാരിണിയെ പരസ്യമായി കുറ്റമാരോപിച്ച് ശിക്ഷിപ്പിക്കുക മോശയുടെ നിയമമാണ്. യൗസേപ്പ് അതു ചെയ്യാതിരുന്നതിൽനിന്ന് അനുമാനിക്കേണ്ടത് ഭാര്യയുടെ വിശ്വസ്തതയെപ്പറ്റി അദ്ദേഹത്തിന് സംശയമില്ലായിരുന്നു എന്നതാണ്. ശിശുവിന്റെ ദൈവികമായ ഉത്ഭവത്തെപ്പറ്റി മറിയത്തിൽനിന്നു തന്നെ യൗസേപ്പ് അറിഞ്ഞിരുന്നു. എന്നിട്ടും അവളെ രഹസ്യത്തിൽ പറഞ്ഞയക്കാൻ തീരുമാനിച്ചതിലാണ് അദ്ദേഹത്തിന്റെ "നീതി" (cf.വാ.19 ) വ്യക്തമാകുന്നത്. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളായ മറിയത്തിന് സ്വന്തമായ ഒരു ദൗത്യമുണ്ടെന്നും, ദൈവികപദ്ധതിയുടെ ഉപാധിയായ അവൾ ദൈവം പ്രത്യേകമായി നിശ്ചയിച്ച വഴിയെ പോകണമെന്നും യൗസേപ്പ് മനസ്സിലാക്കി. എന്നാൽ ദൈവത്തിന്റെ പദ്ധതിയിൽ തന്റെ പങ്ക് എന്തെന്ന് അദ്ദേഹത്തിന് അജ്ഞാതമായിരുന്നു. മറിയത്തിൽ അവതീർണ്ണമായ ദൈവികരഹസ്യത്തെ ആദരപൂർവ്വം വീക്ഷിച്ച അദ്ദേഹം മറിയത്തെ തന്റെ ജീവിതവുമായി ബന്ധിച്ചിടാനും ദൈവികശിശുവിന്റെ പിതൃസ്ഥാനം സ്വീകരിക്കുവാനും ധൈര്യപ്പെട്ടില്ല. തൻനിമിത്തം ദൈവത്തിന്റെ പദ്ധതിയിൽ പരിപൂർണ്ണമായി സഹകരിക്കത്തക്കവണ്ണം മറിയത്തെ സ്വതന്ത്രയാക്കി അയയ്ക്കാൻ അദ്ദേഹം തീരുമാനിച്ചു. അവൾക്ക് അപമാനമുണ്ടാകാതിരിക്കാൻ അത് രഹസ്യത്തിലാകട്ടെയെന്നും നിശ്ചയിച്ചു. യൗസേപ്പിന്റെ "നീതി" നിയമപാലനത്തിലല്ല ദൈവത്തിന്റെ പദ്ധതിയോടുള്ള പരിപൂർണ്ണ സഹകരണത്തിലാണ് അടങ്ങിയിരിക്കുന്നത്. ദൈവദൂതനിൽനിന്ന് രക്ഷാ





പദ്ധതിയിൽ തന്റെ ദൗത്യമെന്തെന്ന് മനസ്സിലാക്കിയ ക്ഷണത്തിൽ ആദ്യ നിശ്ചയം മാറ്റി യൗസേപ്പ് മറിയത്തെ ഭാര്യയായി സ്വീകരിക്കുകയും ശിശുവിന്റെ പിതൃസ്ഥാനം ഏറ്റെടുക്കുകയും ചെയ്തു.

ഏശയ്യ 7:14 ഉദ്ധരിച്ചുകൊണ്ട് (വാ. 22-23) സുവിശേഷകൻ മംഗലവാർത്തയെ അതിന്റെ പ്രവചനമായ മറ്റൊരു മംഗലവാർത്തയുമായി ബന്ധിക്കുകയും വി. ലിഖിത പൂർത്തീകരണമായി വ്യാഖ്യാനിക്കുകയും ചെയ്യുന്നു. "എമ്മാനുവേൽ"- ദൈവം നമ്മോടുകൂടെ -എന്ന ദൈവത്തിന്റെ രക്ഷാകരസാന്നിധ്യത്തെ ദ്യോതിപ്പിക്കുന്ന നാമം "യേശു" എന്ന നാമത്തിന്റെ അർത്ഥസമ്പുഷ്ടമായ ഒരു വ്യാഖ്യാനമാണ്. 21-ാം വാക്യം "യേശു" എന്ന നാമത്തിന്റെ പൊരുൾ വിശദമാക്കുന്നു: "അവിടുന്ന് തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് രക്ഷിക്കും" യേശുവിന്റെ രക്ഷാചരിത്രപരമായ ദൗത്യത്തിന്റെ സാരസംഗ്രഹമാണത്.

B യേശുവിന്റെ ഭാവിയുടെ പ്രവചനാത്മകമായ ചിത്രീകരണം.

യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള ഒരാമുഖപ്രസ്താവനയോടുകൂടിയാണ് ശൈശവവിവരണത്തിന്റെ രണ്ടാംഭാഗം ആരംഭിക്കുന്നത്: "ഹേറോദേസ് രാജാവിന്റെ കാലത്ത് യൂദയായിലെ ബേത്‌ലഹെമിൽ യേശു പിറന്നപ്പോൾ" (2:1). ആദ്യഭാഗവുമായി ഈ ഭാഗത്തെ ബന്ധിക്കുന്ന കണ്ണിയുമാണത്. യേശുവിന്റെ ശൈശവത്തെപ്പറ്റി തനിക്ക് ലഭ്യമായ പാരമ്പര്യങ്ങൾ ദൈവശാസ്ത്രപരമായ ഉദ്ദേശ്യത്തോടുകൂടെ വൈദഗ്ദ്ധ്യപൂർവ്വം സുവിശേഷകൻ ഇവിടെ ക്രമീകരിച്ചിരിക്കുന്നു. 1:18-25-ൽ ഉപയോഗിച്ച സാഹിത്യസങ്കേതങ്ങൾ (സ്വപ്നത്തിൽ ദൈവദൂതൻവഴി നൽകുന്ന വെളിപാട്, ദൈവകല്പന-കല്പനാനിർവ്വഹണം, വി. ലിഖിത പൂർത്തീകരണസാക്ഷ്യം) ഈ അദ്ധ്യായത്തിലും ഉപയോഗിച്ചിരിക്കുന്നു.

### 1. വിജ്ഞാനികളുടെ ആരാധനാ (2:1-12)

ഈ ഭാഗം നാല് രംഗങ്ങൾ ഉൾക്കൊള്ളുന്നു. മധ്യത്തിലായി വി. ലിഖിതത്തിൽനിന്നൊരു ഉദ്ധരണിയും.

ആമുഖം: വിജ്ഞാനികളുടെ വരവ് (വാ.1-2)
1-ാം രംഗം: വിജ്ഞാനികളുടെ ചോദ്യം ഹേറോദേസ് പ്രഭൃതികളുടെ പരിഭ്രാന്തി (വാ.3)
2-ാം രംഗം: ഹേറോദേസും യഹൂദാചാര്യന്മാരും (വാ. 4-5a)
വി. ലിഖിതത്തിൽനിന്ന് ഉദ്ധരണി (വാ. 5 b-6)
3-ാം രംഗം: ഹേറോദേസും വിജ്ഞാനികളും (വാ. 7-8)
4-ാം രംഗം: വിജ്ഞാനികളും യേശുവും (വാ. 9-11)
സമാപനം: ജ്ഞാനികളുടെ മടക്കയാത്ര

ഈ ഖണ്ഡിക വിജ്ഞാനികളുടെയും ഹേറോദേസ് പ്രഭൃതികളുടെയും പ്രതികരണങ്ങൾ തമ്മിലുള്ള വൈപരീത്യത്തെ ചിത്രീകരിക്കുന്നു. കിഴക്ക് പ്രത്യക്ഷപ്പെട്ട നക്ഷത്രത്തിൽനിന്ന് പ്രതീക്ഷാവിഷയമായിരുന്ന യൂദന്മാരുടെ രാജാവിന്റെ ജനനത്തെപ്പറ്റി സൂചന ലഭിച്ചയുടനെ വിജ്ഞാനികൾ അദ്ദേഹത്തെ ആരാധിക്കുന്നതിനായി ജറുസലേം ലക്ഷ്യമാക്കി യാത്രതിരിക്കുന്നു. നക്ഷത്രോദയത്തിലടങ്ങിയിരിക്കുന്ന ദൈവകല്പന അവർ സ്വീകരിക്കുന്നു. എന്നാൽ ഹേറോദേസ് രാജാവിലും ജറുസലേം നിവാസികളിലും ഈ സദ്വാർത്ത പരിഭ്രാന്തിയാണ് ഉളവാക്കിയത്. തന്റെ പ്രതിയോഗി എന്ന് ധരിച്ച് യേശുവിനെ നശിപ്പിക്കാൻ ഭയചകിതനായ ഹേറോദേസ് പ്ലാനിടുന്നു. അയാളുടെ വാക്കുകളിൽ (വാ. 8) മറഞ്ഞിരിക്കുന്ന കപടത പിന്നീടാണ് വ്യക്തമാകുന്നത് (വാ.16). യേശുവിനും അദ്ദേഹത്തിന്റെ സാർവ്വത്രിക സുവിശേഷത്തിനും ഭാവിയിൽ വിജാതീയരിൽനിന്ന് ലഭിക്കാനിരുന്ന സ്വാഗതത്തെ വിജ്ഞാനികളുടെ ആരാധന സൂചിപ്പിക്കുമ്പോൾ സ്വജനങ്ങളിൽനിന്ന് ലഭിക്കാനിരുന്ന തിരസ്ക്കരണത്തെയും പീഡനത്തെയും ഹേറോദേസിന്റെ ക്രൂരത സൂചിപ്പക്കുന്നു.

ഈ ഖണ്ഡികയുടെ ഹൃദയസ്ഥാനത്തു നിൽക്കുന്നത് വി. ലിഖിതത്തിൽനിന്നുള്ള (മിക്കാ 5:2) ഉദ്ധരണിയാണ് (വാ 5 b-6). "യഹൂദർക്കു ജനിച്ച രാജാവ് എവിടെയാണ്? എന്ന വിജ്ഞാനികളുടെ ചോദ്യത്തിനും (വാ.2) മിശിഹാ എവിടെയാണ് ജനിക്കുക?" എന്ന ഹേറോദേസിന്റെ ചോദ്യത്തിനും വി. ലിഖിതംതന്നെ മറുപടി പറയുന്നു. അങ്ങനെ യേശു ദാവീദിന്റെ ജന്മദേശമായ ബേത്‌ലഹത്ത് ജനിച്ചത് ദൈവവചന പൂർത്തീകരണമാണെന്നിവിടെ വ്യക്തമാകുന്നു. ഇസ്രായേൽജനത്തെ ഭരിക്കാനുള്ള രാജാവാണ് യേശു എന്ന ദൗത്യ സൂചനയും പ്രവചനത്തിലുണ്ട് (വാ.6 b).

നക്ഷത്രോദയത്തിന്റെ അടിസ്ഥാനത്തിലുള്ള പൗരസ്ത്യവിജ്ഞാനികളുടെ വരവിന്റെ വിവരണം ചരിത്രപരമാണോ? മിശിഹായുടെ ജനനസമയത്തെ ഗ്രഹനിലയെ വിവരിക്കുന്ന ഒരു ഭാഗം ഖുറാൻ ലിഖിതങ്ങളിലുണ്ട്. ആ രീതിയിലുള്ള ജ്യോതിഷസംബന്ധമായ കണക്കുക്കൂട്ടലുകൾ നടന്നിരുന്നു എന്നതിന് തെളിവാണത്. സുവിശേഷത്തിലെ വിജ്ഞാനികൾ ജോത്സ്യരോ ജ്യോതിശാസ്ത്രജ്ഞന്മാരോ, ആയിരുന്നിരിക്കാം. എന്നാൽ മത്താ 2:1-12 ലെ വിവരണത്തിന് പുതിയനിയമത്തിന്റെ ഇതരഭാഗങ്ങളിൽനിന്നോ മറ്റു ചരിത്രസാക്ഷ്യങ്ങളിൽനിന്നോ സ്ഥിരീകരണം ലഭിക്കുന്നില്ല. കേവലം





ചരിത്രപരമായി വീക്ഷിച്ചാൽ പരിഹരിക്കാൻ എളുപ്പമല്ലാത്ത പല പ്രശ്നങ്ങളും ഈ വിവരണത്തിലുണ്ട്. ദുഷ്ടനായ ഹേറോദേസിനെ വെറുത്തിരുന്ന ജറുസലേംകാർ അയാളോടുകൂടെ പരിഭ്രമിച്ചു എന്നു കരുതുക എളുപ്പമല്ല. യഹൂദാധികാരികളിൽനിന്ന് അകന്നുനിന്നിരുന്ന ഹേറോദേസ് യഹൂദപരമാധികാര സഭ വിളിച്ചുകൂട്ടി ആലോചന നടത്തുന്നതും വിചിത്രമായിത്തോന്നാം. തന്റെ എതിർ രാജാവ് ജനിച്ചിരിക്കുന്നു എന്ന ചിന്തയാൽ പരിഭ്രാന്തനായ ഹേറോദേസ് സ്വന്തമായി ചാരന്മാരെ അയക്കാതെ വിജ്ഞാനികളിൽനിന്ന് വിവരങ്ങൾ അറിഞ്ഞുകൊള്ളാമെന്ന് പ്രതീക്ഷിച്ചു കഴിയുക എന്നതും സ്വാഭാവികമല്ല. കൂടാതെ വിജ്ഞാനികൾ ആരാധനയ്ക്കുശേഷം പുതിയനിയമത്തിൽനിന്ന് പരിപൂർണ്ണമായി തിരോധാനം ചെയ്യുന്നു എന്നതും ശ്രദ്ധേയമാണ്. ഇതെല്ലാം പരിഗണിക്കുമ്പോൾ കൃത്യമായ ചരിത്രവിവരണമെന്നതിനേക്കാൾ ദൈവശാസ്ത്രപരമായ പ്രബോധനത്തിന്റെ സ്ഥൂലാവതരണമാണിതെന്ന് കരുതാൻ ന്യായം കാണുന്നുണ്ട്. യേശുവിന്റെ ശൈശവത്തിലെ ഒരു സംഭവത്തേക്കാൾ മിശിഹായ്ക്കും സുവിശേഷത്തിനും യഹൂദരിൽനിന്നും വിജാതീയരിൽനിന്നും ലഭിക്കാനിരുന്ന വിപരീതങ്ങളായ പ്രതികരണങ്ങളെ പ്രതീകാത്മകമായി ചിത്രീകരിക്കുകയായിരുന്നില്ലേ സുവിശേഷകന്റെ ഉദ്ദേശ്യമെന്ന ചോദ്യം പ്രസക്തമാണ്.

ഈ കാഴ്ചപ്പാടിൽ നോക്കുമ്പോൾ കിഴക്ക് പ്രത്യക്ഷപ്പെട്ട് മിശിഹായുടെ ജനനത്തെ വിജ്ഞാനികളെ അറിയിക്കുകയും (വാ.2) ജറുസലേമിൽനിന്ന് ബേത്‌ലഹം വരെ അവരെ നയിക്കുകയും യേശു കിടന്നിരുന്ന സ്ഥലത്തിനുമുകളിൽ നിലയുറപ്പിക്കുകയും ചെയ്ത (വാ.9) അത്ഭുത നക്ഷത്രം, വിവരണത്തെ മോടി പിടിപ്പിക്കുന്ന ഒരു സങ്കേതമെന്നുവേണം കരുതാൻ.

**2. ദൈവിക സംരക്ഷണം 2:13-23**

ഹേറോദേസിന്റെ ക്രൂരതയെപ്പറ്റി മുൻഖണ്ഡികയിൽ കാണുന്ന സൂചനകൾ ഈ ഭാഗത്ത് വിവരിക്കുന്ന സംഭവങ്ങൾക്ക് പശ്ചാത്തലമൊരുക്കുന്നു. അതായത് യഹൂദരാജ ശിശുവിന്റെ ജനനത്തിൽ പരിഭ്രമം (വാ.3), നക്ഷത്രോദയസമയത്തെപ്പറ്റി അന്വേഷണം (വാ7), കാപട്യം (വാ.8), വിജ്ഞാനികൾക്ക് സ്വപ്നത്തിൽ ലഭിച്ച താക്കീത് (വാ.12) എന്നിവ. ഈ ഭാഗത്തെ പല വാക്യങ്ങൾക്കും പുറപ്പാട് പുസ്തകം മോശയെപ്പറ്റി നൽകുന്ന പ്രതിപാദനങ്ങളോട് സാരമായ സാമ്യമുണ്ട്.

| മത്തായി | പുറപ്പാട് |
|---|---|
| 2:13 ഈ ശിശുവിനെ നശിപ്പിക്കുന്നതിനുവേണ്ടി ഹേറോദേസ് അതിനെ അന്വേഷിക്കും | 2:15 മോശയെ കൊല്ലുന്നതിന് ഫറവോ അന്വേഷിച്ചു |
| 2:14 യൗസേപ്പ് മറിയത്തെയും യേശുവിനെയുംകൊണ്ട് ഹേറോദേസിൽനിന്ന് ഒളിച്ചോടുന്നു | 2:15 മോശ ഫറവോയിൽനിന്ന് ഒളിച്ചോടുന്നു |
| 2:16 എല്ലാ ആൺകുട്ടികളെയും വധിച്ചു | 1:16 കുട്ടി ആണാണെങ്കിൽ അതിനെ കൊന്നുകളയണം 1:22 ഹെബ്രായർക്കു ജനിക്കുന്ന എല്ലാ ആൺകുട്ടികളെയും നദിയിലെറിഞ്ഞു കളയണം. |
| 2:13-18 ഹേറോദേസിന്റെ വധോദ്യമത്തിൽനിന്ന് യേശു രക്ഷപെടുന്നു | 2:1-10 ഫറവോയുടെ വധോദ്യമത്തിൽനിന്നു മോശ രക്ഷപെടുന്നു |
| 2:19 ഹേറോദേസിന്റെ മരണത്തിനുശേഷം ഈജിപ്തിൽവച്ച് ദൈവദൂതൻ യൗസേപ്പിനോടു പറഞ്ഞു | 4:19 ഈജിപ്തിലെ രാജാവ് മരിച്ചു. മെദിയാനിൽവച്ച് ദൈവം മോശയോടു പറഞ്ഞു |
| 2:20 ഇസ്രായേൽ ദേശത്തേയ്ക്ക് മടങ്ങുക. ശിശുവിന് ജീവഹാനി വരുത്താനുദ്ദേശിച്ചിരുന്നവരെല്ലാം മരിച്ചുപോയി | 4:19 ഈജിപ്തിലേക്ക് മടങ്ങുക, നിനക്ക് ജീവഹാനി വരുത്താനുദ്ദേശിച്ചിരുന്നവരെല്ലാം മരിച്ചുപോയി |
| 2:21 യൗസേപ്പ് ശിശുവിനെയും അമ്മയേയും കൂട്ടിക്കൊണ്ട് ഇസ്രായേൽദേശത്തേക്ക് പോയി | 4:20 മോശ ഭാര്യയെയും പുത്രനെയുംകൂട്ടി ഈജിപ്തിലേക്കു തിരിച്ചുപോയി |

ദൈവത്തിന്റെ പ്രവാചകനും പുറപ്പാടിലെ നേതാവും നിയമദാതാവുമായ മോശയ്ക്ക് യഹൂദചിന്തയിൽ അതുല്യമായ സ്ഥാനം ഉണ്ടായിരുന്നു. എന്നാൽ ക്രിസ്തീയ ചിന്തയിൽ രക്ഷാചരിത്ര പൂർത്തീകരണ ഘട്ടത്തിൽ വരുമെന്ന് മോശ പ്രവചിച്ച അന്ത്യപ്രവാചകനാണ് യേശു (നിയ 18:15). ദൈവം മോശയെ ഫറവോയിൽനിന്നു രക്ഷിച്ചതുപോലെ യേശുവിനെ ഹേറോദേസിൽനിന്ന് അത്ഭുതകരമായി രക്ഷിക്കുന്നു. യേശുവിന്റെ ചരിത്രം മോശയുടെ ചരിത്രത്തിന്റെ മാതൃകയിൽ രചിച്ചിരിക്കുന്നതിന്റെ താത്പര്യം യേശു ദ്വിതീയ മോശയാണ്, മോശയേക്കാൾ വലിയവനാണ് എന്നു ധ്വനിപ്പിക്കുകയാണ്.





## a) ഈജിപ്തിലേക്കുള്ള ഒളിച്ചോട്ടം

പൗരസ്ത്യവിജ്ഞാനികൾ യേശുവിനെ വന്നാരാധിക്കുന്ന സന്തോഷകരമായ രംഗത്തിനുശേഷം സുവിശേഷകൻ വിവരിക്കുന്നത് സ്വദേശത്തുനിന്ന് തിരുക്കുടുംബം ഒളിച്ചോടേണ്ടിവരുന്ന ശോകാത്മകരംഗമാണ്. ദിവ്യശിശുവിനെ ദൈവം അത്ഭുതകരമായി സംരക്ഷിക്കുകയും പീഡകരിൽനിന്ന് കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു എന്നതാണ് ഈ ഖണ്ഡികയുടെ അർത്ഥം. തിരുക്കുടുംബ തലവൻ എന്ന യൗസേപ്പിന്റെ ദൈവദത്തമായ സ്ഥാനം ശിശുവിന്റെയും മാതാവിന്റെയും മാതൃകാപരമായ സംരക്ഷണത്തിൽ അന്വർത്ഥമാകുന്നു. ഹേറോദേസിന്റെ മരണംവരെമാത്രമേ ഇസ്രായേൽനാട്ടിൽനിന്നുള്ള വിപ്രവാസം നീളുകയുള്ളു എന്ന സൂചനയും ഇവിടെയുണ്ട് (വാ.13).

ഈ ഖണ്ഡികയിലും നാം മുമ്പുകണ്ട ദൈവകല്പന - കല്പനാനിർവ്വഹണം എന്ന സാഹിത്യരൂപം കാണാം. സ്വപ്നത്തിൽ, യൗസേപ്പിന് ദൈവദൂതൻ നൽകുന്ന കല്പനയും അതിന്റെ സത്വരവും കൃത്യവുമായ നിർവ്വഹണവും സമാനമായ വാക്കുകളിൽ വിവരിച്ചിരിക്കുന്നു.

| 2:13 | 2:14 |
|---|---|
| എഴുന്നേറ്റ് ശിശുവിനെയും മാതാവിനെയും കൂട്ടിക്കൊണ്ട് വേഗം ഈജിപ്തിലേക്കു പോകുക. ഞാൻ വീണ്ടും അറിയിക്കുന്നതുവരെ അവിടെ പാർക്കണം. കാരണം ഹേറോദേസ് ശിശുവിനെ നശിപ്പിക്കാൻ അന്വേഷിക്കുന്നു. | യൗസേപ്പ് എഴുന്നേറ്റ് ശിശുവിനെയും മാതാവിനെയും കൂട്ടിക്കൊണ്ട് രാത്രിയിൽത്തന്നെ ഈജിപ്തിലേക്കു പോയി ഹേറോദേസിന്റെ മരണംവരെ അവിടെ പാർത്തു |

ഈ പ്രത്യേക രചനവഴി സുവിശേഷകൻ വെളിപ്പെടുത്തുന്നത് രക്ഷാചരിത്രത്തിൽ ദൈവത്തിന്റെ നിർണ്ണായക കർതൃത്വമാണ്. തന്റെ പദ്ധതികൾ മനുഷ്യർവഴി ദൈവം സാധിക്കുന്നു. ദൈവഹിതത്തെ തടയാൻ മനുഷ്യനു സാധ്യമല്ല. ദൈവഹിതാനുസാരമല്ലാത്ത ശ്രമങ്ങൾ നിഷ്ഫലങ്ങളാണ്. അതുകൊണ്ട് ദിവ്യശിശുവിനെ നശിപ്പിക്കാനുള്ള ഹേറോദേസിന്റെ തീവ്രശ്രമങ്ങളെല്ലാം പരാജയോന്മുഖമാണ്. രണ്ടാം അധ്യായത്തിലെ സംഭവങ്ങൾ ഹേറോദേസിന്റെ തീരുമാനത്തിന്റെ ഫലങ്ങളാണെന്ന് പ്രഥമ വീക്ഷണത്തിൽ തോന്നാമെങ്കിലും വാസ്തവത്തിൽ ദൈവത്തിന്റെ പദ്ധതികൾ മാത്രമാണ് ഇവിടെ നടക്കുന്നത്.

ഈ ഖണ്ഡിക സമാപിക്കുന്നത് വി.ലിഖിത പൂർത്തീകരണ സാക്ഷ്യത്തോടുകൂടെയാണ് (വാ. 15). ഈജിപ്തിലെ വിപ്രവാസം യേശുവിന്റെ ജീവിതത്തിലെ അപ്രസക്തമായ ഒരു ദുരന്തസംഭവ മല്ല, പ്രത്യുത, ഇസ്രായേൽ ചരിത്രത്തിലെ നിർണ്ണായക സംഭവ വുമായി യേശുവിന്റെ ജീവിതത്തെ ബന്ധിക്കുന്ന തികച്ചും അർത്ഥ വത്തായ ഒരു കണ്ണിയാണെന്ന് സുവിശേഷകൻ ഊന്നിപ്പറയുന്നു. ഇസ്രായേൽ ജനത്തിന്റെ ദേശീയവും മതപരവുമായ ചരിത്ര ത്തിലെ മഹത്സംഭവവും, മിശിഹാ ചരിത്രത്തിലെ രക്ഷയുടെ പ്രതീകവുമായ പുറപ്പാടിനെ അനുസ്മരിക്കാതെ മോശയെപ്പറ്റി ചിന്തിക്കുക സാധ്യമല്ല. യേശു പുതിയ മോശയാണ്, യേശുവിന്റെ രക്ഷാകാലം വന്നെത്തിയിരിക്കുന്നു എന്നു വിശ്വസിച്ചിരുന്ന ആദിമ ക്രിസ്ത്യാനികൾക്ക് യേശുവിന്റെ ജീവിതത്തിലെ സംഭവ ങ്ങൾക്ക് മോശയും പുറപ്പാടുമായുള്ള സാദൃശ്യങ്ങൾ പ്രത്യേകം ഹൃദ്യങ്ങളായിരുന്നു.

പ്രവാചക വചനം (ഹോസെ 11:1) ഇസ്രായേൽജനത്തെയും പുറ പ്പാടിനെയും അർത്ഥസമ്പുഷ്ടമായ ഒരു വാക്യത്തിൽ സംഗ്രഹി ക്കുന്നു (വാ.15). ദൈവപുത്രനായ ഇസ്രായേലിന്റെ (പുറ 4:22 f) ഈജിപ്തിൽനിന്നുള്ള വിളി സാക്ഷാൽ ദൈവപുത്രനായ യേശു വിന്റെ ഈജിപ്തിൽനിന്നുള്ള വിളിയുടെ പ്രതീകമാണ്, മുൻചിത്രീ കരണമാണ്. പ്രതീകവും യാഥാർത്ഥ്യവും തമ്മിലുള്ള സാമ്യം വ്യക്ത മാക്കുന്നത് യേശുവിന്റെ ഈജിപ്തിലെ വിപ്രവാസം രക്ഷാചരി ത്രത്തിന്റെ ഭാഗവും ദൈവഹിതത്തിന്റെ പൂർത്തീകരണവുമാണെ ന്നാണ്. ദൈവകല്പനാനുസാരമാണ് ഇസ്രായേലും യേശുവും തങ്ങളുടെ ദൗത്യനിർവ്വഹണത്തിനായി ഈജിപ്തിൽനിന്ന് ഇസ്രാ യേൽനാട്ടിൽ എത്തിച്ചേരുന്നത് (cfവാ. 19-23).

ഈജിപ്തിലേക്കുള്ള ഒളിച്ചോട്ടം ചരിത്രപരമായി അസാധ്യമായ ഒരു സംഭവമല്ല. ബേത്‌ലഹേമിൽനിന്ന് ഈജിപ്തിലെത്താൻ ഏക ദേശം ഒരാഴ്ചത്തെ യാത്രയേ ആവശ്യമുള്ളൂ. നസ്രത്തിലെത്താനും അത്രയും യാത്രചെയ്യണം. ഹേറോദേസിന്റെ ക്രൂരത കുപ്രസിദ്ധ വുമാണ്.

എന്നാൽ ഇങ്ങനെയൊരു സംഭവത്തെപ്പറ്റി മറ്റു യാതൊരു സാക്ഷ്യവുമില്ല. യേശുവിന്റെ ശൈശവത്തെ വിവരിക്കുന്ന ലൂക്കാ സുവിശേഷകൻപോലും ഈ സംഭവത്തെപ്പറ്റി യാതൊരു സൂച നയും നല്കുന്നില്ല. മാത്രമല്ല ലൂക്കായുടെ വിവരണവുമായി (ബേ ത്‌ലഹെത്തുനിന്ന് നേരിട്ടു നസ്രത്തിലേക്കു ലൂക്കാ 2:39) ഇതു പൊരുത്തപ്പെടുന്നുമില്ല. മത്തായിയുടെ വിവരണത്തിൽ ചരിത്രത്തേ





ക്കാൾ നിർണ്ണായകമായത് പഴയനിയമ സൂചനകളും വി.ലിഖിത പൂർത്തീകരണവുമാണ്: മോശ ഫറവോയിൽനിന്ന് ഒളിച്ചോടുന്നു (പുറ 2:15). ഇസ്രായേൽജനത്തെ യാഹ്‌വേ ഈജിപ്തിൽനിന്നും വാഗ്ദത്ത നാട്ടിലേക്കു നയിക്കുന്നു. ഒരുപക്ഷേ തിരുക്കുടുംബം ബെത്‌ലഹെത്തുനിന്ന് നസ്രത്തിലേക്കു കഴിച്ച യാത്രയെ (ഹേറോ ദേസിൽ നിന്നുള്ള ഒളിച്ചോട്ടത്തെ?) സുവിശേഷകൻ തന്റേതായ രീതിയിൽ ദൈവശാസ്ത്രപരമായ താത്പര്യങ്ങളോടെ പഴയ നിയമ മാതൃകയിൽ തന്മയത്വപൂർവ്വം അവതരിപ്പിച്ചതാകാം ഈ വിവരണം.

## b) ശിശുവധം വാ. 16-18

യേശുവിനെ രഹസ്യത്തിൽ നശിപ്പിക്കാൻവേണ്ടിയാണ് ഹേറോ ദേസ് വിജ്ഞാനികളിൽനിന്ന് യേശുവിന്റെ വാസസ്ഥലം കൃത്യ മായി ഗ്രഹിക്കാൻ ശ്രമം നടത്തിയത് (വാ. 8). ഈ ശ്രമം ദൈവ ത്തിന്റെ ഇടപെടൽമൂലം പരാജയപ്പെട്ടു (വാ. 12). ഇത് ഹേറോദേ സിനെ ക്രുദ്ധനാക്കിത്തീർത്തു (വാ. 16). ബേത്‌ലഹത്തും എല്ലാ പരിസരപ്രദേശങ്ങളിലുമുള്ള രണ്ടു വയസ്സിനു താഴെയുള്ള എല്ലാ ആൺകുഞ്ഞുങ്ങളെയും അയാൾ കൊലപ്പെടുത്തി. സംശയരഹി തമായി യേശുവും നശിക്കണം, യാതൊരുവിധത്തിലും രക്ഷപ്പെ ട്ടുകൂടാ, എന്ന നിർബന്ധബുദ്ധി ഇവിടെ പ്രകടമാകുന്നു. വധോദ്യ മത്തെ സുവിശേഷകൻ വിവരിക്കുന്നത് യേശുവിന്റെ രക്ഷപെട ലിന്റെ വിവരണത്തിനുശേഷമാണ്. ദൈവത്തിന്റെ പദ്ധതിക്കു ഘട കവിരുദ്ധമായ ഹേറോദേസിന്റെ തീവ്രയത്നം തുടങ്ങുന്നതിനുമു മ്പേതന്നെ ഫലശൂന്യമാണെന്ന് സുവിശേഷകൻ അങ്ങനെ ദ്യോതി പ്പിക്കുന്നു.

ഇവിടെ ഉദ്ധരിക്കുന്ന പ്രവാചകവചനം ഗോത്രമാതാവായ റാഹേൽ റാമായുടെ ഉയരത്തിൽനിന്നുകൊണ്ട് അടിമത്വത്തിലേക്ക് നയിക്കപ്പെടുന്ന തന്റെ മക്കളെ (ബഞ്ചമിൻ, എഫ്രേം ഗോത്രങ്ങളെ) നോക്കി പ്രലപിക്കുന്ന ചിത്രമാണ് അവതരിപ്പിക്കുന്നത് (ഏറ 31:15). നഷ്ടപ്പെട്ടുപോയ മക്കളെപ്പറ്റിയുള്ള റാഹേലിന്റെ പ്രലാപം ബേത്‌ല ഹെമിൽ വധിക്കപ്പെട്ട ശിശുക്കളുടെ അമ്മമാരുടെ പ്രലാപത്തിൽ ആവർത്തിക്കപ്പെടുന്നു എന്നു സുവിശേഷകൻ സൂചിപ്പിക്കുന്നു.

ശിശുവധം ചരിത്രപരമായ ഒരുസംഭവമാണെന്നു വിചാരിക്കാൻ ന്യായങ്ങളുണ്ട്. ഹേറോദേസിന്റെ ക്രൂരത കുപ്രസിദ്ധമാണ്. സ്ത്രീപു രുഷ ശിശുഭേദമെന്യേ എതിരാളികളെ മാത്രമല്ല സ്വന്തം ഭാര്യയേയും മൂന്നുമക്കളെയുംപോലും വധിച്ചവനാണ് ഹേറോദേസ്. തന്റെ മരണം പൊതുവായ വിലാപത്താൽ ബഹുമാനിക്കപ്പെടാൻവേണ്ടി യൂദയാ

യിലെ പ്രഭുക്കളെ ജെറീക്കോയിലെ കോട്ടയിൽ അടച്ചുപൂട്ടാനും തന്റെ മരണനാഴികയിൽ അവരെ വധിക്കാനും ഉത്തരവിട്ടവനാണ് ഹേറോദേസ്. ബേത്‌ലഹത്തെ അഞ്ചോ ആറോ കുഞ്ഞുങ്ങളെ നശിപ്പിക്കുക അയാൾക്ക് ഒരു പ്രശ്നമേ ആയിരുന്നില്ല, പ്രത്യേകിച്ച് താൻ ഏറെ ഭയപ്പെടുന്ന പ്രതിയോഗിയെ നശിപ്പിക്കുന്നതിനുവേണ്ടി. കൂടാതെ തിരുക്കുടുംബം ബേത്‌ലഹേം ഉപേക്ഷിച്ച് നസ്രസിൽ താമസമാക്കിയത് ചരിത്രപരമായ കാരണങ്ങളാലാണെന്നു വേണം വിചാരിക്കാൻ (എന്നാൽ ലൂക്കായുടെ സാക്ഷ്യം അനുസരിച്ച് നസ്രത്തായിരുന്നു തിരുക്കുടുംബത്തിന്റെ സ്വദേശം).

എന്നിരുന്നാലും ഈ വിവരണം ചരിത്രസംഭവത്തേക്കാൾ ദൈവശാസ്ത്രപരമായ ചിന്തകളാണുൾക്കൊള്ളുന്നതെന്നൂഹിക്കാനും കാരണങ്ങളുണ്ട്. ബേത്‌ലഹത്ത് പൗരസ്ത്യ വിജ്ഞാനികൾ സന്ദർശിച്ച ഭവനം കണ്ടുപിടിക്കാൻ ഹേറോദേസിന് അത്ര വൈഷമ്യം ഉണ്ടായി എന്നു വിചാരിക്കുക എളുപ്പമല്ല. ഹേറോദേസ് സ്വന്തം ചാരന്മാരെ നിയോഗിക്കാതെ വിജ്ഞാനികൾ തിരിച്ചുവന്ന് റിപ്പോർട്ടുചെയ്യാൻ കാത്തിരുന്നു എന്നും കരുതാനാവില്ല. ഇപ്രകാരമൊരു ശിശുവധത്തെക്കുറിച്ച് മത്തായിയുടെ സുവിശേഷത്തിലൊഴികെ മറ്റെങ്ങും സൂചന ഇല്ല. മോശയുടെ ചരിത്രത്തിലെ സമാനമായ സംഭവം (ഫറവോൻ യഹൂദരുടെ ആൺകുഞ്ഞുങ്ങളെ നദിയിൽ താഴ്ത്തി കൊന്നുകളയുന്ന പതിവ്) ഈ ഖണ്ഡികയുടെ രൂപീകരണത്തെ സ്വാധീനിച്ചിട്ടുണ്ട് എന്ന് വിചാരിക്കാനും ന്യായങ്ങളുണ്ട്. ഹേറോദേസിന്റെ കുപ്രസിദ്ധമായ ക്രൂരസ്വഭാവം ഇങ്ങനെയൊരു ചിത്രീകരണത്തിന് പ്രേരണ നൽകിക്കൂടായ്കയില്ല. ഈ ഖണ്ഡികയുടെ ശുഷ്കമായ വിവരണരീതിയും വി. ഗ്രന്ഥപൂർത്തീകരണ പരാമർശവും ഉദ്ധരണിയും ചരിത്രസാക്ഷ്യത്തിന്റേതിനേക്കാൾ മതപഠനവിവരണത്തിന്റെ പ്രതീതിയാണ് ഉളവാക്കുന്നത്.

### c) ഈജിപ്തിൽനിന്ന് നസ്രത്തിലേക്ക് (വാ.19-23)

ശൈശവവിവരണത്തിന്റെ അന്ത്യഭാഗം ദൈവപരിപാലനയിൽ നടക്കുന്ന ഒരു യാത്രാവിവരണമാണ്-ഈജിപ്തിൽനിന്ന് പുറപ്പെട്ട് ഇസ്രായേൽ നാട്ടിൽക്കൂടെ നസ്രത്തിലേക്കുള്ള യാത്ര. "യേശു" നസ്രായൻ ആണെന്ന പാരമ്പര്യം സുവിശേഷങ്ങളിൽ പലതവണ ആവർത്തിച്ചിട്ടുണ്ട്. ദാവീദിന്റെ ജന്മദേശമായ ബേത്‌ലഹെമിൽ ജനിച്ച യേശു ദൈവഹിതാനുസാരമാണ് നസ്രത്തിൽ താമസമാക്കിയതെന്നും ഈ വിവരണം വ്യക്തമാക്കുന്നു. ഈ ഭാഗത്തിന്റെ ഘടന ഇപ്രകാരമാണ് .





I കല്പന - വാ.19-20: സ്വപ്നത്തിന്റെ കല്പന
II നിർവ്വഹണം-വാ. 21: ഇസ്രായേൽ നാട്ടിലേക്ക്
III കല്പന-വാ. 22ab: സ്വപ്നത്തിന്റെ നിർദ്ദേശം
IV നിർവ്വഹണം വാ.22c-23a: ഗലീലിയിലെ നസ്രത്തിലേക്ക്
V വി. ലിഖിത പൂർത്തീകരണസാക്ഷ്യം വാ.23c

നാം മുമ്പുകണ്ട സാഹിത്യരൂപങ്ങൾതന്നെയാണ് ഇവിടെയും കാണുന്നത്. രണ്ടു ഘട്ടങ്ങളിലായാണ് കല്പനയും നൽകപ്പെടുന്നത്. ആദ്യത്തെ കല്പനയും കല്പനാനിർവ്വഹണവും തിരുക്കുടുംബത്തെ ഇസ്രായേൽ നാട്ടിലെത്തിക്കുന്നു. ഇസ്രായേൽജനത്തിന്റെ പുറപ്പാടിനെയാണ് ഇത് അനുസ്മരിപ്പിക്കുക. തിരുക്കുടുംബത്തെ ഗലീലിയിലേക്കു നയിക്കുന്നത് രണ്ടാമതൊരു കല്പനയാണ്. ഗലീലിയിലെ നസ്രത്തിൽ താമസമുറപ്പിക്കാൻ കല്പനയുണ്ടായിരുന്നോ, അതോ അതു യൗസേപ്പിന്റെ തീരുമാനമായിരുന്നോ എന്നു വ്യക്തമല്ല.

തിരുക്കുടുംബം നസ്രത്തിൽപോയി താമസമുറപ്പിച്ചത് പ്രവചനപൂർത്തീകരണമായി സുവിശേഷകൻ ചിത്രീകരിക്കുന്നു. ഉദ്ധരിക്കുന്ന വാക്യം- "അവിടുന്ന് നസ്രായൻ എന്ന് വിളിക്കപ്പെടും"- പഴയനിയമത്തിലെങ്ങും കാണുന്നില്ല. ന്യായ 13:5,7; 16:17 സാംസനെ "നസീർ"= ദൈവത്തിനു സമർപ്പിതൻ എന്നു വിളിക്കുന്നു. സംരക്ഷിതൻ എന്ന അർത്ഥത്തിൽ "നസൂർ" എന്ന പദം ഏശ 49:6; 42:6-ൽ കാണാം. ഏശ 14:1-ൽ ജെസ്സെയുടെ (ദാവീദിന്റെ പിതാവ്) വേരിൽ നിന്ന് ഒരു "നേസെർ" (മുള) ഉയർന്നുവരും എന്ന പ്രസ്താവനയുണ്ട്. സുവിശേഷകൻ ഈ വാക്യങ്ങളിലൊന്നോ എല്ലാമോ ഓർത്തിട്ടുണ്ടാകാം.

വളരെ സ്വതന്ത്രമായി സുവിശേഷകൻ പ്രവാചകവാക്യത്തിന് രൂപം നൽകിയിരിക്കുന്നു. യേശു നസ്രത്തുകാരനായത് ദൈവഹിതാനുസാരമാണെന്ന് സ്ഥാപിക്കുക മാത്രമാണ് സുവിശേഷകന്റെ ഉദ്ദേശ്യം. ദാവീദിന്റെ കുടുംബത്തിൽ പിറക്കുന്ന ഒരു രാജകുമാരനായ മിശിഹാ ദാവീദിന്റെ ജന്മദേശമായ ബേത്‌ലഹെത്തുനിന്നോ, രാജകീയ നഗരമായ ജറുസലേമിൽനിന്നോ വരുമെന്ന് പ്രതീക്ഷിച്ചിരുന്ന യഹൂദർക്ക് വേദപുസ്തകത്തിൽ യാതൊരു സ്ഥാനവുമില്ലാത്ത കുഗ്രാമമായ നസ്രത്തിൽനിന്നാണ് യേശുവന്നതെന്ന വസ്തുത ഇടർച്ചയ്ക്കു കാരണമായി അനുഭവപ്പെട്ടിരുന്നു. "നസ്രായനായ യേശു" എന്ന സംബോധന യഹൂദരെ സംബന്ധിച്ചിടത്തോളം പുച്ഛരസം കലർന്നതും (cf യോ 1:46), യേശുവിന്റെ ദൗത്യത്തെ സംശയാസ്പദമാക്കുന്നതുമായ ഒന്നായിരുന്നു.

ഈ മനോഭാവത്തെ നിരാകരിക്കുന്ന വാദഗതിയാണ് സുവിശേഷകന്റേത്. ദാവീദിന്റെ ജന്മനാടായ ബേത്‌ലഹേമിൽ പിറന്ന യേശു നസ്രായനായത് ദൈവഹിതാനുസാരമായിരുന്നു എന്ന് ഈ ഉദ്ധരണിയിലൂടെ സുവിശേഷകൻ ഊന്നിപ്പറയുകയാണ്. യേശുവിന്റെ നസ്രായനെന്ന നാമത്തിൽ ധ്വനിക്കുന്ന താഴ്മ ഹീനതയല്ല, മഹത്വമാണ്-താഴ്മയിലൂടെ ദൗത്യം പൂർത്തിയാക്കുന്ന യാഹ്‌വേയുടെ ദാസന്റെ മഹത്വം (cf മത്താ 4:12-16; 8:17; 12:15-21).

ഹേറോദേസിന്റെ മരണവും യൂദയാ പ്രദേശത്തിന്റെ അധിപനായുള്ള അർക്കലാവൂസിന്റെ സ്ഥാനാരോഹണവും ബി.സി നാലിലാണ് നടന്നത്. അർക്കലാവൂസിന്റെ ഭരണകാലത്ത് (ബി.സി. 4 - എ.ഡി. 6) യൂദയാ ചരിദ്രങ്ങളും കലാപങ്ങളുംകൊണ്ട് അസ്വസ്ഥമായിരുന്നു. ഹേറോദേസ് അന്തിപ്പാസ് ഭരിച്ചിരുന്ന (ബി.സി. 4 - എ.ഡി. 37) ഗലീലിയിലാകട്ടെ താരതമ്യേന ശാന്തമായ ഒരന്തരീക്ഷമാണ് നിലനിന്നിരുന്നത്. ഈ സാഹചര്യത്തിൽ യൂദയാനാടുപേക്ഷിച്ച് ഗലീലിയിലെ അജ്ഞാത ഗ്രാമമായ നസ്രത്തിൽ താമസമുറപ്പിക്കാനുള്ള യൗസേപ്പിന്റെ തീരുമാനം തികച്ചും സ്വഭാവികമാണ്. യേശു ബെത്‌ലഹേമിൽ ജനിച്ചു എന്നും നസ്രത്തിൽ വളർന്നു എന്നും പഴയ പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ മത്തായിയും ലൂക്കായും ഒരുപോലെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. തിരുക്കുടുംബം എന്തുകൊണ്ട് നസ്രത്തിൽ താമസമാക്കിയെന്ന കാര്യത്തിൽ സുവിശേഷകന്മാർ യോജിക്കുന്നില്ല. അർക്കലാവൂസിനെ ഭയന്ന് തിരുക്കുടുംബം നസ്രത്തിൽ കുടിയേറിയെന്ന് മത്തായി പറയുമ്പോൾ ലൂക്കാ പറയുന്നത് സന്ദർഭവശാൽ ബെത്‌ലഹേമിൽവന്ന തിരുക്കുടുംബം സ്വദേശമായ നസ്രത്തിലേക്ക് തിരിച്ചുപോയി എന്നാണ്. ഇതിൽനിന്നും തിരുക്കുടുംബത്തെ നസ്രത്തിൽ എത്തിക്കാൻ രണ്ടു ദർശനങ്ങൾ വേണ്ടിവന്നു എന്നതും ചിന്തിക്കാൻ വക നല്കുന്നു.

## III മത്തായി 1-2 ന്റെ സന്ദേശം

ചരിത്രപരമായ സംഭവങ്ങളുടെ കൃത്യമായ വിവരണമെന്നു ശൈശവവിവരണത്തെ വിശേഷിപ്പിക്കുക എളുപ്പമല്ലെന്ന് രണ്ടാം ഭാഗത്തു നാം കണ്ടു. എന്നാൽ സുവിശേഷകൻ വെറും കെട്ടുകഥകൾ ചമച്ചുവിടുകയായിരുന്നു എന്ന് ഇതിനർത്ഥമില്ല. എന്നാൽ സുവിശേഷകന്റെ സാഹിത്യരൂപങ്ങളെയും രചനാരീതികളെയും പറ്റിയുള്ള വിചിന്തനം ഇതു വ്യക്തമാക്കും.

യഹൂദസാഹിത്യത്തിൽ പരിചിതമായ ഒരു സാഹിത്യസങ്കേതമാണ് "മിദ്രാഷ്". പ്രബോധനം നൽകുക, പ്രചോദിപ്പിക്കുക മുതലായ ഉദ്ദേശ്യങ്ങളോടുകൂടെ പഴയനിയമ സംഭവങ്ങളുടെ വെളിച്ചത്തിൽ സമകാലീന ചരിത്രവസ്തുതകളെ പര്യാലോചിച്ച് വ്യാഖ്യാനിച്ച് പഴയനിയമ സാഹിത്യസങ്കേതങ്ങളും രൂപങ്ങളുംവഴി അവതരിപ്പിക്കുന്ന ഒരു സാഹിത്യരൂപമാണ് ഇത്. വിജ്ഞാനം 16-19 അദ്ധ്യായങ്ങൾ ഇതിനുദാഹരണമാണ്. പുറപ്പാടുമുതൽ ഇസ്രായേൽ ജനത്തോടുള്ള യാഹ്‌വേയുടെ കാരുണ്യത്തെ പുകഴ്ത്താനായി പുറപ്പാടു പുസ്തകത്തിലെ സംഭവങ്ങളെ വികസിപ്പിച്ചും വിശദാംശങ്ങൾ കൂട്ടിച്ചേർത്തും മോടിപിടിപ്പിച്ചും സ്വന്തമായ രീതിയിൽ വ്യാഖ്യാനിച്ച് ഗ്രന്ഥകാരൻ ഇവിടെ അവതരിപ്പിക്കുന്നു. മിദ്രാഷിന് ചരിത്രസംഭവങ്ങളുമായി ബന്ധമുണ്ട്. വിജ്ഞാനം 16:19 ന്റെ കാതൽ പുറപ്പാടിലെ സംഭവങ്ങളാണ്. ഗ്രന്ഥകാരൻ ഈ സംഭവങ്ങളെ പുതിയ സാഹചര്യങ്ങളിൽ ആത്മീയചൈതന്യത്തോടെ ധ്യാനിക്കുന്നു. ഭാവനവഴി വിശദാംശങ്ങൾ ചേർത്ത് വിപുലീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. പ്രബോധനപരമായ ഉദ്ദേശ്യത്തോടെ അവയെ പുതുതായി വ്യാഖ്യാനിക്കുന്നു. അങ്ങനെ, ചരിത്രമെഴുതുകയല്ല, ചരിത്രത്തെ സന്ദേശാവതരണത്തിനും പ്രബോധനത്തിനുമുള്ള ഉപാധിയാക്കുകയാണ് മിദ്രാഷ് എന്ന സാഹിത്യസങ്കേതംവഴി ഗ്രന്ഥകാരൻ ചെയ്യുന്നത്. ഉദ്ദേശ്യം കണക്കിലെടുക്കുമ്പോൾ ഗ്രന്ഥകാരൻ ചരിത്രവസ്തുതകളെ വളച്ചൊടിക്കുന്നു എന്നു പറയുന്നത് ശരിയല്ല. യേശുവിന്റെ ജനനത്തെയും ശൈശവത്തെയും കേന്ദ്രമാക്കിയുള്ള മത്തായി ഒന്ന്-രണ്ട് അദ്ധ്യായങ്ങളിലെ ആഖ്യാനരീതി 'മിദ്രാഷ്' എന്ന സാഹിത്യരൂപത്തിന്റേതാണെന്നു തോന്നുന്നു. യേശുവിന്റെ ജനനത്തെയും ശൈശവത്തെയുംപറ്റി ലഭ്യമായിരുന്ന ചരിത്രപാരമ്പര്യ സമാഹാരം മുൻപറഞ്ഞ രീതിയിൽ ധ്യാനിച്ച് വ്യാഖ്യാനിച്ച് വികസിപ്പിച്ച് അവതരിപ്പിക്കുകയാണ് സുവിശേഷകനിവിടെ ചെയ്യുന്നതെന്നു പറയാം. തന്റെ വിവരണത്തിലെ ഓരോ സംഭവത്തെയും വി. ലിഖിത വാക്യങ്ങളും സൂചനകളുമായി ബന്ധിക്കാൻ സുവിശേഷകൻ ശ്രമിക്കുന്നതിൽനിന്ന് ഇത് വ്യക്തമാകുന്നുണ്ട്. ചുരുക്കത്തിൽ ആദിമക്രിസ്ത്യാനികളുടെ വിശ്വാസത്തെയും ജീവിതത്തെയും സംബന്ധിച്ചിടത്തോളം യേശുവിന്റെ ശൈശവസംഭവങ്ങൾക്കുള്ള അർത്ഥവും പ്രസക്തിയും വെളിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടെ രചിച്ചതാണ് ഈ അദ്ധ്യായങ്ങൾ. ഈ അദ്ധ്യായങ്ങളുടെ സന്ദേശം എന്താണ്?

യേശുവിന്റെ ജനനത്തിലും ശൈശവസംഭവങ്ങളിലും ദൈവത്തിന്റെ രക്ഷാകരമായ വാഗ്ദാനങ്ങൾ പൂർത്തിയാകുന്നു. രക്ഷാചരിത്രത്തിന്റെ പൂർത്തീകരണഘട്ടം ആഗതമായിരിക്കുന്നു. ആവർത്തിച്ചുള്ള വി. ലിഖിതപൂർത്തീകരണ സാക്ഷ്യങ്ങൾവഴി സുവിശേഷ

കൻ ഊന്നിപ്പറയുന്നത് ഇതാണ്. അങ്ങനെ, വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനാണ് യേശു എന്ന പ്രഖ്യാപനമാണ് ഈ അദ്ധ്യായങ്ങളിലെ മുഖ്യ ആശയം.

രക്ഷാചരിത്രത്തിലുള്ള യേശുവിന്റെ നിർണ്ണായകമായ ദൗത്യത്തെ വ്യക്തമാക്കുന്ന സ്ഥാനപ്പേരുകൾക്ക് ഈ അദ്ധ്യായങ്ങൾ പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്: അബ്രാഹത്തിന്റെ പുത്രൻ (1:1), ദാവീദിന്റെ പുത്രൻ (1:1,18–25), ദൈവപുത്രൻ (1:18–25; 2:15), ഈശോ (=രക്ഷകൻ) (1:21), എമ്മാനുവൽ (1:23), യൂദന്മാരുടെ രാജാവ് (2:2), ഇസ്രായേലിനെ ഭരിക്കാനുള്ള രാജാവ് (2:6), നസ്രായൻ (2:13).

ദാവീദിന്റെ പുത്രൻ (=രാജകീയമെസയാ) എന്ന സ്ഥാനപ്പേരിന് പ്രത്യേക പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു. വംശാവലി ഊന്നിപ്പറയുന്നത് യേശു ദാവീദിന്റെ രാജകുടുംബാംഗവും അവകാശിയുമാണെന്നാണ്. ദാവീദിനു ലഭിച്ച വാഗ്ദാനത്തിന്റെ (2 സാമു 7:12–16) പൂർത്തീകരണമാണ് യേശു. ഇതുതന്നെയാണ് 1:18–25 ന്റെയും സന്ദേശം. മെസയാ ദാവീദിന്റെ പുത്രനായിരിക്കും എന്ന യഹൂദരുടെ പ്രതീക്ഷ യേശുവിൽ സഫലീകൃതമാകുന്നു എന്ന് സുവിശേഷകൻ പ്രഖ്യാപിക്കുന്നു. ഗണ്യമായ പ്രാധാന്യം യേശു (= രക്ഷകൻ) എന്ന നാമത്തിനും നൽകപ്പെട്ടിരിക്കുന്നു. ദൈവദത്തമായ ഈ നാമം യേശുവിന്റെ ഭാവിദൗത്യത്തെ അർത്ഥവത്തായി നിർവചിക്കുന്നു.

യേശു പുതിയ മോശയാണ് എന്ന സൂചനകൊണ്ട് സുവിശേഷകൻ ഉദ്ദേശിക്കുന്നത് മോശ പഴയ ഇസ്രായേൽ ജനത്തെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച് വാഗ്ദത്തനാട്ടിലേക്കുനയിച്ചതുപോലെ യേശു പുതിയ ഇസ്രായേൽ ജനത്തെ പാപത്തിൽനിന്നു മോചിപ്പിച്ച് രക്ഷാചരിത്രപൂർത്തീകരണമായ ദൈവരാജ്യത്തിലേക്കു നയിക്കുമെന്നാണെന്നു തോന്നുന്നു. പുറപ്പാടു സംഭവങ്ങളുമായുള്ള ബന്ധത്തെ എടുത്തു പറയുമ്പോൾ (2:15 20f) രക്ഷപ്രാപിച്ച ഒരു പുതിയ ജനം യേശുവിൽ ആരംഭിക്കുന്നു എന്ന ചിന്ത സുവിശേഷകന്റെ മനസിലുണ്ടായിരുന്നിരിക്കാം.

രക്ഷാചരിത്രത്തിൽ പങ്കുവഹിച്ച മറ്റു മഹൽവ്യക്തികളെപ്പോലെ യേശുവും പീഡിപ്പിക്കപ്പെടുന്നു. തന്റെ ദൗത്യനിർവഹണത്തിൽ നിരാകരണവും പീഡനവും അദ്ദേഹം ഇനിയും സഹിക്കേണ്ടിവരുമെന്ന് ശൈശവത്തിലെ ഈ പീഡനങ്ങൾ മുന്നറിവു നൽകുന്നു.

രക്ഷാചരിത്രത്തിൽ യഹൂദജനത്തിനുള്ള സ്ഥാനത്തെപ്പറ്റിയും സുവിശേഷകൻ പരാമർശിക്കുന്നുണ്ട്. യഹൂദജനത്തോടുള്ള ദൈവത്തിന്റെ അചഞ്ചലമായ വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണ് യേശു. തന്റെ ജനത്തോടുകൂടെയുള്ള ദൈവത്തിന്റെ സജീവസാന്നിധ്യം എമ്മാനുവേലായ യേശുവിൽ പൂർണ്ണത പ്രാപിക്കുന്നു. വിജാതീയർക്ക് മിശിഹായെ ലഭിക്കുന്നത് ഇസ്രായേൽ വഴിയാണ്. ജറുസലേമിലെ യഹൂദാചാര്യന്മാരുടേയും മതഗ്രന്ഥങ്ങളുടേയും സഹായത്തോടുകൂടെ വിജാതീയർ യേശുവിന്റെ സവിധത്തിൽ എത്തുന്നു. എന്നാൽ യേശുവിനെ തിരസ്കരിക്കുന്ന സ്വജനങ്ങൾ സ്വന്തംകുറ്റംകൊണ്ട് തങ്ങളുടെ വിശേഷാവകാശങ്ങൾ നഷ്ടമാക്കിയെന്ന ധ്വനി രണ്ടാമദ്ധ്യായത്തിലുണ്ട്. അതേസമയം വിജാതീയർ യേശുവിനു നൽകുന്ന സ്വാഗതം ഹൃദയാവർജ്ജകമായി ചിത്രീകരിക്കപ്പെടുന്നു. ഈ വൈപരീത്യം സുവിശേഷത്തിൽ പലപ്പോഴും കാണപ്പെടുന്നുണ്ട് (8:11–12; 20:16; 21:43; 22:2–10). ഉത്ഥാനം ചെയ്ത യേശു തന്റെ ശിഷ്യരെ അയയ്ക്കുന്നത് ഇസ്രായേൽ ജനത്തിന്റെ മദ്ധ്യത്തിലേക്കല്ല, വിശാലമായ ലോകത്തിലെ സകല ജനതകളുടേയും മദ്ധ്യത്തിലേക്കാണ്. ദൈവത്തിന്റെ രക്ഷാകരമായ സാന്നിധ്യം ഇനി യഹൂദ ജനത്തിന്റെ പരിധിയിൽ ഒതുങ്ങിനില്ക്കുന്നില്ല. രക്ഷകനായ മിശിഹാ സകല ജനതകളുടെയും എമ്മാനുവേലാണ് (28:16–20).

സുവിശേഷകന്റെ മറ്റൊരുലക്ഷ്യം രക്ഷാചരിത്രത്തിലുള്ള ദൈവത്തിന്റെ നിർണ്ണായകമായ കർത്തൃത്വം പ്രഖ്യാപിക്കുകയാണ്. മനുഷ്യർക്ക് ദൈവഹിതത്തെ തടയാൻ സാധ്യമല്ല. സ്വപ്നങ്ങളും ദൈവദൂതദർശനങ്ങളുംവഴി ദൈവം തന്റെ കല്പനകൾ നൽകുന്നു. മനുഷ്യർ അനുസരിക്കുന്നു. 2:3 മുതൽ ഹേറോദേസ് (7 തവണ ഈ പേര് പ്രത്യക്ഷപ്പെടുന്നുണ്ട്) സംഭവങ്ങളെ നിയന്ത്രിക്കാൻ നടത്തുന്ന തീവ്രശ്രമങ്ങൾ ദൈവത്തിന്റെ ഇടപെടൽ നിമിത്തം ഫലശൂന്യങ്ങളായിത്തീരുന്നു. പീഡനമനുഭവിച്ചിരുന്ന ആദിമസഭയ്ക്ക് ഇത് വലിയൊരു സന്ദേശമായിരുന്നു. മിശിഹായെ പീഡകരിൽനിന്നും സംരക്ഷിച്ച ദൈവം അദ്ദേഹത്തിന്റെ ശിഷ്യരെയും സംരക്ഷിക്കും.

ദൈവത്തിന്റെ വാഗ്ദാനങ്ങൾ പൂർത്തിയായിരിക്കുന്നു. രക്ഷാചരിത്രത്തിന്റെ പൂർത്തീകരണം ആസന്നമായിരിക്കുന്നു. കന്യകാമറിയത്തിൽനിന്ന് ബേത്‌ലഹേമിൽ ജനിച്ച നസ്രത്തിൽ വളർന്ന യേശു പ്രതീക്ഷാവിഷയമായ മിശിഹായാണ്, എമ്മാനുവേലാണ്, ലോകരക്ഷകനാണ്. അദ്ദേഹത്തിന്റെ ദൗത്യം ദൈവദത്തമാണ്. എല്ലാജനതകളുടെയും ആശാകേന്ദ്രം അദ്ദേഹമാണ്. യേശുവിലൂടെ പ്രകാശിതമായ ദൈവത്തിന്റെ സദ്വാർത്ത ഹൃദയം തുറന്ന് സ്വീകരിക്കുവാനുള്ള ഒരാഹ്വാനമാണ് ഈ അദ്ധ്യായങ്ങളിലൂടെ സുവിശേഷകൻ നമുക്ക് നൽകുന്നത്.

**(ഫാ. ജോർജ് മാങ്ങാട്,** *ബൈബിൾ ഭാഷ്യം1*
(1972) 410–436)

03

# ദൈവരാജ്യം ക്രിസ്തുവിന്റെ ഉപമകളിലൂടെ

വി. മത്തായിയുടെ സുവിശേഷം 13-ാം അദ്ധ്യായത്തിലാണ് എല്ലാ സുവിശേഷങ്ങളിലും വച്ച് ഏറ്റവും കൂടുതൽ ഉപമകൾ കാണുന്നത്. ഒരേ സന്ദേശം ഉൾക്കൊള്ളുന്ന ആകെയുള്ള മൂന്ന് ഉപമകളിൽ രണ്ടെണ്ണവും ഈ അദ്ധ്യായത്തിലാണ് കാണുന്നത്. കടുകുമണിയും പുളിമാവും (മത്താ 13:31-33), നിധിയും രത്നവും (മത്താ 13:44-46). ഇതര 'ഇരട്ട'ഉപമ വഴിതെറ്റിയ ആടും നഷ്ടപ്പെട്ട നാണയവുമാണ് (ലൂക്ക 15:3-11). മത്തായി 18:12-14ൽ വഴിതെറ്റിയ ആടിന്റെ കാര്യം മാത്രമേ പറയുന്നുള്ളൂ. ഇതോടുകൂടി വിതക്കാരന്റെ ഉപമയും (മത്താ 13:1-9) ഗോതമ്പിന്റെയും കളകളുടേയും ഉപമയും കൂടി(മത്താ 13:24-30) ചേർക്കുമ്പോൾ ഈ അദ്ധ്യായത്തിലുള്ള ഉപമകളുടെ ആകെ എണ്ണം ആറ് ആകും.

ഉപമകളിൽ കൂടിയുള്ള ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ, ഈ ആറു ഉപമകൾക്കുള്ള സ്ഥാനം, മനസ്സിലാക്കുവാൻവേണ്ടി എല്ലാ ഉപമകളെയുംകുറിച്ച് ഒരു വിഹഗവീക്ഷണം നടത്താം. പ്രസിദ്ധീകൃതമായിട്ട് 34 വർഷമായെങ്കിലും ഇതുവരെ വെല്ലുവാൻ സാധിച്ചിട്ടില്ലാത്ത ജോവാക്കിം ജറമിയാസിന്റെ പുസ്തകത്തെ ആധാരമാക്കിയാണ് ഈ വീക്ഷണം.





ദൈവരാജ്യം സംസ്ഥാപിക്കുവാനാണ് ക്രിസ്തു ഈ ഭൂമിയിലേക്ക് വന്നത്. അതിനുവേണ്ടി അവിടുന്ന് പാപികളോടും ദരിദ്രരോടുംകൂടി ഇടപഴകിയപ്പോൾ അന്നത്തെ മതനേതാക്കന്മാർ അതിനെ നഖശിഖാന്തം എതിർത്തു. ക്രിസ്തു ഇതിന് ഒൻപത് ഉപമകളിലൂടെ മറുപടി നൽകി. സ്വയം ന്യായീകരിക്കുന്ന ഉപമകളെന്ന് ഇവ അറിയപ്പെടുന്നു. രോഗികളും ആരോഗ്യമുള്ളവരും, രണ്ടു പുത്രന്മാർ, രണ്ടു കടക്കാർ, നീതിയില്ലാത്ത മുന്തിരിത്തോട്ടക്കാർ, സ്നേഹമുള്ള പിതാവ് (ധൂർത്ത പുത്രൻ), വഴിതെറ്റിയ ആടും നഷ്ടപ്പെട്ട നാണയവും, നല്ല യജമാനൻ (മുന്തിരിത്തോപ്പിലെ ജോലിക്കാർ), പ്രീശനും ചുങ്കക്കാരനും എന്നിവയാണവ.

ഒരിക്കൽ ക്രിസ്തുവിലേക്ക് മാനസാന്തരപ്പെട്ടു കഴിഞ്ഞപ്പോൾ ധാർമ്മികവും മതപരവുമായി ലോകത്തെ സ്വാധീനിച്ച് ദൈവരാജ്യം വ്യാപിപ്പിക്കുന്നതിനുള്ള ചുമതലയെക്കുറിച്ചും അതിനു തങ്ങൾക്കുള്ള അയോഗ്യതയെക്കുറിച്ചും പാപികൾക്ക് ബോധ്യമുണ്ടായി.

ഈ സാഹചര്യത്തിലാണ് പ്രോത്സാഹജനകമായ ഉപമകളുമായി ക്രിസ്തു വരുന്നത്. എതിരാളികളുടെ വാദമുഖങ്ങളെല്ലാം ഖണ്ഡിച്ചശേഷം ക്രിസ്തു തന്റെ അനുയായികളുടെ സംശയങ്ങൾ ദൂരീകരിച്ച് അവർക്ക് ആത്മധൈര്യം നൽകുന്നു. ഇത് വിശദീകരിക്കുന്ന ആറ് ഉപമകൾ ഉണ്ട്. കടുകുമണിയും പുളിമാവും, വിതക്കാരൻ, സഹിഷ്ണുവായ കൃഷിക്കാരൻ (വിത്ത് സാവധാനം വളരുന്നു), നിർബന്ധപൂർവ്വം ശല്യപ്പെടുത്തി ചോദിക്കുന്ന വിധവ, കുരിശിന്റെ സ്നേഹിതൻ.

തന്റെ സന്ദേശം സ്വീകരിക്കുവാൻ വൈമുഖ്യം കാണിക്കുന്ന മതനേതാക്കന്മാരുടെനേരേ തിരിഞ്ഞ് അവർക്ക് വരാനിരിക്കുന്ന വലിയ വിപത്തിനെക്കുറിച്ച് താക്കീതിന്റെ ഉപമകളിലൂടെ (ചന്തസ്ഥലത്തെ കുട്ടികൾ, ധനികനായ വിഡ്ഢി,) ക്രിസ്തു സംസാരിക്കുന്നു. ഈ താക്കീത് തീർച്ചയായും സ്നേഹത്തിന്റേതാണ്.

ക്രിസ്തുവിലൂടെ നല്കപ്പെട്ട ദൈവത്തിന്റെ അവസാനത്തെ ആഹ്വാനവും, നിർബന്ധബുദ്ധിയോടെ വലിച്ചെറിഞ്ഞ മതനേതാക്കന്മാർ ഉടനടി ശിക്ഷ അർഹിക്കുന്നവരത്രേ.

എന്നാൽ ക്രിസ്തു തന്റെ അനന്തമായ സ്നേഹത്താൽ പ്രേരിതമായി അവർക്ക് ഒരു അവസരം കൂടി നൽകുന്നു. ഇവയാണ് പ്രത്യുദ്ധാര അവസരങ്ങളുടെ ഉപമകൾ. കായ്ക്കാത്ത അത്തിവൃക്ഷം അതിനെ തുടർന്ന് പത്ത് കന്യകമാർ, വിവാഹസദ്യ എന്നിങ്ങനെ അവ മൂന്നെണ്ണമുണ്ട്. ഇങ്ങനെ, അവസാനമായി കിട്ടിയ നൂതന

അവസരം നഷ്ടപ്പെടുത്താതിരിക്കാൻവേണ്ടി ഈശോ നിർബന്ധ പൂർവ്വം ക്ഷണിക്കുകയാണ്. കാരണം ഇത് ഏറ്റവും അവസാനത്തെ അവസരമായിരിക്കും. കടക്കാരൻ, നീതിചെയ്യാത്ത കാര്യസ്ഥൻ, ധനി കനും ദാസനും, താലന്തുകൾ എന്നീ നാലു പ്രവൃത്തികളുടെ ഉപ മകൾ ഇതിനെ സൂചിപ്പിക്കുന്നവയാണ്.

അടുത്തതായി, ശിഷ്യരിൽനിന്ന് പ്രതീക്ഷിക്കുന്ന പ്രവൃത്തിയുടെ സ്വഭാവവും സവിശേഷതകളും ക്രിസ്തു വിശദീകരിക്കുന്നു. മറ ഞ്ഞുകിടക്കുന്ന നിധിയും, വിശിഷ്ട രത്നവും, നല്ല സമറായക്കാ രൻ, കോലാടും ചെമ്മരിയാടും (അവസാനത്തെ വിധി), ക്ഷമി ക്കാത്ത വേലക്കാരൻ എന്നിങ്ങനെയുള്ള ഉപമകളിലൂടെ ക്രിസ്തു അത് വിശദീകരിക്കുന്നു. നിർദ്ദിഷ്ട പ്രവർത്തനങ്ങൾ ആരംഭിക്കു മ്പോൾ അവർ ഉദാസീനത ഒഴിവാക്കുകയും അതേസമയം അതിപ്രവർത്തനം നടത്താതിരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അതായത് അവർ തങ്ങളുടെ ഭാഗം ചെയ്തുതീർത്തതിനുശേഷം ദൈവത്തിന്റെ ഭാഗം കൂടി ചെയ്യുവാൻ തുനിയരുത്. മകുടോദാഹ രണമായ ഗോതമ്പിന്റെയും കളകളുടെയും ഉപമവഴി അവിടുന്ന് ഈ ഉദ്ദേശം സാധിച്ചിരിക്കുന്നു.

മേൽ സൂചിപ്പിച്ചതുപോലെ വി. മത്തായിയുടെ സുവിശേഷം 13-ാം അദ്ധ്യായത്തിലെ ആറു ഉപമകളിൽ മൂന്നെണ്ണവും 'പ്രോത്സാഹന ഉപമകൾ' എന്ന വിഭാഗത്തിൽപ്പെടുന്നു. ഇവിടെ ക്രിസ്തു തന്റെ അനുയായികൾക്ക് ദൈവരാജ്യത്തിന്റെ പ്രവർത്ത നസ്വഭാവം വിശദീകരിച്ചുകൊണ്ട് അവരെ പ്രോത്സാഹിപ്പിക്കുന്നു. ദൈവരാജ്യം വാസ്തവത്തിൽ വൈരുദ്ധ്യങ്ങളിലൂടെ മാത്രമാണ് പ്രവർത്തിക്കുന്നത്. ഈ വൈരുദ്ധ്യങ്ങൾ നാം മനസ്സിലാക്കു മ്പോൾമാത്രമേ ദൈവരാജ്യം വിജയകരമായ രീതിയിൽ പ്രവർത്ത നക്ഷമമാക്കാൻ നമുക്കു സാധിക്കുകയുള്ളൂ. ദൈവരാജ്യത്തിന്റെ ആദ്യത്തെ വൈപരീത്യം അത് ഈ വൈരുദ്ധ്യങ്ങൾക്കതീതമായി പ്രവർത്തിക്കുന്നു എന്നതാണ്. അതുകൊണ്ട് നമ്മുടെ ഭാഗത്തുനിന്ന് അത് വലിയ വിശ്വാസം ആവശ്യപ്പെടുന്നു. എല്ലാ വിത്തുകളിലും വച്ച് ഏറ്റവും ചെറുതായ കടുകുമണി എല്ലാ മരങ്ങളിലുംവച്ച് ഏറ്റവും വലിയ മരമായി തീരുന്നതുപോലെ ഏറ്റവും അധഃകൃതനായ വ്യക്തിക്കും ഏറ്റവും വലിയ വിശുദ്ധനായി രൂപാന്തരം സംഭവി ക്കാം. കടുകുമണിക്ക് വളരുവാൻ അദൃശ്യമായ ജീവശക്തി ഉള്ളതു പോലെ ദൈവരാജ്യത്തിന് ഏറ്റവും വലിയ അത്ഭുതങ്ങൾ പ്രവർത്തി ക്കാനുള്ള ആത്മാവിന്റെ അദൃശ്യ ശക്തിയുണ്ട്. പുളിമാവിന്റെ ഒരു ചെറിയ അംശം വളരെ അധികം മാവിനെ പുളിപ്പിക്കുന്നപോലെ, ഒരു വ്യക്തിക്ക് ദൈവരാജ്യത്തിന്റെ ശക്തികൊണ്ട് പൂർണ്ണമായി പരിവർത്തനം സംഭവിക്കുമെന്നത് മാത്രമല്ല, ഇതേ ശക്തിയാൽ





അയാൾക്ക് മറ്റുള്ളവരിലും പൂർണ്ണമായി പരിവർത്തനം സൃഷ്ടി ക്കാൻ സാധിക്കും. ദൈവരാജ്യത്തിന്റെ പ്രവർത്തനം യഥാവിധി നടക്കുകയും അങ്ങനെയുള്ള അത്ഭുതങ്ങൾ നടക്കുമെന്നുള്ള അച ഞ്ചലമായ വിശ്വാസം ഉണ്ടായിരിക്കുകയും ചെയ്താൽ എല്ലാ മാനു ഷിക കണക്കുകൂട്ടലുകൾക്കുമുപരിയായി ഏറ്റം മോശപ്പെട്ടവർ വളരെ നല്ലവരും എണ്ണത്തിൽ കുറവുള്ളവർ സംഖ്യാതീതരുമായിത്തീരും.

ഇങ്ങനെ നോക്കുമ്പോൾ ഇരട്ട ഉപമകളായ കടുകുമണിയുടേയും പുളിമാവിന്റെയും ഉപമകളിൽനിന്നും മനസ്സിലാകുന്നത്, മോശമായ അസംസ്കൃത വസ്തുക്കളിൽനിന്നും ക്രിസ്തുവിന് വളരെ നല്ല സംസ്കൃത വസ്തു ലഭിക്കുന്നു എന്നതാണ്. രണ്ടാമത്തെ വസ്തു തയാകട്ടെ ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കുള്ള പ്രതികരണം പ്രാരംഭദശയിൽ മോശമായിരുന്നെങ്കിൽ അവസാന വിളവ് സമൃ ദ്ധമായ ഒന്നാകുന്നു എന്നതാണ്. ഇത്തരത്തിലുള്ള ഒന്നാണ് വിത ക്കാരന്റെ ഉപമയിൽക്കൂടി നല്കുന്ന സന്ദേശം. ദൈവരാജ്യം പരാ ജയത്തിലൂടെ വിജയം വരുത്തുന്നു. വളരെയധികം വിത്ത് നശി ക്കുമെന്നറിയാമെങ്കിലും വിതക്കാരൻ വിതയ്ക്കുന്നു. പക്ഷികൾ കുറേ വിത്ത് തിന്നുതീർക്കും; ആഴം കുറഞ്ഞ മണ്ണ് വളർച്ചയെ തട സ്സപ്പെടുത്തും; മുൾച്ചെടികൾ, വളരുന്ന ചെടിയെ ശ്വാസം മുട്ടി ക്കും... എന്നാലും ഈ പ്രതിബന്ധങ്ങളുടെ എല്ലാം മധ്യേ കുറച്ചു വിത്തുകൾ നല്ല സ്ഥലത്ത് വീഴുകയും നല്ല വിളവു നൽകുകയും ചെയ്യും.

ക്രിസ്തുവിന്റെ ഭൂരിഭാഗം പ്രവർത്തനങ്ങളും (അവിടുത്തെ ഏതൊരു അനുയായിയുടേയും) ബധിരമായ ചെവികളിലോ ആഴം കുറഞ്ഞ ഹൃദയങ്ങളിലോ ആണ് പതിക്കുന്നത്. നിസ്സംഗതയോടു കൂടി സ്വീകരിക്കപ്പെടുന്നതുകൊണ്ടോ മനപ്പൂർവ്വമുള്ള അവഗണന യാലോ തുറന്ന എതിർപ്പിനാലോ അവ ഉപയോഗശൂന്യമായിത്തീ രുന്നു. എങ്കിലും പ്രത്യാശയോടുകൂടി മുന്നേറുന്നവന് നല്ല ഫല ങ്ങൾ ലഭിക്കുന്നു. പരാജയങ്ങളിൽകൂടിയല്ലാതെ, അതായത് പരാ ജയങ്ങളെ പ്രത്യാശയോടുകൂടി സ്വീകരിക്കുന്നതിൽകൂടിയല്ലാതെ, വിജയത്തിലേക്ക് മറ്റ് കുറുക്കുവഴികൾ ഒന്നുമില്ല. പരാജയത്തിന്റെ കയ്പ്പുള്ള മരുന്ന് കുടിച്ചതിനുശേഷം മാത്രമേ വിജയത്തിന്റെ തേൻ ആസ്വദിക്കാൻ സാധിക്കുകയുള്ളൂ. ആഴമായി ചിന്തിക്കുമ്പോൾ നാമു മായി ബന്ധപ്പെട്ട മറ്റെല്ലാത്തിനും എന്നപോലെ ദൈവത്തിനും ഇത് അനുയോജ്യമാണെന്നു കാണാം. ദൈവരാജ്യം സുഗമമായി പ്രവർത്തിക്കുന്നതിന് അതിന്റെ പ്രവൃത്തിയും വിജയവും നമ്മുടേ തല്ല, ദൈവത്തിന്റേതാണ് എന്ന് നാം അംഗീകരിക്കണം. ഈ ഏറ്റു പറച്ചിൽ തത്വത്തിലല്ല ജീവിതത്തിലാണ്, മനസ്സിൽ മാത്രമല്ല, യാഥാർത്ഥ്യത്തിലാണ് നടത്തേണ്ടത്. അതായത്, നാം പരമാവധി

പരിശ്രമിച്ചിട്ടും ഒന്നും നേടാത്തപ്പോൾ സ്പഷ്ടവും വേദനനിറഞ്ഞതുമായ ഒരറിവ് നമുക്കുണ്ടാകുന്നു; വിജയം നമ്മുടെ ഏറ്റവും നല്ല പ്രവൃത്തികൾക്കുമപ്പുറം ദൈവത്തിലാണ് സ്ഥിതി ചെയ്യുന്നത്. എന്നിട്ട് ദൃഢമായ വിശ്വാസത്തോടെ നാം പ്രവൃത്തിക്കുന്നുവെങ്കിൽ ദൈവത്തിൽനിന്ന് എല്ലാം പ്രതീക്ഷിക്കുന്നു എന്ന് അത് തെളിയിക്കുന്നു.

വി. മത്തായിയുടെ സുവിശേഷം 13-ാം അദ്ധ്യായത്തിൽ കാണുന്ന നിധിയുടെയും രത്നത്തിന്റെയും ഇരട്ട ഉപമകളുടെ അർത്ഥമെന്താണെന്നു നോക്കാം. പരിപൂർണ്ണ സ്വയം ശൂന്യവല്ക്കരണത്തിന്റേതായ പ്രവർത്തനമാണ് ദൈവരാജ്യത്തിനു ആവശ്യമായിരിക്കുന്നത്. കൃഷിക്കാരൻ നിധി വാങ്ങുവാൻവേണ്ടി തനിക്കുണ്ടായിരുന്നതെല്ലാം വില്ക്കുന്നതുപോലെ ക്രിസ്തുവിന്റെ അനുയായിയും ദൈവരാജ്യത്തിനുവേണ്ടി പരിപൂർണ്ണമായി സ്വയം ശൂന്യവല്ക്കരിക്കണം. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട വാക്ക് 'സന്തോഷ'മെന്നതാണ്. തനിക്ക് ലഭിക്കുന്നത് താൻ കൊടുക്കുന്നതിനേക്കാൾ അനേകമടങ്ങ് വെല്ലുന്നതാണ് എന്നതിലുള്ള സന്തോഷമാണ് ഒരുവനെ തന്നെത്തന്നെ നൽകുക എന്ന ഏറ്റവും വലിയ ത്യാഗത്തിന് പ്രേരിപ്പിക്കുന്നത്. പരിപൂർണ്ണവും നിരന്തരവുമായ സ്വയം സമർപ്പണം നടത്തുമ്പോൾ നാം നമ്മുടെ ജീവിതത്തിന് ഏറ്റവും നല്ല വിലപേശലാണ് നടത്തുന്നത്. കാരണം, ദൈവരാജ്യമാണ് നമുക്ക് പ്രതിഫലമായി കിട്ടുന്നത്. അതായത് ക്രിസ്തുവിൽ നമ്മുടെ ഹൃദയങ്ങളുടെമേലുള്ള ദൈവത്തിന്റെ ഭരണവും ഏറ്റവും വലിയ സന്തോഷമായ ക്രിസ്തുവിൽ ദൈവവുമായുള്ള ഐക്യവും. ആദ്യം സ്വയം നൽകുന്നതിന്റെ വേദന അനുഭവിച്ചതിനുശേഷം ദൈവരാജ്യത്തിന്റെ സന്തോഷം ലഭിക്കത്തക്കരീതിയിൽ, സന്തോഷം വേദനയ്ക്കുശേഷം വരുകയില്ല, മറിച്ച് പരിപൂർണ്ണമായ സ്വയംദാനത്തിൽത്തന്നെയാണ് സന്തോഷം. സഹനത്തിൽ മറഞ്ഞിരിക്കുന്ന സന്തോഷവും, സ്വയം ശൂന്യവല്ക്കരണത്തിന്റെ വേദനയിൽ മറഞ്ഞിരിക്കുന്ന ദൈവരാജ്യത്തിന്റെ സന്തോഷവും ഇത്തരത്തിൽ മറഞ്ഞിരിക്കുന്ന നിധിയാണ്. ഈ വസ്തുത പരിഗണിക്കുമ്പോൾ വളരെയധികം ക്രിസ്ത്യാനികൾ മറഞ്ഞിരിക്കുന്ന നിധി ഒരിക്കലും കണ്ടെത്താതെ ജീവിതം നയിക്കുന്നുണ്ട് എന്നതു അവഗണിക്കാനാവില്ല.

സഹിഷ്ണതയുടെ ഉപമ അല്ലെങ്കിൽ ഗോതമ്പിന്റെയും കളകളുടെയും ഉപമ വളരെ യോജിച്ച ഒരു പരിസമാപ്തിയാണ്. ദൈവരാജ്യത്തിനുവേണ്ടി പ്രവർത്തനനിരതരാകുമ്പോൾ അതിപ്രവർത്തനത്തിനുള്ള വ്യഗ്രത ഒഴിവാക്കണം. ദൈവരാജ്യത്തിൽ നല്ല മനുഷ്യരോടൊപ്പം ചീത്ത മനുഷ്യരെയും നാം കാണുമ്പോൾ കൂടുതൽ പ്രവർത്തിക്കുവാനുള്ള പ്രകോപനം നമ്മിൽ ഉണ്ടാകാം. അവരെ സഭയിൽനിന്ന് സ്ഥാനഭ്രഷ്ടരാക്കുവാനോ പ്രത്യേക വിഭാഗമായി തരംതിരിക്കുവാനോ ഒരുമ്പെടരുത്. ഒന്നാമത്തെ കാരണം, ഇത് ദൈവത്തിന്റെ പ്രവൃത്തിയാണെന്നതും, രണ്ടാമത്തേത്, ദൈവംതന്നെ ഈ തരംതിരിക്കൽ ഇപ്പോഴല്ല ഈ ലോകജീവിതത്തിന്റെ അവസാനമാണ് ചെയ്യുന്നത് എന്നുള്ളതുമാണ്. അതുകൊണ്ട് മറ്റു മനുഷ്യരെ വിധിക്കുന്നതിൽ നമുക്ക് ഉന്നം പിഴയ്ക്കാറുണ്ട് എന്ന വസ്തുതയ്ക്കുപരിയായി മറ്റുള്ളവരെ വിധിക്കുന്നതിന് ഏറ്റവും പറ്റിയ സമയം ഒരുവന്റെ ജീവിതത്തിന്റെ അവസാനമാണ് എന്ന വസ്തുതയാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഒരു മനുഷ്യനും ഒരു തെറ്റും ചെയ്യുവാൻ പാടില്ലാത്തവിധം അത്ര നല്ലവനായിട്ടല്ല; അതുപോലെ മറിച്ചും. പ്രകോപനമുണ്ടായാൽത്തന്നെയും അതിനനുസരിച്ചുള്ള സംസാരത്തിൽനിന്നും പ്രവൃത്തിയിൽനിന്നും മാറിനില്ക്കുവാനാണ് നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതാണ് ഏറ്റം പ്രയാസമേറിയതും. നിശ്ശബ്ദത പാലിക്കുവാനുള്ള കടമ സംസാരിക്കുവാനുള്ള കടമയേക്കാൾ പ്രയാസമുള്ളതായിരിക്കുന്നതുപോലെതന്നെ പ്രവൃത്തിയിൽനിന്നും മാറിനില്ക്കുവാനുള്ള കടമ പ്രവർത്തിക്കുവാനുള്ള കടമയേക്കാൾ പ്രയാസമുള്ളതാണ്. നല്ല മനുഷ്യരുടെ സാന്നിധ്യത്തിൽ പാപികൾക്ക് അവരുടെ ജീവിതം നവീകരിക്കുവാനുള്ള നിരന്തരമായ ഒരാഹ്വാനം ഉണ്ടെന്നതാണ് ദൈവപരിപാലനയിലുള്ള ഈ സ്ഥിതി വിശേഷത്തിന്റെ ഏറ്റവും വലിയ ഉപകാരം. അതുപോലെ നല്ല മനുഷ്യർക്ക് അവരുടെ നന്മ ചുറ്റുപാടുമുള്ള തിന്മകളുടെ മധ്യേ തെളിയിക്കുവാനുള്ള അനർഘമായ ഒരവസരമുണ്ട്. മാറ്റുരയ്ക്കാത്ത പുണ്യം പുണ്യമല്ലതന്നെ.

ഉപമകളിൽകൂടിയുള്ള പഠനങ്ങളിൽ ധന്യമാണ് വി. മത്തായിയുടെ സുവിശേഷം 13-ാം അദ്ധ്യായം. മുമ്പു കണ്ടതുപോലെ ഇത് ക്രിസ്തുവിന്റെ ആകെയുള്ള സന്ദേശത്തിന്റെ ഒരു നല്ല ശതമാനം ഉണ്ട്. ഈ ആറ് ഉപമകളെ മറ്റ് ഉപമകളുമായി പൂർണ്ണമായി ബന്ധപ്പെടുത്താൻ നമുക്കു കഴിഞ്ഞാൽ അവയുടെ മനോഹാരിത കൂടുതൽ വ്യക്തമാകും. ഇങ്ങനെ എല്ലാം ചേരുംപടി ചേർക്കുമ്പോൾ ഉണ്ടാകുന്ന ആ സൗന്ദര്യത്തിന്റെ ഒരു മുന്നാസ്വാദനമായി അവയിൽ കുറച്ച് സൗന്ദര്യം പുറത്തുകൊണ്ടുവരാനാണ് ഇവിടെ പരിശ്രമിച്ചിട്ടുള്ളത്.

**(ഫ്രാൻസിസ് റീപോൾ എസ്. ജെ,**
*ബൈബിൾ ഭാഷ്യം 9* (1980) 132-137)

# 04

# മത്തായിയുടെ സുവിശേഷത്തിലെ ധർമ്മബോധവും അതിന്റെ സാമൂഹ്യമാനങ്ങളും

**ചിന്താവിഷയം**

മത്തായിയുടെ സുവിശേഷത്തിലെ 'ധർമ്മബോധ മെന്ന' ആശയത്തെക്കുറിച്ചുള്ള പഠനത്തിന് പണ്ഡിതർ അധികം ശ്രദ്ധകൊടുത്തിട്ടില്ല. ഈ ആശയത്തിന്റെ അർത്ഥത്തെപ്പറ്റി ലഭ്യമായ ഗ്രന്ഥങ്ങൾ നവീനവും, അപൂർണ്ണങ്ങളുമാണ്. ഇവയാകട്ടെ പണ്ഡിതർ പിന്നീട് ഈ ആശയത്തിന് കൊടുത്ത പരിഗണനകൾക്ക് തെളിവുമാണ്. ഈ ഗ്രന്ഥങ്ങൾ ഡികായിയോസൂനേ എന്ന ആശയം ഉള്ള ഭാഗത്തേക്ക് ചുരുങ്ങി എന്നതിലുപരി ക്രിസ്തീയജീവിതത്തിന്റെ വെല്ലുവിളിയെയും, വീക്ഷണത്തെയും വികലമാക്കുകയും ചെയ്യുന്നതിനാൽ വലിയ പ്രാധാന്യം അർഹിക്കുന്നില്ല.

മാത്രമല്ല മത്തായിയുടെ ഈ പദപ്രയോഗത്തെപ്പറ്റി പണ്ഡിതന്മാരുടെ ഇടയിൽ യോജിപ്പില്ല. ഈ പദം ദൈവത്തിന്റെ ദാനത്തെയാണോ മനുഷ്യനിൽ നിന്നുള്ള ദൈവത്തിന്റെ അവകാശത്തെയാണോ, അതോ ഇവ രണ്ടിനെയുമാണോ സൂചിപ്പിക്കുന്നത്





എന്നതിലാണ് അഭിപ്രായഭിന്നത. വിപരീത സ്വഭാവമുള്ള ഈ രണ്ടാശയങ്ങളുടെ വക്താക്കളാണ് ഫീൽഡുലെറും (M.J. Fieldler) ജി. സ്ട്രെക്കറും (J. Strecker) എന്നാൽ ഇ. ഷെയ്സറിന്റെ (E. Schweizer) അഭിപ്രായത്തിൽ മത്തായിയുടെ ഈ പദപ്രയോഗംതന്നെ പലയിടത്തും - അർത്ഥത്തിൽ പരസ്പരം പൊരുത്തമില്ലാത്തവയാണ്. കാരണം, ചിലയിടങ്ങളിൽ ഇത് ദൈവത്തിന്റെ ദാനത്തേയും, മറ്റവസരങ്ങളിൽ മനഷ്യനിൽ നിന്നുള്ള ദൈവത്തിന്റെ അവകാശത്തെയും സൂചിപ്പിക്കുന്നു. എന്നിരുന്നാലും 'ധർമ്മബോധം' മത്തായിയുടെ പ്രധാനപ്പെട്ട ഒരു പ്രയോഗമാണ് എന്നതിൽ പണ്ഡിതന്മാർക്ക് സന്ദേഹമില്ല. എങ്കിലും ഈ ആശയത്തെ ആദ്ധ്യാത്മീകരിച്ച് അകറ്റിനിർത്തിക്കൊണ്ടോ ഇതിന്റെ സാമൂഹ്യപ്രസക്തിയെ ഇടിച്ചു കാണിച്ചുകൊണ്ടോ ഇതിന് സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥിതികളുടെ നേരേയുള്ള വെല്ലുവിളികളെയും ഇതിന്റെ അടിസ്ഥാനത്തെയും പണ്ഡിതർ അവഗണിച്ചു.

മത്തായിയുടെ സുവിശേഷത്തിലെ ധർമ്മബോധത്തെപ്പറ്റിയുള്ള ക്രിസ്തുവിന്റെ പ്രബോധനത്തെ നിരൂപണാത്മകമായി പുനഃപരിശോധിക്കുകയും മാനവസമൂഹത്തെ കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള ഇതിന്റെ സാമൂഹ്യധ്വനികളെ വെളിപ്പെടുത്തുകയും ഇതിന്റെ സാമൂഹ്യപ്രസക്തിയെ സാധൂകരിക്കുകയും ചെയ്യുക എന്നിവയാണ് ഈ പ്രബോധനത്തിന്റെ ഉദ്ദേശ്യം.

## 'ഡികായിയോസൂനേ' (Dikaiosune) ഭാഗങ്ങളുടെ വിശകലനം.

'ഡികായിയോസൂനേ' (= ധർമ്മബോധം)എന്ന പദം മത്തായിയുടെ സുവിശേഷത്തിൽ ഏഴു പ്രാവശ്യവും (3:15; 5:6, 10, 20; 6:1, 33; 21:32) ലൂക്കായുടെ സുവിശേഷത്തിൽ ഒരു പ്രാവശ്യവും (1:75) കാണുന്നു. എന്നാൽ മർക്കോസിന്റെ സുവിശേഷത്തിൽ ഈ പദപ്രയോഗമില്ല. സമാന്തര സുവിശേഷങ്ങളിലെ മറ്റു ഭാഗങ്ങളിൽ ഈ പദം കാണാത്തതുകൊണ്ട് ഇത് മത്തായിയുടെ ഒരു സവിശേഷതയായി കാണുന്നു. തന്മൂലം മത്തായിയുടെ സുവിശേഷത്തിലെ ഏഴ് ഡികായിയോസൂനേ ഭാഗങ്ങളും ദൈവശാസ്ത്രപരമാണ് എന്ന് പല പണ്ഡിതന്മാരും വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

സിബിൽസ്ക്കി (Pszybylski) ഈ ഏഴ് 'ഡികായിയോസൂനേ' ഭാഗങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു. 5:20-ലും 6:1-ലും ആരംഭിക്കുന്ന നമ്മുടെ ഈ വിശകലനത്തിൽ സിബിൽസ്കിയുടെ ത്രിവിഭജന സമ്പ്രദായമാണ് നാം സ്വീകരിക്കുക.

മത്തായി 5:21-28 വാക്യങ്ങളുടെ ആമുഖപ്രസ്താവനയോ ശീർഷകമോ ആണ് 5:20 എന്നാണ് പണ്ഡികതലോകത്തിന്റെ പൊതുവായ ധാരണ. ചുങ്കക്കാരെയും, പ്രീശരെയും അതിശയിക്കുന്ന ഒരു ധർമ്മബോധം പ്രകടിപ്പിക്കുവാൻ തന്റെ ചുറ്റും കൂടിയിരുന്നവരോട് (5:1-2; 7:28) ആവശ്യപ്പെടുന്ന ക്രിസ്തുനാഥനെ മത്തായി ചിത്രീകരിക്കുന്നത് യഹൂദമതവും ക്രിസ്തുവിന്റെ പ്രബോധനങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഉണ്ടായ വിവാദപരമായ ചർച്ചയുടെ സന്ദർഭത്തിലാണ്. 'ഡികായിയോസൂനേ' എന്ന പദത്തിന് 'ഉയർന്ന ധർമ്മബോധം' എന്ന ആശയം നൽകുന്ന ഉദാഹരണങ്ങളാണ് മത്തായി- 5:21-48 ലുള്ളത്. ഈ ഉദാഹരണങ്ങളെ സാധാരണയായി ഒരു 'എതിർ നിലപാട്' ആയിട്ടാണ് കണക്കാക്കുന്നത്. ഈ എതിർ നിലപാടിനെ സംബന്ധിക്കുന്ന അടിസ്ഥാന പ്രമേയം ഇത് ഒരു പുതിയ നിയമത്തെയാണോ അതോ പഴയനിയമത്തിന്റെ പുതിയ വിശദീകരണത്തെയാണോ സൂചിപ്പിക്കുന്നത് എന്നതിനെ ചുറ്റിപ്പറ്റി നിൽക്കുന്നു. ഈ വീഷണങ്ങൾ രണ്ടും വിശകലന വാസ്തവികത അവകാശപ്പെടുന്നതിനാൽ ഏതാണ് കൂടുതൽ ശരിയെന്ന് തീരുമാനിക്കുക ബുദ്ധിമുട്ടാണ്. മത്തായിയുടെ ശ്രോതാക്കളിൽ ചിലരെങ്കിലും ഈ എതിർനിലപാടിനെ ഒരു പുതിയനിയമമായി മനസ്സിലാക്കി എന്ന സാദ്ധ്യതയെ തിരസ്ക്കരിക്കാനാവില്ല. മത്തായിയുടെ സുവിശേഷത്തിലെ ദൈവശാസ്ത്രപരമായ ലക്ഷ്യങ്ങൾ അദ്ദേഹംതന്നെ എങ്ങനെ മനസ്സിലാക്കിയിരുന്നു എന്നതിനാണ് നാം മുൻതൂക്കം കൊടുക്കുക.

കൊലപാതകത്തിന്റെ സ്ഥാനത്ത് രമ്യത ആവശ്യപ്പെടുന്ന ക്രിസ്തുവിനെ മത്തായി 5:21-26-ൽ അവതരിപ്പിക്കുന്നു. കൊലപാതകം, കോപം, അശുദ്ധ ഭാഷണം എന്നിങ്ങനെ തിന്മകളുടെ ഗൗരവം അനുസരിച്ചുള്ള ഒരു തരംതിരിവ് നമുക്കിവിടെ കാണാം. ഒളിഞ്ഞിരിക്കുന്ന കോപം കൊലപാതകത്തിന് ഇടയാക്കാം. ക്രിസ്തു പഴയനിയമത്തെ നിലനിർത്തുക മാത്രമല്ല, പ്രത്യുത ദൈവഹിതം നിറവേറത്തക്കവിധമുള്ള ഒരു വിശദീകരണം കൊടുക്കുകകൂടി ചെയ്യുന്നു. നരകാഗ്നിക്ക് വിധേയമാകാതിരിക്കേണ്ടതിന് ബാഹ്യമായവയ്ക്ക് നൽകിയിരുന്ന പ്രാധാന്യം ക്രിസ്തു ആന്തരികമായവയിലേക്ക് മാറ്റി. 'കൊല്ലരുത് എന്ന പ്രമാണം,' 'ശത്രുക്കളെ സ്നേഹിക്കുക' എന്നതിലടങ്ങിയിരിക്കുന്നു. 21 മുതൽ 24 വരെയുള്ള വാക്യങ്ങൾക്ക് സമാനമായി സമാന്തരസുവിശേഷങ്ങളിൽ നാം ഒന്നും കാണുന്നില്ല. എന്നാൽ 25, 26 വാക്യങ്ങൾക്ക് സമാന്തരമായ ഭാഗം ലൂക്കാ 12:57-59-ൽ നാം കാണുന്നു. അതിന്റെ സന്ദർഭം ഭിന്നതയെപ്പറ്റിയുള്ള ഒരുപമയാണ്. എന്നാൽ മത്തായിയുടെ സുവിശേഷത്തിൽ ഇതിന്റെ സന്ദർഭം അനുരഞ്ജനത്തിനായുള്ള ഒരുപദേശമാണ്. ഒരുവന് തന്റെ സഹോദരനെതിരായി എന്തെങ്കിലും ഉണ്ടെങ്കിൽ അവന് ദൈവത്തെ ശരിയായി ആരാധിക്കുക സാധ്യമല്ല എന്ന് മത്തായിയുടെ സുവിശേഷത്തിൽ ഈശോ വ്യക്തമാക്കുന്നു. 6:12-ൽ ഈശോ തന്റെ ശിഷ്യരിൽ രൂഢമൂലമായിക്കാണാനാഗ്രഹിച്ചിരുന്ന മനോഭാവം മത്തായി വെളിപ്പെടുത്തുന്നു. 5:23-24 ലെ ഉപമയ്ക്ക് സമാനമായ വാചകങ്ങളിൽ ഒരുവിധത്തിൽ പറഞ്ഞാൽ ദൈവസ്നേഹവും, പരസ്നേഹവും സംഗ്രഹിച്ചിരിക്കുന്നു. എത്ര മനോഹരമായി നാം ദൈവാരാധന നടത്തിയാലും നാം അകറ്റിനിർത്തിയ ഒരു സഹോദരൻ നമ്മെയും ദൈവത്തിൽനിന്നകറ്റും എന്നതാണ് ഇതിന്റെ സൂചന.

മത്തായി 5:27-30 ൽ ദുർമോഹം അരുത് എന്ന് ഈശോ ഉപദേശിക്കുന്നു. തെറ്റിന്റെ ഭാരം സ്ത്രീയിൽ ചുമത്തിയിരുന്ന തന്റെ സമകാലീനരുടെ പ്രവണതയ്ക്കെതിരായ ഒരു നിലപാടെടുത്തുകൊണ്ട് അതിന്റെ ഉത്തരവാദിത്വം കാമാസക്തിയോടെ പരസ്ത്രീയെ നോക്കുന്ന പുരുഷനിൽ ആരോപിക്കുന്നു. ഈശോയുടെ പ്രബോധനമനുസരിച്ച് പുരുഷൻ അവന്റെ ആന്തരികമായ ചിന്തയിലും പ്രവർത്തനത്തിലും സ്ത്രീയുടെ മാന്യതയെ നിന്ദിക്കരുത്. 29,30 വാക്യങ്ങൾക്ക് സമാനമായ ഭാഗമാണ് മർക്കോസ് 9:43-48. എന്നാൽ 27, 28 വാക്യങ്ങൾക്ക് സമാന്തരസുവിശേഷങ്ങളിൽ സമാനഭാഗങ്ങളില്ല. സ്വയം ശിക്ഷണത്തെപ്പറ്റിയുള്ള ക്രിസ്തുനാഥന്റെ വചനങ്ങളാണ് മർക്കോസിന്റെ സുവിശേഷഭാഗം അവതരിപ്പിക്കുക. നമ്മുടെ സ്വാഭാവിക ഇച്ഛകളെ രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയ്ക്കു ഹാനിവരുത്തുന്ന ഒന്നും നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകരുത്.

വിവാഹമോചനത്തിനെതിരായ ക്രിസ്തുവിന്റെ പ്രബോധനം വളരെയധികം ചർച്ചയ്ക്കു വിധേയമാണ്. പുതിയനിയമത്തിൽ കർത്താവിന്റെ ഈ പ്രബോധനത്തിന് വ്യത്യസ്തരൂപങ്ങളുണ്ട് എന്നുള്ളതാണ് ഇതിനു കാരണം. മർക്കോസ് 10:1-12-ൽ സ്വയം ശിക്ഷണത്തെപ്പറ്റിയുള്ള കർത്താവിന്റെ പ്രബോധനത്തിനുശേഷവും മത്തായിയുടെ സുവിശേഷത്തിൽ (19:9) ഇത് അനുരഞ്ജനത്തെപ്പറ്റി അഥവാ ക്ഷമ (18:23) യെപ്പറ്റിയുള്ള പ്രതിപാദനത്തിനുശേഷവുമാണ് കാണുക. മർക്കോസിന്റെയും (10:2) മത്തായിയുടെയും (19:3 ff) സുവിശേഷത്തിൽ നാം കാണുക ഈ നിയമത്തെ എങ്ങനെ വ്യാഖ്യാനിക്കും എന്ന ഫരിസേയരുടെ സംശയമാണ്. മർക്കോസിന്റെ സുവിശേഷത്തിൽ കാണാത്ത മത്തായിയുടെ ഈ അപവാദവാക്യം ഈ വീക്ഷണത്തെ ബലപ്പെടുത്തുന്നു. പണ്ഡിതമതമനു

സരിച്ച് മർക്കോസിന്റെ സുവിശേഷം കൂടുതൽ മൗലികത്വം ഉള്ളതും വിവാഹമോചനത്തിന്റെ നിയമസാദ്ധ്യതയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതുമാണ്. എന്നാൽ മത്തായി വ്യാഖ്യാനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു. ഈ അപവാദവാക്യം ആദിമസഭയിലെ ഒരു പ്രത്യേക പ്രശ്നത്തെ അഭിമുഖീകരിക്കുന്നതിനാണ് എഴുതിയത്. സുവിശേഷവ്യാഖ്യാനം അക്കാലത്ത് തുടങ്ങിയിരുന്നുവെന്നും മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യപരിതസ്ഥിതികൾക്കനുസരിച്ച് നിയമത്തെ വ്യാഖ്യാനിക്കുന്നതിനുള്ള അവകാശം മത്തായി ഉൾപ്പെട്ട സമൂഹത്തിന് ഉണ്ടായിരുന്നു എന്നും ഇതു സൂചിപ്പിക്കുന്നു.

നിയമത്തെ മാറ്റുവാൻ തക്കവിധമുള്ള ഒരു വ്യാഖ്യാനം മത്തായി 5:33-37-ൽ നാം കാണുന്നു. 33-ാം വാക്യത്തിൽ "ശപഥങ്ങളെ"പ്പറ്റി പറഞ്ഞിരിക്കുന്നത് പഴയനിയമഭാഗങ്ങളുടെ ഒരു ശൃംഖലയാണ് (പുറ. 20:7, ലേവ്യ 19:12, സംഖ്യ. 30:3, നിയമ; 23:22, സങ്കീ. 50:14). യഹൂദരും പൗരസ്ത്യരും ശപഥം ചെയ്യുന്നതിൽ തൽപരരായിരുന്നു. എസ്സെൻ സമൂഹം ഈ ശപഥങ്ങളെ പാടേ ഉപേക്ഷിച്ചു. 34-36 വാക്യങ്ങളിൽ കാണുന്ന തത്വങ്ങൾ ആണയിടുന്നതിനെപ്പറ്റി നിയമപണ്ഡിതരുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നുവെന്നു കാണിക്കുന്നു. (cf. 23: 12-16) പലതരം വക്രോക്തികൾ നിറഞ്ഞ പ്രതിജ്ഞ എടുക്കലിന്റെ വഞ്ചന മനസ്സിലാക്കിയ ഈശോ 'അതേ' എന്നോ 'അല്ല' എന്നോ പറയുവാൻ അനുശാസിക്കുന്നു. ഹോസിയാ 4:15 ലും ആണയിടൽ തിരസ്ക്കരിക്കുന്നതായും നാം കാണുന്നു. പ്രതിജ്ഞയ്ക്കുപകരം ആവർത്തിച്ചുള്ള അതേ എന്നോ അല്ല എന്നോ ഉള്ള പ്രയോഗം "സ്ലോവോനിക് എനോക്" (slavovic Enoch) 40:1 ൽ നിർദ്ദേശിക്കുന്നു. ചില അവസരങ്ങളിൽ ഈ പദപ്രയോഗങ്ങൾ വിപരീത അർത്ഥം ഉളവാക്കുന്നതിനാൽ സാമൂഹ്യമനുഷ്യബന്ധങ്ങൾ അസ്ഥിരമാക്കുന്നു. അതിനാൽ ക്രിസ്തുനാഥൻ ഹോസിയായേക്കാൾ ഒരുപടി മുൻപോട്ടു പോകുന്നു.

മത്തായി 5:36-42 ലെ പ്രതികാര പ്രവൃത്തിയെപ്പറ്റിയുള്ള എതിർവാദം ആദ്യത്തേത് പിൻവലിച്ചുകൊണ്ടുള്ള പുനർവ്യാഖ്യാനത്തിന് നല്ല ഉദാഹരണം നൽകുന്നു. ഈ പ്രതികാരപ്രവൃത്തിയുടെ നിയമം (lex talionis) പഴയനിയമത്തിലെ ഒരു നിയമവ്യാഖ്യാനമായിരുന്നു. (പുറ. 21: 24, ലേവ്യ. 24: 20, നിയമ. 19:21). ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം ഇത് ദൈവത്തിന്റെ മാർഗ്ഗമായിരുന്നില്ല. അതിനാൽ ഇത് പുതിയ സമൂഹത്തിന്റെ മാതൃകയാകുക സാദ്ധ്യമായിരുന്നില്ല. പ്രകോപനത്തിനു മുൻപിൽ ധൈര്യത്തിനും സ്വയം ശിക്ഷണത്തിനും കാരുണ്യത്തിനും ഈശോ





ആഹ്വാനം ചെയ്യുന്നു. ഒരു മൈലിനു പകരം രണ്ടു മൈൽ നടക്കുന്നതിനുള്ള ആത്മധൈര്യമാണിത്.

5:43-48 ൽ സഹോദരസ്നേഹത്തെക്കുറിച്ചുള്ള എതിർ വാദത്തിലേക്ക് ഈ പ്രബോധനം എത്തിനിൽക്കുന്നു. അയൽക്കാരനെ സ്നേഹിക്കുക എന്നത് പഴയനിയമത്തിൽ മനസ്സിലാക്കിയിരുന്നത് സമീപവാസിയായ അയൽക്കാരനെ സ്നേഹിക്കുക എന്നതായിരുന്നു (ലേവ്യ. 19:18). അതേസമയം പുറജാതിക്കാരനോടുള്ള ഉത്തരവാദിത്വവും ഉൾക്കൊള്ളുന്നുണ്ട് (നിയമ. 10:18-39). എന്നാൽ ശത്രുവിനെ വെറുക്കുവാനുള്ള അനുശാസനം കാണുന്നില്ല. ഈശോ "ശത്രു"വിനെ തിരസ്ക്കരിക്കുന്നില്ല. പ്രത്യുത ഒരു "വ്യക്തി"യായി കണക്കാക്കി തന്റെ സ്നേഹത്തിലേക്ക് ക്ഷണിക്കുന്നു. നമ്മുടെ സ്നേഹം ദൈവപരിപാലനയിൽ അടിയുറച്ചതായിരിക്കണം എന്നുള്ളതാണ് ഇതിന്റെ ഏകകാരണം (45, 48). പിതാവിനെ അനുകരിച്ചുകൊണ്ടാണ് യഥാർത്ഥ പുത്രന്മാർ തങ്ങളുടെ നിയമസാധ്യത തെളിയിക്കുന്നത്. തന്റെ പുതിയ സമൂഹത്തിന്റെ തനിമയുടെ അടയാളമായി, തന്റെ അനുയായികൾ സ്വാംശീകരിക്കേണ്ടത് ഈ ധർമ്മബോധമാണ്.

ഈ എതിർവാദത്തെപ്പറ്റിയും മത്തായിയുടെ വീക്ഷണം പുതിയ നിയമത്തെയല്ല പ്രത്യുത പഴയനിയമത്തിന്റെ പുതിയ വ്യാഖ്യാന (5: 17, 18) ത്തെയാണ് സൂചിപ്പിക്കുന്നത് എന്ന് മുകളിൽ നടത്തിയിരിക്കുന്ന ചർച്ച വ്യക്തമാക്കുന്നു. 5:20 ലെ 'ഡികായിയോ സൂനെ' മറ്റ് ആറു പ്രയോഗങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ സമൂർത്തമായ പ്രവൃത്തിയെ സൂചിപ്പിക്കുന്നു. ബന്ധത്തെ സൂചിപ്പിക്കുന്ന ഒരു പദമാണിത്. ഈ പദത്തിന്റെ വിവിധ ഘടകങ്ങൾ ഈ ബന്ധത്തിന്റെ അടിസ്ഥാനമായിത്തീരുന്നു. മനുഷ്യന്റെ ധർമ്മബോധത്തെയാണ് ഈ ഭാഗം സൂചിപ്പിക്കുന്നത് എന്ന് 5: 20 ലെ 'ഹ്യൂമോൻ' എന്ന സംബന്ധികാ വിഭക്തിയിലുള്ള പദം വ്യക്തമാക്കുന്നു. ഈ ധർമ്മബോധത്തിന് ഗുണത്തെ സൂചിപ്പിക്കുന്ന ഒരർത്ഥവും അളവിനെ സൂചിപ്പിക്കുന്ന ഒരർത്ഥവുമുണ്ട്. 5: 20 ന്റെ പുനരാഖ്യാനമായ 5: 48 ലെ സ്നേഹപരിപൂർണ്ണതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. ഇതാണ് ക്രിസ്തുശിഷ്യന്മാർക്ക് അവരുടെ തനിമ പകർന്നുകൊടുക്കുന്നത്. ഇതിന്റെ ലക്ഷ്യം പൂർണ്ണത ആവശ്യപ്പെടുകയും ചെയ്യുന്നു.

**മത്തായി 6:1**

മത്തായി 5:21-48ന്റെ (ശീർഷകം) തലക്കെട്ട് 5:20 ആയിരിക്കുന്നതുപോലെ 6:1, 6:2-18 ന്റെ തലക്കെട്ടാണ്. 6:1 ലെ ധർമ്മബോധം

5:20 ലെ ധാർമ്മികത എന്ന പ്രയോഗത്തിനു സമാനമാണ്. ഇവിടെ എല്ലാം ഈ പദം ശിഷ്യരുടെ ധർമ്മബോധമാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ട് 6:1 ലെ ധർമ്മബോധം എന്ന പദത്തിന്റെ അർത്ഥം 6:2–18 വരെയുള്ള ഭാഗം നൽകുന്നു എന്നു പറയാം. ദാനം, പ്രാർത്ഥന, ക്ഷമ, ഉപവാസം എന്നിവ ഇത് ഉൾക്കൊള്ളുന്നു. ഈ ക്രിസ്തീയ ജീവിതചര്യകൾ 'ദൈവരാജ്യ' (Basileia) വുമായി ബന്ധപ്പെട്ടുകിടക്കുന്നതിനാൽ ഇവയ്ക്ക് യുഗാന്ത്യോന്മുഖമായ പ്രതിഫലമുണ്ട്. ഇവവഴി സ്വർഗ്ഗരാജ്യത്തിൽ നാം നിക്ഷേപം ഉണ്ടാക്കുന്നു(cf 6:19–21).

6:1 ലെ ധർമ്മബോധം എന്ന ഈ പദം നമ്മുടെ പ്രവൃത്തികളും ഉദ്ദേശ്യശുദ്ധിയുമായി ബന്ധപ്പെട്ടിരിക്കുന്നു. 5:20 ലെപ്പോലെ ഇതും വിശ്വാസജീവിതത്തിന്റെ പ്രായോഗികവശത്തെ സൂചിപ്പിക്കുന്നു. 5:19 ലും 6:1 ലും കാണുന്ന 'ചെയ്യുക' (noieo) എന്ന ആവർത്തിച്ചുള്ള പ്രയോഗം തത്ത്വവും പ്രയോഗവും തമ്മിലുള്ള ബന്ധത്തെ ദൃഢപ്പെടുത്തുന്നു. 6:1 ൽ കാണുന്ന ധർമ്മബോധം ദൈവത്തിന് മനുഷ്യനിൽനിന്നുള്ള അവകാശമായി മനസ്സിലാക്കാം. സാമൂഹ്യഫലങ്ങൾ ഉളവാക്കുന്ന മതപരമായ കടമകളെ ഇതു സൂചിപ്പിക്കുന്നു.

**മത്തായി 6:33**

'ഡികായിയോസൂനേ' പദപ്രയോഗങ്ങളുടെ രണ്ടാം ഗണത്തിലാണ് 5:6-ഉം 6:33-ഉം കാണുക. ഇവ തുടർച്ചയായുള്ള വാദപ്രതിവാദത്തിലേക്ക് വഴിതെളിക്കുന്നു. കാരണം 5:20 ലും, 6:1 ലും കാണുന്ന അതേ പൊതുസാഹചര്യത്തിലാണ് ഈ വാക്യങ്ങളും നാം കാണുക.

6:33 ന്റെ അർത്ഥത്തെപ്പറ്റി പണ്ഡിതരുടെ ഇടയിൽ അഭിപ്രായ ഐക്യം ഇല്ല. ചിലരുടെ അഭിപ്രായത്തിൽ ഇതു ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയേയും, മറ്റു ചിലരുടെ അഭിപ്രായത്തിൽ ദൈവത്തിന്റെ ദാനത്തെയും മനുഷ്യനിൽനിന്നുള്ള അവകാശത്തെയും, വേറേ ചിലരുടെ അഭിപ്രായത്തിൽ ഇത് ആത്യന്തികമായി ദൈവത്തെയുമാണ് സൂചിപ്പിക്കുന്നത്.

ഗിരിപ്രഭാഷണത്തിന്റെ പൊതുവായ സാഹചര്യത്തിൽനിന്നു വേണം 6:33 നെ മനസ്സിലാക്കുവാൻ ശ്രമിക്കേണ്ടത്. ഓരോ അദ്ധ്യായത്തിലെയും ഘടനയുടെ പ്രത്യേകത അനുസരിച്ചുള്ള സമാന കർത്തവ്യങ്ങളാണ് 6:33 ഉം, 5:48 ഉം നിർവ്വഹിക്കുക. പി. സ്ക്കാഫ് (P. Schaff) കുറേക്കൂടി മുന്നോട്ടുപോയി ഈ ഭാഗങ്ങളുടെ അർത്ഥത്തിലും ഈ സമാന്തരത്വം കാണുന്നു. ഇവ രണ്ടിലും ദൈവനീതി അന്വേഷിക്കുക എന്നാൽ പരിപൂർണ്ണത പ്രാപിക്കുക എന്നതാണ്.





5:20, 48: 6:1 ഇവയിൽ കാണുന്ന 'ധർമ്മബോധം' എന്ന പദം മനുഷ്യരിൽനിന്നുള്ള അവകാശത്തെ സൂചിപ്പിക്കുന്നു. എന്നാൽ 6:33-ൽ ഇത് ഇങ്ങനെയല്ല. ഇതിൽനിന്നും 6:33 ലെ ധർമ്മബോധം മനുഷ്യനിൽനിന്നുള്ള ദൈവത്തിന്റെ അവകാശത്തെ സൂചിപ്പിക്കുന്നുവെന്നു മനസ്സിലാക്കാം. ഇത് ദൈവഹിതം നിറവേറി കാണാനുള്ള ആഗ്രഹവും അതിനുള്ള സമർപ്പണവുമാണ്. "അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ" (6:33) എന്ന പ്രാർത്ഥനയുടെ ആധാരമിതാണ്. ദൈവത്തിന്റെ രാജ്യത്തോടൊപ്പം അവിടുത്തെ നീതിയും മനുഷ്യർ തേടുന്നു.

ഇത്തരത്തിലുള്ള ധാരണ മത്തായിയുടെ മാത്രം പ്രത്യേകതയല്ല. യാക്കോബ് 1:20 ൽ ദൈവനീതി എന്നത് മനുഷ്യന് കൊടുത്തിരിക്കുന്ന ദാനമല്ല, പ്രത്യുത അവനിൽനിന്ന് ആവശ്യപ്പെടുന്ന ഒന്നാണ്. ലൂക്കായുടെ സമാന്തര സുവിശേഷഭാഗത്ത് (12:31) ഇല്ലാത്ത "ആദ്യം," "ധർമ്മബോധം" (6:33) എന്നിവ മത്തായിയുടെ സുവിശേഷത്തിൽ ഇവക്കുള്ള പ്രാധാന്യത്തെ കാണിക്കുന്നു. ദൈവഹിതത്തെ വ്യക്തമാക്കുന്ന പഴയനിയമത്തിന്റെ ഈ പുതിയ വ്യാഖ്യാനത്തിന് പ്രത്യേക ഊന്നൽ കൊടുക്കുകയാണ് ഇവിടെ.

**മത്തായി 5:6**

5:6 ലെ ധർമ്മബോധം എന്ന പദത്തിന്റെ അർത്ഥത്തെക്കുറിച്ച് അഭിപ്രായൈക്യമില്ല. 6:31 ലേതുപോലെ ഇവിടെയും അടിസ്ഥാനപരമായ പ്രശ്നം ഇത് ദൈവത്തിന്റെ ദാനമാണോ, അല്ലെങ്കിൽ ദൈവം നമ്മോട് ആവശ്യപ്പെടുന്നതാണോ അഥവാ ഇതു രണ്ടുമാണോ എന്നിവയെ ചുറ്റിപ്പറ്റിയാണ് നിൽക്കുന്നത്. ഇതിനു സമാനമായ ഭാഗം ലൂക്കായുടെ സുവിശേഷം 6:21 ൽ കാണുന്നുണ്ടെങ്കിലും വിശപ്പിന്റെ പ്രേരണ എന്താണെന്നു വ്യക്തമാക്കാത്തതിനാൽ ഇത് വ്യക്തമല്ല. 5:5-ലെ സൗമ്യശീലർക്ക് സൗമ്യതയോ 5:8 ലെ നിർമ്മല ഹൃദയർക്ക് നൈർമ്മല്യമോ അല്ല കിട്ടുന്നത്. ഈ അടുത്ത സന്ദർഭം തെറ്റിദ്ധാരണാജനകമാണ്. ലൂക്കായുടെ സുവിശേഷത്തിൽ കാണാത്ത ധർമ്മബോധം എന്ന പദം മത്തായി ഉപയോഗിച്ചിരിക്കുന്നത് സുവ്യക്തതയ്ക്കുവേണ്ടിയാണ്. 5:20 ലും 6:1 ലും, 33 ലും ഈ ആശയം വളരെ പ്രാധാമ്യമർഹിക്കുന്നതുകൊണ്ട് 5:6 ലെ വിശപ്പിന്റെ പ്രേരണയെ വ്യക്തമാക്കാൻ ഈ പദം ഉപയോഗിച്ചിരിക്കുന്നത് ഉചിതമാണ്. ഇവിടെയെല്ലാം "ധർമ്മബോധം" ദൈവഹിതമനുസരിച്ചുള്ള മനുഷ്യന്റെ പെരുമാറ്റത്തെ സൂചിപ്പിച്ചിരിക്കുന്നതിനാൽ ഇവയുടെ അർത്ഥം ഒന്നുതന്നെയാണ്.

**മത്തായി 3: 15**

ഈശോയുടെ ജ്ഞാനസ്നാനാവസരത്തിൽ ഉപയോഗിച്ചിരിക്കുന്ന 3 :15 ലെ പ്രയോഗമാണ് മൂന്നാമത്തെ വിഭാഗത്തിലെ ആദ്യത്തേത്. പൂർത്തിയാവുക എന്നതിന്റെ അർത്ഥത്തെക്കുറിച്ചുള്ള വിയോജിപ്പ് ധർമ്മബോധം എന്ന പദം ദൈവത്തിന്റെ ദാനമാണോ അതോ ദൈവത്തിന്റെ അവകാശമാണോ എന്നുള്ള വ്യത്യസ്ത നിലപാടുകളിലേക്ക് പണ്ഡിതരെ നയിച്ചു.

ഈ പദത്തിന് കൂടുതൽ വ്യാപകമായ അർത്ഥം നൽകാൻ മത്തായി ഉദ്ദേശിച്ചു എന്ന് 3:13-17 ലെ കഥയിൽനിന്നും മനസ്സിലാക്കാം. സ്നാപകയോഹന്നാനും ഈശോയും പൂർത്തിയാക്കേണ്ടിയിരിക്കുന്ന നീതിയുടെ ഒരു വശം മാത്രമാണ് ഈ ജ്ഞാനസ്നാനം. ഫെന്റൻ (Fenton) എന്ന പണ്ഡിതന്റെ അഭിപ്രായത്തിൽ 3:15-ൽ കാണുന്ന 'ധർമ്മബോധം' ഒരുവൻ അനുഷ്ഠിക്കേണ്ട ദൈവകൽപനകളെയാണ് സൂചിപ്പിക്കുന്നത്. അതിനാൽ ഈ വാക്ക് ദൈവദാനത്തെയല്ല, ദൈവത്തിനുള്ള അവകാശത്തെയാണ് സൂചിപ്പിക്കുന്നത്. സ്നാപകന്റെയും, ഈശോയുടെയും പ്രവർത്തനത്തിനടിസ്ഥാനം ഈ ധർമ്മബോധം ആണ് എന്ന് കാണിക്കുവാൻവേണ്ടിയാവണം മത്തായി ഈ സന്ദർഭം സൃഷ്ടിച്ചിരിക്കുന്നത്.

**മത്തായി 5:10**

5:10 ൽ ധർമ്മബോധം പീഡനത്തിനുള്ള ഒരു കാരണമായിട്ടാണ് സൂചിപ്പിക്കുന്നത്. ഒരുവന്റെ പ്രവർത്തനഫലമായാണ് അവൻ മർദ്ദിക്കപ്പെടുന്നത്. അതുകൊണ്ട് 'ധർമ്മബോധം' മനുഷ്യനിലുള്ള എന്തോ ഒന്നായി കണക്കാക്കാം. അതിനാൽ ഭൂരിപക്ഷം പണ്ഡിതരുടെയും അഭിപ്രായത്തിൽ ഈ പദം ദൈവത്തിന്റെ ദാനത്തിലുപരി മനുഷ്യന്റെ പ്രവൃത്തിയെയാണ് സൂചിപ്പിക്കുന്നത്.

**മത്തായി 21: 32**

3: 15 ലെപ്പോലെ 21: 32ലും 'ധർമ്മബോധം' എന്ന പ്രയോഗം സ്നാപകയോഹന്നാനുമായി ബന്ധപ്പെട്ടിരിക്കുന്നു. ദേവാലയത്തിൽവച്ച് പ്രധാന പുരോഹിതരെയും, മൂപ്പന്മാരേയും ഈശോ അഭിമുഖീകരിക്കുന്നതാണ് ഇവിടുത്തെ സാഹചര്യം. പാപികളുടെ സ്വർഗ്ഗരാജ്യപ്രവേശനവും ഈശോയുടെ അധികാരവുമാണ് ഇവിടുത്തെ ചർച്ചാവിഷയം. ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തിയെയാണ് ഇവിടെ 'ധർമ്മബോധം' സൂചിപ്പിക്കുന്നത് എന്നതിൽ പല പണ്ഡിതരും യോജിക്കുന്നു. എന്നാൽ ഇതിനുള്ള 'മാർഗ്ഗ'ത്തെ സംബന്ധിച്ച്, അവർ വിയോജിക്കുന്നു. ഇവിടുത്തെ 'മാർഗ്ഗം' ഒരു





ജീവിതരീതിയാണോ അഥവാ പ്രബോധന വിഷയമാണോ എന്നുള്ളതാണ് സംശയം. 21: 32 ൽ കാണുന്ന "നിങ്ങൾ അവനിൽ വിശ്വസിച്ചില്ല" എന്ന വാക്യം സ്നാപകൻ നൽകിയ സന്ദേശത്തെ അവർ തിരസ്ക്കരിച്ചു എന്നു കാണിക്കുന്നു. സ്നാപകയോഹന്നാന്റെ പ്രബോധനവിഷയത്തെയാണ് 'മാർഗ്ഗം' സൂചിപ്പിക്കുന്നത് എന്ന പ്രസ്താവനയെ ഇത് പിന്താങ്ങുന്നു. മറ്റു സമാന്തര സുവിശേഷങ്ങളിൽ കാണുന്ന 21:28-32 ലെ രണ്ടു പുത്രന്മാരുടെ ഉപമയിൽ ഊന്നിപ്പറഞ്ഞിരിക്കുന്നതുപോലെ, 5:19 ൽ പ്രബോധനവും പ്രവർത്തനവും തമ്മിലുള്ള ഐക്യത്തെ ദൃഢപ്പെടുത്തുന്നു. 21: 32ൽ യാഹന്നാന്റെ സന്ദേശത്തെപ്പറ്റി മാത്രമല്ല, അദ്ദേഹത്തിന്റെ വ്യക്തിപരമായ പ്രവർത്തനത്തെപ്പറ്റിയും സൂചിപ്പിച്ചിരിക്കാൻ സാദ്ധ്യതയുണ്ട്.

21: 32 ന് ലൂക്കായുടെ സുവിശേഷത്തിൽ സമാനമായ ഒരു ഭാഗമുണ്ട്. (ലൂക്കാ 7: 30) മത്തായി 21: 32 ലെ "ധർമ്മമാർഗ്ഗം" എന്ന പ്രയോഗം ലൂക്കാ 7: 30ലെ ദൈവഹിതമെന്ന പദത്തിനു സമാനമാണ്. ധർമ്മബോധം ദൈവഹിതത്തെയാണ് സൂചിപ്പിക്കുന്നതെങ്കിൽ ഈ രണ്ടു വാക്കുകൾക്കും സമാന അർത്ഥമാണുള്ളത്. "ധർമ്മബോധത്തെ നിരാകരിക്കുന്നവർ സ്വർഗ്ഗരാജ്യ"ത്തിൽ പ്രവേശിക്കുകയില്ല. ദുഷ്ടരായ കൃഷിക്കാരുടെ ഉപമയിൽ ധർമ്മത്തിനു പകരം അധർമ്മം പ്രവർത്തിച്ചവർക്ക് സ്വർഗ്ഗരാജ്യം നഷ്ടപ്പെടുന്നതായും നാം കാണുന്നു. (21: 33-46) ഇതിൽനിന്ന് ഫലം പുറപ്പെടുവിക്കുന്നവർക്ക് സ്വർഗ്ഗരാജ്യം പ്രാപ്യവുമാണ് എന്നു മനസ്സിലാക്കാം. 21-ാം അദ്ധ്യായത്തിൽ കാണുന്ന ധർമ്മബോധം ദൈവഹിതാനുസരണത്തെയും ദൈവദാനത്തെയും സൂചിപ്പിക്കുന്നു.

"ധർമ്മബോധം" എന്ന പദത്തെപ്പറ്റിയുള്ള ഏഴു ഭാഗങ്ങൾ പഠിച്ചതിന്റെ വെളിച്ചത്തിൽ പറയുകയാണെങ്കിൽ ദൈവഹിതാനുസരണമുള്ള നിയമാനുഷ്ഠാനത്തെയാണ് ഈ പദം സൂചിപ്പിക്കുന്നത് എന്ന് വ്യക്തമാകുന്നു, ഈ നിയമത്തിന്റെ സ്വഭാവം (5: 17-18) മാറുന്നില്ലെങ്കിലും ഇതിനെപ്പറ്റി പല വിധത്തിലുള്ള വ്യാഖ്യാനങ്ങൾക്കും സാദ്ധ്യതയുണ്ട്. ദൈവേഷ്ടം വെളിപ്പെടുത്തുന്ന ഈശോയുടെ പുതിയ നിയമത്തിലധിഷ്ഠിതമായ മനുഷ്യപ്രവൃത്തിയെയാണ് ധർമ്മബോധം എന്നതുകൊണ്ട് മത്തായി ഉദ്ദേശിക്കുന്നത്. പ്രവൃത്തികൾ ഉൾക്കൊള്ളുന്നതും സന്മനസ്സ്, അനുരഞ്ജനം, ഹൃദയശുദ്ധി, ഉദ്ദേശ്യശുദ്ധി, ക്ഷമ, സത്യം, പ്രതികാരമില്ലായ്മ, ദയ, സ്നേഹം, ദാനധർമ്മം, പ്രാർത്ഥന, ഉപവാസം എന്നിവ അടങ്ങുന്നതുമായ ഒരു പദമാണിത്. മത്തായിയുടെ ഒരു പ്രധാനപ്പെട്ട ദൈവശാസ്ത്ര വിഷയമാണിത്.

വ്യാപകമായ അർത്ഥത്തിൽ സിബിൽസ്ക്കി ഈ ആശയത്തെ നിർണ്ണായകമായി കാണുന്നില്ല. എന്നാൽ സമകാലീന യഹൂദനേതാക്കന്മാരുമായുള്ള ഈശോയുടെ വാദപ്രതിവാദത്തിൽ ഈ പദത്തിന് വലിയ പ്രാധാന്യം ഉണ്ട് എന്ന് അദ്ദേഹം അംഗീകരിക്കുന്നു. "ധർമ്മബോധ"വും "ദൈവഹിതവും" തമ്മിൽ ഒരു തരംതിരിവു നടത്തുകയും രണ്ടാമത്തേത് കൂടുതൽ അർത്ഥവ്യാപ്തിയുള്ളതാണ് എന്ന് അദ്ദേഹം മനസ്സിലാക്കുകയും ചെയ്യുന്നു. ധർമ്മാനുഷ്ഠാനത്തിന്റെയും ദൈവഹിതാനുസരണത്തിന്റെയും ലക്ഷ്യം സ്വർഗ്ഗരാജ്യപ്രാപ്തിതന്നെയാകയാൽ അദ്ദേഹത്തിന് ഇവിടെ തെറ്റു പറ്റിയിട്ടുണ്ട്. മത്തായിയുടെ സുവിശേഷത്തിൽ ഈ തരംതിരിവ് ഇല്ല. ലൗകികോത്തരവാദിത്വങ്ങളിൽനിന്ന് ഒളിച്ചോടാൻ സാദ്ധ്യതയുള്ളതുകൊണ്ട് അത് ദൈവത്തിന്റെ ദാനമാണ് എന്ന കാര്യം മത്തായി ഊന്നിപ്പറയുന്നില്ല. എന്നാൽ ധർമ്മബോധവും ദൈവരാജ്യവും തമ്മിലുള്ള അഭേദ്യബന്ധത്തെ അദ്ദേഹം വ്യക്തമാക്കുന്നു.

ബന്ധത്തെ അടിസ്ഥാനപരമായി സൂചിപ്പിക്കുന്ന മത്തായിയുടെ ഒരു പ്രധാന ആശയമാണ് ധർമ്മബോധം. ആശയാധിഷ്ഠിതമായ ഒരു ഐക്യത്തെയല്ല മറിച്ച് സാഹചര്യാധിഷ്ഠിതമായ ഐക്യത്തെയാണ് ഈ പദം കാണിക്കുന്നത്. ക്രിസ്തീയ പ്രവൃത്തികൾ തമ്മിലുള്ള ഐക്യത്തെയും സ്വർഗ്ഗരാജ്യപ്രാപ്തിക്കുള്ള മാനദണ്ഡത്തെയും ഇതു സൂചിപ്പിക്കുന്നു. നാം നേരത്തെ ചർച്ചചെയ്ത ഏഴു ഭാഗങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല ഈ ധർമ്മബോധം. പ്രത്യുത മത്തായിയുടെ സുവിശേഷം മുഴുവൻ അത് വ്യാപിച്ചുകിടക്കുന്നു.

## മത്തായിയുടെ വീക്ഷണത്തിൽ യേശുവിന്റെ സാമൂഹിക മനോഭാവം

കർത്താവിന്റെ സാമൂഹിക മനോഭാവത്തിൽനിന്നു മത്തായിയുടെ സുവിശേഷത്തിലെ "ധർമ്മബോധം" എന്ന ആശയം കൂടുതൽ മനസ്സിലാക്കുവാൻ കഴിയും. യേശുവിന്റെ "സാമൂഹിക ബോധം" എന്ന പ്രയോഗം പരിശോധിക്കുമ്പോൾ നാം അർത്ഥമാക്കുന്നത് യേശുവിന്റെ "സാമൂഹ്യ രാഷ്ട്രീയ" മനോഭാവത്തെ പ്പറ്റി പറയുമ്പോൾ കർത്താവ് പാവപ്പെട്ടവരുടെ പ്രശ്നങ്ങളിൽ മാത്രമല്ല പ്രതികരിച്ചത് എന്നു കാണാം. പ്രത്യുത തന്റെ സമകാലികരായ മത-രാഷ്ട്രീയ നേതാക്കന്മാരുടെ നയങ്ങളിലും പ്രവൃത്തികളിലും അവിടുന്ന് പ്രതികരിച്ചു എന്നതിന് ഊന്നൽ കൊടുക്കുവാനാണ് നാം ശ്രമിക്കുക.





തന്റെ ചിന്തകൾ ആരുടെ പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടിയായിരുന്നുവോ, ആരുടെ അന്നന്നു വേണ്ടുന്ന ആഹാരമാണോ അദ്ദേഹം പങ്കുവെച്ചത് ആ സമൂഹത്തിന്റെ സമയവും സാഹചര്യങ്ങളുമായി ഈശോയെ വ്യക്തമായി ബന്ധപ്പെടുത്തുകയാണ് മത്തായി സുവിശേഷകൻ. തൽഫലമായി ധർമ്മബോധം എന്ന പദപ്രയോഗം ഇങ്ങനെയുള്ള ഒരു സമൂഹവുമായി അതിന്റെ ആചാരങ്ങളും പ്രവർത്തനങ്ങളും നയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

നിയമരാഹിത്യം (5:19, 7:21), വ്യാജപ്രവാചകന്മാർ (7: 15, 22-23; 24: 11) ക്രിസ്ത്യാനികളുടെ മതമർദ്ദനം (5: 11; 10: 18) നികുതി (17: 24-27) വിവാഹമോചനം (5: 31; 19: 9) ക്ഷമാരാഹിത്യം (18: 22) സഭയിലെ തുടർച്ച (18: 15f) ചൂഷകനേതൃത്വം (20: 25-28) സാമ്പത്തിക പരാധീനത (20: 1-16) എല്ലാ തരത്തിലുമുള്ള രോഗങ്ങൾ, സമ്പത്തുവിതരണത്തിലുള്ള ഉച്ചനീചത്വങ്ങൾ (19: 20-22) ഇങ്ങനെയുള്ള പ്രശ്നങ്ങൾ അടങ്ങിയ ഒരു സമൂഹമാണിത്.

### (i) പാവങ്ങളോടുള്ള യേശുവിന്റെ മനോഭാവം

"തന്റെ ജനത്തെ അവരുടെ പാപത്തിൽനിന്നും രക്ഷിക്കുന്ന" ഒരുവനായിട്ടാണ് മത്തായിയുടെ സുവിശേഷാരംഭത്തിൽ യേശുവിനെ ചിത്രീകരിച്ചിരിക്കുന്നത് (1: 21). ഈ പ്രഖ്യാപനത്തിന് യോജിച്ച വിധത്തിൽ മനുഷ്യരുടെ "ധർമ്മബോധ"ത്തിനായുള്ള ആഗ്രഹങ്ങൾക്കനുയോജ്യമായ വിധത്തിൽ (3: 15) അവൻ യോഹന്നാനിൽ നിന്നും മാമ്മോദീസാ സ്വീകരിച്ചു. (3:1-17) കർത്താവിന്റെ കരുണാർദ്രമായ സ്നേഹം സമൂഹത്തിലെ അവഗണിക്കപ്പെട്ടവരിലേക്കു തിരിയുന്നതായി മത്തായിയുടെ സുവിശേഷത്തിൽ പലപ്പോഴും നാം കാണുന്നു. പാപികൾ, രോഗികൾ, വിശക്കുന്നവർ, ദുഃഖിതർ, വ്യഭിചാരികൾ, ചുങ്കക്കാർ, പിശാചു ബാധിതർ, മർദ്ദിതർ, അവഗണിക്കപ്പെട്ടവർ, അടിമകൾ, അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും, ചെറിയവർ, നിസ്സാരർ, ഇസ്രായേലിന്റെ നഷ്ടപ്പെട്ട മക്കൾ-ഇവരെല്ലാം യേശുവിന്റെ കരുണയ്ക്കു പാത്രീഭൂതരായവരാണ്. സമൂഹത്തിന്റെ ഭൂരിഭാഗവും ഉൾക്കൊള്ളുന്ന ഒരു ജനസഞ്ചയത്തെ ഇവർ പ്രതിനിധാനം ചെയ്യുന്നു. താഴേക്കിടയിലുള്ളവർ, സാധാരണക്കാർ, മർദ്ദിതർ, പാപികൾ, എന്നിങ്ങനെ ചിലർ ഇവരെ വിശേഷിപ്പിക്കാറുണ്ട്.

മേൽപ്പറഞ്ഞ ഈ സമൂഹത്തെയാണ് 3:3-ൽ യേശു അഭിസംബോധന ചെയ്യുന്നത്. പഴയനിയമത്തിലെ "ആത്മാവിൽ ദരിദ്രരാ" ണവർ. സാമ്പത്തികവും സാമൂഹികവുമായ വിഷമതകൾ ഉള്ള

ഇവർക്ക് ദൈവം മാത്രമാണ് ശരണം (PS 69: 29-36) കർത്താവിന്റെ അഭിഷിക്തൻ സ്വാതന്ത്ര്യത്തിന്റെ സന്ദേശം പ്രസംഗിച്ചത് അക്കാലത്തെ പാവങ്ങളോടും വേദനയനുഭവിക്കുന്നവരോടുമാണ്. എന്നിരുന്നാലും മത്തായിയുടെ പാവങ്ങൾ എന്ന പദപ്രയോഗം ഭൗതികമായി പാവങ്ങളായവരെയും തങ്ങളെത്തന്നെ സഹായിക്കാൻ കഴിയാത്ത ദൈവത്തിന്റെ കരുണ ആവശ്യമുള്ള ധനവാന്മാരെയും ഉൾക്കൊണ്ടിരുന്നു. പാവങ്ങൾക്കും ബലഹീനർക്കും രോഗശാന്തിയും ഭക്ഷണവും നൽകിയും അവരുടെ പാപങ്ങൾ ക്ഷമിച്ചും കരുണാർദ്രമായി അവരോട് പെരുമാറുന്ന യേശുവിനെയാണ് മത്തായി അവതരിപ്പിക്കുന്നത്.

ഏശയ്യ 42: 1-4-ലെ സഹനദാസന്റെ നീതിദൗത്യവുമായി 12: 15-20-ലെ രോഗശാന്തിയെ ബന്ധിപ്പിച്ചിരിക്കുന്നത് എന്തുകൊണ്ടും മത്തായിയുടെ സുവിശേഷത്തിന് അനുയോജ്യമാണ്.

മത്തായിയെ സംബന്ധിച്ച് കരുണയെന്നത് യേശുവിന്റെ സന്ദേശത്തിലെ ഒരു പ്രധാന ഘടകമാണ്. ഇതുവഴിയാണ് അവിടുന്ന് തന്റെ ദൗത്യം നിർവ്വഹിച്ചത്. യേശു സുവിശേഷ പ്രഭാഷണത്തിനായി ശിഷ്യന്മാരോട് അഭ്യർത്ഥിക്കുന്നിടത്തുപോലും മർദ്ദിതരോട് കരുണാപൂർവ്വം പൊരുമാറി അവർക്ക് നീതി സ്ഥാപിതമാക്കുവാനുള്ള ഒരു വിളി അടങ്ങിയിരിക്കുന്നു (10: 5-8). മനുഷ്യരെ മനുഷ്യരായി കണ്ടെങ്കിൽ മാത്രമേ ഈ കരുണാർദ്ര സ്നേഹം സാദ്ധ്യമാവുകയുള്ളുവെന്ന് യേശു മനസ്സിലാക്കിയിരുന്നു. സഹോദരനുമൊത്ത് പങ്കു വയ്ക്കുകയും സഹിക്കുകയുമെന്നതാണ് ഇതുവഴി നാം അർത്ഥമാക്കുന്നത്. ഈ ഭാഗം ഡിക്കായിയോസൂനേ (ധർമ്മബോധം) എന്ന പദം ഉൾക്കൊള്ളുന്നില്ലെങ്കിലും യേശു പഠിപ്പിച്ച "വലിയ ധർമ്മബോധത്തിന്റെ" ഒരു ഭാഗമാണ് മത്തായി ഉപയോഗിച്ചിരിക്കുന്ന കരുണ എന്ന് നമുക്ക് ഉറപ്പിക്കാം.

സമൂഹത്തിലെ താഴേക്കിടയിലുള്ളവരോടുപോലും ദയകാണിക്കുന്നതുവഴി ഈ പുതിയ ധർമ്മബോധത്തിന്റെ വൈശിഷ്ട്യം വ്യക്തമാക്കുന്ന മറ്റനവധി ഉദാഹരണങ്ങളും മത്തായിയുടെ സുവിശേഷത്തിൽ ഉണ്ട്. നിർദ്ദയനായ ഭൃത്യന്റെ ഉപമ (18:23-35) കരുണാർദ്രമായ ഈ ധർമ്മബോധത്തിനുദാഹരണമാണ്. ക്രിസ്തീയ സമൂഹത്തിലെ ഒരു പിടി ജീവിതനിയന്ത്രണങ്ങൾ പ്രതിപാദിക്കുന്നതിന്റെ അവസാനമാണ് ഈ ഉപമ നമ്മൾ കാണുന്നത്. സമാന്തര സുവിശേഷങ്ങളിലൊന്നിലും ഇതിനു സമാന്തരമായ ഒരു ഭാഗം ഇല്ലതാനും. മറ്റുള്ളവരോട് ക്ഷമകാണിക്കുന്നതിനുള്ള ഒരു അഭ്യർത്ഥനയായി ഇതു കാണുന്നുവെങ്കിലും അടിസ്ഥാനപരമായി കരുണയാൽ വിശിഷ്ടമായ ഒരു ധർമ്മബോധത്തിനുള്ള (18:33) അഭ്യർത്ഥനയാണിത്. മത്തായിയുടെ ദൈവശാസ്ത്രവെളിച്ചത്തിൽ "നീതിമാൻ" എന്നു പറയുന്നത് മറ്റുള്ളവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നവരെയാണ്. കാരണം തങ്ങൾക്ക് മാപ്പു തന്ന കർത്താവുമായുള്ള ഉടമ്പടിയുടെ ബന്ധത്തിലാണ് അവർ ജീവിക്കുന്നത്.





മത്തായി 25:31-46-ൽ വായനക്കാരനായ കർത്താവിന്റെ പീഡാസഹനത്തിനും മരണത്തിനുമപ്പുറം മനുഷ്യപുത്രന്റെ രണ്ടാമത്തെ വരവിലേക്ക് കൊണ്ടുവരുന്നു. ഇവിടെ അവസാനവിധിയിൽ നന്മയും തിന്മയും വേർതിരിക്കപ്പെടുമെന്നുള്ളത് (13:36-43) കളകളുടെ ഉപമയുടെ വ്യാഖ്യാനം നൽകി നമ്മെ അനുസ്മരിപ്പിക്കുന്നു. വിശക്കുന്നവർക്ക് ഭക്ഷണം നൽകി, ദാഹിച്ചവർക്ക് കുടിക്കാൻ നൽകി, പരദേശികളെ സ്വീകരിച്ചു; നഗ്നരെ ഉടുപ്പിച്ചു, രോഗികളെ സഹായിച്ചു, കാരാഗൃഹവാസികളെ സന്ദർശിച്ചു എന്നിവയാണ് ദൈവരാജ്യം അവകാശപ്പെടുത്തുന്നതിന്റെ കാരണങ്ങളായി പറഞ്ഞിരിക്കുന്നത്. ഈ രംഗത്തിന്റെ രണ്ടാം പകുതിയിൽ ഘടന ഒന്നുതന്നെയാണെങ്കിലും അനുഗ്രഹത്തിനു പകരം ശാപമാണ് നാം കാണുന്നത്. രണ്ടാം ഗണത്തിൽപ്പെട്ട ഇവർ ധർമ്മബോധം തങ്ങളിൽനിന്നും ആവശ്യപ്പെടുന്നവ എന്തൊക്കെയാണെന്ന് അറിഞ്ഞിരുന്നു. എന്നാൽ ലോകത്തിൽ എവിടെയാണ് ഈ നിർദ്ദേശങ്ങൾ നിർവ്വഹിക്കേണ്ടത് എന്നു തിരിച്ചറിയാൻ അവർക്ക് കഴിഞ്ഞില്ല. ധർമ്മബോധം എന്താണ് ആവശ്യപ്പെടുന്നതെന്നും അവ എവിടെയാണ് നിർവ്വഹിക്കപ്പെടേണ്ടതെന്നും ക്രിസ്ത്യാനികൾ കണ്ടുപിടിക്കണമെന്നുള്ള ഒരു മുന്നറിയിപ്പാണത്. പഴയനിയമത്തിലേതുപോലെ പാവങ്ങൾ നീതി നിർവ്വഹിക്കുന്നതിനുള്ള ഉരകല്ലായി തീരും.

വിജാതീയർ, കുട്ടികൾ, സ്ത്രീകൾ, എന്നിവരെല്ലാം കർത്താവിന്റെ കരുണാർദ്രമായ പ്രവൃത്തിയിൽനിന്നും ഫലം അനുഭവിച്ചിട്ടുണ്ട് എന്നതു മറ്റു സുവിശേഷങ്ങളിലേതുപോലെ മത്തായിയുടെ സുവിശേഷത്തിലും സൂചിപ്പിച്ചിട്ടുണ്ട് (15:21-28; 9:18-26). യേശുവിന്റെ അനുയായികളിൽ സ്ത്രീകളെയും അവൻ ഉൾപ്പെടുത്തി (26:6-13, 27:56; 28:1) സ്ത്രീകളുടെ താണ നിലയിലുള്ള സ്ഥാനത്തിനെതിരായി ബഹുമാന്യമായ സ്ഥാനങ്ങളിൽ ഈശോ അവരെ പ്രതിഷ്ഠിക്കുന്നതായി മത്തായി അവതരിപ്പിക്കുന്നു. പാപികളോടുള്ള യേശുവിന്റെ സ്നേഹം കാണിക്കുന്ന ഉപമകളും പ്രസ്താവനകളും നമുക്കുണ്ട്. സാർവ്വത്രികത യേശുവിന്റെ സാമൂഹ്യമനോഭാവത്തിന്റെ ശ്രദ്ധേയമായ ഒരു പ്രത്യേകതയായി മത്തായി പരിഗണിക്കുന്നു. വൈവിദ്ധ്യമായ പശ്ചാത്തലമുള്ളവരെ തന്റെ ശിഷ്യഗണത്തിൽ

ഉൾപ്പെടുത്തുന്നതും ധനികരുടെ അതിഥിയായി വിരുന്നിൽ പങ്കെടുത്ത് അവരിലേക്കും തന്റെ കരുണ വ്യാപിപ്പിക്കുന്നവനുമായ ഈശോയെയാണ് മത്തായി നമുക്ക് കാണിച്ചുതരുന്നത് (8:5-13; 9:18-26). തങ്ങളുടെ സ്വത്ത് പാവങ്ങൾക്കായി വിതരണം ചെയ്യുവാൻ ധനികരെയും ഈശോ ക്ഷണിക്കുന്നു.

പാവങ്ങളുടെ പരിതാപകരമായ അവസ്ഥ കണ്ടിട്ടാവണം ഈശോ ധനവാന്മാരോട് അവരുടെ സമ്പത്തു വിതരണം ചെയ്യാൻ ആവശ്യപ്പെടുന്നത്. പാവങ്ങൾ എന്തുകൊണ്ടാണ് പാവങ്ങളായിരിക്കുന്നതെന്നോ, ധനവാന്മാർ അവരെ ചൂഷണം ചെയ്തിരുന്നുവെന്നോ ഒന്നും വ്യക്തമായി ഇവിടെ പറയുന്നില്ല. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള ഈ വലിയ വ്യത്യാസത്തിന് കാരണം സാമൂഹ്യരാഷ്ട്രീയ സാമ്പത്തിക കാരണങ്ങളാണെന്ന് ന്യായമായും നമുക്ക് അനുമാനിക്കാം. പാവങ്ങളെ ചൂഷണം ചെയ്യുന്നതിനെതിരായി ധനവാന്മാർക്കെതിരേ അവരുടെ ജീവിതരീതിക്കെതിരേ ശബ്ദമുയർത്തുന്ന യേശുവിനെയാണ് മത്തായി അവതരിപ്പിക്കുന്നത് എന്ന് ഇതിൽനിന്നും വ്യക്തമാണ്. അഥവാ ധനവാന്മാരോട് യേശു തങ്ങളുടെ സ്വത്തു മറ്റുള്ളവർക്കായി വിതരണം ചെയ്യാൻ ആവശ്യപ്പെടുന്നതും ധനവാന്മാർ സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്ന സാമൂഹ്യ നിലവാരത്തിനെതിരേയുള്ള യേശുവിന്റെ അസംതൃപ്തിയെയാണ് വ്യഞ്ജിപ്പിക്കുന്നത്.

യഥാർത്ഥത്തിൽ യേശുവിന്റെ കാലത്തെ സാമൂഹ്യരാഷ്ട്രീയ സാമ്പത്തിക രംഗങ്ങളിൽ തെറ്റായി ഒന്നും ഇല്ലായിരുന്നുവെങ്കിൽ സമ്പത്തിന്റെ വിതരണത്തെപ്പറ്റി അത്ര ശക്തമായ ഒരു നിലപാട് സ്വീകരിക്കേണ്ട ആവശ്യമില്ലായിരുന്നു. നിയമജ്ഞരുടെയും ഫരിസേയരുടെയും അത്യാർത്തിക്കും പിടിച്ചുപറിക്കുമെതിരേ അവരെ കുറ്റം വിധിക്കുന്ന (23:25) ഈശോയിൽനിന്ന് അവിടുത്തേക്ക് ധനവാന്മാരോടുള്ള മനോഭാവം നമുക്കു മനസ്സിലാക്കാം. ഇതേ നിലപാടുതന്നെ (21:12-13) ദേവാലയ ശുദ്ധീകരണത്തെപ്പറ്റി പ്രതിപാദിക്കുന്നിടത്തും കാണാം (cf Amos 8:4-6). ചുരുക്കത്തിൽ ഒരേസമയം ദൈവത്തേയും സാത്താനേയും സേവിക്കുക വ്യർത്ഥമായിരുക്കുന്നതുപോലെ ലോകത്തിൽ നിക്ഷേപം കൂട്ടിവയ്ക്കുന്നത് വ്യർത്ഥമാണ്. ഇതുവഴി നാം രക്ഷപെടുകയില്ല (6:19-21, 24). ദൈവത്തിന്റെ സൃഷ്ടികളായ മറ്റുള്ളവരെ സഹായിച്ചാൽ മാത്രമേ നമുക്കു ദൈവത്തിന്റെ ദാസന്മാരാകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് മറ്റുള്ളവരോട് നമുക്കുള്ള കരുണാർദ്രമായ സ്നേഹത്തെപ്പറ്റിപ്പറയുന്ന ഭാഗങ്ങൾ (eg. 5:42; 19:16-30; 25:31-36) ഒരു പുതിയ മനുഷ്യബന്ധത്തെയും





അതിൽനിന്നുത്ഭൂതമാകുന്ന പുതിയ ധാർമ്മിക ബോധത്തെയുമാണ് സൂചിപ്പിക്കുന്നത്. എന്നാൽ വസ്തുവകകളുടെ പുനർ വിഭജനം വഴി അസമത്വം ഒഴിവാക്കാൻ സാധിക്കുമെന്ന് ഈശോ വിശ്വസിക്കുന്നതായി കരുതാൻ നമുക്ക് യാതൊരു സൂചനയുമില്ല. എന്നാൽ ഈശോയുടെ ഈ നിലപാട് അവിടുത്തേക്ക് നല്ല ഒരു സാമൂഹ്യപദ്ധതി ഉണ്ടായിരുന്നു എന്നു ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

**ii മത-രാഷ്ട്രീയ നേതാക്കന്മാരോടുള്ള യേശുവിന്റെ മനോഭാവം**

ഇതുപോലെ തന്റെ കാലത്തുണ്ടായിരുന്ന മത-രാഷ്ട്രീയ നേതാക്കന്മാരോടുള്ള ഈശോയുടെ മനോഭാവവും അവിടുത്തെ "ധർമ്മബോധാ"നുശാസനത്തിൽ ചുറ്റിപ്പറ്റി നിൽക്കുന്നു. തന്റെ സഭയിൽ തന്നെ വിവാദങ്ങൾ പ്രതിഫലിപ്പിക്കുന്ന തർക്കങ്ങളുടെ സാഹചര്യത്തിൽ യേശുവിന്റെ പല വാചകങ്ങളും മത്തായി അവതരിപ്പിക്കുന്നു. തെറ്റുകൾ ക്ഷമിക്കുവാനുള്ള യേശുവിന്റെ പ്രഖ്യാപനത്തോടെയാണ് (9:1-8)MK 2:1-12) മത്തായി ആരംഭിക്കുന്നത്. ഈ കഥയിൽ നിയമജ്ഞരേയും ഫരിസേയരേയും വിമർശിക്കുന്ന ഒരുവനായിട്ടാണ് യേശുവിനെ ചിത്രീകരിച്ചിരിക്കുന്നത്. മതനേതാക്കന്മാർ പഠിപ്പിച്ച വിദ്വേഷത്തിനും കർക്കശമനോഭാവത്തിനും പകരം മനുഷ്യബന്ധങ്ങളിലുള്ള മറ്റൊരുനല്ല മാർഗ്ഗമായി ഈശോ പ്രദർശിപ്പിക്കുന്നത് ക്ഷമയും ദയയുമാണ്.

യേശുവിനോടുള്ള ഫരിസേയരുടെ എതിർപ്പിനുള്ള അടിസ്ഥാന കാരണം 12:1-8 മത്തായി അവതരിപ്പിക്കുന്നു. സാബത്തിൽ വയലിലൂടെ യേശുവിനോടൊപ്പം നടന്നുപോയ ശിഷ്യന്മാർ ധാന്യങ്ങൾ പറിച്ചുതിന്നു. ഇതാകട്ടെ സാബത്തിൽ വിലക്കപ്പെട്ട(Ex.34:21) മുപ്പത്തിയൊൻപതു കാര്യങ്ങളിൽ ഉൾപ്പെട്ടതുമായിരുന്നു. (M Sabbeth vii. 2) ഇക്കാരണത്താൽ ശിഷ്യന്മാരെപ്രതി യേശുവിനെ ചോദ്യം ചെയ്ത ഫരിസേയരോട് മാനുഷികാവശ്യങ്ങളുടെപേരിൽ ചില സാഹചര്യങ്ങളിൽ സാബത്തു നിയന്ത്രണം അവഗണിക്കാമെന്ന് 1Sam 21:1-6ന്റെ വെളിച്ചത്തിൽ യേശു പറയുന്നു. ഈ സംഭവത്തിനു സമാനമായത് Mk.2:23-28 ലും Lk.6:1-11 ലും നാം കാണുന്നുണ്ടെങ്കിലും മത്തായി 12:5-7ൽ കാണുന്ന കാര്യങ്ങൾ മറ്റിടങ്ങളിൽ നല്കാത്തതിനാൽ മത്തായിയുടെ ഈ വിവരണം പ്രത്യേകതയർഹിക്കുന്നു.

കൈ ശോഷിച്ച മനുഷ്യനെ സുഖപ്പെടുത്തുന്നിടത്ത് (12:9-14) ഈശോക്കെതിരെ ചോദ്യം തൊടുത്തുവിടുന്നതിന് കാരണം മതപരമായ ഒന്നാണ്. എന്തുകൊണ്ടെന്നാൽ ഇത് നിയമത്തെയാണ്

ബാധിക്കുന്നത്. ഫരിസേയരുടെ കാപട്യം തുറന്നുകാണിക്കുവാൻ മുൻകൈയെടുക്കുന്ന ഈ സംഭാഷണത്തിന് മത്തായിയുടെ വിവരണരൂപത്തിൽ പ്രാധാന്യം നൽകിയിരിക്കുന്നു. മതകർമ്മങ്ങളെക്കാൾ (ബലിയേക്കാൾ) സജീവമായ കരുണയാണ് താൻ ആഗ്രഹിക്കുന്നതെന്ന് ഈ സംഭവത്തിലൂടെ ഈശോ വരച്ചു കാണിക്കുന്നു. കാരണം ദൈവത്തിന്റെ ഇഷ്ടം അടങ്ങിയിരിക്കുന്നത് ഫലരഹിതമായ ഭക്തിയേക്കാൾ കൂടുതൽ മനുഷ്യന്റെ നന്മയിലാണ്.

പൂർവ്വികരുടെ നിയമത്തെ സംബന്ധിച്ച് യേശു ഫരിസേയരും നിയമജ്ഞരുമായി നടത്തുന്ന സംവാദമാണ് മത്തായി 15:1-20ൽ അവതരിപ്പിക്കുന്നത്. മതനേതാക്കന്മാർ എങ്ങനെ മോശയുടെ നിയമത്തേക്കാൾ തങ്ങളുടെ നിയമങ്ങൾക്കു പ്രാധാന്യം നൽകുവാൻ അനുവദിച്ചു എന്നു കാണിക്കുവാൻ "വഴിപാടിനെ"പ്പറ്റി പ്രതിപാദിക്കുന്ന വിവരണം ഈശോ ഇവിടെ ഉപയോഗിക്കുന്നു. ഒരുവനിൽനിന്നു തന്റെ മാതാപിതാക്കൾക്കു ന്യായമായി ലഭിക്കേണ്ട സംരക്ഷണത്തുക താൻ അത് വഴിപാടായി ദൈവാലയത്തിലേയ്ക്കു നൽകി എന്നു പറഞ്ഞാൽ അയാളെ ആ കർത്തവ്യത്തിൽനിന്നും ഒഴിവാക്കുന്നതായിരുന്നു ആ നിയമം. Mt. 4:6ൽ മാതാപിതാക്കന്മാരോട് പുത്രന്മാർക്കുള്ള ഉത്തരവാദിത്വം മറികടക്കാനാവാത്ത ഏതെങ്കിലും പ്രതിജ്ഞയിൽ സംഗ്രഹിച്ച് അധീനമാക്കുന്ന പ്രവണതയെ യേശു നിശ്ശേഷം തള്ളിക്കളയുന്നു. അനുഷ്ഠാനപ്രധാനമായ അനുസരണത്തേക്കാൾ മനുഷ്യരുടെ ആവശ്യങ്ങൾക്കും താല്പര്യങ്ങൾക്കും പ്രാധാന്യം കൊടുക്കുന്ന ഈശോയുടെ പഠനത്തിന് അടിവരയിടുകയാണിവിടെ.

യേശുവിന് മതനേതാക്കന്മാരോടുള്ള വിമർശനമനോഭാവം 23-ാം അധ്യായം ആകുമ്പോഴേയ്ക്കും അതിന്റെ അത്യുച്ചകോടിയിലെത്തുന്നു. ഇവിടെ അവർക്കെതിരേയുള്ള ഏഴു ശാപങ്ങൾ നാം കാണുന്നു. പ്രത്യേകിച്ചും ഫരിസേയരുടെ അനീതിക്കും നിർദ്ദയത്വത്തിനും അവിശ്വാസത്തിനുമെതിരേ (23:29). ഇതാകട്ടെ നാം കണ്ട എല്ലാ സംഭവങ്ങളിലും ദൃശ്യമാണ്.

യേശുവിന് രാഷ്ട്രീയ നേതാക്കന്മാരോടുള്ള മനോഭാവവും ഇതിൽനിന്നും ഒട്ടും വ്യത്യസ്തമല്ല. തീർച്ചയായും രാഷ്ട്രീയനേതാക്കന്മാരുടെ സ്വേച്ഛാധിപത്യത്തെപ്പറ്റി ഈശോ ബോധവാനായിരുന്നു. യേശുവിന്റെ പ്രവർത്തനമേഖലയായിരുന്ന ഗലീലിയുടെ ഭരണകർത്താവായ അന്തിപ്പാസിനെയാണ് മത്തായിയുടെ സുവിശേഷത്തിൽ പ്രധാനമായിട്ടവതരിപ്പിച്ചിരിക്കുന്നത്. മത്തായിയുടെ സുവിശേഷത്തിൽ ഹേറോദേസ് അന്തിപ്പാസാണ്, സ്നാപകയോഹ





ന്നാനെ ജയിലിലടച്ചതും ശിരച്ഛേദം ചെയ്തതും (19:1-12). മിക്കവാറും യേശുവിന്റെ പഠനങ്ങളേയും പ്രവൃത്തികളേയുംപറ്റി ഹേറോദേസ് കേട്ടിട്ടുണ്ടാകണം. തത്ഫലമായി അദ്ദേഹത്തിന്റെ അലസമായ മനഃസാക്ഷിയിൽ താൻ കൊന്ന സ്നാപകയോഹന്നാൻ ഉയിർത്തതാണോ യേശു എന്ന ഭയമുളവായി. യോഹന്നാന്റെ മരണത്തെപ്പറ്റിയറിഞ്ഞ യേശു തന്റെ ജീവിതത്തിനെതിരേയുള്ള ഭീഷണിയെപ്പറ്റി ബോധവാനായി വളരെയകലെയുള്ള പ്രദേശങ്ങളിലേയ്ക്ക് പിൻവാങ്ങി അവിടെ തന്റെ പ്രവർത്തനം തുടർന്നു.

14:1-12 ഭാഗത്ത് യേശുവിനെപ്പറ്റിയും രാഷ്ട്രീയനേതാക്കന്മാരെപ്പറ്റിയുമുള്ള ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. യേശുവിനെക്കുറിച്ചുള്ള ഹേറോദേസിന്റെ പ്രതികരണം 12:1-2ൽ മത്തായി അവതരിപ്പിച്ചിരിക്കുന്നു. ഇതുപോലെ യോഹന്നാന്റെ മരണത്തെപ്പറ്റി യേശു അറിയുകയും സാഹചര്യത്തിന്റെ അപകടനില മനസ്സിലാക്കി അവിടെനിന്നു രക്ഷപെടുകയും ചെയ്യുന്നതായും മത്തായി അവതരിപ്പിക്കുന്നു. (14:13). യോഹന്നാനെ കണ്ടിരുന്നതുപോലെതന്നെയാണ് യേശുവിനെയും ഹേറോദേസ് കണ്ടിരുന്നത്. അതിനാൽ തന്റെ ജീവന് സുരക്ഷിതത്വമില്ലാത്തതിനാലാണ് യേശു അപ്രകാരം ചെയ്തത് എന്ന് നാം പറഞ്ഞേക്കാം. എന്നാൽ യേശുവിനെതിരേ ഹേറോദേസ് നടപടിയെടുത്തേക്കാം എന്ന ഭീഷണി നിലനിന്നിട്ടും തന്റെ പ്രവർത്തനത്തിൽ യേശു യാതൊരു മാറ്റവും വരുത്തിയില്ല എന്നു മത്തായി പറയുന്നു. തൽഫലമായി ഹേറോദേസ് ജീവൻ നശിപ്പിച്ചപ്പോൾ യേശു അവയെ നേടിയെടുക്കുന്നതിന്റെ തിരക്കിലായിരുന്നു (14:13-14).

Lk.13:31-33ൽ, കാണുന്നതുപോലെ "ആ കുറുക്കൻ" എന്നൊന്നും മത്തായി ഹേറോദേസിനെ വിളിക്കുന്നില്ല. എങ്കിലും യേശുവിന്റെ നിശബ്ദതയും അവിടെനിന്നുള്ള പിൻമാറ്റവും രോഗികളോടുള്ള ദയയും ഹേറോദേസിനോടുള്ള വെറുപ്പിന്റെ പ്രകടനമാണ്. ഹേറോദേസിന്റെ നഗ്നമായ അധികാരപ്രയോഗത്തോട് ഒരു വിധത്തിലും യേശു യോജിക്കുന്നില്ല. പ്രത്യുത അവയോട് അവജ്ഞയും വെറുപ്പും പ്രകടിപ്പിക്കുന്ന യേശുവിനെയാണ് മത്തായി ചിത്രീകരിക്കുന്നത്.

അപരിഷ്കൃതവും അനുകമ്പയില്ലാത്തതുമായ ഈ അധികാരപ്രയോഗത്തെ മറ്റൊരുവിധത്തിൽ അവതരിപ്പിക്കുകയാണ് മത്തായി 20:20-28. ഇവിടെ വിജാതീയ പ്രമാണിമാരെ അവരുടെ ജനങ്ങളുടെ മേൽ യജമാനത്വം പുലർത്തുന്നതിനെ ശപിക്കുന്ന യേശു തന്റെ ശിഷ്യന്മാരോട് സ്നേഹത്തിലും സേവനത്തിലും പൂർണ്ണത കണ്ടെ

ത്തുന്ന ഒരു അധികാരപ്രയോഗം ഉപദേശിക്കുകയാണ്. ഈ ഭാഗം താഴ്ന്നജാതിക്കാരുടെമേൽ അധികാരവർഗ്ഗം നടത്തിയ ഏകാധിപത്യവും ഉന്മത്തതയും പ്രതിഫലിപ്പിക്കുന്നതോടൊപ്പം സമകാലീനരാഷ്ട്രീയ ശക്തികളുടെമേലുള്ള അതിരൂക്ഷമായ ഒരു വിമർശനം കൂടിയാണ്.

നികുതി കൊടുക്കുന്നതിനെപ്പറ്റി പ്രതിപാദിക്കുന്നിടത്ത് യേശു റോമാ സാമ്രാജ്യത്തെയും ദൈവത്തെയും രണ്ടു സത്യങ്ങളായി അംഗീകരിക്കുന്നതായി മത്തായി അവതരിപ്പിക്കുന്നു. വളരെയധികം വിവാദങ്ങൾക്കു കാരണമായ ഒരു ഭാഗമാണിത്. ഇവിടെ രണ്ടു വ്യത്യസ്തലങ്ങളെയല്ല യേശു അംഗീകരിക്കുന്നത്. പ്രത്യുത, സീസറിനോടുള്ള കടമ ദൈവത്തോടുള്ള കടപ്പാടിനെ അതിലംഘിക്കരുത്, എന്നു സൂചിപ്പിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഇങ്ങനെയുള്ള കടമകൾ പരിമിതവും ആപേക്ഷികവുമാണ്. എന്നാൽ രാഷ്ട്രത്തെ സംബന്ധിച്ച് പരിശുദ്ധമായതൊന്നും അതിലടങ്ങിയിട്ടില്ലാത്തതിനാൽ രാഷ്ട്രത്തെക്കുറിച്ചുള്ള ഒരു വിമർശനം കൂടിയാണിത്. പീലാത്തോസ് യേശുവിന്റെ നിരപരാധിത്വം അംഗീകരിച്ചിട്ടും അദ്ദേഹത്തിന്റെ ബോദ്ധ്യത്തിനെതിരായി പ്രവർത്തിച്ചതിനാൽ പീഡാനുഭവവിവരണത്തിന്റെ അവസരത്തിൽപ്പോലും സ്വേച്ഛാധിപത്യ ഗവൺമെന്റിനെതിരായി മത്തായി വിമർശനം നടത്തുന്നു. യേശു വ്യാഖ്യാനിച്ച വിധത്തിൽ ദൈവികനിയമത്തെ സാമൂഹ്യരീതികളുമായി വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. ഇപ്രകാരം മത്താ. 22:21ലെ "സീസറിന്റേത് സീസറിനും ദൈവത്തിന്റേത് ദൈവത്തിനും"എന്ന യേശുവിന്റെ പ്രസ്താവന പ്രത്യക്ഷത്തിൽ രാഷ്ട്രീയാധികാരത്തിനുള്ള അംഗീകാരമാണെങ്കിലും പരോക്ഷമായി ഇതിനെതിരേയുള്ള ഒരു വിമർശനത്തെയാണ് പ്രസ്പഷ്ടമാക്കുന്നത്.

ചുരുക്കത്തിൽ മുകളിൽ പറഞ്ഞ ഭാഗങ്ങളിലൊന്നിലും ധാർമ്മികബോധം എന്ന വാക്കേ ഉപയോഗിച്ചിട്ടില്ല. എന്നാൽ ഈ ആശയത്തിനു യോജിച്ച വിധത്തിൽ ഈശോയുടെ വാക്കുകളെ മത്തായി അവതരിപ്പിക്കുന്നതു നാം കണ്ടു മനസ്സിലാക്കണം. പാവങ്ങളോട് വലിയ കാരുണ്യം കാണിക്കുന്നതിനായി അവരുടെ രോഗങ്ങൾ സുഖപ്പെടുത്തുന്നു, ഭക്ഷണം നൽകുന്നു, പാപങ്ങൾ ക്ഷമിക്കുന്നു, അവരോട് ബന്ധപ്പെടുന്നു. മാത്രമല്ല അവരുടെ ശ്രേയസ്സിനായി ധനവാന്മാരുടെ സ്വത്തുക്കൾ പുനർവിതരണം നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ഇതുവഴി പാവങ്ങളോട് യേശുവിനുള്ള വലിയ കാരുണ്യഭാവം മത്തായി അവതരിപ്പിക്കുന്നു. കർത്താവു വെളിപ്പെടുത്തിയതും പുനർവ്യാഖ്യാനം നടത്തിയതുമായ ദൈവ





തിരുമനസ്സിനെതിരായിരുന്നു യഹൂദമതനേതാക്കന്മാർ പിൻതുടർന്ന ധാർമ്മികബോധം എന്നതിനാൽ യേശു അവരെ രൂക്ഷമായി വിമർശിച്ചു. ഇവിടെയെല്ലാം ജനങ്ങളുടെ മതരാഷ്ട്രീയ കാര്യങ്ങളോട് പരിഗണനയില്ലാത്ത ഒരാളായിട്ടല്ല പ്രത്യുത അവയുടെ വിമർശനങ്ങൾവഴി കൂടുതൽ ഉൾക്കാഴ്ച ഉണ്ടാക്കുകയും അങ്ങനെ അവയെ വിശകലനം ചെയ്യുവാൻ സഹായിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയായിട്ടാണ് മത്തായി യേശുവിനെ ചിത്രീകരിക്കുന്നത്. പൊതുവായി പറഞ്ഞാൽ യേശു ഉപയോഗിച്ച ഉദാഹരണങ്ങൾ അവർക്കു പ്രതീക്ഷ നൽകുക മാത്രമല്ല ചെയ്തത്, പ്രത്യുത വ്യക്തികൾ എന്ന നിലയിൽ അവർക്കുള്ള സ്ഥാനത്തെ ഉറപ്പിക്കുക കൂടി ചെയ്തു. ഇതിനെല്ലാമുപരി പൊതുവായ വീക്ഷണത്തിൽ യേശുവിന്റെ രാഷ്ട്രീയാധികാരികൾക്കും മതനേതാക്കന്മാർക്കും എതിരായുള്ള വിമർശനം ദൈവത്തിനു പാപികളോടും പാവങ്ങളോടുമുള്ള സ്നേഹത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കേണ്ടതും ദൈവരാജ്യത്തെ ലക്ഷ്യം വച്ചുള്ളതുമായിരുന്നു.

മത്തായി എഴുതിയ കാലഘട്ടത്തിലെ സാമൂഹ്യ സാമ്പത്തിക-രാഷ്ട്രീയ സാഹചര്യങ്ങളെ പ്രതിഫലിപ്പിക്കുന്ന തലത്തിലാണ്, യേശുവിന്റെ പഠനങ്ങളെ മത്തായി അവതരിപ്പിച്ചിരിക്കുന്നത് എന്ന വസ്തുത കണക്കിലെടുക്കുന്നതും പ്രസക്തമാണ്. A.D. 30-നും 70നു മിടക്കുള്ള ആദിമക്രിസ്ത്യാനികളുടെ സാഹചര്യങ്ങളുമായി ശ്രദ്ധേയമായ വ്യത്യാസം മത്തായിയുടെ സുവിശേഷത്തിൽ പ്രതിഫലിക്കുന്നുണ്ട്. സമകാലീന ലോകത്തിൽ അന്തർലീനമായിരുന്ന മൂല്യങ്ങൾക്കെതിരേ യേശു ഉയർത്തിയ വെല്ലുവിളി അതിൽനിന്നുള്ള രണ്ടു വികാസങ്ങളിലേയ്ക്കു തുറന്നിരിക്കുന്നു. ലോകത്തെയും അതിലുള്ള എല്ലാത്തിനെയും ഉപേക്ഷിക്കുന്ന, അവയോട് എതിർപ്പുളവാക്കുന്നതാണ് ഒന്ന്. നീരസത്താൽ നയിക്കപ്പെട്ട നിഷേധാത്മകമായ ഒരു മനോഭാവമാണിത്-ഈ അവസരത്തിൽ ലോകത്തിൽനിന്നുള്ള പിൻവാങ്ങലല്ല പ്രത്യുത അതിനോടുള്ള ഇടപഴകലും സമർപ്പണവുമാണ് വേണ്ടത്. ലോകത്തോടുള്ള ഈ ഇടപഴകലാണ് ധർമ്മബോധത്തെപ്പറ്റിയുള്ള ആശയത്തിൽ പ്രകടമായിരിക്കുന്നത്. ഈ ലോകവും വരുവാനിരിക്കുന്ന ലോകവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മത്തായി സംശയിക്കുന്നില്ല. അതിനാൽ മത്തായിയുടെ സുവിശേഷത്തിൽ ധർമ്മബോധത്തിന്റെ ആവശ്യകത ലക്ഷ്യംവച്ചിരിക്കുന്നത് ഇവ രണ്ടിലേയ്ക്കുമാണ്. (6:9-13; 5:35; 11:25; 16:19; 18:14; 28:18 etc.)ചുരുക്കത്തിൽ അദ്ദേഹത്തിന്റെ ധാർമ്മികലക്ഷ്യം ഈ ലോകവും വരുവാനിരിക്കുന്ന രാജ്യവുമാണ്. അതിനാൽ നാമിവിടെ ചെയ്യുന്ന പ്രവൃത്തികളാണ് വരുവാനിരിക്കുന്ന ലോകത്തി

ലുള്ള നമ്മുടെ പ്രവേശനത്തെയോ തിരസ്ക്കരണത്തെയോ തീരുമാനിക്കുന്നത് (5:20; 6:33). എങ്ങനെ ആയിരുന്നാലും ഈ ലോകമാണ് ക്രിസ്തീയ അനുസരണത്തിന്റെ യഥാർത്ഥ മേഖലയെന്ന് അദ്ദേഹത്തിനു ബോദ്ധ്യം ഉണ്ടായിരുന്നു. അങ്ങനെയെങ്കിൽ എന്തെല്ലാമാണ് മത്തായിയുടെ സുവിശേഷത്തിൽ ധർമ്മബോധത്തിന്റെ ആവശ്യകതകൊണ്ട് വിവക്ഷിച്ചിരിക്കുന്നത്?

### നിഗമനങ്ങൾ

ധർമ്മബോധത്തിൽനിന്നും ഉരുത്തിരിയുന്ന പ്രധാനപ്പെട്ട ആശയങ്ങളിൽ ഒന്ന്, അത് മനുഷ്യജീവന്റെ മൂല്യത്തിനും മനുഷ്യമഹത്വത്തിനും തെളിവു നൽകുന്നു എന്നതാണ്. ഈശോ ഒരു വിപ്ലവകാരിയല്ലെങ്കിൽ അവിടുത്തെ ഈ പ്രത്യേക നിലപാടിന് ഇത്തരം ഒരു വിശദീകരണത്തിന്റെ ആവശ്യമുണ്ട്. പുരുഷമേധാവിത്വത്തിന്റെ കാലഘട്ടത്തിൽ സ്ത്രീകൾക്ക് അംഗീകാരം ലഭിക്കുന്ന ഒരു പദവിയിലേക്ക് അവരെ ഉയർത്തിയത് ഇതിന് ഒരു ഉദാഹരണമാണ്. ഈ സന്ദർഭത്തിൽതന്നെ മറ്റുള്ളവരെ താഴ്ന്നവരായി കാണുന്ന തന്റെ ജനത്തിന്റെ ദുരഭിമാനം നിറഞ്ഞ പ്രത്യയശാസ്ത്രങ്ങളെ ഛിന്നഭിന്നമാക്കുന്ന ഈശോയെയാണ് മത്തായി ചിത്രീകരിച്ചിരിക്കുന്നത്. അതിലുപരി വളരെ വ്യക്തമായി പലയിടത്തും മോശയുടെ പാവനനിയമങ്ങളെ ചോദ്യം ചെയ്യുന്ന ഈശോയെക്കാണാം. അവയ്ക്കുപകരം തനിമയുള്ള മനുഷ്യബന്ധങ്ങളെ ദൈവത്തിന്റെ ആഗ്രഹമായി ചിത്രീകരിച്ചിരിക്കുന്നു. അതിനുശേഷം, സ്നേഹം ദൈവപരിപാലനയിൽ ഉറച്ചിരിക്കുന്നതുകൊണ്ട് ശത്രുക്കളെ സ്നേഹിക്കണമെന്ന് കല്പിക്കുകയും ചെയ്യുന്നു. ഇവ കൂടാതെ പാവങ്ങളോടുള്ള ഈശോയുടെ അനുകമ്പയും, പരസ്പരം പൊറുക്കണമെന്ന അവിടുത്തെ പ്രബോധനവും, പലരുടെ മോചനദ്രവ്യമായി അവിടുന്ന് നൽകിയ ജീവനും പരിഗണിച്ചാൽ അവ മനുഷ്യന്റെ മൂല്യത്തെ വ്യക്തമാക്കുന്നതായി കാണാം. ഓഫീസുകളിൽനിന്ന് ജനങ്ങൾക്കുണ്ടാകുന്ന മോശമായ പെരുമാറ്റങ്ങൾ, കൂലി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്കുണ്ടാകുന്ന അപമാനങ്ങൾ ദ്രോഹബുദ്ധിയും വിദ്വേഷവും കൈമുതലാക്കിയിരിക്കുന്ന രാഷ്ട്രീയരംഗങ്ങൾ എല്ലാം നാം ഇനിയും വളരെയേറെ പ്രതീക്ഷിക്കേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നു. നമ്മുടെ സ്നേഹം രാഷ്ട്രീയ ജീവിതത്തെ വിശുദ്ധീകരിക്കുന്നു; സമൂഹങ്ങളെ ഉറപ്പിക്കുന്നു, മനുഷ്യവ്യക്തികളുടെ മഹാതാല്പര്യത്തെ എടുത്തുകാണിക്കുന്നു.

മനുഷ്യവ്യക്തിയുടെ (മൂല്യത്തിലുള്ള) വിശ്വാസവും അവന്റെ ക്ഷേമത്തിലുള്ള താല്പര്യവും മനുഷ്യന്റെ അടിസ്ഥാന ആവശ്യ





ങ്ങളിലേക്ക് ഒരുവന്റെ ശ്രദ്ധ തിരിക്കുന്നു. മനുഷ്യകുലത്തിന്റെ സ്രഷ്ടാവായ ദൈവത്തിൽനിന്നാണ് ഈ ആവശ്യങ്ങൾ ഉത്ഭവിക്കുന്നത്. ഈ ആശയത്തിന്റെ ഉറവിടം അടിച്ചമർത്തപ്പെട്ട് ദരിദ്രരായിത്തീർന്ന ഇസ്രായേൽക്കാരിൽനിന്നും വ്യക്തമാണ്. തങ്ങളുടെ വേദനയിലും തങ്ങൾക്കുണ്ടാകുന്ന അവഗണനകളിലും അവർ ദൈവത്തെ വിളിച്ചപേക്ഷിച്ചപ്പോൾ അവരുടെ മർദ്ദകരായ ഈജിപ്തുകാരെ അവിടുന്ന് ശിക്ഷിച്ചു. ദൈവമക്കളായതുകൊണ്ട് നാം മറ്റുള്ളവരുടെ അവകാശങ്ങൾ അംഗീകരിച്ചു കൊടുക്കേണ്ടതായിട്ടുണ്ട് (5:44-48; 6,9). കടമകളുടെ ഒരു പട്ടിക നമുക്കില്ലെങ്കിലും സമൂഹത്തിലെ മറ്റ് അംഗങ്ങളുടെ അവകാശമായ ധർമ്മബോധത്തിന്റെ ആവശ്യകത മത്തായി വ്യക്തമാക്കുന്നുണ്ട്. ജീവിതവിശുദ്ധി, നിയമത്തിനു മുമ്പിലുള്ള തുല്യത, ഭക്ഷണം, വസ്ത്രം, പാർപ്പിടം, വൈദ്യസഹായം എന്നീ പ്രാഥമികാവശ്യങ്ങൾക്കുള്ള അവകാശം, ധനത്തിന്റെയോ വെറെന്തിന്റെയെങ്കിലും അടിമകളാകാതിരിക്കാനുള്ള ദൈവദാസന്റെ അവകാശം, അനിയന്ത്രിതമായ അധികാരവിനിയോഗത്തിൽനിന്നും സ്വതന്ത്രമാകാനുള്ള അവകാശം ഇവ ധർമ്മബോധത്തിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു. ഇവ ദൈവത്തിന്റെ പരമാധികാരത്തെ എതിർക്കുന്നില്ല, മറിച്ച് മാനുഷികാവശ്യങ്ങളോടുള്ള ബഹുമാനം ദൈവത്തിന്റെ പിതൃത്വത്തെയും പരമാധികാരത്തെയും ബഹുമാനിക്കുന്നു എന്നതിന്റെ സൂചനയാണ്. മാനുഷിക അവകാശങ്ങളുടെ ദാതാവും, സംരക്ഷകനും അവിടുന്നായതുകൊണ്ട് മനുഷ്യകുലത്തിനു നേരേയുള്ള അവിടുത്തെ അധികാരം അംഗീകരിക്കുന്നിടത്തോളം കാലം ഇവയെ ചുമതലകളായി തന്നെ നാം മനസ്സിലാക്കണം. മത്തായിയുടെ സുവിശേഷത്തിൽ സമൂഹത്തിന്റെ അടിസ്ഥാനമായി നിൽക്കുന്ന നീതി നിലനിർത്തുവാൻ ആവശ്യമുള്ള അനുഷ്ഠാനവിധികൾ ധർമ്മബോധം എന്ന ആശയത്തിൽ അടങ്ങിയിരിക്കുന്നത് കാണാം. ഓരോ ക്രിസ്ത്യാനിയുടേയും അവകാശങ്ങൾ തന്റെ സഹോദരൻ തന്നിൽനിന്ന് ആവശ്യപ്പെടുന്ന കാര്യങ്ങളിൽ വ്യക്തമാകുന്നു. അവനെ സ്നേഹിക്കുന്നതു വഴിയായും സംരക്ഷിക്കുന്നതുവഴിയായും ദൈവത്തെ അനുസരിക്കുന്നു എന്നതാണ് ഈശോയുടെ പ്രബോധനത്തിന്റെ ചുരുക്കം. കാരണം മനുഷ്യസമൂഹത്തിന്റെ സ്നേഹം വഴിതെറ്റുന്നു. ധർമ്മബോധം ആവശ്യപ്പെടുന്ന മാനുഷികാവശ്യങ്ങളുടെ സംരക്ഷണത്തിനും ഉപരി സ്നേഹത്തിനും ഘടനാപരമായ മാറ്റങ്ങൾ നമ്മിൽ ഉണ്ടായേ തീരൂ. അതിന് മനസ്താപവും ക്ഷമയും അത്യന്താപേക്ഷിതമാണ്.

സമൂലം നവീകരിക്കപ്പെട്ട സാമൂഹിക ബന്ധങ്ങളുടെ ആവശ്യകത വ്യക്തമാക്കുന്ന, പ്രത്യേകിച്ചും ഈശോയുടെ സാമൂഹികമ

നോഭാവം വ്യക്തമാക്കുന്ന ഭാഗങ്ങൾ മത്തായിയുടെ സുവിശേഷ ത്തിൽ കാണാം. മാനുഷിക ബന്ധങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്ന ധർമ്മബോധം എന്ന ആശയ ത്തിൽ ഉൾക്കൊണ്ടിരിക്കുന്ന ദൂരവ്യാപകങ്ങളായ അനേകം നിർദ്ദേ ശങ്ങൾ അതിൽ ഉണ്ട്. ശിഷ്യത്വത്തിന്റെ പൂർണ്ണമായ ഒരു വീക്ഷണം ഇവിടെ നൽകിയിരിക്കുന്നത് ഈശോയുടെ പ്രബോധനങ്ങളും പ്രവർത്തനരീതികളും തന്റെ പിൻഗാമികൾ സ്വായത്തമാക്കുന്നതി നാണ്. അനുകമ്പയ്ക്കും എളിമയ്ക്കും സേവനത്തിനും ഊന്നൽകൊ ടുക്കുന്ന ഈശോയെ ചിത്രീകരിച്ചിരിക്കുന്നത് ഈ ഉദ്ദേശ്യത്തോ ടെയാണ്. ഈ നിലപാട് ഗൗരവമായി എടുത്താൽ, സമർപ്പിതസേ വനത്തിലും, ദയയിലും, ക്ഷമയിലും, സത്യസന്ധതയിലും, എളിമ യിലും നിലയുറപ്പിച്ച സാമൂഹ്യബന്ധങ്ങളിലെ നവീന മാതൃക കൾക്കുവേണ്ടിയുള്ള ഈശോയുടെ വിളി ശ്രവിച്ചാൽ ഇന്ന് നില വിലിരിക്കുന്ന സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക മേഖലകളിൽ വ്യാപകമായ മാറ്റം വരുത്താൻ സാധിക്കും. അങ്ങനെ വന്നാൽ ഉയർന്ന തോതിലുള്ള അഴിമതി, ഭരണവൈകല്യം, വ്യവസായിക സമരം, കുടുംബത്തകർച്ച, വർഗ്ഗീയ വിദ്വേഷം സമൂഹത്തിന്റെ ഉള്ളി ലുള്ളതും സമൂഹങ്ങൾ തമ്മിലുള്ളതുമായ വഴക്കുകൾ, സാമൂഹ്യ ബന്ധങ്ങളിലുള്ള സങ്കുചിതത്വം എന്നിവയൊക്കെ അവസാനിക്കും. ചുരുക്കിപ്പറഞ്ഞാൽ ധർമ്മബോധത്തിൽ അധിഷ്ഠിതമാണ് നല്ല മാനു ഷിക ബന്ധങ്ങൾ. ഇതില്ലാതെ സമാധാനമോ, വികസനമോ സമൂ ഹത്തിന് നേടാൻ സാധിക്കുകയില്ല. പുതിയ രീതിയിലുള്ള സാമൂ ഹിക ബന്ധങ്ങളുടെ സംസ്ഥാപനം ക്രിസ്തുവിന്റെ പിൻഗാമികൾ തങ്ങളുടെ ദൈവികമായ കടമയായി കരുതണം. ഇന്നത്തെ സാമൂ ഹ്യപ്രശ്നങ്ങൾക്കെല്ലാം പരിഹാരം ഉണ്ടാക്കാൻ സാധിക്കാത്ത തിന്റെ പേരിൽ നാം ശിക്ഷിക്കപ്പെടുകയില്ല. എന്നാൽ ഇക്കാര്യ ത്തിൽ നാം യാതൊരു താല്പര്യവും കാണിക്കാതെ നിന്നാൽ നാം ശിക്ഷക്കർഹരായിരിക്കും.

ഇപ്പറഞ്ഞതിന്റെ സാരം ധർമ്മബോധത്തെപ്പറ്റിയുള്ള ഉൾക്കാ ഴ്ചയുടെ വെളിച്ചത്തിൽ സമ്പത്തും വിഭവങ്ങളും വിതരണം ചെയ്യേ ണ്ടതിന്റെ ആവശ്യകത വളരെ വലുതാണ് എന്നു വ്യക്തമാക്കുന്നു. ധനത്തെ തള്ളിപ്പറയുന്ന ഈശോയെയല്ല മത്തായി ചിത്രീകരിച്ചി രിക്കുന്നത്. മറിച്ച് സമൂഹത്തിലെ ആനുകൂല്യങ്ങൾ കുറച്ചു ലഭിക്കു ന്നവർക്കു സമ്പത്തു വിതരണം ചെയ്യാൻ ആവശ്യപ്പെടുന്ന ഈശോ യെയാണ്. പാവപ്പെട്ടവർക്ക് ഭക്ഷണം, വസ്ത്രം, പാർപ്പിടം, വൈദ്യ സഹായം ഇവയെല്ലാം വേണം. സ്വർഗ്ഗരാജ്യത്തിലെ അനന്തനിക്ഷേ പവുമായി (13:44-46) തട്ടിച്ചുനോക്കുമ്പോൾ ധനത്തെയും ദൈവ





ത്തെയും ഒരുമിച്ച് സേവിക്കുവാൻ സാധ്യമല്ല എന്നതും (6:19-21, 24) ലോകത്തിൽ നിക്ഷേപങ്ങൾ സൂക്ഷിക്കുന്നത് മൗഢ്യമാണ് എന്നതും ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല (19:12f) എന്നതും അത്ര നിസ്സാരമായിക്കാണരുത്. ലോകത്തിൽ കർത്താ വിന്റെ സേവകരാകുന്നത് അവിടുത്തെ സൃഷ്ടികൾക്ക് ശുശ്രൂഷ ചെയ്യുന്നതിലൂടെയാണ്. ഒരാളിൽ കുന്നുകൂടിയിരിക്കുന്ന ധനം ഒന്നു കിൽ മറ്റുള്ളവർക്ക് ഇല്ലാത്തതുകൊണ്ടാകാം; അല്ലെങ്കിൽ പാവപ്പെ ട്ടവരോടുള്ള അനുകമ്പയുടെ കുറവുകൊണ്ടാവാം; അല്ലെങ്കിൽ സമ്പത്ത് പങ്കിടാത്തതുകൊണ്ടാകാം. ഇനി അതുമല്ലെങ്കിൽ പാവ പ്പെട്ടവരെ ചൂഷണം ചെയ്യുന്നതുകൊണ്ടാകാം. 19:21ൽ കാണുന്ന തുപോലെ ആദിമക്രിസ്ത്യാനികൾ ധനത്തിന്റെ കാര്യത്തിൽ ദൈവത്തെ ആശ്രയിച്ചിരുന്നു എന്ന വസ്തുത പലരും മറക്കുന്നു. ആദ്യനൂറ്റാണ്ടുകളിൽ ക്രിസ്തുമത പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്ന വർക്ക് ധനവിനിയോഗത്തിന്റെ കാര്യത്തിൽ വെല്ലുവിളികൾ നേരി ടേണ്ടിയിരുന്നു. ധനപരമായ കാര്യങ്ങൾക്ക് പ്രത്യേകമായി സംവി ധാനങ്ങൾ ഇല്ലായിരുന്നെങ്കിലും തല്ക്കാലനിവൃത്തിക്കു എന്തെ ങ്കിലും പദ്ധതി ഉണ്ടായിരുന്നു എന്നുവേണം കരുതാൻ. ഇതിൽനിന്നു വരുന്നത്, മറ്റുള്ളവരിൽനിന്നു ചൂഷണം നടത്താതെ ലളിത ജീവിതശൈലി സ്വീകരിക്കണമെന്നുള്ളതാണ്. ഈ പ്രബോ ധനം മത്തായിയുടെ സമൂഹത്തെ ഉറപ്പിക്കുകയും സ്വന്തമെന്ന ബോധത്തോടൊപ്പം കൂട്ടായ്മയുടെ ചൈതന്യം അവരിൽ നിറക്കു കയും ചെയ്തു. ഇത് ആദിമക്രിസ്ത്യാനികളുടെ ഒരു പ്രത്യേകതയാ യിരുന്നു. ധനത്തെപ്പറ്റിയുള്ള പ്രഥമ പ്രതിപാദനത്തിന്റെ കാർക്കശ്യം (eg. 19:2ff) കുറച്ചു എന്നുള്ളതു ആ പ്രബോധനത്തിന്റെ ശാശ്വത മായ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. ധനത്തെപ്പറ്റിയുള്ള ക്രിസ്ത്വാ നുയായിയുടെ നിലപാട് ഇന്നത്തെ സാഹചര്യവുമായി യോജിച്ചു പോകുകയില്ല. ഇന്നത്തെ നിലയനുസരിച്ചു ദശാംശം കൊടുക്കു ന്നതും (23:23) ധർമ്മദാനം (6:1) കൊടുക്കുന്നതും പാവപ്പെട്ടവരുടെ ആവശ്യങ്ങൾക്കു മതിയാകും. പാവപ്പെട്ടവരോടുള്ള ഔദാര്യം മാത്രം പോര (23:23) അവരെ അവഗണിക്കരുത് എന്നു പറയുന്ന ക്രിസ്തു വിനെയാണ് മത്തായി ചിത്രീകരിക്കുന്നത്. പുനർവിതരണത്തെപ്പറ്റി പറഞ്ഞിരിക്കുന്ന തുടർന്നു വരുന്ന ഭാഗങ്ങളിൽ അതിനുശേഷം എന്തു ചെയ്യണം എന്ന് പറഞ്ഞിട്ടില്ല. മത്തായിയുടെ സുവിശേഷ ത്തിൽ മാത്രം കാണുന്ന മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയിൽ (20:1-16) തോട്ടത്തിന്റെ ഉടമ താൻ വിളിച്ചവർക്കെല്ലാം ജോലി നൽകുന്നതും ഉടനെതന്നെ പ്രതിഫലം നൽകുന്നതും കാണുന്നു. ഈ കാഴ്ചപ്പാടിനുവേണ്ട പ്രാധാന്യം നാം നൽകേണ്ട

താണ്. കൂടാതെ സ്വത്ത് ന്യായമായി സമ്പാദിക്കാനുള്ള മാർഗ്ഗങ്ങൾ, തൊഴിലവസരം നൽകൽ, കൂലി ഉടനെ കൊടുക്കൽ, ആവശ്യമായ ക്ഷേമപ്രവർത്തനങ്ങൾ എന്നിവ പുനർവിതരണത്തിൽ അടങ്ങിയിരിക്കുന്നു. പുതിയ ധർമ്മബോധത്തിനനുസരിച്ചുള്ള ഇത്തരത്തിലുള്ള പുനർവിതരണം ഇന്നത്തേതുപോലെ ആദിമസഭയിൽ സങ്കല്പത്തിലൊതുങ്ങിനിൽക്കുന്ന ഒരാശയമായിരുന്നില്ല. വ്യാവസായികസമരങ്ങൾക്കും, കവർച്ചക്കും, രക്തവിപ്ലവത്തിനും കാരണം ദാരിദ്ര്യവും വലിയ തോതിലുള്ള തൊഴിലില്ലായ്മയും കൂലികൊടുക്കാനുള്ള അനാസ്ഥയും ദരിദ്രരും ധനികരും തമ്മിലുള്ള വിടവുമാണ്. ഇവയൊക്കെ ഇല്ലാതാക്കണം. ഈ ഉൾക്കാഴ്ചയാണ് മത്തായിയുടെ സുവിശേഷത്തിൽനിന്ന് നമുക്കു ലഭിക്കുക.

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന നാലു നിഗമനങ്ങളുടേയും പ്രായോഗിക കടമ ക്രിസ്ത്യാനികളുടെ ഇന്നത്തെ രാഷ്ട്രീയ പങ്കാളിത്തത്തെ ആശ്രയിച്ചിരിക്കുന്നു. മത്തായിയുടെ കാലത്തെ ക്രൈസ്തവർ ലോകവുമായി ഇടചേർന്നുകൊണ്ട് ഒരു സ്വാധീനം വരുത്തി. ഈശോ ഒരു രാഷ്ട്രീയചേരിയിലും അംഗമായിരുന്നില്ല. തന്റെ അനുഗാമികൾ അങ്ങനെ ചെയ്യണമെന്ന് പറഞ്ഞില്ലെങ്കിലും അവിടുത്തേക്ക് രാഷ്ട്രീയത്തെപ്പറ്റിയും രാജ്യത്തെപ്പറ്റിയും വ്യക്തമായ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു. മത്തായി കുറ്റം യഹൂദരിലാണ് ചുമത്തിയിരിക്കുന്നതെങ്കിലും അവിടുത്തെ മരണശിക്ഷക്ക് വിധിക്കാനുണ്ടായ കാരണം രാഷ്ട്രീയപരമായിരുന്നു. നികുതികൊടുക്കുന്ന സംഭവത്തിൽ രാഷ്ട്രവും ദൈവവും തമ്മിലുള്ള ബന്ധത്തെ അംഗീകരിക്കുന്ന ഈശോയെയാണ് നാം മത്തായിയുടെ സുവിശേഷത്തിൽ കാണുക. എന്നാൽ ഈ അംഗീകാരത്തിൽത്തന്നെ വിമർശനത്തിന്റെ ധ്വനിയുണ്ട്. 20:20–28 ലാകട്ടെ രാഷ്ട്രത്തെ നേരിട്ട് വിമർശിക്കുന്ന ഈശോയെയാണ് നാം കാണുക. മത്തായിയുടെ സുവിശേഷത്തിൽ ഈശോ രാഷ്ട്രത്തിന്റെ പരമപവിത്രതയെപ്പറ്റി പറയുന്നില്ല (20:25). അതുകൊണ്ട് രാഷ്ട്രമുണ്ടാക്കുന്ന സാമൂഹിക, രാഷ്ട്രീയ, സാമ്പത്തികസ്ഥിതികൾ ദൈവത്തിന്റെ ഇഷ്ടമായി കണക്കാക്കാൻ പാടില്ല. ക്രിസ്തുമതവിശ്വാസികൾക്ക് രാഷ്ട്രീയത്തിൽ പങ്കെടുക്കാവുന്ന സ്ഥിതിയിലാണ് ഇന്ന്. എന്നാൽ ഈശോയുടെയും ശിഷ്യരുടെയും കാലം അത് ആയിരുന്നില്ല. അക്കാലത്തെ അതിപ്രധാന ദൗത്യം ദൈവരാജ്യപ്രഘോഷണമായിരുന്നു. എ.ഡി. 66–70 ലെ സിലോട്ടിക്ക് ഉയർച്ചയുടെ (തീവ്രവാദചിന്ത) പരാജയവുമായി ബന്ധപ്പെട്ട രാഷ്ട്രീയപരമായ അസ്വാസ്ഥ്യത്തിന്റെ കാലവുമായിരുന്നത്. എന്നാൽ ഇന്ന് ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്ക് രാഷ്ട്രീയ നിശ്ചയങ്ങളിൽ സ്വാധീനം ഉണ്ടാകേണ്ടതിനായി





ക്രിസ്ത്യാനികൾ സജീവ രാഷ്ട്രീയത്തിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ പ്രവർത്തിച്ചാൽ സ്വയം സംരക്ഷിക്കാൻ കഴിവില്ലാത്ത (11:4–5, 23:23, 25:31–46) സാധുക്കളുടെ വ്യക്തിസ്വാതന്ത്ര്യത്തെയും മാഹാത്മ്യത്തെയും കാക്കുവാൻ സാധിക്കും. അതുപോലെ മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ, തുല്യാവസരങ്ങൾ, തൊഴിൽ, വസ്തുവിന്റെയും ജീവന്റെയും സംരക്ഷണം എന്നിവയിലൊക്കെ ശ്രദ്ധിക്കാൻ സാധിക്കും. ക്രിസ്തീയവിശ്വാസം സജീവമായതുകൊണ്ട് വിമർശനം മാത്രം പോരാ, നേരിട്ട് രാഷ്ട്രീയത്തിൽ ഇടപെടുകയും ചെയ്യണം. ഇക്കാര്യം സുവിശേഷത്തിൽ വ്യക്തമായി പറഞ്ഞിട്ടില്ലെങ്കിലും നേരിട്ടുള്ള സ്വഭാവം ഇതിന് കൈവരുന്നുണ്ട്. ദൈവത്തിന്റെ തിരുമനസ്സ് ഭൂമിയിലുമാകണമേ എന്ന് പ്രാർത്ഥിക്കുന്നത് ശരിതന്നെ (6:10). എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം കണ്ടുപിടിക്കുക ക്രിസ്ത്യാനിയുടെ ലക്ഷ്യമല്ലെങ്കിലും അവയിൽ ശ്രദ്ധയും താല്പര്യവും കാണിക്കേണ്ടതായിട്ടുണ്ട്. പലരും വിചാരിക്കുന്നത് ക്രിസ്തുമതം തികച്ചും വ്യക്തിപരമായ ഒരു കാര്യമായതുകൊണ്ട് നിഷ്പക്ഷമായി നിൽക്കുന്നതാണ് ക്രിസ്ത്യാനികൾക്ക് നല്ലത് എന്നാണ്. ക്രിസ്തീയതക്ക് സാമൂഹികമായ പരിണിതഫലങ്ങളുണ്ട്. അതുകൊണ്ട് അനീതി നിലനില്ക്കുമ്പോൾ അതിനെ എതിർക്കാതിരിക്കുക എന്നത് മർദ്ദകരെ പിന്തുണയ്ക്കുന്നതിന് തുല്യമാണ്. ഇപ്പോൾ പറഞ്ഞ ആശയത്തിന്റെ സാമൂഹിക ധ്വനികളുടെ അവഗണനയാണ്. ദൈവരാജ്യം എന്ന ആശയത്തിലടങ്ങിയിരിക്കുന്ന സാമൂഹ്യനീതിക്കുവേണ്ടിയുള്ള പ്രയാണം ഏതൊരു സമൂഹത്തിനും പ്രതീക്ഷയ്ക്ക് വകനൽകുന്നതാണ്. ഈ പ്രീതിയിൽ പങ്കുചേരുക അല്ലെങ്കിൽ സത്യാന്വേഷണത്തിൽ പങ്കാളികളാവുക എന്നത് ഒരു ക്രിസ്തീയ ഉത്തരവാദിത്വമാണ്. കൂടാതെ സഹാനുഭൂതിയുള്ള ഒരു സമൂഹം സൃഷ്ടിക്കണമെന്നാഗ്രഹിക്കുന്ന എല്ലാവരുടേയും ഉത്തരവാദിത്വവും ആണിത്. കാന്റർബറിയിലെ മുൻ ആർച്ച് ബിഷപ്പായിരുന്ന ബിഷപ്പ് മൈക്കിൾ റാംസെ "സാമൂഹ്യമനഃസ്സാക്ഷിയില്ലാത്ത ദൈവാരാധന വിഗ്രഹാരാധനയാണ്" എന്ന് ശക്തമായിപ്പറഞ്ഞപ്പോൾ ഈ നിലപാടിനെ പിന്താങ്ങുകയാണ്.

അവസാനമായി കപ്പം കൊടുക്കുന്ന സംഭവം മത്തായി പ്രതിപാദിച്ചിരിക്കുന്നത് ഒരുവിധത്തിൽ പറഞ്ഞാൽ രാഷ്ട്രത്തോടുള്ള വിശ്വസ്തതയിൽ ഈശോ യാഥാസ്ഥിതിക മനോഭാവം പുലർത്തി എന്നു കാണിക്കാനാണ്. ലോകത്തിന്റെ ശക്തിയെ നീതീകരിക്കുകയോ, തള്ളിപ്പറയുകയോ, ചെയ്യുന്നില്ല അവിടുന്ന്. ദൈവത്തിന്റെ ഭാഗം സൂചിപ്പിക്കുന്ന "എന്നാൽ" എന്ന പ്രയോഗം ലോകത്തിന്റെ പരമാധികാരത്തെ ഇല്ലാതാക്കുന്നു (22:21). മത്തായി ഈ കഥ നില

നിർത്താൻ കാരണമുണ്ട്. ഒന്നുകിൽ രാഷ്ട്രത്തോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കാൻ അന്നത്തെ ക്രിസ്ത്യാനികൾ മടികാണിച്ചിരുന്നു. അല്ലെങ്കിൽ റോമൻ ഭരണത്തിൽ അവർ പീഡനം സഹിച്ചിരുന്നതുകൊണ്ട് രാഷ്ട്രത്തോട് ഉണ്ടായ എതിർ നിലപാടിനെ തടയാനായി ഈ പ്രബോധനം ആവശ്യമായിരുന്നു. ഈശോ നികുതി നേരിട്ട് കൊടുത്തോ എന്ന് ഈ സംഭവം വ്യക്തമാക്കുന്നില്ലായിരിക്കാം. എന്നാൽ നികുതിയിൽനിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കരുത് എന്ന് ഇവിടെ വ്യക്തമാണ്. ജനങ്ങളുടെ നന്മയ്ക്കുവേണ്ടിയുള്ള ഭരണവും മറ്റ് പൊതുപരിപാടികളും നടക്കുന്നതിന് ഇത്തരം സഹായം ആവശ്യമാണ്.

മത്തായിയുടെ സുവിശേഷത്തിലെ ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്ക് ബഹുഭൂരിപക്ഷം പണ്ഡിതന്മാരും ഒരു സാമൂഹികപ്രസക്തി നൽകുന്നതായി കാണുന്നില്ല. ഈ വാദത്തിനെതിരായി പലരും നില്ക്കുന്നുണ്ടെങ്കിലും ധൈര്യത്തോടെ ഇതിനെ ഉറപ്പിച്ചു പറയുന്നവർ ചുരുക്കം ചിലരേ ഉള്ളൂ.

ഈശോയുടെ രാഷ്ട്രീയം (Politics of Jesus [1972])എന്ന തന്റെ പുസ്തകത്തിൽ യോഡെർ ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്ക് സാമൂഹികമാനങ്ങൾ പലരും കണ്ടെത്താത്തതിന് ആറ് കാരണങ്ങൾ നൽകുന്നുണ്ട്. അവയിൽ ഉൾപ്പെടാത്ത ഏറ്റവും പ്രധാനപ്പെട്ട വാദം ക്രിസ്തുവിന്റെ കാലവും ഇന്നത്തെ വലിയ വിടവിനെപ്പറ്റിയുമുള്ളതാണ്. ഭൂരിപക്ഷം പേരുണ്ടാക്കിയ സന്നിഗ്ദ്ധാവസ്ഥയും ഇത് കൈകാര്യം ചെയ്യുന്നതിലെ ഉൽക്കണ്ഠയും എ.ഇ. ഹൾവിയെ ഈയിടെ പുറത്തിറക്കിയ 'ഈശോയും ചരിത്രബന്ധനങ്ങളും' (Jesus and the Constaints of History [1982]) എന്ന പുസ്തകത്തിൽ ഇക്കാര്യത്തെ സ്പഷ്ടമാക്കുകയും ചെയ്യാൻ പ്രേരിപ്പിച്ചിട്ടുണ്ട് എന്ന് തോന്നുന്നു.

വർത്തമാനകാലത്തെ മനുഷ്യപ്രയത്നങ്ങൾക്ക് അർത്ഥം നൽകാൻവേണ്ടി രൂപപ്പെടുത്തിയിട്ടുള്ള അംഗീകാരം ലഭിച്ച ഒരു ഭാഷാശൈലിയാണ് യുഗാന്ത്യബോധസങ്കല്പം എന്നാണ് "ഈശോയും കാലവും" എന്ന ആദ്യഅധ്യായത്തിൽ ചർച്ചചെയ്യുന്നത്. നിർണ്ണായകമായ ഭാവിയുടെ വെളിച്ചത്തിൽ വർത്തമാനകാലത്തിന് അർത്ഥം കൊടുക്കുന്ന ഈ ധാരണ (ആശയം) നമ്മുടെ സമകാലീനചരിത്രത്തിന് അന്യമല്ല. മനുഷ്യചരിത്രത്തിന് ഭീഷണിയായി നില്ക്കുന്ന രണ്ട് വസ്തുതകളെ അദ്ദേഹം എടുത്തു കാണിക്കുന്നു: അണുയുദ്ധവും ജീവനാശത്തിന് കാരണമാകാവുന്ന പരിസരമലിനീകരണവും. പ്രവർത്തനശാസ്ത്രത്തിലെ (Thermodynamics) രണ്ടാം നിയമം വളരെക്കാലംമുമ്പുതന്നെ ഭൂമിക്ക് ജീവനെ അനന്തകാലത്തേക്ക് സംരക്ഷിക്കാൻ സാധിക്കില്ല എന്ന യാഥാർത്ഥ്യം വെളിപ്പെടുത്തിയിട്ടുണ്ട്. ഈ കാര്യം അദ്ദേഹം എടുത്തുകാണിക്കുന്നു. മനുഷ്യന്റെ നിശ്ചയത്തിൽനിന്നും തെറ്റുകളിൽനിന്നും ഈ ആപത്തുകൾ ഉണ്ടാകും. സമൂഹത്തിലും അതിലെ നേതാക്കന്മാരിലും വലിയ ഒരു മാറ്റം ഉണ്ടായെങ്കിലേ അത് ഒഴിവാക്കാനാകൂ. ഇശോയുടെ കാലത്തും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഇതുതന്നെയാണ് പറഞ്ഞിരുന്നത്. ലോകത്തിന്മേലുള്ള ദൈവത്തിന്റെ വിധി മാറ്റണമെങ്കിൽ മനസ്താപം പുതിയ ധർമ്മബോധത്തിനായുള്ള ശ്രമവും വേണ്ടിയിരിക്കുന്നു. കാലയളവ് ചെറുതാണ്. എന്നാൽ ഇക്കാര്യം മനുഷ്യന്റെ ധാർമ്മിക തെരഞ്ഞെടുപ്പിനെ ആശ്രയിച്ചിരിക്കും. സമീപഭാവിയിൽ വാഗ്ദാനം ചെയ്തിരിക്കുന്ന സമൂലപരിവർത്തനവിധേയമായ മനുഷ്യന്റെ സ്ഥിതിയിലുള്ള ഊന്നലാണ് നൂറ്റാണ്ടുകളായി ക്രിസ്തുമതത്തിന് ശക്തിയും സ്വാധീനവും നൽകിയതെന്ന് ഗാർവി ചൂണ്ടിക്കാണിക്കുന്നു. ഉടനെ നടപ്പാക്കേണ്ടതും സമൂലമായ പരിവർത്തനത്തിന് വിധേയമാകേണ്ട, മനുഷ്യസ്വഭാവത്തെപ്പറ്റിയുള്ള ആശയമാണ് ക്രിസ്തുവിന്റെ സന്ദേശങ്ങളിലെ ഏറ്റം പ്രധാനപ്പെട്ട ഘടകങ്ങളിലൊന്ന്. ഇതൊരിക്കലും പ്രാകൃതമോ, കാലഹരണപ്പെട്ടതോ, മിഥ്യയായി തള്ളിക്കളയേണ്ടതോ ആയ ഒരാശയമല്ല.

എല്ലാ സുവിശേഷങ്ങളിലും വ്യക്തമായിരിക്കുന്നതുപോലെ ദൈവരാജ്യത്തെപ്പറ്റിയുള്ള ആശയങ്ങളിൽ അവിടുന്ന് തന്റെ സമകാലീനരിൽനിന്ന് വളരെയേറെ മാറിനിന്നിരുന്നു എന്നത് ശ്രദ്ധേയമാണ്. ഈശോ ഈ വിഷയത്തിൽനിന്ന്, ദേശീയവും, സൈനികവും അനുഷ്ഠാനപ്രധാനവുമായ മാനങ്ങളൊക്കെ നീക്കിക്കളഞ്ഞു. ആ പദത്തിന്റെ ഉൾക്കാമ്പ് നിലനിർത്തിക്കൊണ്ട് അതിന് ഒരു പുതിയ പശ്ചാത്തലവും, പുതിയ ഉള്ളടക്കവും നൽകി. അതനുസരിച്ച് ദൈവരാജ്യം സമാഗതമാകുമ്പോൾ മനുഷ്യരുടെ ഉള്ളിലുള്ള ആഗ്രഹങ്ങളെ സഫലീകരിച്ചുകൊണ്ട് അവിടുത്തെ ഭരണം സംസ്ഥാപിതമാകും. മത്തായി മനസ്സിലാക്കിയിരിക്കുന്നതുപോലെ ഈ പ്രതീക്ഷ, അനുകമ്പ, സൗമ്യപ്പെടുത്തൽ, ക്ഷമ, സന്തോഷം, സേവനം, വിശ്വസ്തത, സമ്പത്തിന്റെ വിതരണം മുതലായ ആശയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഈശോ രോഗികൾക്കും, പാവങ്ങൾക്കും, മർദ്ദിതർക്കുംവേണ്ടിയുള്ള ശുശ്രൂഷയുടെ സന്ദർഭത്തിലാണ് ദൈവരാജ്യത്തിന്റെ സാമീപ്യത്തെപ്പറ്റി പറഞ്ഞിരിക്കുന്നത്. ഇത്തരം ആശയങ്ങളുടെ പ്രഘോഷണത്തിൽനിന്നാണ് സുവിശേഷത്തിന്റെ അവസാനത്തിൽ കാണുന്നതുപോലെ ഈശോ

തന്റെ ശിഷ്യൻമാരെ, ദുഷിച്ചതും വഴിപിഴച്ചതുമായ തലമുറയുടെ പക്കലേക്കു ആനയിക്കുന്നത്.

മത്തായി ചിത്രീകരിച്ചിരിക്കുന്ന ദൈവരാജ്യപ്രഘോഷണത്തിന്റെ പ്രാധാന്യം ദൈവരാജ്യം സമാഗതമാകുന്നതെന്നാണ്, അല്ലെങ്കിൽ ലോകം അവസാനിക്കുന്നത് എന്നാണ് എന്ന വസ്തുത ഈശോ വെളിവാക്കിയിട്ടില്ല എന്നതത്രേ (24:36, 25:13). അതിനുപകരം അവിടുന്നു ദൈവരാജ്യസംസ്ഥാപനത്തിന്റെ ആവശ്യകതക്കും കടമകളുടെ നിർവഹണത്തിനുമുള്ള അർപ്പണത്തിനും പ്രാധാന്യം കൊടുക്കുന്നു. ഈ നിലപാടുകൾ ശരിയാണെങ്കിൽ ഈശോയുടെ ധാർമ്മിക പ്രബോധനങ്ങൾക്കെല്ലാം ശാശ്വതമായ, എല്ലാ തലമുറകളേയും എല്ലാ മനുഷ്യബന്ധങ്ങളെയും ബാധിക്കുന്ന സ്വഭാവം ഉണ്ട്. ഇതിന്റെ അർത്ഥം മുൻപറഞ്ഞ പണ്ഡിതന്മാർ മിക്കവരും ഈശോയുടെ സന്ദേശത്തിന്റെ ചലനാത്മകമായ അന്തഃസത്തകൾക്ക് പ്രാധാന്യം കൊടുക്കാതെ അപ്രധാനകാര്യങ്ങൾക്ക് പ്രാധാന്യംകൊടുത്തു എന്നതാണ്.

ചുരുക്കത്തിൽ, ദൈവരാജ്യം മനുഷ്യനെ ലോക യാഥാർത്ഥ്യങ്ങളിലേക്കും ദൈവത്തിന്റെ ലോകത്തിൽനിന്നുള്ള അവകാശങ്ങളിലേക്കും നയിക്കുന്നു. വരാൻപോകുന്ന ആ രാജ്യത്തോടുള്ള വിശ്വസ്തത ഇപ്പോഴുള്ളതിന് പുതിയ ഒരു മാനംകൊടുക്കുകയാണ്. അങ്ങനെ, ഇപ്പോഴുള്ളതു വെറുതെ കാത്തുനിൽക്കാനുള്ള സ്ഥലമല്ലാതായിത്തീരുകയും മറിച്ച് സമ്പൂർണ്ണ പരിവർത്തനവിധേയമായ ഭാവിയിലേയ്ക്കുള്ള മാറ്റത്തിന് വിധേയമായിത്തീരുകയും ചെയ്യുന്നു. ഭാവിയെപ്പറ്റിയുള്ള കർത്താവിന്റെ പ്രബോധനത്തിന്റെ വെളിച്ചത്തിലും അവയുടെ സുവിശേഷകൻ വിശദീകരിച്ചിരിക്കുന്ന ഇപ്പോഴത്തെ സൂചനകളിലും വ്യക്തമാക്കിയ സാധ്യതകൾ ഇന്നിനെ മാറ്റിമറിക്കുന്നു. ക്രിസ്തുവിന്റെ ആ പ്രബോധനങ്ങൾക്ക് ഉള്ള മൗലികമായ അനശ്വരതയാണ് സുവിശേഷകരുടെ കാലത്തെപ്പോലെ ഇന്നും അവർക്ക് അർത്ഥവും വ്യാപ്തിയും കൊടുക്കുന്നത്.

സ്വന്തം സമൂഹത്തിനുവേണ്ടി സുവിശേഷകന്മാർ തങ്ങളുടെ സുവിശേഷങ്ങൾക്ക് തനതായ ദൈവശാസ്ത്രസ്വഭാവം നൽകി എന്നത് ഈശോയുടെ സന്ദേശത്തിന്റെ അനശ്വരതയെ എടുത്തു കാട്ടുന്നു. സുവിശേഷകന്മാർ വർണ്ണിച്ചിരിക്കുന്ന ഈശോയുടെ സന്ദേശങ്ങളിൽ കാണുന്ന "കാലാന്ത്യവും" "സാംസ്കാരികബന്ധന"ങ്ങളും നാം മനസ്സിലാക്കുമ്പോൾ മാനുഷിക പ്രശ്നങ്ങൾ എന്നും നിലനിൽക്കും എന്നത് ഒരു വസ്തുതയാണ്. ഒരുപക്ഷേ ചിലതു മറ്റു രൂപങ്ങളിൽ പ്രത്യക്ഷപ്പെടുകയോ ചുരുക്കമായി ഇല്ലാ





താവുകയോ ചെയ്യാനും സാധ്യതയുണ്ട്. അങ്ങനെ വരുമ്പോൾ പശ്ചാത്തലം മാറുന്നുണ്ട് എന്നാൽ അന്തസത്തയിൽ മാറ്റം വരുന്നില്ല.

ചുരുക്കത്തിൽ, മത്തായിയുടെ സുവിശേഷത്തിൽ കാണുന്ന ധർമ്മബോധത്തെപ്പറ്റിയുള്ള ക്രിസ്തുവിന്റെ പ്രബോധനം ക്രിസ്തീയ ജീവിതത്തെ അതിന്റെ പരിപൂർണ്ണ വ്യാപ്തിയിൽ സൂചിപ്പിക്കുന്നു എന്നു പറയാം. വർത്തമാനകാലവും ഭാവിയിലേക്ക് നീങ്ങുന്നതുകൊണ്ട് ഇന്നു ചെയ്യുന്ന ധർമ്മപ്രവൃത്തികൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ സഹായിക്കുന്നു എന്ന് വ്യക്തമാക്കുന്നു. തദനുസരണം താഴെ പറയുന്ന ആറ് സാമൂഹിക നിഗമനങ്ങൾ ഉരുത്തിരിയുകയാണ്: മനുഷ്യജീവന്റെ വിലയിലുള്ള ബോധ്യം, മനുഷ്യ അവകാശങ്ങളുടെ സംരക്ഷണം, പുതിയരീതിയിലുള്ള മനുഷ്യബന്ധത്തിനായുള്ള പ്രവൃത്തികൾ, സമ്പത്തിന്റെ പുനർവിതരണം, രാഷ്ട്രീയ കർത്തവ്യങ്ങൾ എന്നിവയാണ്.

(ബൈബിൾ ഭാഷ്യം, വാല്യം 17, ലക്കം 1, മാർച്ച് 1988)

05

# യുഗാന്ത്യദർശനം – വി. മത്തായിയുടെ സുവിശേഷത്തിൽ

ബൈബിളിലെ യുഗാന്ത്യദർശനം തീർത്തും സങ്കീർണ്ണമാണ്. ഈ വിഷയത്തിന്റെ വിവിധവശങ്ങൾ പഴയനിയമത്തിലെ ഏതാനും ഗ്രന്ഥങ്ങളിലും സുവിശേഷങ്ങളിലും പുതിയനിയമത്തിലെ മറ്റു ഗ്രന്ഥങ്ങളിലുമായി വ്യാപിച്ചുകിടക്കുന്നു. ക്രിസ്തുവിന്റെ സാന്നിധ്യത്താൽ ഭൂമിയിൽ സമാഗതമായ സ്വർഗ്ഗരാജ്യത്തിന്റെ അന്ത്യഘട്ടത്തെക്കുറിച്ചും മനുഷ്യന്റെ തുടർന്നുള്ള സ്ഥിതിവിശേഷത്തെക്കുറിച്ചും സാമാന്യം വ്യാപകമായി മത്തായിയുടെ സുവിശേഷത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. യുഗാന്ത്യത്തിൽ മനുഷ്യപുത്രൻ ആഗതനാകുന്നതും അപ്പോൾ മനുഷ്യനും പ്രപഞ്ചത്തിനും സംഭവിക്കുന്ന മാറ്റങ്ങളുമാണ് മത്തായിയുടെ സുവിശേഷത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളത്. ഈ രണ്ടു കാര്യങ്ങളെക്കുറിച്ചുള്ള ഒരു ചുരുങ്ങിയ വിവരണമാണ് ഈ ലേഖനത്തിൽ ഉദ്ദേശിച്ചിട്ടുള്ളത്.

മനുഷ്യപുത്രന്റെ ആഗമനവും പുതിയയുഗത്തിന്റെ സ്വഭാവവും വളരെയേറെ പ്രശ്നങ്ങൾ ഉന്നയിക്കുന്നുണ്ട്. മനുഷ്യപുത്രന്റെ ആഗമനം എപ്പോൾ സംഭവിക്കും? ഇക്കാര്യത്തിൽ ക്രിസ്തുതന്നെ തെറ്റിദ്ധാര





ണകൾക്കധീനനായിരുന്നില്ലേ? തന്റെതന്നെ തലമുറയിൽ മനുഷ്യപുത്രൻ ആഗതനാകും എന്ന് അവിടുന്ന് വിശ്വസിച്ചിരുന്നില്ലേ? നിത്യരക്ഷ, നിത്യശിക്ഷ എന്നീ പദങ്ങളുടെ അർത്ഥമെന്താണ്? യുഗാന്ത്യം മനുഷ്യനെ മാത്രമോ, അതോ സൃഷ്ടപ്രപഞ്ചത്തെ ഒന്നായും ബാധിക്കുമോ? രണ്ട് പ്രധാന ശീർഷകങ്ങളുടെ കീഴിലാണ് ഈ വിഷയം ഇവിടെ കൈകാര്യം ചെയ്യുന്നത്. 1. മനുഷ്യപുത്രന്റെ ആഗമനം എപ്പോൾ? 2. യുഗാന്ത്യത്തിൽ മനുഷ്യനും പ്രപഞ്ചത്തിനും എന്തു സംഭവിക്കും?

### 1) മനുഷ്യപുത്രന്റെ ആഗമനം എപ്പോൾ സംഭവിക്കും?

മനുഷ്യപുത്രന്റെ ആഗമനസമയത്തെ സൂചിപ്പിക്കുന്ന വചനങ്ങളെ രണ്ടു വിഭാഗങ്ങളായി തിരിക്കാം: മനുഷ്യപുത്രന്റെ ആഗമനം ആസന്നമെന്നു സൂചിപ്പിക്കുന്നവയും, അത് എപ്പോൾ സംഭവിക്കും എന്നതിനെപ്പറ്റി യാതൊന്നും അറിഞ്ഞുകൂടാ എന്നു പറയുന്നവയും.

a) ആഗമനം ആസന്നമെന്നു സൂചിപ്പിക്കുന്ന വചനങ്ങൾ”

മത്തായി 10:23: “മനുഷ്യപുത്രന്റെ ആഗമനത്തിനുമുമ്പ് നിങ്ങൾ ഇസ്രായേൽ ഗോത്രത്തിലെ നഗരങ്ങളെല്ലാം സഞ്ചരിച്ചുതീരുകയില്ലെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.”

16:28: “മനുഷ്യപുത്രൻ തന്റെ രാജകീയ പ്രാഭവത്തോടെ വരുന്നത് കാണുന്നതുവരെ മരിക്കയില്ലാത്ത ചിലർ ഇവിടെ നില്ക്കുന്നുണ്ടെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.”

24:34: “ഇവയെല്ലാം സംഭവിക്കുന്നതുവരെ ഈ തലമുറ കടന്നുപോകയില്ലെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.”

യേശുവിന്റെ സമകാലികരുടെയിടയിൽ നിലവിലുള്ള യുഗാന്ത്യം ആസന്നമെന്ന ചിന്താഗതി ആദിമക്രൈസ്തവരിലും കടന്നുകൂടുന്നതിന് ഈ വാക്യങ്ങൾ കാരണമായിട്ടുണ്ട്. യേശുവിന്റെ കാലത്തുതന്നെ യുഗാന്ത്യവും മനുഷ്യപുത്രന്റെ ആഗമനവും ഉണ്ടാകുമെന്നു യേശുതന്നെ വിശ്വസിച്ചിരുന്നു എന്ന നിഗമനത്തിൽ പല പണ്ഡിതന്മാരും എത്തിച്ചേരുന്നു? എന്നാൽ ഈ വാക്യങ്ങളുടെ അർത്ഥം അവ യേശു ഉദ്ധരിച്ച സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതുണ്ട്.

b) മനുഷ്യപുത്രന്റെ ആഗമനസമയം അജ്ഞാതമാണെന്നു സൂചിപ്പിക്കുന്ന വചനങ്ങൾ

മത്താ 24:36: “പിതാവിനല്ലാതെ മറ്റാർക്കും, സ്വർഗ്ഗത്തിലെ ദൂതന്മാർക്കോ, പുത്രനോപോലും ആ ദിവസവും സമയവും അറിഞ്ഞുകൂടാ.”

24:43: "കള്ളൻ ഏതു സമയത്താണ് വരുന്നതെന്ന് ഗൃഹനാഥന് അറിയാമെങ്കിൽ അയാൾ തീർച്ചയായും ഉണർന്നിരിക്കും; ഭവന ഭേദനം ചെയ്യാൻ അവനെ അനുവദിക്കുകയുമില്ല. ഇതു നിങ്ങൾക്കു അറിയാമല്ലോ? "

24:44: "അതുപോലെ നിങ്ങളും തയ്യാറായിരിക്കണം. എന്തെന്നാൽ നിങ്ങൾ പ്രതീക്ഷിക്കാത്ത സമയത്തായിരിക്കും മനുഷ്യപുത്രൻ വരുന്നത്.

25:13: "ആകയാൽ ജാഗരൂകരായിരിക്കുവിൻ. എന്തെന്നാൽ ആ ദിവ സമേതെന്നോ മണിക്കൂറേതെന്നോ നിങ്ങൾക്കു നിശ്ചയമില്ല."

## മനുഷ്യപുത്രന്റെ ആഗമനത്തെക്കുറിച്ചുള്ള സമകാലിക ചിന്താ ഗതി

സമാന്തര സുവിശേഷങ്ങളിലെ യുഗാന്ത്യപ്രഭാഷണങ്ങളിലാണ് ആഗമനത്തെപ്പറ്റിയുള്ള യേശുവിന്റെ പ്രബോധനം കൂടുതലായി കാണുന്നത്. യുഗാന്ത്യപ്രഭാഷണങ്ങൾ യേശുവിന്റെ പ്രബോധന ങ്ങളെ അടിസ്ഥാനമാക്കിയുള്ളതെങ്കിലും ഇന്നു സുവിശേഷത്തിൽ കാണുന്ന രൂപത്തിൽ യേശുവിൽനിന്ന് ഉത്ഭവിച്ചിട്ടുള്ളതല്ല (മർക്കോ. 13:3–37, മത്താ 24:3–25, 46 ലൂക്കാ 17:20–37; 21:5–36). യേശുവിന്റെ കാലത്തിനുശേഷം യുഗാന്ത്യത്തെക്കുറിച്ചുണ്ടായ രൂക്ഷമായ പ്രശ്ന ങ്ങൾക്ക് യേശുവിന്റെ പ്രബോധനങ്ങളെ അടിസ്ഥാനമാക്കി അന്നു നിലവിലിരുന്ന അപ്പൊകാലിപ്റ്റിക് സാഹിത്യരൂപം ഉപയോഗിച്ച് സുവിശേഷകർ നല്കുന്ന ഉത്തരമാണ് ഇവയിൽ കാണുന്നത്. എന്നാൽ ഇത്തരം സാഹിത്യരൂപം യേശുവിനുതന്നെ സുപരിചി തമായിരുന്നിരിക്കണം. യുഗാന്ത്യപ്രഭാഷണങ്ങളിൽ പ്രതിപാ ദിച്ചിരിക്കുന്ന പ്രശ്നങ്ങൾ യേശുവിന്റെ കാലത്ത് അത്രതന്നെ രൂക്ഷ മായിരുന്നില്ല. ആയിരുന്നെങ്കിൽ യുഗാന്ത്യത്തെക്കുറിച്ച് എളുപ്പം തെറ്റിദ്ധരിക്കപ്പെടാവുന്ന വചനങ്ങൾ (മത്താ. 10:23, 16:28) യേശു അരുൾചെയ്യുമായിരുന്നില്ല. ദേവാലയനാശത്തിന്റെ കാലത്തും തദ നന്തരവുമാണ് ഈ പ്രശ്നങ്ങൾ രൂക്ഷമായത്. സമാനസുവിശേഷ ങ്ങളിലെ ആദ്യത്തെ യുഗാന്ത്യപ്രഭാഷണം മർക്കോസിന്റെ സുവി ശേഷത്തിൽ 13-ാം അദ്ധ്യായത്തിലാണ് നാം കാണുന്നത്. ജറുസ ലേമിന്റെ നാശത്തിനുശേഷം ഏ.ഡി 70-നടുത്താണ് അതു രചിക്ക പ്പെട്ടത് എന്നാണ് പണ്ഡിതാഭിപ്രായം. എ.ഡി 70-ന് മുമ്പേ രചി ക്കപ്പെട്ട മർക്കോസിന്റെ സുവിശേഷത്തിലേയ്ക്ക് ഈ യുഗാന്ത്യപ്ര ഭാഷണം പില്ക്കാലത്ത് ചേർക്കുകയാണുണ്ടായത്. ജറുസലേമിന്റെ നാശത്തോടെ അന്ത്യം ആഗതമാകും എന്ന വിശ്വാസം യഹൂദരു ടെയിടയിൽ പ്രചരിച്ചിരുന്നു. ഈ വിശ്വാസത്തിന്റെ സ്വാധീനം നിമി ത്തമാകാം, ജറുസലേമിന്റെ നാശത്തോടെ മനുഷ്യപുത്രന്റെ ആഗമ





നവും ആസന്നമായി എന്നു ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നത്. ഈ വീക്ഷണത്തിൽ ക്രിസ്തുവിന്റെ മേൽപ്പറഞ്ഞ വചനങ്ങൾ വായി ക്കുമ്പോൾ, അവിടുന്നുപോലും മനുഷ്യപുത്രന്റെ ആഗമനം ആസ ന്നമായി എന്നു പ്രതീക്ഷിക്കുന്നതായി തോന്നിപ്പോകും. ജറുസ ലേമിന്റെ നാശവും യുഗാന്ത്യവും തമ്മിലുള്ള ബന്ധം വ്യക്തമാക്കു കയായിരുന്നു മർക്കോസിന്റെ പ്രധാന ഉദ്ദേശ്യം.

മർക്കോസിന്റെ സുവിശേഷം 13-ാം അദ്ധ്യായത്തിലെ യുഗാന്ത്യ പ്രഭാഷണത്തിനു കാരണമായ ശിഷ്യന്മാരുടെ ചോദ്യത്തിൽ ഈ രണ്ടു സംഭവങ്ങളും ബന്ധപ്പെട്ടിരിക്കുന്നു. ദേവാലയനാശത്തിന്റെ അടയാളവും സമയവും, യുഗാന്ത്യത്തിന്റെ അടയാളവും സമയവു മായാണ് വായനക്കാർക്കു തോന്നുക. ഇതു എന്നു സംഭവിക്കു മെന്നും ഇവയെല്ലാം പൂർത്തിയാകുവാൻ തുടങ്ങുമ്പോൾ അടയാളം എന്തായിരിക്കുമെന്നും ഞങ്ങളോടു പറയുക (മർക്കോ 13:4). ഈ ചോദ്യത്തിന്റെ ആദ്യഭാഗം യുഗാന്ത്യത്തെയാണ് സൂചിപ്പിക്കുന്നത്. ആദിമക്രൈസ്തവരുടെ യുഗാന്ത്യത്തെക്കുറിച്ചുള്ള ചിന്താഗതിയെ യാണ് ഇതുവഴി വെളിപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുവിനോട് ശിഷ്യന്മാർ ചോദിക്കുന്ന വിധത്തിൽ ഈ ചോദ്യത്തിന് രൂപം കൊടു ത്തത് സുവിശേഷകൻ തന്നെയായിരിക്കണം. ഇതുവഴി ആദിമക്രൈ സ്തവരെ അലട്ടിയിരുന്ന പ്രശ്നത്തിനു ഉത്തരം നല്കുന്നതിനുള്ള അവസരം സൃഷ്ടിക്കുകയായിരുന്നു സുവിശേഷകന്റെ ലക്ഷ്യം. അതിനു സുവിശേഷകൻ നല്കുന്ന ഉത്തരത്തിന്റെ രത്നച്ചുരുക്കം ഇതാണ്: ജറുസലേമിന്റെ നാശത്തോടൊത്ത് യുഗാന്ത്യം സംഭവി ക്കുകയില്ല. (മർക്കോ. 13:7) "ഇതെല്ലാം സംഭവിക്കേണ്ടതാണ്" എന്നാൽ അപ്പോഴും അവസാനമായിട്ടില്ല.

ജറുസലേമിന്റെ നാശവും യുഗാന്ത്യവും തമ്മിൽ ബന്ധമില്ലെന്നു മനസ്സിലാവുക അന്നത്തെ യഹൂദരെ സംബന്ധിച്ചു പ്രാധാന്യമർഹി ക്കുന്ന ഒന്നായിരുന്നു. എന്നാൽ യുഗാന്ത്യത്തെക്കുറിച്ച് മർക്കോസ് നല്കുന്ന വിശദീകരണം പൂർണ്ണമല്ല. ജറുസലേമിന്റെ നാശത്തിനും യുഗാന്ത്യത്തിനും ഇടയ്ക്കുള്ള കാലഘട്ടത്തെക്കുറിച്ചുള്ള വ്യക്ത മായ സൂചനകൾ കാണുന്നില്ല. അഥവാ മർക്കോസിനുതന്നെ അതി നെക്കുറിച്ചു പൂർണ്ണമായ രൂപമുണ്ടായിരുന്നില്ല. ജറുസലേമിന്റെ നാശ ത്തിനുശേഷം അധികം കാലവിളംബംകൂടാതെ യുഗാന്ത്യമുണ്ടാകും: "അതുപോലെതന്നെ ഇക്കാര്യങ്ങൾ സംഭവിക്കുന്നതു കാണുമ്പോൾ അവൻ സമീപത്ത്, എന്നല്ല വാതില്ക്കലെത്തിയിരിക്കുന്നു എന്നു ഗ്രഹിച്ചുകൊള്ളുക" (13:29) ദ്വിതീയാഗമനത്തിന്റെ കൃത്യസമയം മാത്രം അറിഞ്ഞുകൂടാ. "ഇവയെല്ലാം സംഭവിക്കുന്നതുവരെ ഈ തലമുറ കടന്നുപോകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറ

യുന്നു. എന്നാൽ ആ ദിവസത്തെക്കുറിച്ചോ, ആ മണിക്കൂറിനെക്കുറിച്ചോ, പിതാവല്ലാതെ മറ്റാർക്കും സ്വർഗ്ഗത്തിലെ മാലാഖമാർക്കോ പുത്രനോപോലും അറിഞ്ഞുകൂടാ" (മർക്കോ 13:30-32) സുവിശേഷകൻ ഈ പ്രഭാഷണം രചിക്കുമ്പോഴുള്ള പശ്ചാത്തലത്തിൽനിന്നുകൊണ്ടുവേണം മേൽപ്പറഞ്ഞ വചനങ്ങളെ മനസ്സിലാക്കുവാൻ. ജറുസലേമിന്റെ നാശത്തിനു ശേഷമുണ്ടായ മതമർദ്ദനകാലത്ത് ക്രിസ്ത്യാനികളിൽ തീക്ഷ്ണത ഉളവാക്കുവാൻ ഈ വചനങ്ങൾവഴി സുവിശേഷകന് സാധിച്ചു. "അവസാനംവരെ സഹിച്ചുനിൽക്കുന്നവൻ രക്ഷ പ്രാപിക്കും" (മർക്കോ 13:13). തന്റെ സമകാലികരുടെ കാലത്തുതന്നെ ദ്വിതീയാഗമനം ഉണ്ടാകുമെന്നു പ്രതീക്ഷിച്ചാണോ അതോ അന്ത്യംവരെ സഹിച്ചുനിൽക്കാൻ ക്രിസ്ത്യാനികൾക്കു പ്രചോദനമേകാനാണോ, മർക്കോസ് ഈ വചനങ്ങൾ എഴുതിയിരിക്കുന്നത് എന്ന് തീരുമാനിക്കുക പ്രയാസമാണ്. തെസലോണിയാക്കാർക്കുള്ള ആദ്യലേഖനം എഴുതിയപ്പോൾ ദ്വിതീയാഗമനം ആസന്നമാണെന്ന ചിന്തയാണ് വി. പൗലോസിനുണ്ടായിരുന്നത്. അധികാരപൂർണ്ണമയ ആജ്ഞാവചനം കേൾക്കുകയും പ്രധാന മാലാഖയുടെ ശബ്ദം ഉയരുകയും ദൈവത്തിന്റെ കാഹളധ്വനി മുഴങ്ങുകയും ചെയ്യുമ്പോൾ കർത്താവായ ക്രിസ്തുവിൽ മരിച്ചവർ ആദ്യം ഉയർത്തെഴുന്നേൽക്കുകയും ചെയ്യും. അപ്പോൾ ജീവിച്ചിരിക്കുന്നവരായി അവശേഷിക്കുന്ന നാം ആകാശത്തിൽ കർത്താവിനെ എതിരേൽക്കാനായി മേഘങ്ങളിൽ സംവഹിക്കപ്പെടും" (1 തെസ 4:16). തെസലോണിയർക്കുള്ള രണ്ടാംലേഖനത്തിൽ ഈ വീക്ഷണത്തെ അദ്ദേഹം വ്യത്യാസപ്പെടുത്തുന്നുണ്ട് "സഹോദരരെ നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ആഗമനത്തെയും അവിടുത്തെ സന്നിധിയിൽ നാം ഒരുമിച്ചു കൂടുന്നതിനെയും സംബന്ധിച്ച് ഞങ്ങൾ നിങ്ങളോട് ഇപ്രകാരം അഭ്യർത്ഥിക്കുകയാണ്. കർത്താവിന്റെ ദിവസം സമാഗതമായിരിക്കുന്നു എന്നു സൂചിപ്പിക്കുന്ന പ്രവചനത്താലോ, പ്രസംഗത്താലോ ഞങ്ങളുടേതെന്ന് അവകാശപ്പെടുന്ന ലേഖനത്താലോ നിങ്ങൾ പെട്ടെന്ന് ചഞ്ചലമാനസരോ അസ്വസ്ഥചിത്തരോ ആകരുത്..... ആ ദിവസം വരുന്നതിനുമുമ്പ് ആദ്യം വിശ്വാസത്യാഗം ഉണ്ടാവുകയും നാശപുത്രനായ അധർമ്മത്തിന്റെ മനുഷ്യൻ പ്രത്യക്ഷപ്പെടുകയും ചെയ്യും" (2 തെസ 2:1-3).

## യുഗാന്ത്യദർശനം മത്തായിയുടെ സുവിശേഷത്തിൽ

യേശുവിന്റെ പ്രബോധനം കുറേക്കൂടി വളർച്ച പ്രാപിച്ച രൂപത്തിൽ മത്തായിയുടെ സുവിശേഷത്തിൽ കാണാം. മർക്കോസിന്റെ സുവിശേഷം വിരചിതമായി പത്തുവർഷത്തിലധികം കഴിഞ്ഞതിനുശേഷമാണ് മത്തായിയുടെ സുവിശേഷം എഴുതപ്പെട്ടതെങ്കിലും





യുഗാന്ത്യപ്രഭാഷണങ്ങളെ സംബന്ധിച്ചിടത്തോളം മത്തായിയുടെ സുവിശേഷത്തിലാണ് യേശുവിന്റെ വചനങ്ങളുടെ ആദ്യരൂപം കുറെയെങ്കിലും നാം കാണുന്നത്. മത്താ. 24:36 യേശുവിന്റെ യഥാർത്ഥ വചനമാകാനാണ് സാധ്യത. "പിതാവിനല്ലാതെ മറ്റാർക്കും സ്വർഗ്ഗത്തിലെ ദൂതന്മാർക്കോ പുത്രനോപോലും ആ ദിവസമോ, മണിക്കൂറോ അറിഞ്ഞുകൂടാ." ഒന്നാം നൂറ്റാണ്ടിലെ ഒരു ക്രൈസ്തവനും അത്തരമൊരു അജ്ഞത പുത്രനിലാരോപിക്കാൻ മുതിരുകയില്ല.

യേശുവിന്റെ ഈ അജ്ഞത സമകാലിക തലമുറയുടെ കാലഘട്ടത്തിനിടയ്ക്ക് സമയത്തെക്കുറിച്ചുള്ളതാണെന്ന് സമർത്ഥിക്കാറുണ്ട്. ഈ വാക്യത്തെ യുഗാന്ത്യ പ്രഭാഷണത്തിന്റെ മുഴുവൻ പശ്ചാത്തലത്തിൽ വേണം വ്യാഖ്യാനിക്കാൻ. ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കാവശ്യമായ ദീർഘവും അനിശ്ചിതവുമായ ഒരു കാലഘട്ടത്തെപ്പറ്റി വ്യംഗ്യഭംഗ്യം ധ്വനിപ്പിക്കുന്ന ഒട്ടേറെ വചനങ്ങൾ മത്തായിയുടെ സുവിശേഷത്തിൽ കാണാനാകും. ഇവയിൽ ചിലതെങ്കിലും ക്രിസ്തുവിന്റെ യഥാർത്ഥ വചനങ്ങളാനുതാനും. ഉദാഹരണത്തിന് മത്തായി 24:14 നോക്കുക. "ദൈവരാജ്യത്തെ സംബന്ധിച്ച ഈ സുവിശേഷം എല്ലാ ജനതകൾക്കും സാക്ഷ്യത്തിനായി ലോകമെങ്ങും പ്രസംഗിക്കപ്പെടും; അതിനുശേഷമേ അവസാനമുണ്ടാവുകയുള്ളൂ." മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമയിൽ പുതിയ കൃഷിക്കാർക്ക് മുന്തിരിത്തോട്ടത്തിൽനിന്ന് ഫലം പുറപ്പെടുവിക്കാൻ ആവശ്യമായ സമയം കൊടുക്കുന്നു: "അയാൾ ആ ദുഷ്ടരെ നിശേഷം നശിപ്പിക്കുകയും യഥാകാലം ഓഹരി കൊടുക്കുന്ന കൃഷിക്കാരെ ഏൽപ്പിക്കുകയും ചെയ്യും" (മത്താ. 21:41). താലന്തുകളുടെ ഉപമയിലും ഇതുതന്നെ കാണാം (മത്താ. 25:14:30). താലന്തുകൾ ഉപയോഗിക്കാനുള്ള സമയം ഭൃത്യന്മാർക്ക് കൊടുക്കുന്നു. 25:19 ൽ പ്രകടമായി പറയുന്നു, "വളരെക്കാലത്തിനുശേഷം" എന്ന്. ഈ കാലത്തെ ഉദ്ദേശിച്ചാണ് യേശു ധാർമ്മികോപദേശങ്ങൾ നൽകിയത്. ഈ കാലത്ത് ഉപദേശങ്ങൾ അനുസരിച്ച് ജീവിക്കേണ്ടിയിരിക്കുന്നു. ഉദാഹരണം മലയിലെ പ്രസംഗം.

മേൽപ്പറഞ്ഞ വചനങ്ങൾ യേശുവിന്റെ യഥാർത്ഥ വചനങ്ങളായി കണക്കാക്കുകയാണെങ്കിൽ തന്റെ സമകാലികരുടെ കാലത്തുതന്നെ ദ്വിതീയാഗമനം സംഭവിക്കുമെന്ന് യേശു പ്രതീക്ഷിച്ചിരുന്നില്ലെന്നു വേണം അനുമാനിക്കാൻ. മത്താ. 10:23; 16:28; 24:34 തുടങ്ങിയ വചനങ്ങൾ പ്രശ്നമുളവാക്കയുമില്ല. മത്താ. 24:34-ൽ നാം വായിക്കുന്നു: "ഇവയൊക്കെ സംഭവിക്കുന്നതുവരെ ഈ തലമുറ കടന്നു പോകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു." യേശുവിന്റെ സമകാലികരിലെ അധർമ്മികളാണ് ഈ വചനത്തിലെ "ഈ തല

മുറ". അവർ വിധിക്കപ്പെടും എന്ന കാര്യത്തിൽ തർക്കമേ ഇല്ല. വിധി അവരുടെ കാലത്തുതന്നെ നടക്കുമെന്ന് ഖണ്ഡിതമായി പറഞ്ഞിട്ടില്ല. സമൂഹത്തിലെ അധർമ്മികളെ ദ്യോതിപ്പിക്കുന്ന സാങ്കേതിക സംജ്ഞയാണ് യേശുവിന്റെ വാക്കുകളിൽ, "ഈ തലമുറ".ഉദാഹരണത്തിന് മത്താ. 11:16 നോക്കുക: ഈ തലമുറയെ ഞാൻ എന്തിനോട് താരതമ്യപ്പെടുത്തും? ഇത് ചന്തസ്ഥലത്തിരുന്ന് കൂട്ടുകാരെ വിളിക്കുന്ന കുട്ടികൾക്ക് സദൃശ്യമാകുന്നു..... മത്താ 12:39-45 മറ്റൊരുദാഹരണമാണ്: തിന്മ നിറഞ്ഞതും വ്യഭിചരിക്കുന്നതുമായ തലമുറ അടയാളം ആവശ്യപ്പെടുന്നു. നിനിവെയിലെ ജനങ്ങൾ ഈ തലമുറയോടൊത്ത് ഉയർത്തെഴുന്നേറ്റ് ഇവരെ കുറ്റം വിധിക്കും..... നിനിവെയിലെ ജനങ്ങളെയും തെക്കിന്റെ രാജ്ഞിയെയുംപോലെ ഈ തലമുറ വിധിയെ നേരിടേണ്ടിവരും. എന്നാൽ വിധിയുടെ സമയത്തിന് വലിയ പ്രാധാന്യം ഒന്നുമില്ല. മത്താ. 10:23- ലും 16:28-ലും കാണുന്ന മനുഷ്യപുത്രന്റെ ആഗമനത്തെപ്പറ്റിയുള്ള വചനങ്ങളും യുഗാന്ത്യത്തെ സൂചിപ്പിക്കുന്നവയല്ല. മനുഷ്യപുത്രന്റെ യുഗാന്ത്യത്തിലെ ആഗമനത്തെപ്പറ്റിയുള്ള വചനങ്ങൾ അപ്പൊകാലിപ്റ്റിക് സ്വഭാവമുള്ളവയാണ്.

മനുഷ്യപുത്രന്റെ ആഗമനത്തെ സൂചിപ്പിക്കുന്ന രണ്ടുതരം വചനങ്ങളെ താരതമ്യം ചെയ്യുന്നത് ഈ പ്രത്യേകത മനസ്സിലാക്കാൻ ഉപകരിക്കും.

## a) അപ്പൊകാലിപ്റ്റിക് സ്വഭാവമുള്ള മനുഷ്യപുത്രവചനങ്ങൾ

മത്താ: 13:41 "അന്ന് മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയയ്ക്കും. അവർ അവിടുത്തെ രാജ്യത്തുനിന്ന് ഇടർച്ചയ്ക്ക് കാരണമാകുന്നവരെയും അധർമ്മികളെയുമെല്ലാം ശേഖരിച്ച് അഗ്നികുണ്ഡത്തിലെറിക്കും."

16:27: "മനുഷ്യപുത്രൻ തന്റെ പിതാവിന്റെ പ്രാഭവത്തോടെ തന്റെ ദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു. അപ്പോൾ ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസൃതമായ പ്രതിഫലം നൽകും.

24:30: "തത്സമയം മനുഷ്യപുത്രന്റെ അടയാളം ആകാശത്തു പ്രത്യക്ഷപ്പെടും" ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലപിക്കും. മനുഷ്യപുത്രൻ മഹാശക്തിയോടും പ്രതാപത്തോടുംകൂടെ വാനമേഘങ്ങളിൽ എഴുന്നള്ളിവരുന്നത് അവർ കാണും.

25:31: "മനുഷ്യപുത്രൻ പ്രതാപപൂർവ്വം സകല മാലാഖമാരോടുംകൂടെ എഴുന്നള്ളി മഹത്വമേറിയ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അപ്പോൾ സകല ജനങ്ങളും അവിടുത്തെ സന്നിധിയിൽ ഹാജരാക്കപ്പെടും."





## b) അപ്പൊകാലിപ്റ്റിക് സ്വഭാവമില്ലാത്ത മനുഷ്യപുത്രവചനങ്ങൾ

മത്താ: 10:23: "മനുഷ്യപുത്രന്റെ ആഗമനത്തിനുമുമ്പ് നിങ്ങൾ ഇസ്രായേൽ ഗോത്രത്തിലെ നഗരങ്ങളെല്ലാം സഞ്ചരിച്ചുതീരുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു."
മത്താ. 16:28: "മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുംവരെ മരിക്കയില്ലാത്ത ചിലർ ഇവിടെ നിൽക്കുന്നുണ്ടെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു."

ഈ രണ്ടു വചനങ്ങളും ആദ്യവിഭാഗത്തിൽപ്പെട്ട വചനങ്ങളിൽനിന്ന് തുലോം വ്യത്യസ്തമാണ്. അവയിൽ മേഘം, മാലാഖമാർ, മഹത്വം, സിംഹാസനം തുടങ്ങിയ അപ്പൊകാലിപ്റ്റിക് സ്വഭാവങ്ങളൊന്നുമില്ല. മാത്രമല്ല, അന്ത്യവിധിയെപ്പറ്റിയുള്ള സൂചനയൊന്നും അവയിലില്ല. സൂക്ഷ്മനിരീക്ഷണത്തിൽ മനുഷ്യപുത്രന്റെ ദ്വിതീയാഗമനത്തെപ്പറ്റിയല്ല, പ്രത്യുത ഉത്ഥിതനായ കർത്താവ് തന്റെ രാജ്യത്തിൽ പ്രവേശിക്കുന്നതിനെപ്പറ്റിയോ, ജറുസലേമിന്റെ നാശത്തെപ്പറ്റിയോ ആണ് അവ പരാമർശിക്കുന്നത് എന്നു വ്യക്തമാകും.

മിഷനറി പ്രഭാഷണങ്ങളിൽ ഉൾപ്പെട്ട മത്താ. 10:23 വായിച്ചു നോക്കുക. ശിഷ്യന്മാരുടെ പ്രേഷിതവേല ഇസ്രായേലിൽമാത്രം ഒതുങ്ങിനിന്നാൽ മതിയെന്നാണ് ഇവിടെ യേശു ഉപദേശിക്കുന്നത്. അവിടുന്ന് ശിഷ്യന്മാരോട് അരുൾചെയ്യുകയാണ്: "നിങ്ങൾ വിജാതീയരുടെ ദേശത്തോ സമറിയാക്കാരുടെ നഗരങ്ങളിലോ പ്രവേശിക്കരുത്. ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകളുടെ അടുക്കലേയ്ക്കാണ് നിങ്ങൾ പോകേണ്ടത്"(മത്താ. 10:5-6). എന്നാൽ ഇസ്രായേൽ സുവിശേഷം നിരാകരിച്ചപ്പോൾ, യേശുവിനെ ക്രൂശിച്ചപ്പോൾ, എല്ലാ ജനപദങ്ങളെയും സുവിശേഷവൽക്കരിക്കാനുള്ള ദൗത്യം അപ്പസ്തോലന്മാർക്കു ലഭിച്ചു. ഉത്ഥിതനായ ക്രിസ്തു അപ്പസ്തോലന്മാർക്കു നൽകിയ സുവിശേഷധർമ്മം ഈ പശ്ചാത്തലത്തിൽനിന്നുകൊണ്ടുവേണം മനസ്സിലാക്കാൻ. "മനുഷ്യപുത്രന്റെ ആഗമനത്തിനുമുമ്പ് നിങ്ങൾ ഇസ്രായേലിലെ നഗരങ്ങളെല്ലാം സഞ്ചരിച്ചുതീരുകയില്ലെന്ന" യേശുവിന്റെ വചനം ഉത്ഥിതനായ ക്രിസ്തു "ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവാൻ" അപ്പസ്തോലന്മാർക്ക് ദൗത്യം നല്കുന്ന അവസരത്തിൽ പൂർത്തിയായി. ഉത്ഥിതനായ, മഹത്വം പ്രാപിച്ച മനുഷ്യപുത്രൻ ശിഷ്യന്മാർക്കു ഒരു പുതിയ സാർവ്വലൗകികദൗത്യം നൽകി. അപ്പോഴും അവർ ഇസ്രായേൽ നഗരങ്ങളെങ്ങും സഞ്ചരിച്ചു സുവിശേഷം പ്രസംഗിച്ചു കഴിഞ്ഞിരുന്നില്ലല്ലോ.

മത്താ. 16:23: ഈ വാക്യം മനുഷ്യപുത്രന്റെ ആഗമനത്തെയല്ല പരാമർശിക്കുന്നത്; പ്രത്യുത, മർക്കോസിലും ലൂക്കായിലും കാണുന്നതുപോലെ രാജ്യത്തിന്റെ ആഗമനത്തെയാണ്. മർക്കോ. 9:1– "ശക്തിയോടെ ദൈവരാജ്യം വരുന്നത് കാണുന്നതിനുമുമ്പ് "– ഈ വാക്യം വിവിധ രീതികളിൽ വ്യാഖ്യാനിക്കാറുണ്ട്. ഉത്ഥിതനായ കർത്താവിന്റെ സഭയിലേക്കുള്ള തിരിച്ചുവരവിനെയാവാം ഇത് സൂചിപ്പിക്കുന്നത്. ജറുസലേമിന്റെ നാശം, കർത്താവിന്റെ പ്രഭാവപൂർവ്വമുള്ള പ്രത്യാഗമനത്തെ ചൂണ്ടിക്കാട്ടുന്നു.

ഈ അപഗ്രഥനങ്ങളുടെയെല്ലാം വെളിച്ചത്തിൽ നമുക്ക് ഈ നിഗമനത്തിലെത്താം: "പിതാവിനല്ലാതെ മറ്റാർക്കും സ്വർഗ്ഗത്തിലെ ദൂതന്മാർക്കോ, പുത്രനോപോലും ആ ദിവസമോ സമയമോ അറിഞ്ഞുകൂടാ" എന്ന മത്താ 24–ാം അദ്ധ്യായം 36–ാം വാക്യമാണ് മനുഷ്യപുത്രന്റെ ദ്വിതീയാഗമനം എപ്പോൾ സംഭവിക്കും എന്നതിനെപ്പറ്റിയുള്ള യേശുവിന്റെ യഥാർത്ഥവും ആധികാരികവുമായ പ്രബോധനം. ശിഷ്യന്മാരും ആദിമക്രൈസ്തവരും യുഗാന്ത്യത്തെ ജറുസലേമിന്റെ നാശവുമായി ബന്ധപ്പെടുത്തി, പുനരുത്ഥാനത്തെപ്പറ്റിയോ ജറുസലേമിന്റെ നാശത്തെപ്പറ്റിയോ ഉള്ള അവിടുത്തെ വചനങ്ങൾ ദ്വിതീയാഗമനത്തെ സൂചിപ്പിക്കുന്ന വചനങ്ങളാണെന്ന് അവർ തെറ്റായി ധരിച്ചുവച്ചു.

## II. മനുഷ്യപുത്രന്റെ ദ്വിതീയാഗമനത്തിൽ എന്തു സംഭവിക്കും?

യുഗാന്ത്യത്തെ സംബന്ധിച്ചു യേശുവിന്റെ പ്രബോധനങ്ങളിൽ ചിലത് വളരെ വ്യക്തമാണ്. മറ്റു ചിലതാകട്ടെ രഹസ്യാത്മകവും ദുർഗ്രഹവും. മരിച്ചവരുടെ ഉയിർപ്പും അന്ത്യവിധിയും കർത്താവിന്റെ ദിനത്തിൽ സംഭവിക്കുമെന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. വിധിദിനത്തിൽ നീതിനിഷ്ഠർക്ക് സമ്മാനവും ദുഷ്ടർക്കു ശിക്ഷയും ലഭിക്കും. പ്രാപഞ്ചികവും സാർവ്വലൗകികവുമായ പുതുക്കലിനെക്കുറിച്ചുള്ള സൂചനകളും സുവിശേഷങ്ങളിലുണ്ട്. എന്നാൽ ഉത്ഥിതജീവിതം, സമ്മാനം, ശിക്ഷ തുടങ്ങിയവയുടെ സ്വഭാവം, പ്രാപഞ്ചിക വീക്ഷണത്തെപ്പറ്റിയുള്ള സൂചനകൾ മുതലായവയൊക്കെ വ്യാഖ്യാനിക്കുക ദുഷ്കരംതന്നെ. ഈ ആശയങ്ങൾ സൂചിപ്പിക്കുന്ന സുവിശേഷഭാഗങ്ങൾ അവതരിപ്പിക്കുകയും അവ മനസ്സിലാക്കാൻ ചില മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും മാത്രമാണ് ഇവിടെ ചെയ്യുന്നത്.

### a) മരിച്ചവരുടെ ഉയിർപ്പ്

യുഗാന്ത്യത്തിലെ മരിച്ചവരുടെ ഉയിർപ്പിനെപ്പറ്റി ധാരാളം പരാമർശങ്ങൾ സുവിശേഷത്തിൽ കാണാം. ലാസറിനെ ഉയിർപ്പിക്കുന്നതിനുമുമ്പ് മർത്തായും യേശുവും തമ്മിൽ നടന്ന സംഭാഷണം അപ്പസ്തോലന്മാരുടെയും ആദിമക്രൈസ്തവരുടെയും വിശ്വാസത്തിന്റെ ശക്തമായ പ്രകാശനമാണ്: യേശു അവളോടു പറഞ്ഞു: "നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും."





മർത്താ അവിടുത്തോടു പറഞ്ഞു: "അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർക്കുമെന്ന് എനിക്കറിയാം." യേശു അവളോടു പറഞ്ഞു:

"പുനരുത്ഥാനവും ജീവനും ഞാനാകുന്നു" (യോഹ 11:23–25).

അന്ത്യദിനത്തിലെ മരിച്ചവരുടെ ഉയിർപ്പ് പിതാവ് തന്നെ ഏല്പിച്ച ദൗത്യത്തിന്റെ ഭാഗമാണെന്ന ബോധ്യം യേശുവിനുണ്ടായിരുന്നു.

എനിക്കു നൽകിയിട്ടുള്ളവരിൽ ഒരുവൻപോലും നഷ്ടപ്പെടാതെ അവസാനദിവസം അവരെ ഞാൻ ഉയിർപ്പിക്കണം എന്നാണ് എന്നെ അയച്ച പിതാവിന്റെ ആഗ്രഹം. പുത്രനെ കാണുകയും വിശ്വസിക്കുകയും ചെയ്യുന്നവരെല്ലാം നിത്യജീവൻ പ്രാപിക്കണമെന്ന് എന്നെ അയച്ച പിതാവ് ആഗ്രഹിക്കുന്നു. അവസാനദിവസം ഞാൻ അവരെ ഉയിർപ്പിക്കും (യോഹ. 6:39–40).

മത്താ19:28; 25:31; യോഹ 5:28; 6:44 തുടങ്ങിയ ഭാഗങ്ങളും നോക്കുക.

### b) ദുഷ്ടന്മാരും നീതിമാന്മാരും തമ്മിലുള്ള വേർതിരിക്കൽ

പുനരുത്ഥാനത്തിനുശേഷം സർവ്വജനങ്ങളും മനുഷ്യപുത്രന്റെ മുമ്പിൽ ഹാജരാക്കപ്പെടും. അവിടുന്ന് അവരെ വിധിക്കും, ദുഷ്ടന്മാരെയും നീതിമാന്മാരെയും പൂർണ്ണമായി വേർതിരിക്കും. ഈ ആശയം വ്യക്തമാക്കാനായിട്ടാണ് "ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്ന് വേർതിരിക്കുന്നതുപോലെ" എന്ന സാദൃശ്യകല്പന യേശു ഉപയോഗിച്ചത്. മനുഷ്യപുത്രൻ പ്രതാപപൂർവ്വം സകല മാലാഖമാരോടുംകൂടെ എഴുന്നള്ളി മഹത്വമേറിയ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അപ്പോൾ ജനങ്ങളും അവിടുത്തെ സന്നിധിയിൽ ഹാജരാക്കപ്പെടും.ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ അവിടുന്ന് അവരെ വേർതിരിക്കും" (മത്താ. 25:31–32).

ഇതിൽനിന്ന് അല്പം വിഭിന്നമായ സാദൃശ്യകല്പനയാണ് ദൈവരാജ്യത്തെപ്പറ്റിയുള്ള ഉപമകളിൽ ഉപയോഗിച്ചിരിക്കുന്നത്. നന്മയും തിന്മയും തമ്മിലുള്ള വേർതിരിക്കലിനുപകരം ദൈവരാജ്യത്തിന്റെ ശുദ്ധീകരണത്തിന് ഇവിടെ ഊന്നൽ കൊടുത്തിരിക്കുന്നു. തിന്മ

പ്രവർത്തിക്കുന്നവരെ രാജ്യത്തുനിന്ന് ശേഖരിച്ച് പുറത്തെ അന്ധകാരത്തിലേക്ക് അഥവാ അഗ്നികുണ്ഡത്തിലേക്ക് എറിഞ്ഞുകളയുന്നു. "മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയയ്ക്കും. അവർ അവിടുത്തെ രാജ്യത്തുനിന്ന് ഇടർച്ചയ്ക്കു കാരണമാകുന്നവരെയും അധർമ്മികളെയുമെല്ലാം ശേഖരിച്ച് അഗ്നികുണ്ഡത്തിലെരിക്കും. അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാകും" (മത്താ 13:41-42). ലോകാവസാനത്തിലും ഇങ്ങനെതന്നെ സംഭവിക്കും. ദൈവദൂതന്മാർ വന്ന് നീതിമാന്മാരുടെ ഇടയിൽനിന്ന് ദുഷ്ടന്മാരെ വേർതിരിച്ച്, തീച്ചൂളയിലെരിക്കും" (മത്താ. 13:49-50).

മരിച്ചവരുടെ ഉയിർപ്പിനെപ്പറ്റിയെന്നതുപോലെ നീതിമാന്മാരും ദുഷ്ടന്മാരും തമ്മിലുള്ള വേർതിരിവിനെപ്പറ്റിയും യേശു പഠിപ്പിച്ചിരിക്കുന്നു. അതിനാൽ ഈ വചനങ്ങളിൽ സംശയത്തിനവകാശമില്ല.

### c) ഉത്ഥിതജീവിതത്തിന്റെ സ്വഭാവം

യേശുവോ സുവിശേഷകരോ ഉത്ഥിതരായ മനുഷ്യവ്യക്തിയുടെ സ്വഭാവത്തെപ്പറ്റി ഒന്നും പഠിപ്പിക്കുവാൻ ഉദ്ദേശിച്ചിരുന്നില്ല. സമ്മാനമോ ശിക്ഷയോ പ്രാപിക്കുവാൻ അന്ത്യദിനത്തിൽ മനുഷ്യൻ ഉയിർത്തെഴുന്നേല്ക്കും എന്നുമാത്രമാണ് സുവിശേഷങ്ങൾ പഠിപ്പിക്കുന്നത്.

"കുഴിമാടങ്ങളിലുള്ളവരെല്ലാം ദൈവപുത്രന്റെ സ്വരം ശ്രവിച്ച് അവയിൽനിന്ന് പുറത്തുവരുന്ന സമയം ആഗതമായിരിക്കുന്നു. നന്മ ചെയ്തിട്ടുള്ളവർ നവജീവിതത്തിനായും, തിന്മപ്രവർത്തിച്ചവർ ന്യായവിധിക്കായും ഉയിർത്തെഴുന്നേല്ക്കും. (യോഹ. 5:28-29).

ഉത്ഥിതാസ്തിത്വം ഇപ്പോഴത്തെ ജീവിതത്തിൽനിന്ന് വ്യത്യസ്തമായിരിക്കുമെന്ന് യേശുവും സദ്ദുക്കായരും തമ്മിലുണ്ടായ സംവാദം വെളിപ്പെടുത്തുന്നു.

യേശു അവരോടു പറഞ്ഞു: "തിരുവെഴുത്തുകളും ദൈവശക്തിയും അറിഞ്ഞുകൂടാത്തതിനാൽ നിങ്ങൾക്ക് തെറ്റുപറ്റുന്നു. പുനരുത്ഥാനത്തിൽ ആരും ആരെയും വിവാഹം ചെയ്യുകയോ വിവാഹം ചെയ്തുകൊടുക്കുകയോ ഇല്ല. അവർ സ്വർഗ്ഗത്തിലെ ദൈവദൂതന്മാരെപ്പോലെയായിരിക്കും" (മത്താ. 22:29-30).

ഉത്ഥിതനായ കർത്താവിന്റെ പ്രത്യക്ഷപ്പെടൽ, ഉത്ഥിതരാവാൻ പോകുന്ന മനുഷ്യരുടെ ആകാരം ഇപ്പോഴത്തെ ആകാരത്തിൽനിന്ന് വ്യത്യസ്തമായിരിക്കുമെന്ന് നിസ്സംശയം ചൂണ്ടിക്കാട്ടുന്നു. മറിയം മഗ്ദലനയ്ക്ക് കർത്താവിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല: ഇത് പറ





ഞ്ഞിട്ട് അവൾ പിറകോട്ടു തിരിഞ്ഞുനോക്കിയപ്പോൾ യേശു അവിടെ നില്ക്കുന്നതു കണ്ടു. എന്നാൽ അത് യേശുവാണെന്ന് അവൾക്ക് മനസ്സിലായില്ല. യേശു അവളോടു ചോദിച്ചു: സ്ത്രീ എന്തിനാണ് കരയുന്നത്? ആരെയാണ് അന്വേഷിക്കുന്നത്? അത് തോട്ടക്കാരനാണെന്ന് വിചാരിച്ച് അവൾ അവിടുത്തോടു പറഞ്ഞു: "താങ്കളാണ് അവിടുത്തെ എടുത്തുകൊണ്ടുപോയതെങ്കിൽ എവിടെയാണ് വച്ചിരിക്കുന്നതെന്ന് പറഞ്ഞാലും; ഞാൻ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം (യോഹ 20:14-15)."

യേശു അവളെ 'മേരി' എന്നു വിളിച്ചപ്പോൾ മാത്രമാണ് അവൾ അവിടുത്തെ തിരിച്ചറിഞ്ഞത്. എമ്മാവൂസിലേക്ക്പോയ ശിഷ്യന്മാരുടെ അനുഭവവും ഇതുതന്നെയായിരുന്നു. മേശക്കിരിക്കുമ്പോൾ അപ്പമെടുത്ത്, ആശീർവ്വദിച്ച് അവർക്ക് കൊടുത്തപ്പോൾ മാത്രമാണ് അവർ ഉത്ഥിതനായ കർത്താവിനെ തിരിച്ചറിഞ്ഞത്. "അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു; അവൻ അവരുടെ ദൃഷ്ടിയിൽനിന്നും പോയി മറഞ്ഞു" (ലൂക്കാ 24:31). അത്ഭുതകരമായ മീൻപിടുത്താവസരത്തിൽ പത്രോസും കൂട്ടുകാരും അവിടുത്തെ തിരിച്ചറിഞ്ഞത് വളരെ താമസിച്ചാണ്. "ഉഷസ്സായപ്പോൾ യേശു കടൽത്തീരത്തു വന്നുനിന്നു. എന്നാൽ അത് യേശുവാണെന്ന് ശിഷ്യന്മാർക്ക് മനസ്സിലായില്ല. യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ അപ്പോൾ പത്രോസിനോടു പറഞ്ഞു: 'അതു കർത്താവാണ്.' വസ്ത്രമൊക്കെ ഉരിഞ്ഞുവച്ചിരുന്ന പത്രോസ് 'അതു കർത്താവാണ്' എന്നു കേട്ടയുടനെ മേൽവസ്ത്രമെടുത്ത് ധരിച്ചുകൊണ്ട് കടലിലേക്ക് ചാടി (യോഹ 21:4-7).

### d) നീതിമാന്മാർക്കു ലഭിക്കുന്ന സമ്മാനം

യുഗങ്ങൾ നീണ്ടുനിൽക്കുന്ന ജീവിതം അഥവാ നിത്യജീവിതമാണ് നീതിമാന്മാർക്കു വാഗ്ദാനം ചെയ്തിരിക്കുന്നത്. "തന്റെ ജീവനെ പരിരക്ഷിക്കുന്നവൻ അത് നഷ്ടപ്പെടുത്തും; എന്റെ നാമത്തെപ്രതി സ്വജീവൻ നഷ്ടപ്പെടുത്തുന്നവൻ അത് കണ്ടെത്തും" (മത്താ.16:25) "നീതിമാന്മാർ നിത്യജീവിതത്തിൽ പ്രവേശിക്കും" (മത്താ 25:46).

വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ജീവിതം കർത്താവുമായി ഐക്യത്തിൽ അനുഭവിക്കുന്ന ജീവിതമാണ്; അത് കർത്താവിന്റെ സന്തോഷത്തിലുള്ള ഭാഗഭാഗിത്വമാണ്. "യജമാനൻ പ്രതിവചിച്ചു: കൊള്ളാം, ഉത്തമനും വിശ്വസ്തനുമായ ദാസാ, അല്പകാര്യങ്ങളിൽ നീ വിശ്വസ്തനായിരുന്നതിനാൽ ഞാൻ നിന്നെ

വലിയ കാര്യങ്ങളിൽ അധികാരിയാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിൽ പങ്കുകൊള്ളുക" (മത്താ. 25:21-23).

വരാനിരിക്കുന്ന രാജ്യത്തിൽ നീതിമാന്മാർക്കു ലഭിക്കുന്ന സന്തോഷപൂർണ്ണമായ ദൈവൈക്യത്തെ സൂചിപ്പിക്കാൻ മെസ്സയാനിക്ക് സദ്യയുടെ സദൃശ്യകല്പനയാണ് ഉപയോഗിച്ചിരിക്കുന്നത് "ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാൻ" (ലൂക്കാ. 14:15).

അന്ത്യ അത്താഴസമയത്ത് യേശു ശിഷ്യന്മാരോടു പറഞ്ഞു: "ദൈവരാജ്യത്തിൽവച്ച് ഞാൻ നവമായി പാനംചെയ്യുന്നതുവരെ മുന്തിരിയുടെ ഈ ഫലത്തിൽനിന്നും ഞാൻ പാനം ചെയ്യുകയില്ലെന്നു സത്യമായി നിങ്ങളോടു പറയുന്നു "(മർക്കോ 14:25). പത്തു കന്യകകളുടെ ഉപമയിൽ മണവാളൻ ഒരുങ്ങിയിരിക്കുന്ന കന്യകകളോടൊത്തു വിരുന്നുശാലയിലേക്ക് പോകുന്നു (മത്താ. 25:10). സ്വർഗ്ഗരാജ്യത്തെ വിവാഹവിരുന്നിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് (മത്താ. 22:1-14).

സ്വർഗ്ഗരാജ്യത്തിൽ മാനവൈക്യം പുനഃസ്ഥാപിക്കപ്പെടും! "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർവന്ന് അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടുംകൂടെ സ്വർഗ്ഗരാജ്യത്തിൽ ഭക്ഷണത്തിനിരിക്കുമെന്ന് ഞാൻ നിങ്ങളോട് പറയുന്നു" (മത്താ. 8:11).

### e) ദുഷ്ടന്മാർക്കു ലഭിക്കുന്ന ശിക്ഷ

സ്വർഗ്ഗരാജ്യത്തിനു ബദലായി ദുഷ്ടന്മാരെ പീഡിപ്പിക്കാനുള്ള രണ്ടു സ്ഥലങ്ങളെപ്പറ്റിയുള്ള സൂചനകൾ സുവിശേഷങ്ങളിൽ കാണാം: പാതാളവും (Hades), നരകവും (Gehenna).

മരിച്ചവർ പുനരുത്ഥാനവും പാർത്തു കഴിയുന്ന സ്ഥലമായാണ് പാതാളത്തെ പൊതുവേ കണക്കാക്കുന്നത്. സുവിശേഷങ്ങളിൽ ഇത് നാലു പ്രാവശ്യം പ്രത്യക്ഷപ്പെടുന്നു. (മത്താ. 11:23; 16:18; ലൂക്കാ 10:14; 16:23) ദുഷ്ടരെ പീഡിപ്പിക്കുന്ന സ്ഥലമാണ് പാതാളം എന്ന ഓരേയൊരു സൂചനയേ സുവിശേഷങ്ങളിൽ കാണുന്നുള്ളൂ. "അവസാനം ആ ദരിദ്രൻ മരിച്ചു. മാലാഖാമാർവന്നു അവനെ അബ്രാഹത്തിന്റെ മടിയിലേക്ക് കൊണ്ടുപോയി. ധനികനും മരിച്ച് അടക്കപ്പെട്ടു. പാതാളത്തിൽ പീഡ അനുഭവിക്കുന്നതിനിടയിൽ മുകളിലേക്ക് നോക്കിയപ്പോൾ അബ്രാഹത്തേയും അദ്ദേഹത്തിന്റെ മടിയിൽ ലാസറിനെയും കണ്ടു " (ലൂക്കാ. 16:22-23). പീഡയുടെ സ്ഥലം എന്ന അർത്ഥത്തിലാണ് 'നരകം' എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. ജൊവാക്കിം ജറമിയാസിന്റെ അഭിപ്രായത്തിൽ മരണത്തിനും പുനരുത്ഥാനത്തിനും ഇടയ്ക്കുള്ള മധ്യകാലത്ത് മാത്രമേ ദുഷ്ടന്മാർ പാതാളത്തിൽ പ്രവേ





ശിക്കപ്പെടുന്നുള്ളൂ; നരകമാകട്ടെ അവരുടെ ശിക്ഷയുടെ സ്ഥലമാണ്. കെടാത്ത തീയും ചാകാത്ത പുഴുവും ഉള്ള സ്ഥലമാണത് (ലൂക്കാ. 9:4348). നരകാഗ്നിയിലേക്ക് എറിയപ്പെടുന്നതിന്റെ ഭീകരതയെപ്പറ്റി യേശു ശിഷ്യന്മാരെ പലപ്രാവശ്യം ഓർമ്മിപ്പിക്കുന്നു. പതിനൊന്ന് പ്രാവശ്യം ഇത് സുവിശേഷങ്ങളിൽ പ്രയോഗിച്ചിട്ടുണ്ട്. ഈ പതിനൊന്നു പ്രാവശ്യവും ഇടർച്ചകൊടുക്കുന്നതിനെതിരെയുള്ള താക്കീതായിട്ടാണ് ഇത് ഉപയോഗിച്ചിരിക്കുന്നതെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇടർച്ചയുടെ പേരിൽ നരകത്തിലേക്ക് എറിയപ്പെടുന്നതിനേക്കാൾ, അംഗഭംഗം ബാധിച്ചവനായി സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതാണ് ഒരുവന് നല്ലത് (മത്താ. 5:29-30; 18:9; മർക്കോ. 9:43 -45,47).

യഹൂദരുടെ പ്രാപഞ്ചിക വീക്ഷണവുമായി അഭേദ്യം ബന്ധപ്പെട്ടു കിടക്കുന്ന സംജ്ഞകളാണ് പാതാളവും നരകവും. ശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരുടെ പീഡകൾ വിവരിക്കാൻ രണ്ട് പ്രതിരൂപങ്ങൾ ധ്വനിപ്പിക്കുന്നത്. പീഡയുടെ സ്ഥലം തീക്കുണ്ഡമാണെങ്കിൽ അത് അതേസമയം അന്ധകാരത്തിന്റെ സ്ഥലമായും ചിത്രീകരിക്കുന്ന വചനങ്ങളുണ്ട്.

> മത്താ: 13:41: "മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയയ്ക്കും. അവർ അവിടുത്തെ രാജ്യത്തുനിന്നു ഇടർച്ചയ്ക്കു കാരണമാകുന്നവരെയും അധർമ്മികളെയുമെല്ലാം ശേഖരിച്ച് അഗ്നികുണ്ഡത്തിലെറിയും."
> മത്താ: 25:30: "മടിയനായ ഈ ദാസനെ വെളിയിലുള്ള അന്ധകാരത്തിലേയ്ക്കു തള്ളുവിൻ. അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാകും."

സുവിശേഷങ്ങളിലെ ചില വചനങ്ങൾ മനുഷ്യന്റെ അന്ത്യത്തെ സൂചിപ്പിക്കുമ്പോൾ മറ്റു ചിലവയാകട്ടെ ഈ പ്രപഞ്ചത്തിന്റെ അന്ത്യത്തേയും സൂചിപ്പിക്കുന്നു. അപ്പൊകാലിപ്റ്റിക് ഭാഷയാണ് നാമിവിടെ കാണുന്നത്. മറഞ്ഞിരിക്കുന്ന ദൈവിക സത്യങ്ങളുടെ വെളിപ്പെടൽ എന്നാണ് 'അപ്പോക്കാലിപ്സിസ്' എന്ന വാക്കിന്റെ അർത്ഥം. അപ്പൊക്കാലിപ്റ്റിക് ഭാഷ യേശുവിന്റെ സമകാലികരുടെ ഇടയിൽ പ്രചരിച്ചിരുന്നു.

### a) മനുഷ്യന്റെ അന്ത്യത്തെ സൂചിപ്പിക്കുന്ന വചനങ്ങൾ

മത്താ 13:41: "അന്ന് മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയയ്ക്കും. അവർ അവിടുത്തെ രാജ്യത്തുനിന്ന് ഇടർച്ചയ്ക്കു കാരണമാകുന്നവരേയും അധർമ്മികളേയുമെല്ലാം ശേഖരിച്ച് അഗ്നികുണ്ഡത്തിലെറിയും. അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാകും. എന്നാൽ നീതി

മാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ ശോഭിക്കും.”

മത്താ 25:31-46: “മനുഷ്യപുത്രൻ പ്രതാപപൂർവ്വം സകല മാലാഖമാരോടുകൂടി എഴുന്നള്ളി മഹത്വമേറിയ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അപ്പോൾ സകല ജനങ്ങളും അവിടുത്തെ സന്നിധിയിൽ ഹാജരാക്കപ്പെടും. ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ അവിടുന്ന് അവരെ വേർതിരിക്കും. ചെമ്മരിയാടുകളെ തന്റെ വലത്തുവശത്തും കോലാടുകളെ തന്റെ ഇടത്തുവശത്തും നിർത്തും. അനന്തരം തന്റെ വലത്തുവശത്തുള്ളവരോട് അരുൾ ചെയ്യും: എന്റെ പിതാവിനാൽ അനുഗൃഹീതരേ വരുവിൻ; ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം കൈവശമാക്കിക്കൊള്ളുവിൻ;........ അനന്തരം അവിടുന്ന് തന്റെ ഇടത്തുവശത്തുള്ളവരോടു അരുൾചെയ്യും. ശപിക്കപ്പെട്ടവരേ, എന്നിൽനിന്നുമകന്ന് പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ..... ഇവർ നിത്യശിക്ഷയ്ക്കു വിധേയരാകും. നീതിമാന്മാർ നിത്യജീവൻ പ്രാപിക്കും.”

## b) അഖില പ്രപഞ്ചത്തിന്റെയും അന്ത്യത്തെ സൂചിപ്പിക്കുന്ന വചനങ്ങൾ

മത്താ 24:29: “അക്കാലത്തെ ദുരിതങ്ങൾ അവസാനിച്ചാലുടനെ സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ നിഷ്പ്രഭമാകും, നക്ഷത്രങ്ങൾ ആകാശത്തുനിന്നും വീഴും, ആകാശശക്തികൾ ക്ഷോഭിക്കും” (മത്താ 16:28). യേശു അവരോടു പറഞ്ഞു: ഞാൻ സത്യമായി നിങ്ങളോടു പറയുന്നു, പുതിയ ലോകത്തിൽ, മനുഷ്യപുത്രൻ തന്റെ മഹത്വമേറിയ സിംഹാസനത്തിൽ ഉപവിഷ്ടനാകുമ്പോൾ....

ദ്വിതീയാഗമനത്തെയും മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും അന്ത്യത്തെയും പറ്റിയുള്ള യേശുവിന്റെ പ്രബോധനങ്ങൾ അല്പം വിശദീകരിക്കാം.

പഴയനിയമവും യഹൂദരുടെ അപ്പൊക്കാലിപ്റ്റിക് സാഹിത്യവും ഖുമ്റാൻ സാഹിത്യവും പുതിയനിയമവുമെല്ലാം, അന്ത്യദിനം മനുഷ്യരെ മാത്രമല്ല, പ്രപഞ്ചത്തെ മുഴുവൻ ബാധിക്കുമെന്ന് അഭിപ്രായപ്പെടുന്നു. സെന്റ് പോൾ റോമാക്കാർക്ക് എഴുതുകയാണ്: “സമസ്ത സൃഷ്ടികളും ദൈവമക്കളുടെ മഹത്വീകരണം ആകാംക്ഷയോടെ കാത്തിരിക്കുന്നു. അവയുടെ പ്രതീക്ഷ വ്യർത്ഥമായി. സ്വന്തം ഇഷ്ടപ്രകാരമല്ല, അവയെ അടിമപ്പെടുത്തിയവന്റെ അഭീഷ്ടപ്രകാരമാണ് അങ്ങനെ സംഭവിച്ചത്. എങ്കിലും പ്രത്യാശയ്ക്കു





വകയുണ്ട്. എന്തെന്നാൽ സൃഷ്ടികൾ മർത്ത്യതയുടെ ശൃംഖലകളിൽനിന്നും വിമുക്തരായി, ദൈവപുത്രന്മാരുടെ സ്വാതന്ത്ര്യവും മഹത്വവും പ്രാപിക്കാനുള്ളതാണ്” (റോമ 8:19-21).

പുതിയനിയമത്തിലെ രണ്ടു ഭാഗങ്ങൾ പുതിയ ആകാശത്തെയും പുതിയ ഭൂമിയെയുംപറ്റി പരാമർശിക്കുന്നു.

> വെളിപാട് 21:1. “അനന്തരം ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ആദ്യത്തെ ആകാശവും, ആദ്യത്തെ ഭൂമിയും കടന്നുപോയി. സമുദ്രവും ഇനി ഇല്ല.”
>
> 2 പത്രോ. 3:7-13: “ഇപ്പോഴത്തെ ആകാശവും ഭൂമിയും വിധിയുടേയും ദുഷ്ടമനുഷ്യരുടെ നാശത്തിന്റേയും ദിവസത്തേയ്ക്ക് അതേ വചനത്താൽ അഗ്നിക്കായി സൂക്ഷിച്ചിരിക്കുകയാണ്.... കർത്താവിന്റെ ദിവസം കള്ളനെപ്പോലെ വരും; അന്ന് ആകാശം വലിയ ഒച്ചപ്പാടോടെ ഇല്ലാതാകും; മൂലപദാർത്ഥങ്ങൾ ചൂടുകൊണ്ട് ഉരുകിപ്പോകും. ഭൂമിയും അതിലുള്ള സമസ്തവും നശിച്ചുപോകും.... നാം അവിടുത്തെ വാഗ്ദാനപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും പ്രതീക്ഷിച്ചിരിക്കുകയാണ്.”

ഈ രണ്ടു വേദപുസ്തകഭാഗങ്ങളും ഏശയ്യായുടെ പുസ്തകത്തിലെ 65:17; 66:22 എന്നീ ഭാഗങ്ങളെയാണ് അനുസ്മരിപ്പിക്കുന്നത്. ഏശ 65:17: ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു.

പഴയ വസ്തുക്കളൊന്നും അനുസ്മരിക്കപ്പെടുകയില്ല. അവ അവസാനിച്ചിരിക്കുന്നു. ഏശ 66:72 “ഞാൻ നിർമ്മിക്കാനിരിക്കുന്ന പുതിയ ആകാശത്തെയും പുതിയ ഭൂമിയെയുംപോലെ....”

പുതിയ ആകാശത്തേയും പുതിയ ഭൂമിയേയുംപറ്റിയുള്ള പുതിയനിയമവചനങ്ങളുടെ വ്യാഖ്യാനത്തെ സംബന്ധിച്ച് പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായാന്തരമുണ്ട്. വിധിയാളനായിവരുന്ന യാഹ്വേയുടെ പരമോന്നതാധികാരത്തിന് ഊന്നൽ കൊടുക്കാൻവേണ്ടി ഉപയോഗിച്ചിരിക്കുന്ന ആലങ്കാരിക ഭാഷയാണിതെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. എ. വോൾട്ടിൻ ഇതിനെപ്പറ്റി എഴുതുന്നു: വിധിയെപ്പറ്റിയുള്ള പ്രവാചിക ചിത്രീകരണത്തിലെ ഭീകരതകൾ, വിധിയാളനായ യാഹ്വേയുടെ പരമോന്നതാധികാരത്തിന്റെ പ്രതിരൂപങ്ങളായി വേണം മനസ്സിലാക്കുവാൻ. ഏശയ്യായുടെ പുസ്തകത്തിന്റെ കർത്താവും പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടേയും സൃഷ്ടിയെപ്പറ്റിയുള്ള വചനം (66:22; 65:17) രക്ഷയെ സൂചിപ്പിക്കുന്ന അതിശയോക്തിപരമായ അലങ്കാ

രമായിട്ടാണ് മനസ്സിലാക്കിയത്. യാഹ്വേയുടെ പരമാധികാരത്തെ അതു സ്പഷ്ടമാക്കുന്നു.

വിധിയെ സൂചിപ്പിക്കുന്ന അലങ്കാരഭാഷയായി ഈ വചനങ്ങളെ പില്ക്കാല യഹൂദമതവും ഖുമ്റാൻ സമൂഹവും കണക്കാക്കിയിരുന്നോ എന്നു ഖണ്ഡിതമായി പറയാനാവില്ല. 1 ഏനോക്ക് 91:6: "ഒന്നാമത്തെ ആകാശം കടന്നുപോകും; പുതിയ ആകാശം പ്രത്യക്ഷപ്പെടും. ആകാശശക്തികളെല്ലാം ഏഴിരട്ടി പ്രകാശം പ്രസരിപ്പിക്കും."

1 Qs IV, 16: "ഇക്കാലം അവസാനിക്കുകയും പുതിയ സൃഷ്ടി ആഗമിക്കുകയും ചെയ്യുന്നതുവരെ ദൈവം അവരെ നീതിമാന്മാരും ദുഷ്ടന്മാരുമായി തുല്യശക്തിയിൽ നിർത്തിയിരിക്കുകയാണ്."

ഈ പശ്ചാത്തലത്തിൽ സമാനസുവിശേഷങ്ങളിലെ അപ്പൊക്കാലിപ്റ്റിക് വചനങ്ങൾ വിശിഷ്യാ മത്താ. 19:28 24:29 എന്നിവയെ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മത്താ 19:28 "ഞാൻ സത്യമായി നിങ്ങളോട് പറയുന്നു, പുതിയ ലോകത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വമേറിയ സിംഹാസനത്തിൽ ഉപവിഷ്ടനാകുമ്പോൾ...."

മത്താ 24:29: അക്കാലത്തെ ദുരിതങ്ങൾ അവസാനിച്ചാലുടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ നിഷ്പ്രഭമാകും; നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും; ആകാശശക്തികൾ ക്ഷോഭിക്കും.

ഈ വാക്യത്തിന് പഴയനിയമത്തിലെ പലവാക്യങ്ങളുമായി സാഹിത്യരൂപപരമായ ബന്ധമുണ്ട് - പ്രധാനമായും ഏശ 13:10; 34:4; ജോയേൽ 2:10 തുടങ്ങിയവയുമായി.

ഏശ 13:10: ആകാശത്തിലെ നക്ഷത്രങ്ങളും ഗ്രഹവ്യൂഹങ്ങളും അവയുടെ പ്രകാശം തരുകയില്ല. സൂര്യൻ ഇരുണ്ടുപോകും. ചന്ദ്രൻ അതിന്റെ പ്രകാശം നല്കുകയുമില്ല.

ഏശ 34:4: "ആകാശശക്തികളെല്ലാം നശിക്കും. ആകാശം ഒരു ചുരുൾപോലെ ചുരുണ്ടുപോകും."

ജോയേൽ 2:10: "ഭൂമി ഇളകും; ആകാശം ക്ഷോഭിക്കും; സൂര്യനും ചന്ദ്രനും ഇരുണ്ടുപോകും; നക്ഷത്രങ്ങൾ അവയുടെ പ്രകാശം മറച്ചുവയ്ക്കും"

ഇതേ ഭാഷതന്നെയാണ് മത്തായിയുടെ സുവിശേഷത്തിലെ യുഗാന്ത്യപ്രഭാഷണത്തിലും കാണുന്നത്. സാർവ്വലൗകികവും പ്രാപഞ്ചികവുമായ സമ്പൂർണ്ണ പരിത്രാണത്തെപ്പറ്റിയാവണം യേശു ഇവിടെ സൂചിപ്പിക്കുന്നത്.

**(ഡോ. സെബാസ്റ്റ്യൻ വടക്കുംപാടൻ,**
*ബൈബിൾ ഭാഷ്യം 9* (1980) 138-154)



# 6

## വിനയം, കരുണ, വിശ്വാസം

**(മത്താ 8:5 – 13)**

പാരാസൈക്കോളജിയിൽ (Para - Psychology) "ടെലപ്പതി"എന്നൊരു സങ്കല്പമുണ്ട്. വിദൂരങ്ങളിലായിരിക്കുന്ന പ്രിയപ്പെട്ടവരുടെ നൊമ്പരങ്ങളും വേദനകളും അപകടങ്ങളും അതീന്ദ്രിയമായി അറിയാനുള്ള കഴിവാണത്. ഭാരതപര്യടനത്തിലായിരുന്ന ശങ്കരാചാര്യർ അമ്മയുടെ മരണ വേദന അതീന്ദ്രിയമായി തിരിച്ചറിഞ്ഞ് മരണക്കിടക്കയ്ക്കരുകിലെത്തി എന്നാണ് പറയപ്പെടുന്നത്. മക്കൾക്ക് അപകടം പറ്റുന്ന നേരത്ത് വിദൂരത്തായ അമ്മമാർക്ക് അസ്വസ്ഥതകൾ അനുഭവപ്പെടുന്നതിനെക്കുറിച്ച് എത്രയോ വിവരണങ്ങൾ നാം കേൾക്കാറുണ്ട്. ലോകത്ത് എവിടെയൊക്കെയോ അനുനിമിഷം നടക്കുന്ന ക്രൂരതകളെക്കുറിച്ചുള്ള അതീന്ദ്രീയ ഞെട്ടലുകളാണ് അനുനിമിഷം കണ്ണുചിമ്മുന്നതിനു കാരണമാകുന്നതെന്ന കവിഭാവനയിലും കാര്യമുണ്ട്. ടെലപ്പതിയുടെ അത്ഭുത ശാസ്ത്രം വിശദീകരിക്കാൻ നമുക്കാവില്ലായിരിക്കാം. എന്നാൽ, അതിനു പിന്നിലൊരു ആത്മീയ തത്വമുണ്ട്: അപരന്റെ സങ്കടങ്ങളോട് സംവദിക്കാനുള്ള ഏതോ ഒരു ക്ഷമത ഓരോ മനുഷ്യനിലുമുണ്ട്. മനുഷ്യത്വം എന്നൊക്കെ നാം വിളിക്കുന്നത് ഈ സംവേദനക്ഷമതയെയാണ്. അകലെയുള്ളവരുടെ സങ്കടമറിയാൻ അത്ഭുതശക്തി ആവശ്യ

മുണ്ട്. എന്നാൽ അടുത്തുള്ളവരുടെ, ഒപ്പമുള്ളവരുടെ സങ്കടമറിയാനും അതിനോടുപ്രതികരിക്കാനുമുള്ള കഴിവാണ് ഒരുവന്റെ ആത്മീയത.

സുവിശേഷത്തിൽ നാം പരിചയപ്പെടുന്ന ശതാധിപൻ ഇപ്രകാരം ആത്മീയത കൈവരിച്ചവനായിരുന്നു. യഹൂദദൃഷ്ടിയിൽ അവൻ വിജാതീയനും അവിശ്വാസിയും ആത്മീയതയുടെ സ്പർശമില്ലാത്തവനുമായിരുന്നു. എന്നാൽ തന്റെ ഭൃത്യന്റെ രോഗത്തിൽ അസ്വസ്ഥമാകാൻ കഴിയുന്ന ഒരു ഹൃദയം അദ്ദേഹത്തിനുണ്ടായിരുന്നു. കൂട്ടത്തിലെ ഏറ്റവും ചെറിയവന്റെ ഹൃദയതാളവും ശ്രദ്ധിക്കാനുള്ള കഴിവിനെ ക്രിസ്തു ആത്മീയതയുടെയും വിശ്വാസത്തിന്റെയും ഉദാത്ത ദൃഷ്ടാന്തമായി പ്രതിഷ്ഠിക്കുന്നതാണ് സുവിശേഷത്തിന്റെ കഥാതന്തു. ശതാധിപൻ വിനയമുള്ളവനായിരുന്നു. കാരണം അവൻ യേശുവിനോടു പറയുന്നത് "അങ്ങ് എന്റെ ഭവനത്തിൽ വരാൻ ഞാൻ യോഗ്യനല്ല... ഞാൻ പോലും ഒരുവനോടു പോകൂ എന്നുപറയുമ്പോൾ അവൻ പോകുന്നു" (POC വിവർത്തനത്തിൽ ഈ വിനയമാനം (even I, Kai gar ego) നഷ്ടമായിട്ടുണ്ട് ). ഈ വിനയമാണ് വീട്ടിലെ വേലക്കാരന്റെപോലും സങ്കടം അറിയാനുള്ള കരുണ അവനിൽ നിറച്ചത്. വിനയവും കരുണയും ഒത്തുചേർന്ന അവന്റെ മനസ്സിനെയാണ് ക്രിസ്തു ശ്രേഷ്ഠതമമായ വിശ്വാസം എന്നു വിശേഷിപ്പിച്ചത്. അതുകൊണ്ടുതന്നെ സുവിശേഷകന്റെ സൂത്രവാക്യം ലളിതമാണ്. വിനയം + കരുണ = വിശ്വാസം.

## ശതാധിപൻ

'*ഹെക്കതോന്താർകെസ്*' എന്ന ഗ്രീക്കു വാക്കിൽ നിന്നാണ് "നൂറുപേരുടെ അധിപൻ" എന്നർത്ഥമുള്ള ശതാധിപൻ എന്ന വാക്ക് രൂപപ്പെടുന്നത്. റോമൻ സൈന്യത്തിലെ നൂറുപേരടങ്ങുന്ന സൈന്യവിഭാഗത്തിന്റെ തലവൻ ശധാതിപൻ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇത് റോമൻ പട്ടാളത്തിന്റെ ഏറ്റവും ചെറിയ ഘടകമാണ്. (പുതിയനിയമ കാലഘട്ടത്തിൽ പത്തു ശതഗണങ്ങൾ ചേർന്ന സഹസ്രഗണവും ആറു സഹസ്രഗണങ്ങൾ ചേർന്ന വ്യൂഹവുമാണ് ഉണ്ടായിരുന്നത്. ശതഗണങ്ങളുടെ തലവൻ ശതാധിപൻ സഹസ്രഗണങ്ങളുടെ അധിപൻ സഹസ്രാധിപൻ എന്നും (അപ്പ 22:23; 23:15; 17,19) അറിയപ്പെട്ടിരുന്നു). ശതാധിപന്മാർ പട്ടാളത്തിന്റെ നെടുംതൂണുകളായിരുന്നു. പട്ടാളക്യാമ്പിന്റെ അച്ചടക്കം സൂക്ഷിക്കുക, ആയുധങ്ങൾ പരിശോധിക്കുക, തന്റെ കീഴുദ്യോഗസ്ഥന്മാർക്ക് ക്യാമ്പിനുള്ളിലും പുറത്തും വേണ്ട നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയവ ശതാധിപന്റെ ഉത്തരവാദിത്തങ്ങളായിരുന്നു. ശതാധിപന്മാർ പല പദവികളിലുള്ളവരായിരുന്നു. അധികാരത്തിൽനിന്നു വിരമിച്ചശേഷവും ഇവർക്കു സമൂഹത്തിൽ ഗണ്യമായ സ്ഥാനം ലഭിച്ചിരുന്നു (ലൂക്കാ 7:12).





ശതാധിപന്മാർ പുതിയനിയമത്തിന്റെ ഇഷ്ടകഥാപാത്രങ്ങളാണ്. കുരിശുമരണവേളയിൽ യേശുവിലുള്ള വിശ്വാസം ഏറ്റുപറയുന്ന ശതാധിപനെക്കുറിച്ച് സുവിശേഷകൻ പറയുന്നുണ്ട് (മർക്കോ 15:39, ലൂക്കാ 23:47). ജറുസലേമിൽ വച്ച് പൗലോസിനെ ചമ്മട്ടിയടിയിൽനിന്നു രക്ഷിച്ച ശതാധിപനെക്കുറിച്ചും (അപ്പ 22:25-26), യഹൂദരുടെ ഗൂഢാലോചനയിൽനിന്നും പൗലോസിനെ രക്ഷിച്ച മറ്റൊരു ശതാധിപനെക്കുറിച്ചും (അപ്പ 23:17-22) വി. ഗ്രന്ഥകർത്താവിന് നല്ലതേ പറയാനുള്ളൂ. "ഇത്താലിക്കെ" സൈന്യവിഭാഗത്തിന്റെ തലവനായ കൊർണേലിയൂസ് (അപ്പ 10:1) വിശ്വാസം സ്വീകരിച്ച ആദ്യ വിജാതീയനായിരുന്നു എന്ന് ലൂക്കാ വിവരിക്കുന്നുണ്ട്. പൗലോസിനെ റോമിലേക്കനുഗമിച്ച ജൂലിയൂസിനെയും (27:13, 43) ലൂക്കാ പരാമർശിക്കുന്നുണ്ട്. വിജാതീയനായ ശതാധിപൻ യേശുവിലുള്ള വിശ്വാസം ഏറ്റുപറയുന്ന സുവിശേഷ വിവരണത്തിലൂടെ പിൽക്കാലസഭയിൽ സംഭവിക്കാനിരിക്കുന്ന വിജാതീയരുടെ രക്ഷയെക്കുറിച്ചുള്ള മുന്നറിവ് നൽകുകയാണ് മത്താ 8:5-13 ന്റെ ലക്ഷ്യം.

## വിശ്വാസം - ദൈവദാനം

വിജാതീയ ശതാധിപന്റെ വിശ്വാസത്തെ പുകഴ്ത്തുന്ന സംഭവം മത്തായിയുടെ സുവിശേഷത്തിന്റെ ഇതരഭാഗങ്ങളിൽനിന്നു വ്യതിരിക്തത പുലർത്തുന്നതാണ്. പൊതുവെ യഹൂദ രക്ഷ എന്ന ആശയമാണ് മത്തായിയുടെ സുവിശേഷത്തിന്റെ ഊന്നൽ.

10:5-6 - ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകളുടെ അടുക്കലേക്കു മാത്രം.......

15:24 - മക്കളുടെ അപ്പം നായ്ക്കൾക്കു കൊടുക്കില്ല....

തുടങ്ങിയ വാക്യങ്ങൾ മത്തായിയുടെ യഹൂദ മുൻഗണന വ്യക്തമാക്കുന്നു. എന്നാൽ 28:16 -20 ൽ, സുവിശേഷ സമാപനത്തിൽ, അവതരിപ്പിക്കുന്ന സാർവ്വത്രിക രക്ഷ (സകലജാതികളോടും സുവിശേഷം പ്രസംഗിക്കുവിൻ...) എന്ന ആശയത്തിലേക്കുള്ള ദിശാസൂചിയായി ഈ സംഭവത്തെ വ്യാഖ്യാനിക്കാം. വിജാതീയരുടെ വിശ്വാസത്തെ വിലകുറച്ചുകാണുന്ന പ്രവണതയുടെ തിരുത്തലായും ഈ വചനഭാഗത്തെ കാണാം.

ഒരുവന്റെ വിശ്വാസത്തെ വിലയിരുത്തുമ്പോൾ സകലർക്കും തെറ്റുപറ്റാവുന്നതാണ്. വിലയിരുത്തുന്നവർ പലപ്പോഴും വിശ്വാസത്തിന് സ്വന്തമായി മാനദണ്ഡങ്ങൾ നിർണ്ണയിക്കുകയും അതിനു നിരക്കാത്തവരെയെല്ലാം അവിശ്വാസികളും അജ്ഞാനികളും അധാർമ്മികളുമായി വിലയിരുത്തുകയാണ് പതിവ്. വിശ്വാസിക്ക് മനുഷ്യർ നിശ്ചയിക്കുന്ന സാമാന്യമാനദണ്ഡങ്ങൾ: പള്ളിയിൽ പോകുന്നവൻ. ആണ്ടുകുമ്പസാരം മുടക്കാത്തവൻ, മദ്യപിക്കാത്ത

വൻ..... തുടങ്ങിയവയാണ്. ഈ മാനദണ്ഡങ്ങൾ പാലിക്കുന്നവൻ വിശ്വാസി ലംഘിക്കുന്നവനാകട്ടെ അവിശ്വാസിയും. യഹൂദരുടെ സാമാന്യമാനദണ്ഡങ്ങളനുസരിച്ച് അപരിച്ഛേദിതനും സാബത്താചരിക്കാത്തവനും ദൈവപ്രമാണങ്ങളനുസരിക്കാത്തവനുമായ ശതാധിപൻ അവിശ്വാസിയാണ്. എന്നാൽ വിശ്വാസത്തിന് മനുഷ്യൻ നല്കുന്ന മാനദണ്ഡങ്ങളും ദൈവം കല്പിക്കുന്ന മാനദണ്ഡങ്ങളും വ്യത്യസ്തങ്ങളാണ് എന്നതാണ് ക്രിസ്തുഭാഷ്യം. മനുഷ്യദൃഷ്ടിയിലെ വിശ്വാസികളിൽ പലരും ദൈവദൃഷ്ടിയിൽ അവിശ്വാസികളും മനുഷ്യൻ വിശ്വാസലോകത്തുനിന്നു ഭ്രഷ്ടു കല്പിച്ചു പുറത്തുനിർത്തിയിരിക്കുന്നവരിൽ പലരും ദൈവദൃഷ്ടിയിൽ സത്യവിശ്വാസികളുമാകാം. തിരഞ്ഞെടുക്കപ്പെട്ടവർ പുറത്തെറിയപ്പെടുന്നതിനെക്കുറിച്ചും കിഴക്കുനിന്നും തെക്കുനിന്നും.... സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനു വരുവരെക്കുറിച്ചുമുള്ള പരാമർശം (വാ. 11-12) ഈ ആശയം വ്യക്തമാക്കുന്നതിനാണ്. വിശ്വാസസംഹിതകൾക്കും ആചാരാനുഷ്ഠാനങ്ങൾക്കുമപ്പുറം കൂടെയുള്ളവരുടെ നൊമ്പരങ്ങളെ മനസ്സിലാക്കുകയും അതു പരിഹരിക്കാൻ ആകുലപ്പെടുകയും ചെയ്യുന്നവനെ പുകഴ്ത്തിക്കൊണ്ട് ദൈവവിശ്വാസം എന്നത് പരസ്നേഹം തന്നെയാണെന്ന് ക്രിസ്തു സമർത്ഥിക്കുകയാണ്.

മത്തായിയുടെ സുവിശേഷത്തിൽ പൂജരാജാക്കന്മാർക്കുശേഷം വിശ്വാസം പ്രഘോഷിക്കുന്ന ആദ്യവിജാതീയനാണ് ഈ ശതാധിപൻ. കിഴക്കുനിന്നും തെക്കുനിന്നും വടക്കുനിന്നും വരാനിരിക്കുന്നവരുടെ പ്രതിനിധിയാണയാൾ. നാലുദിക്കിൽനിന്നും വിജാതീയർ സീയോൻമല ലക്ഷ്യമാക്കി വരുന്നതിനെക്കുറിച്ച് ഏശയ്യ 2:1-5 ൽ വിവരിക്കുന്ന ദർശനത്തിന്റെ പശ്ചാത്തലത്തിലാണ് മത്താ 8:11-12 ലെ യുഗാന്ത്യദർശനം അവതരിപ്പിക്കുന്നത്. വിജാതീയർ യുഗാന്ത്യത്തിൽ മിശിഹായോടൊത്ത് വിരുന്നിനിരിക്കുമ്പോൾ തെരഞ്ഞെടുക്കപ്പെട്ട യഹൂദരിൽ, വിശ്വസിക്കാത്തവർ തിരസ്കൃതരാകും എന്ന ഏശയ്യായുടെ പ്രവചനം സഫലമാകുന്നതിന്റെ സൂചനയായിട്ടാണ് ശതാധിപന്റെ വിശ്വാസത്തെ സുവിശേഷകൻ അവതരിപ്പിക്കുന്നത്.

അത്ഭുതവിവരണത്തിന് സുവിശേഷകൻ അശേഷം പ്രാധാന്യം നൽകുന്നില്ല എന്നതും ശ്രദ്ധേയമാണ്. മറിച്ച് ക്രിസ്തുവിന്റെ സാന്നിദ്ധ്യം ശതാധിപനിലുളവാക്കുന്ന വിശ്വാസത്തിനാണ് സുവിശേഷകൻ ഊന്നൽ നൽകുന്നത്. അത്ഭുതങ്ങളും അടയാളങ്ങളും ആത്മീയതയുടെ അളവുകോലാകുന്ന ഈ കാലഘട്ടത്തിൽ അത്ഭുതത്തിനുമേൽ വിശ്വാസത്തെ പ്രതിഷ്ഠിക്കുന്ന സുവിശേഷകന്റെ നിലപാട് ഏറെപ്രസക്തമാണ്. ചോദിക്കുന്നതെല്ലാം അത്ഭുതകരമായി നടപ്പിലാക്കിത്തരുന്ന ദൈവത്തെ വിശ്വസിക്കുക എളുപ്പമാണ്. എന്നാൽ ചുറ്റും അന്ധകാരം തിങ്ങിവിങ്ങുമ്പോഴും വെളിച്ചത്തെ





സ്വപ്നം കണ്ട് പ്രത്യാശപ്പെടാനുള്ള കഴിവാണ് വിശ്വാസം. മരുഭൂമിക്കുനടുവിലാണെങ്കിലും മേഘത്തൂണായും അഗ്നിസ്തംഭമായും ദൈവം പൊതിഞ്ഞുനില്പുണ്ടെന്ന തിരിച്ചറിവാണ് വിശ്വാസം. കാലിടറി കുഴിവക്കിലെ വേരിൽ തൂങ്ങിയവനോടു പിടിവിട്ടു ചാടാൻ ദൈവം പറഞ്ഞതായി ഒരു കഥ ആന്റണി ഡിമെല്ലോ പറഞ്ഞിട്ടുണ്ട്. പിടിവിടാതെ രക്ഷിക്കാൻ കഴിവുള്ള ദൈവത്തിലേ വിശ്വസിക്കൂ എന്നതായിരുന്നത്രേ വീണവന്റെ പിടിവാശി. പിടിവിടാത്തവർക്ക് ക്രിസ്തു അന്യനാണെന്ന തിരിച്ചറിവുകൂടിയാണ് ഈ സുവിശേഷം. സർവ്വതും അവനെ ഭരമേൽപ്പിച്ച് ശാന്തനാകുന്ന ശതാധിപന്റെ വിശ്വാസം നക്ഷത്രശോഭയുള്ളതാകുന്നതും അതുകൊണ്ടാണ്.

## അധികാരം - ആത്മീയവും രാഷ്ട്രീയവും

ആത്മീയ അധികാരികൾ (മതം) രാഷ്ട്രീയത്തിൽ ഇടപെടുന്നു എന്ന ആരോപണം പിന്നാമ്പുറങ്ങളിൽ മുഴങ്ങുന്ന ഈ കാലത്ത് ആത്മീയ-രാഷ്ട്രീയ അധികാരങ്ങളുടെ പാരസ്പര്യത്തെക്കുറിച്ചാണ് സുവിശേഷകൻ പങ്കുവയ്ക്കുന്നത്. തന്റെ അധികാരത്തിന്റെ വ്യാപ്തിയെക്കുറിച്ചും അതിന്റെ പരിമിതിയെക്കുറിച്ചുമുള്ള വ്യക്തമായ അവബോധമാണ് ശതാധിപൻ എന്ന അധികാരിയെ വ്യതിരിക്തനാക്കുന്നത്. തന്റെ അധീനതയിലുള്ളവർ താൻ പറഞ്ഞാൽ അനുസരിക്കുന്നവരാണ് എന്ന് ശതാധിപനറിയാം (വാ. 9). എന്നാൽ അണികളുടെ പിൻബലത്തിൽ ലോകവും ദൈവവും വിശ്വാസവുമൊക്കെ തനിക്കു കീഴിലാണ് എന്നു ചിന്തിക്കുന്ന ഭോഷന്മാരായ നേതാക്കളിൽനിന്ന് ശതാധിപൻ വ്യത്യസ്തനായിരുന്നു. സൈനികവും രാഷ്ട്രീയവുമായ അധികാരങ്ങൾ നാടിന്റെ നന്മയ്ക്ക് ആവശ്യമാണ്. എന്നാൽ അതു കയ്യാളുന്നവർ അധികാരത്തിന്റെ അതിരുകളെക്കുറിച്ച് അറിവുള്ളവരാകണം.

ഭൗമിക അധികാരം ദൈവികമായ അധികാരത്തിനു വിധേയമാണെന്ന തിരിച്ചറിവാണ് ശതാധിപന്റെ നന്മ. ദൈവിക മേഖലയിൽ വ്യാപരിക്കുന്ന ആത്മീയരുടെ അവകാശങ്ങളെക്കുറിച്ചും അവരുടെ അധികാരങ്ങളെക്കുറിച്ചും രാഷ്ട്രീയാധികൾ അറിവുള്ളവരായിരിക്കണം. രാഷ്ട്രീയത്തിന്റെ അന്ധതയെ തിരുത്തുന്ന നയനവും പ്രകാശവുമാണ് മതവിശ്വാസമെന്ന് ഗാന്ധിജി പറഞ്ഞത് ഈ അർത്ഥത്തിലാണ്. ദൈവവിശ്വാസമില്ലായിരുന്നെങ്കിൽ താനൊരു ഭ്രാന്തനാകുമായിരുന്നെന്ന് രാഷ്ട്രപിതാവ് പറഞ്ഞതിന്റെ പൊരുൾ ഇതാണ്. ഇന്ന് പലനേതാക്കളുടെയും നിലപാടുകൾ ഭ്രാന്തമാകുന്നതിനു കാരണം വിശ്വാസരാഹിത്യമാണെന്നു കാണുമ്പോൾ രാഷ്ട്രപിതാവിന്റെ ക്രാന്തദർശനത്തിനു മുന്നിൽ ശിരസ്സു നമിക്കാതെ തരമില്ല.

**(ഡോ. ജോസഫ് പാംപ്ലാനി)**

# 07

## ശാപങ്ങളെ അനുഗ്രഹമാക്കിയവൾ

**(മത്താ 15:21 – 28)**

വാക്ശരങ്ങളുടെ മുറിവുകൾ ഉണക്കാൻ കാലത്തിനും കഴിയാറില്ല. ജീവിതപങ്കാളിയോടും ആത്മമിത്രത്തോടും കുടുംബാംഗത്തോടും അജപാലകനോടും സഭയോടും അകലം സൂക്ഷിക്കുന്ന പലരുടെയും സങ്കടങ്ങളുടെ അകക്കാമ്പിൽ ശേഷിക്കുന്നത് അരുതാത്ത വാക്ശരങ്ങളുടെ മുറിപ്പാടുകളാണ്. വാക്കുകളുടെ മിതത്വവും നിയന്ത്രണവും മാന്യത മാത്രമല്ല ആത്മീയതയുടെയും ലക്ഷണമാണ്. കുതിരയുടെ നാവിനെ കടിഞ്ഞാൺ കൊണ്ടുനിയന്ത്രിക്കുമ്പോൾ കുതിരയാകെ നിയന്ത്രണവിധേയമാകുന്നതുപോലെ നാവിന്റെ നിയന്ത്രണം വ്യക്തിത്വത്തിന്റെ മുഴുവൻ അച്ചടക്കമായി വിലയിരുത്തണമെന്ന് വി.ഗ്രന്ഥത്തിന് അഭിപ്രായമുണ്ട്. വാക്കിന് മനുഷ്യരൂപം ലഭിച്ച മിശിഹായിൽ വാക്കും വ്യക്തിയും അതിന്റെ സാകല്യത്തിലാണ്. ശാന്തശീലനും വിനീതഹൃദയനുമായ അവിടുത്തെ വാക്കുകൾ തെളിനീരിന്റെ ശുദ്ധിയും നറുനിലാവിന്റെ ലാവണ്യവുമുള്ളതായിരുന്നു. എന്നിട്ടും





കാനാൻകാരിയായൊരു സ്ത്രീക്കു മുന്നിൽ ആ നാവു പിഴച്ചു പോയോ എന്നു സംശയിക്കാൻ തക്കവിധത്തിൽ കഠിനമാണ് ഈ വചനഭാഗത്തിലെ പരുക്കൻഭാഷ.

### യേശുവിന്റെ വർഗ്ഗീയവാദം?

വിജാതീയരെ അപമാനിക്കാനും തിരഞ്ഞെടുക്കപ്പെട്ടവരുടെ മഹത്വത്തെ വർണ്ണിക്കാനും മത്സരിച്ചിരുന്ന സാദാ യഹൂദന്റെ ഭാഷയിലാണ് ഈ വചനഭാഗത്ത് യേശു സംസാരിക്കുന്നത് എന്നതാണ് വിമർശകരുടെ ആക്ഷേപം. സർവ്വലോകരക്ഷകൻ നിമിഷാർദ്ധത്തേക്കെങ്കിലും സങ്കുചിതനായി എന്നു കരുതുന്നവരുണ്ട്. എന്നാൽ വർഗ്ഗീയ (വംശീയ വാദങ്ങൾ) ഉന്നയിക്കുന്നവർ വചനത്തിന്റെ പശ്ചാത്തലം ഗ്രഹിക്കാത്തവരാണ്. പാരമ്പര്യവാദികളായ യഹൂദർ യേശുവിനെ തള്ളിപ്പറഞ്ഞപ്പോഴാണ് (15:1–20) യേശു കാനാൻകാരുടെ നാട്ടിൽ (ടയിർ, സീദോൻ......) എത്തുന്നത്. സമാനമായ പിൻവാങ്ങലുകളുടെ സൂചന 2:12;4:12;12:15;14:13; വാക്യങ്ങളിലും സുവിശേഷകൻ നൽകുന്നുണ്ട്. ദൈവജനമായ യഹൂദർ മിശിഹായെ തള്ളിപ്പറഞ്ഞു ബഹിഷ്കരിച്ചപ്പോൾ അവനിൽ ലോകരക്ഷകനായ മിശിഹായെ ഒരു വിജാതീയ സ്ത്രീ തിരിച്ചറിഞ്ഞതിന്റെ വിവരണമാണ് ഈ വചനഭാഗം എന്നു വിസ്മരിക്കരുത്. അതുകൊണ്ടാണ് സഭാപിതാവായ വി.ക്രിസോസ്തോം ഈ വചനഭാഗത്തെ നടപടിപ്പുസ്തകം പത്താം അധ്യായത്തിലെ പത്രോസിന്റെ ദർശനവുമായി താരതമ്യം ചെയ്തു മനസ്സിലാക്കുന്നത്. വിജാതീയർ യേശുവിൽ രക്ഷകനെ കണ്ടെത്തി സഭയിൽ അംഗങ്ങളാകുന്ന ചരിത്രയാഥാർത്ഥ്യത്തെയാണ് സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്.

കാനാൻകാരി എന്ന പേര് തികച്ചും അർത്ഥഗർഭമാണ്. യേശുവിന്റെ കാലത്ത് കാനാൻ എന്ന വാക്ക് ഉപയോഗത്തിലുണ്ടായിരുന്നില്ല. കാർമ്മൽമലയ്ക്കു വടക്കുള്ള ഫിനീഷ്യൻ നഗരങ്ങളെ അബ്രാഹത്തിന്റെ കാലത്ത് പൊതുവായി വിളിച്ചിരുന്ന പേരാണ് കാനാൻ. എന്നാൽ പുറപ്പാടുസംഭവത്തോടെ ഈ പേര് വിസ്മൃതമായി. തന്മൂലം കാനാൻ എന്നത് ഒരു ജാതിപ്പേരല്ല. ഫിനീഷ്യൻദേശത്ത് അധിവസിച്ചിരുന്ന 12ൽ അധികം വിഭാഗം മനുഷ്യരെ പൊതുവായി വിളിക്കുന്ന പേരാണത്. "കാനാൻ" എന്ന വാക്കിന് "തീക്ഷ്ണതയുള്ളത്" എന്നൊരു അർത്ഥമുണ്ട്. സ്ത്രീയുടെ ജാതിസൂചനയെക്കാൾ അവളുടെ സ്വഭാവസൂചനയായി ഈ അഭിധാനത്തെ വ്യാഖ്യാനിക്കാവുന്നതാണ്. അവൾ തീക്ഷ്ണതയുള്ളവളായിരുന്നു. യേശുവിലുള്ള വിശ്വാസത്തിലും തന്റെ മകളോടുള്ള സ്നേഹത്തിലും

അചഞ്ചലമായ തീക്ഷ്ണത പുലർത്തിയ ഈ സ്ത്രീയുടെ വിശ്വാസത്തിനാണ് വിവരണത്തിൽ പ്രധാന്യമുള്ളത്.

സാദാ യഹൂദനെപ്പോലെ വംശീയവാദത്തിന്റെയോ വർഗ്ഗീയചിന്തയുടെയോ സ്വാധീനം യേശുവിലുണ്ടായിരുന്നുവെങ്കിൽ അവിടുന്ന് വിജാതീയരുടെ നാട്ടിലേക്കു പോകുമായിരുന്നില്ല. അവിടുന്ന് സ്വമനസ്സാ വിജാതീയരുടെ നാട്ടിലെത്തിയത് വിജാതീയരുടെ വിശ്വാസതീക്ഷ്ണത യഹൂദരുടേതിനേക്കാൾ ശ്രേഷ്ഠവും അനുകരണീയവുമാണെന്നു സ്ഥാപിക്കാൻവേണ്ടിയാണ് എന്ന് 15:28ൽ വ്യക്തമാകുന്നുണ്ട്.

## വിശ്വാസത്തിന്റെ വില

തങ്ങൾക്കു ഹിതകരമല്ലാത്തതു പറഞ്ഞ യേശുവിനെ ബഹിഷ്കരിച്ച യഹൂദരിൽനിന്നു വ്യത്യസ്തയായി തനിക്ക് ഏറ്റവും ആക്ഷേപകരമായത് എന്നു തോന്നാവുന്നവിധത്തിൽ സംസാരിച്ച യേശുവിനോട് അചഞ്ചലമായ വിശ്വാസം പുലർത്തുന്ന കാനാൻകാരി വിശ്വാസത്തിന്റെ ശരിയായ മാതൃകയാണ്. തനിക്കു ഹിതകരമല്ലാത്ത മറുപടിയുണ്ടായപ്പോഴും അവൾ പിണങ്ങിയില്ല, നീരസം പ്രകടിപ്പിച്ചില്ല, അകന്നുപോയില്ല, കുറ്റംപറഞ്ഞുമില്ല. നമ്മളും കാനാൻകാരിയും തമ്മിലുള്ള വ്യത്യാസം വ്യക്തമാണ്. ചോദിച്ചതു ലഭിച്ചില്ലെങ്കിൽ നാം ദൈവത്തെയും ചോദ്യം ചെയ്യും. അവിടുത്തെ നിഷേധിക്കും. അവിടുന്നിൽ നിന്നകലും.

വിശ്വാസത്തിന് വികാരത്തിനപ്പുറത്തേക്കു നീളുന്ന ഒരു മാനമുണ്ട് എന്ന സത്യമാണ് വചനം നമ്മെ പഠിപ്പിക്കുന്നത്. കേവലം വൈകാരികതയുടെ വേലിയേറ്റത്തിൽ വലിച്ചെറിയാനുള്ളതല്ല വിശ്വാസം. സ്വന്തം ആത്മാവിന് വികാരത്തേക്കാൾ വിലയുണ്ട് എന്നു തിരിച്ചറിയുന്നവനുമാത്രമേ വിശ്വാസത്തിന്റെ ശ്രേഷ്ഠത ഗ്രഹിക്കാനാവൂ. വികാരപരമായി പ്രതികരിച്ച് വിശ്വാസം വലിച്ചെറിഞ്ഞവർ എത്രയോ പേരുണ്ട്! പ്രതീക്ഷിച്ചതിനു വിരുദ്ധമായി വികാരിയച്ചൻ പ്രതികരിച്ചതിൽ പ്രതിഷേധിച്ച് പള്ളിയിൽ കയറാത്തവരുണ്ട്. സാദൃശ്യകാരണങ്ങളാൽ മേലധികാരികളുമായി ബന്ധം വിച്ഛേദിക്കുന്ന വൈദികരും സമർപ്പിതരുമുണ്ട്. മതാധ്യാപകനോടുള്ള നീരസംകൊണ്ട് കുട്ടികളെ മതബോധനത്തിന് അയയ്ക്കാത്തവരുണ്ട്. വൈകാരിക കാരണങ്ങളാൽ വിവാഹം എന്ന കൂദാശയെ അധിക്ഷേപിച്ച് വേർപിരിഞ്ഞു താമസിക്കുന്ന ദമ്പതിമാരുണ്ട്. വികാരം വിശ്വാസത്തെ വിഴുങ്ങുന്ന ഈ കാലഘട്ടത്തിൽ കാനാൻകാരിയുടെ വികാരത്തെ ജയിക്കുന്ന വിശ്വാസത്തിന് നക്ഷ





ത്രശോഭയുണ്ട്.

യേശുവാണ് ഏകരക്ഷാമാർഗ്ഗം എന്നു തിരിച്ചറിഞ്ഞവൾക്ക് വികാരങ്ങളുടെ പേരിൽ പിന്തിരിയുക അസാധ്യമായിരുന്നു. സഭയും ക്രിസ്തുവുമാണ് ഏകരക്ഷാമാർഗ്ഗം എന്നു തിരിച്ചറിവുള്ളവർ വൈകാരികതയുടെ പേരിൽ സഭാധ്വംസനം നടത്തില്ല. വിശ്വാസത്തെ പരമമായി, സ്വന്തം അസ്ഥിത്വത്തേക്കാൾ വിലമതിച്ചു എന്നതാണ് കാനൻകാരിയുടെ അനന്യശ്രേഷ്ഠത.

## മക്കളുടെ അപ്പം നായ്ക്കൾക്കോ?

യേശുവിന്റെ മറുപടിയിൽ (15:26) മക്കളായി പരിഗണിക്കപ്പെടുന്നത് യഹൂദരും നായ്ക്കളായി പരിഗണിക്കപ്പെടുന്നത് കാനാൻകാരി ഉൾപ്പെടുന്ന വിജാതീയരുമാണെന്ന് അനുമാനിക്കാം. യേശു ഇവിടെ "നായ" എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നത് "കുനാരിയോസ്" എന്ന ഗ്രീക്കുപദമാണ്. "പട്ടിക്കുട്ടി" (Puppy) എന്ന അർത്ഥമാണ് ഈ പദത്തിനുള്ളത്. തന്മൂലം വിജാതീയരെ നേരിട്ട് "നായ്ക്കൾ" എന്നു വിളിക്കുകയല്ല ചെയ്തത് എന്നു വാദിച്ച് യേശുവിന്റെ പ്രസ്താവനയുടെ കാഠിന്യം കുറയ്ക്കാൻ ശ്രമിക്കുന്ന വ്യാഖ്യാതാക്കളുണ്ട്. എത്ര ലഘൂകരിക്കാൻ ശ്രമിച്ചാലും ഈ വചനത്തിന്റെ ഋണാത്മകധ്വനി നിലനിൽക്കുന്നുണ്ട്.

മനുഷ്യന്റെ ആവശ്യങ്ങളോടും പ്രാർത്ഥനകളോടും ഭാവാത്മകമായി പ്രതികരിക്കുന്ന ദൈവത്തിൽ വിശ്വസിക്കുന്നത് ക്ഷിപ്രസാധ്യമാണ്. വിശ്വാസത്തിന്റെ ആദ്യപടിയാണിത്. ഈ പടിയിൽ "ചോദിച്ചുവാങ്ങുന്നു" എന്നതാണ് വിശ്വാസത്തിന്റെ അർത്ഥതലം. ഒരുതരം കച്ചവടതലമാണിത്. ആവശ്യമുള്ളതു ചോദിക്കുന്നു. കിട്ടാനായി നേർച്ചകാഴ്ചകൾ സമർപ്പിക്കുന്നു. ചോദിച്ചതു ലഭിക്കുമ്പോൾ നാം സന്തുഷ്ടരാകുകയും ചെയ്യുന്നു. സോദാം ഗോമോറായ്ക്കുവേണ്ടി ദൈവത്തോടു ന്യായവാദം നടത്തികാര്യം നേടുന്ന അബ്രാഹത്തെ ഇവിടെ ഉദാഹരിക്കാം.

വിശ്വാസത്തിന്റെ രണ്ടാമത്തെപടി ദൈവികനിശ്ശബ്ദതയോടു ഭാവാത്മകമായി സംവദിക്കുക എന്നതാണ്. തീക്ഷ്ണമായി പ്രാർത്ഥിച്ചിട്ടും ഉത്തരം തരാതെയും, ഉത്തരത്തിനായി കാലവിളംബം വരുത്തിയും നിശ്ശബ്ദനാകുന്ന ദൈവത്തിൽ വിശ്വസിക്കുക എന്നതാണ് ഈ പടിയുടെ സവിശേഷത. കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചു കാത്തിരുന്ന അബ്രാഹത്തിന്റെയും സാറായുടെയും ജീവിതത്തിൽ ദൈവം പുലർത്തുന്ന എട്ടുപതിറ്റാണ്ടുകൾ നീളുന്ന നിശബ്ദത അബ്രാഹത്തെ വിശ്വാസത്തിന്റെ രണ്ടാം പടിയിലേക്കു വളർത്തി.

വിശ്വാസത്തിന്റെ മൂന്നാമത്തെപ്പടി കൂടുതൽ തീവ്രമാണ്. സങ്കടാഭ്യർത്ഥനകളോടു നിശ്ശബ്ദമായിട്ടല്ല ശത്രുതാമനോഭാവത്തോടെ ദൈവം പ്രതികരിക്കുന്നതായി തോന്നാവുന്ന സന്ദർഭങ്ങളുണ്ടാകും. അഭയശിലയായ ദൈവംതന്നെ ശത്രുപക്ഷത്തു നിൽക്കുന്നതായി അനുഭവിക്കേണ്ടി വരുന്നവന്റെ ധർമ്മസങ്കടമാണിത്. തന്റെ പുത്രന്റെ ജീവൻ വിശ്വാസത്തിന്റെ വിലയായി ചോദിച്ചുകൊണ്ടു മോറിയ മലമുകളിൽ നിൽക്കുന്ന ദൈവത്തിൽ വിശ്വസിക്കുമ്പോൾ അബ്രാഹം വിശ്വാസത്തിന്റെ സമ്പൂർണ്ണതയിലെത്തുകയായിരുന്നു. കാൽവരി മലയുടെ നിറുകയിൽ അരുമസുതന്റെ പ്രാണൻ മനുഷ്യപാപത്തിനു പരിഹാരമായി സ്വീകരിക്കുന്ന പരമപിതാവിൽ അണുപോലും പതറാതെ വിശ്വസിച്ച മറിയം വിശ്വാസികൾക്കു മാതാവായി മാറി. നദിക്കരയിൽ വച്ച് രാവെളുക്കുവോളം മല്ലയുദ്ധത്തിനായി ദൈവം വന്ന അനുഭവം യാക്കോബിനു മാത്രമുള്ളതല്ല. പലപ്പോഴും ദൈവം ശത്രുവിനെപ്പോലെ പെരുമാറുന്നതായി തോന്നാം. എന്നാൽ സൂക്ഷിച്ചു നോക്കിയാൽ, കൂടുതൽ ചേർന്നിരുന്നാൽ അതു ശത്രുതയല്ല, വിശ്വാസത്തിന്റെ ആഴങ്ങളിലേക്കുള്ള ക്ഷണമാണ് എന്നുഗ്രഹിക്കാനാകും.

കാനാൻകാരിയെ ക്രിസ്തു കൈപിടിച്ചുയർത്തുന്നത് അബ്രാഹത്തെപ്പോലെ, മറിയത്തെപ്പോലെ വിശ്വാസത്തിന്റെ പരമോന്നതിയിലേക്കാണ്. വിശ്വാസത്തിന്റെ പടികൾ വിജയകരമായി കയറിയ അവൾ ശാപങ്ങളെ അനുഗ്രഹമാക്കി മാറ്റിയവളാണ്. സകല ശാപങ്ങളും അനുഗ്രഹമായി മാറുന്നത് വിശ്വാസത്തിന്റെ നറുംനിലാവിലാണ്.

**(ഡോ. ജോസഫ് പാംപ്ലാനി)**



# 08

## മാറുന്ന മലകളും വളരുന്ന കടുകുമണിയും

**(മത്താ 17:14 – 23)**

ശിഷ്യന്റെ ഭാഗ്യം ഗുരുത്വമാണെങ്കിൽ ഗുരുവിന്റെ ഭാഗ്യം തന്നോളമോ അതിലുപരിയോ വളർന്ന ശിഷ്യരാണ്. ഗുരുവിനെപ്പോലെ ചെയ്യുന്നതോ പറയുന്നതോ ഗുരുവിന്റെ വേഷം ധരിക്കുന്നതോ അല്ല ശിഷ്യത്വം. ഗുരുവിന്റെ ആന്തരികതയും ആത്മസ്വത്വവും സ്വന്തമാക്കുന്നതാണ് ശിഷ്യത്വം. ശിഷ്യരുടെ പരാജയങ്ങൾ റബ്ബിയുടെ (ഗുരുവിന്റെ) പരാജയങ്ങളായിട്ടാണ് യഹൂദർ വിലയിരുത്തിയിരുന്നത്.

### മലയിറങ്ങിവരുന്ന ക്രിസ്തു

രൂപാന്തരീകരണത്തിന്റെ തേജോമയ രംഗങ്ങൾ അരങ്ങേറിയ (17:1–9) മലമുകളിൽനിന്നാണ് ക്രിസ്തു ഇറങ്ങിവരുന്നത്. പിതാവുമായുള്ള തന്റെ ആത്മബന്ധത്തിന്റെ സമ്പൂർണ്ണ സാക്ഷ്യമായിരുന്ന രൂപാന്തരീകരണ സംഭവം അവിടുത്തെ പരസ്യജീവിതത്തിലെ നിർണ്ണായകമായ ഒരു നാഴികക്കല്ലായിരുന്നു. എന്നാൽ

അവിടുന്ന് ഇറങ്ങിവരുന്നത് തിരിച്ചടികളുടെയും അവിശ്വാസത്തിന്റെയും താഴ്‌വരയിലേക്കാണ്. എന്നും രൂപാന്തരീകരണത്തിന്റെ രജതശോഭയിൽ കൂടാരം പണിത് സ്ഥിരതാമസമാക്കാൻ ആർക്കും കഴിയില്ല. ജീവിതത്തിന്റെ തിരിച്ചടികളെയും പൊള്ളുന്ന യാഥാർത്ഥ്യങ്ങളെയും നേരിടാൻ ഒരുവൻ ഇറങ്ങിവരേണ്ടതുണ്ട്. ആത്മീയ ജീവിതത്തിലെ ഉയർച്ചതാഴ്ച്ചകളുടെ അനുഭവമായി ഈ വിവരണങ്ങളെ മനസ്സിലാക്കാം. ഈ വചനഭാഗത്തിന്റെ അർത്ഥവ്യാഖ്യാനം ഏതാനും ആശയങ്ങളിലായി ചുരുക്കിപ്പറയാം.

(1) രൂപാന്തരീകരണ മലയിറങ്ങിവരുന്ന ക്രിസ്തു സീനായ് മലയിറങ്ങിവരുന്ന മോശയെ ഓർമ്മിപ്പിക്കുന്നുണ്ട് (പുറ 24:14–32:18). ദൈവാനുഭവത്തിന്റെ നേർക്കാഴ്ച ലഭിച്ചതിന്റെ ആനന്ദവുമായി മലയിറങ്ങിവരുന്ന മോശ താഴ്‌വരയിൽ കാണുന്നത് അവിശ്വാസംമൂലം വഴിപിഴച്ചുപോയ ജനക്കൂട്ടത്തെയാണ്. ജനത്തിനുമുമ്പിൽ പതറിപ്പോയ അഹറോനും അവനുണ്ടാക്കിയ കാളക്കുട്ടിയും മോശയെ കോപാക്രാന്തനാക്കി (പുറ 32:1–18). സമാനമായ ആഖ്യാനരംഗമാണ് മത്തായിയും ക്രമീകരിക്കുന്നത്. മലയിറങ്ങിവരുന്ന യേശു അവിശ്വാസികളായ ജനക്കൂട്ടത്തെയും അവരുടെ സമ്മർദ്ദത്തിൽ പതറിപ്പോയ ശിഷ്യരെയും (ആഖ്യാനസാദൃശ്യത്തിൽ ശിഷ്യർ അഹറോന്റെ സ്ഥാനത്താണ്) കണ്ടിട്ടാണ് രോഷാകുലനാകുന്നത്. മനുഷ്യന്റെ അവിശ്വാസം ഒന്നുമാത്രമാണ് ദൈവത്തെ വേദനിപ്പിക്കുന്നത്.

(2) ശിഷ്യർക്ക് ഗുരു പിശാചിനെ ബന്ധിക്കാനുള്ള അധികാരം നൽകിയിരുന്നതാണ് (മത്താ 10:8). എന്നാൽ തങ്ങൾക്കു കിട്ടിയ ദാനത്തെ യാന്ത്രികമായൊരു അധികാരമായി അവർ തെറ്റിദ്ധരിച്ചു. പ്രാർത്ഥനയും ഉപവാസവും ഉപേക്ഷിച്ച് അവർ ലൗകികരായി ജീവിച്ചു. ഗുരു നൽകിയ വരദാനത്തെ പരിപോഷിപ്പിക്കുന്നതിനേക്കാൾ തങ്ങളിൽ വലിയവനാര് എന്നു തർക്കിച്ചു കണ്ടെത്തുന്നതിലായിരുന്നു അവർക്കു കൗതുകം. ഈ മലയടിവാരത്തിൽ അവരുടെ തർക്കവിഷയത്തിന്റെ ഉത്തരം അവർക്കു കിട്ടി. തങ്ങളിലാരും വലിയവരല്ല; ഗുരു മാത്രമാണ് വലിയവൻ എന്ന് അവർ ഗ്രഹിച്ച സന്ദർഭമാണിത്. ശിഷ്യർക്കു ദൈവം നൽകുന്ന ദാനങ്ങൾ യാന്ത്രികമായി പ്രവർത്തിക്കുന്നവയല്ല. അവയെ നിരന്തര പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും പരിപോഷിപ്പിക്കണം. പഴയനിയമത്തിലെ സാംസൺ ദൈവം നൽകിയ ദാനം മറന്ന് ജഡമോഹങ്ങളിൽ മുഴുകി. അവനിലെ വരങ്ങളത്രയും നിർവീര്യമാക്കി. വരദാനങ്ങൾ നിർവീര്യമായിപ്പോയ ശിഷ്യർ കേവലം ഉറകെട്ടുപോയ ഉപ്പാണ്.





വലിച്ചെറിഞ്ഞു ചവിട്ടപ്പെടാനല്ലാതെ മറ്റൊന്നിനും അതു പ്രയോജനപ്പെടില്ല.

(3) മലയടിവാരത്തിലെ ജനക്കൂട്ടവും ശിഷ്യരും പിശാചുബാധിതനായ ബാലനും വലിയ ആധ്യാത്മികയാഥാർത്ഥ്യത്തെ പ്രതിനിധാനം ചെയ്യുന്ന പ്രതീകമാണ്. ജനക്കൂട്ടവും ശിഷ്യരും തമ്മിൽ തർക്കിച്ചും വാദപ്രതിവാദങ്ങളിലേർപ്പെട്ടും സമയം കളഞ്ഞു. അവർ പരസ്പരം പഴിചാരുകയും പ്രതിരോധിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ ഈ സമയമത്രയും പിശാച് ആ പിഞ്ചുബാലനെ പീഡിപ്പിക്കുകയായിരുന്നു. സഭാനേതൃത്വവും വിശ്വാസികളും തമ്മിൽ കാര്യമുള്ളതോ ഇല്ലാത്തതോ ആയ വിഷയങ്ങളിൽ തർക്കിച്ചും കലഹിച്ചും പ്രതിരോധിച്ചും സമയം പാഴാക്കുമ്പോൾ സാത്താൻ സഭയെ, നിഷ്കളങ്കരായ ആത്മാക്കളെ, പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണ് എന്ന സത്യം നാം വിസ്മരിക്കരുത്. തർക്കങ്ങളിലൂടെ സാത്താനു പ്രവർത്തിക്കാനുള്ള ഇടം കൊടുക്കാതിരിക്കാൻ കുടുംബങ്ങളിലും ഇടവകകളിലും രൂപതകളിലും സകലരും ശ്രദ്ധിക്കണം.

(4) പിശാചുബാധിതനായ തന്റെ മകനുവേണ്ടി പ്രാർത്ഥിക്കുന്ന ആ പിതാവ് ഈ കാലഘട്ടത്തിലെ സകല മാതാപിതാക്കളുടെയും പ്രതിനിധിയാണ്. കുടുംബങ്ങളിൽ അനേകം മക്കൾ പിശാചുബാധിതരായിട്ടുണ്ട്. അനുസരണക്കേടിന്റെ, അഹന്തയുടെ, അശുദ്ധിയുടെ, നീലച്ചിത്രങ്ങളുടെ, അധാർമ്മിക പ്രണയത്തിന്റെ, സഭാവിരോധത്തിന്റെ, ദൈവനിഷേധത്തിന്റെ പിശാചുബാധ പല കുഞ്ഞുങ്ങളിലുമുണ്ട്. സ്വന്തം കുഞ്ഞിനുവേണ്ടി യേശുവിന്റെ മുന്നിൽ കരഞ്ഞുപ്രാർത്ഥിക്കുന്ന ആ പിതാവ് സകല മാതാപിതാക്കളും മാതൃകയാക്കേണ്ട വ്യക്തിയാണ്.

## മാറുന്ന മലകളും വളരുന്ന കടുകുമണിയും

വിശ്വാസക്കുറവാണ് ജനക്കൂട്ടത്തിന്റെയും ശിഷ്യരുടെയും കുട്ടിയുടെ പിതാവിന്റെയും പ്രശ്നങ്ങൾക്കു കാരണം. വിശ്വാസത്തെ സൂചിപ്പിക്കുവാൻ യേശു ഉപയോഗിക്കുന്നത് കടുകുമണിയുടെ പ്രതീകമാണ്.

ഏറ്റവും നിസ്സാരമായ കടുകുമണിയിൽനിന്ന് ഒരു വലിയ വൃക്ഷം രൂപപ്പെടുന്നതുപോലെ വിശ്വാസമുള്ളവർക്ക് ഏതു കാര്യവും സാധ്യമാകും എന്നാണ് യേശു വിവക്ഷിക്കുന്നത്. ലോകദൃഷ്ട്യാ നിസ്സാരരും കടുകുമണിപോലെ അവഗണിക്കപ്പെടേണ്ടവരുമായവർ വിശ്വാസംകൊണ്ട് അത്ഭുതം പ്രവർത്തിച്ചവരാണ്. നസ്രത്തിലെ യഹൂദ

ബാലികയായ മറിയം ഒരു കടുകുമണിയായിരുന്നു. വിശ്വാസംകൊണ്ട് അവൾ ദൈവമാതാവായി വളർന്നു. ഭരണങ്ങാനത്തെ അൽഫോൻസാമ്മ മറ്റൊരു കടുകുമണിയായിരുന്നു. കടുകുമണികൾ രക്ഷാകരചരിത്രത്തിൽ ഏറെയുണ്ട്.

"മലയോടു മാറാൻ പറഞ്ഞാൽ", എന്നത് യഹൂദരുടെ ഒരു പഴഞ്ചൊല്ലാണ്. ഏറ്റവും അസാധ്യമായത് എന്ന അർത്ഥമാണ് ഈ ചൊല്ലിനുള്ളത്. മലകളെ ഏറ്റവും ഉറപ്പുള്ളവയായിട്ടാണ് തിരുവചനം കരുതുന്നത് (സങ്കീ 46:2;ഏശ 54:2). ഏറ്റവും ശ്രമകരമായതു ചെയ്യാൻ മനുഷ്യനെ പ്രാപ്തനാക്കുന്നതു വിശ്വാസമാണ്. മാനുഷികശക്തികൊണ്ടും ബുദ്ധികൊണ്ടും യുക്തികൊണ്ടും ചെയ്യാവുന്നവയ്ക്ക് ഒട്ടേറെ പരിമിതികളുണ്ട്. മാനുഷികതയുടെ പരിമിതികളെ അതിലംഘിച്ച് മനുഷ്യത്വത്തെ ദൈവികതയുടെ അനന്തസാധ്യതയുമായി ബന്ധിപ്പിക്കുന്ന പാശമാണ് വിശ്വാസം.

ദൈവവിശ്വാസം കേവലം ആത്മവിശ്വാസമല്ല. ദൈവവിശ്വാസിക്ക് ആത്മവിശ്വാസമുണ്ടാകും. എന്നാൽ എല്ലാ ആത്മവിശ്വാസവും ദൈവവിശ്വാസമല്ല. ആത്മവിശ്വാസി തന്നിൽത്തന്നെ ആശ്രയിക്കുന്നു എന്നതാണ് വ്യത്യാസം. ദൈവവിശ്വാസം കൊണ്ടു മലപോലെ വന്ന പ്രതിസന്ധികളെ മാറ്റിയവർ രക്ഷാചരിത്രത്തിലെ നക്ഷത്രദീപങ്ങളാണ്: അബ്രഹാം, ജോസഫ്, ജോബ്, ജറെമിയ, ഏലിയാ............ അവരുടെ പട്ടിക നീളമുള്ളതാണ്.

## ദേവാലയ നികുതി

പ്രായപൂർത്തിയായ ഓരോ യഹൂദപുരുഷനും ദേവാലയത്തിനു നികുതി നല്കണമെന്ന് നിയമമുണ്ടായിരുന്നു (പുറ 30:11-16). ദേവാലയത്തിലെ ആവശ്യങ്ങൾക്കും പ്രാദേശികസിനഗോഗുകളുടെ നടത്തിപ്പിനുമാണ് ഈ നികുതി വിനിയോഗിച്ചിരുന്നത്. പഴയനിയമത്തിൽ അര ഷെക്കലും പുതിയ നിയമത്തിൽ രണ്ടു ദ്രാഗ്മായുമാണ് ദേവാലയ നികുതിയായി നിശ്ചയിച്ചിരുന്നത്. രണ്ടു ദിവസത്തെ വേതനത്തിനു തുല്യമായിരുന്നു ഈ തുക. യേശുവിന്റെ കാലത്ത് പലസ്തീനാ റോമൻ ഭരണത്തിൻ കീഴിലായിരുന്നതിനാൽ ദേവാലയനികുതി നിർബന്ധമായിരുന്നില്ല. ഭക്തരായ യഹൂദരും പുരോഹിതരുടെ പ്രീതി കാംക്ഷിക്കുന്നവരും മാത്രമാണ് ഈ നികുതി നൽകിയിരുന്നത്. പുരോഹിതരും ലേവായരും ഈ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു (Mishnah Segalim 1:3-4).

സമൂഹത്തിലെയും രാജ്യത്തിലെയും നിയമങ്ങളുമായി സംഘർഷത്തിലേർപ്പെടാതെ ഒരു വിശ്വാസി അവയെ, തന്റെ വിശ്വാ





സത്തെ ഹനിക്കുന്നില്ലാത്തിടത്തോളം, അനുസരിക്കണം. മതത്തിന്റെ പേരിൽ രാജ്യത്തെഅവഗണിക്കരുത്. ദേശീയഗാനം പാടില്ലെന്നു ശഠിക്കുന്ന ചില വിഘടിത ഗ്രൂപ്പുകളും നിലവിളക്കു കത്തിക്കില്ലെന്നു വാശിപിടിക്കുന്നവരും മതത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും മാറ്റി പ്രതിഷ്ഠിക്കാൻ ശ്രമിക്കുന്നവരാണ്. ഇത് വർഗ്ഗീയചിന്തകളുണർത്തുന്നതും അതിനാൽതന്നെ മതത്തിന്റെ അന്തസ്സത്തയായ സഹോദരസ്നേഹത്തിനു വിരുദ്ധവുമാണ്.

മീനിന്റെ വായിൽനിന്നു കിട്ടിയത് നാലുദനാറമൂല്യമുള്ള നാണയമാണെന്ന് (strates) അനുമാനിക്കാം. യേശുവിന്റെയും പത്രോസിന്റെയും നികുതി നൽകാൻ അതുമതിയായിരുന്നു. ശിഷ്യന്റെ സാമ്പത്തികാവശ്യങ്ങളിലും ഗുരുവാണ് സഹായി എന്ന സത്യംകൂടി ഈ സംഭവത്തിലൂടെ വ്യക്തമാക്കുന്നുണ്ട്.

**(ഡോ. ജോസഫ് പാംപ്ലാനി)**

# 09

## സ്വർഗ്ഗരാജ്യത്തിലെ ശിശു

**(മത്താ 18:1 – 9)**

ഒന്നോർത്താൽ ശിശുവായിരിക്കുന്നതാണ് നല്ലത്. കുടുംബത്തിന്റെ മുഴുവൻ ശ്രദ്ധാകേന്ദ്രം ശിശുവാണ്. ശിശുവിന്റെ വികൃതികൾ വീടിന്റെ വിനോദമാണ്. കുഞ്ഞിന്റെ കരച്ചിലിന് ഉടനടി പ്രതികരണമുണ്ടാകും. അവർ വീണാൽ താങ്ങിയെഴുന്നേൽപിക്കാൻ സഹായഹസ്തങ്ങൾ നീളും. എന്നാൽ മുതിർന്നവരുടെ വികൃതികൾക്ക് സഹാനുഭൂതിയില്ല; നിയമനടപടികളും ഉറപ്പ്. യുവാക്കളുടെ കരച്ചിലിനെ മനക്കരുത്തില്ലായ്മയായി സകലരും കുറ്റപ്പെടുത്തും. അവർ കാലിടറി വീഴുന്നതുകണ്ട് മറ്റുള്ളവർ ചിരിക്കുകയേയുള്ളൂ. ശൈശവം ധർമ്മാധർമ്മ വിവേചനത്തിനപ്പുറം സ്നേഹത്തിൽ അധിഷ്ഠിതമായതിനാൽ അതിനു വലിയ പരിഗണന ലഭിക്കുന്നു.

വീണ്ടും, ശിശുവിന്റെ ഉള്ള് നിഷ്കളങ്കമാണ്, മാലിന്യമുക്തമാണ്. എന്നാൽ ശിശുവിന്റെ പുറം മണ്ണും ചെളിയും പുരണ്ടതാകാം. മലിനവും നിർമ്മലവുമായത് തിരിച്ചറിയാൻ അറിവില്ലാത്തതുകൊണ്ടാണിത്. എന്നാൽ ബാഹ്യമാലിന്യങ്ങളൊന്നും ശിശുവിന്റെ ആന്തരികതയെ സ്പർശിക്കുന്നില്ല. എന്നാൽ വളരുംതോറും ബാഹ്യമോടികളിൽ ശ്രദ്ധകൂടും. ഉള്ളാകട്ടെ മലിനതരമാവുകയും ചെയ്യും. പുറംമോടികളിലെ അമിതശ്രദ്ധ ഉള്ളിലെ മാലിന്യം മറക്കാനുള്ള വ്യഗ്രതയുടെ ഭാഗവുമാകാം.

ശിശുത്വം എന്നതിലൂടെ നിഷ്കളങ്കതയേക്കാളും സമ്പൂർണ്ണ ആശ്രയത്വമാണ് ബൈബിളിൽ വിവക്ഷിക്കുന്നത്. സ്വയം എളിമപ്പെടുത്തി (മത്താ 18:4) ദൈവത്തിൽ സമ്പൂർണ്ണ ആശ്രയം വയ്ക്കുന്ന ശിശുതുല്യനായിരിക്കണം ക്രിസ്തുശിഷ്യൻ എന്നതാണ് വിവക്ഷ. ശിശു സ്വന്തം നിലവാരത്തെക്കുറിച്ച് വ്യാകുലപ്പെടുന്നില്ല. താൻ കറുത്തതാണെന്ന അപകർഷതാബോധമോ വെളുത്തു തുടുത്തതിന്റെ ഔദ്ധത്യമോ ശിശുവിനില്ല. അധികാരത്തിന്റെ ഗർവ്വോ അനുസരണത്തിന്റെ വൈമുഖ്യമോ ശിശുവിന് അന്യമാണ്. വൈരാഗ്യത്തിന്റെ നീരസമോ സ്വാർത്ഥസ്നേഹത്തിന്റെ കാപട്യമോ ശിശുക്കൾ പ്രകടിപ്പിക്കാറില്ലല്ലോ. അതൊക്കെ തിരിച്ചറിവിനുശേഷം സംഭവിക്കുന്നവയാണ്. മാതാപിതാക്കൾ നിർബന്ധിക്കുന്നതുവരെ മത്സരക്കളത്തിലെ പന്തയ കുതിരകളാകാനും ശിശുക്കൾ തയ്യാറല്ല. ചുരുക്കത്തിൽ തന്നെക്കുറിച്ചോ തന്റെ സ്ഥാനത്തെക്കുറിച്ചോ ചിന്തിക്കാതെ തന്റെ മാതാപിതാക്കളിൽ ആശ്രയിക്കുന്നവനാണ് ശിശു. ശിശുവിനെപ്പോലെ  സ്വന്തം സ്ഥാനമാനങ്ങളെക്കുറിച്ചു ചിന്തയില്ലാതെ ജീവിക്കുന്ന മനോഭാവമാണ് തന്റെ ശിഷ്യനായിരിക്കാൻ വേണ്ട യോഗ്യത എന്നു ക്രിസ്തു പറയുന്നു.

ശിശുത്വത്തിനുള്ള ഊന്നൽ മനുഷ്യന്റെ ആദിശിശുത്വത്തെ ഓർമ്മിപ്പിക്കുന്നു. പറുദീസായിൽ ദൈവവുമായുള്ള സ്നേഹകൂട്ടായ്മയിലായിരുന്നു മനുഷ്യജീവിതത്തിന്റെ തുടക്കം. ദൈവതിരുമുമ്പിൽ ശിശുസഹജമായ ആശ്രയം വെടിഞ്ഞ് സ്വയം വലുതായി ദൈവമാകാനുള്ള മോഹമാണ് മനുഷ്യന് വിനയായി മാറിയത്. ശിശുവാകാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം പറുദീസായുടെ ഓർമ്മപ്പെടുത്തൽ കൂടിയാണ്. സ്വർഗ്ഗരാജ്യവും ശിശുവും തമ്മിലുള്ള ക്രിസ്തുവിന്റെ താരതമ്യവും ഈ ഗൃഹാതുരത്വത്തിന്റെ സ്മരണയുണർത്തുന്നതാണ്.

### പ്രായപൂർത്തിയുടെ അപകടം

തനിക്കു പ്രായപൂർത്തിയായി, സ്വന്തമായി ചിന്തിക്കാറായി, ആരുടെയും ഉപദേശം ആവശ്യമില്ല..... എന്ന ചിന്ത ശക്തമാകുമ്പോഴാണ് യുവജനങ്ങൾ പാപത്തിൽ വീഴുന്നത്. ശിശുത്വം വെടിയുന്നതോടെ

കടപ്പാടുകളുടെ കെട്ടുകൾ അറുക്കുകയാണ്. നാളിതുവരെ നോക്കി നടത്തിയവർ അപ്രസക്തരാകുന്നു. പ്രായപൂർത്തിയായവനെന്ന ചിന്ത ഒരുവനെ നിഷേധിയാക്കുന്നു. പ്രായപൂർത്തിയുടെ പാപം പല പ്രകാരത്തിൽ പ്രകടമാണ്. മനുഷ്യൻ അറിവും സ്വാതന്ത്ര്യവുമുള്ളവനാണ്. അവന് ഇനിയും ദൈവത്തെ ആവശ്യമില്ല; അതിനാൽ ദൈവം ഇല്ലാത്തതുപോലെ (etsi Deus non daretur) ജീവിച്ചു തുടങ്ങണം എന്ന പാശ്ചാത്യചിന്ത (deism) യുടെ പിന്നിലുള്ളത് പ്രായപൂർത്തിയുടെ നിഷേധഭാവമാണ്. പ്രായപൂർത്തിയായ മനുഷ്യനിൽ തന്നെയാണ് മോക്ഷമെന്നും അതിനാൽ ഇല്ലാത്ത ദൈവത്തെ തേടിനടക്കാതെ ഉള്ളിലെ ശക്തിയെ ഉണർത്താൻ ആഹ്വാനം ചെയ്യുന്ന ബുദ്ധമതവും പ്രായപൂർത്തിയുടെ നിഷേധംതന്നെയാണ്. സ്വന്തം തപസ്സും പ്രായശ്ചിത്തവുംകൊണ്ട് സ്വർഗ്ഗം നേടാമെന്നും വരപ്രസാദം മരീചികയാണെന്നും പഠിപ്പിച്ച ക്രിസ്ത്യൻ പെലാജിയൻ പാഷണ്ഡതയും ഇതേ നിഷേധിയുടെ വഴിത്താര തേടിയവരാണ്.

പ്രായപൂർത്തിയായെന്ന ചിന്തയാണ് നിരീശ്വരപ്രസ്ഥാനങ്ങളുടെയെല്ലാം അന്തർധാര. ദൈവമെന്ന ഉപരിസത്യം തന്റെ സ്വാതന്ത്ര്യത്തിന് വിഘാതമാകയാൽ ദൈവത്തെ നിഷേധിക്കണമെന്ന നിരീശ്വരചിന്ത തന്നെയാണ് മാതാപിതാക്കളെ ധിക്കരിക്കുന്ന മക്കളെയും മേലധികാരികളെ ധിക്കരിക്കുന്ന സമർപ്പിതരെയും നയിക്കുന്നത്. സഭയിൽ അനുസരണം ഭാരമാകുന്നതിന്റെ പിന്നിൽ ശിശുത്വം മറന്ന ശിഷ്യത്വത്തിന്റെ നിഷേധം വായിച്ചെടുക്കാൻ ഏറെയൊന്നും പണിപ്പെടേണ്ടതില്ല.

ശിഷ്യത്വം കിട മത്സരങ്ങളായി മാറുന്ന ഈ കാലഘട്ടത്തിൽ ശിഷ്യത്വത്തിന്റെ ശിശുത്വമാനത്തിന് ഏറെ പ്രസക്തിയുണ്ട്. ഒന്നും നേടാൻ മോഹിക്കാതെ ഒരു കസേരയും സ്വപ്നം കാണാതെ കട്ടിലിൽ കിടന്ന്, രോഗത്തിലും ദൈവത്തെ ശിശുതുല്യം സ്നേഹിച്ച അൽഫോൻസായും കൊച്ചുത്രേസ്യായുമൊക്കെ ശിഷ്യത്വത്തിന്റെ ശിശുമാനത്തിനു പ്രാധാന്യം നൽകിയവരായിരുന്നു. ശിശുത്വം മരിച്ച ശിഷ്യത്വം അധികാരമോഹത്തിന്റെ തിമിരം ബാധിച്ചതാവും. സഹജരെയും സകലരെയും സ്വാർത്ഥലാഭത്തിനായി വെട്ടിനിരത്താൻ മടിക്കാത്തവർ ശിഷ്യരുടെയിടയിലും വർദ്ധിച്ചു വരുന്നതിന്റെ കാരണമിതാണ്.

സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ ശിശുവിനെപ്പോലെയാകണം എന്ന യേശുവിന്റെ വചനം യോഹന്നാന്റെ സുവിശേഷത്തിലെ "വീണ്ടും ജനിക്കണം" (3:5) എന്ന ശൈലിയുടെ പാഠഭേദമായി വേണം മനസ്സിലാക്കാൻ. ശിശുവിനെപ്പോലെയാകുന്നത് (വീണ്ടും





ജനിക്കുന്നത്) ദൈവപിതാവിന്റെ മക്കളാകുന്ന പ്രക്രിയയാണ്. ദൈവിക കുടുംബത്തിലെ സാഹോദര്യത്തിൽ വലിപ്പചെറുപ്പങ്ങളില്ല. പിതാവിന്റെ മഹത്വത്തിൽ ഒരുപോലെ പങ്കുകാരാകുന്ന മക്കളുടെ സാഹോദര്യമാണ് ശിഷ്യരുടെ പാരസ്പര്യം.

18:4-ൽ ശിശുവിനെ സ്വീകരിക്കുന്നവൻ യേശുവിനെ സ്വീകരിക്കുന്നു എന്ന പ്രസ്താവനയിലൂടെ സ്വയം ദാസനായ ക്രിസ്തുവാണ് ശിഷ്യന്റെ മാതൃക എന്ന് സുവിശേഷകൻ വ്യക്തമാക്കുന്നു. ഓരോ ശിശുവും ക്രിസ്തുവിനു തുല്യമാണ്. ശിശുവിനെ ഒഴിവാക്കുന്നവൻ ക്രിസ്തുവിനെത്തന്നെയാണ് ഒഴിവാക്കുന്നത്. ഗർഭച്ഛിദ്രത്തിലൂടെ പ്രതിവർഷം 5 കോടിയിലധികം കുഞ്ഞുങ്ങൾ വധിക്കപ്പെടുന്ന ഈ ലോകം ശിശുഹത്യയിലൂടെ ക്രിസ്തുവിനെത്തന്നെ ഇല്ലായ്മ ചെയ്യുകയാണ്. ദൈവം തരുന്ന കുഞ്ഞുങ്ങളെ സ്വീകരിക്കാനുള്ള വൈമുഖ്യം കൊണ്ട് കൃത്രിമ ജനനനിയന്ത്രണമാർഗ്ഗങ്ങളും വന്ധ്യംകരണമാർഗ്ഗങ്ങളും സ്വീകരിക്കുമ്പോഴും ജീവിതത്തിൽനിന്നും കുടുംബങ്ങളിൽനിന്നും ഒഴിവാക്കപ്പെടുന്നത് ശിശുമാത്രമല്ല യേശുവും കൂടിയാണെന്ന് മറക്കാതിരിക്കാം.

### ഇടർച്ചകളുടെ ലോകം

അന്യസംസ്ഥാന ലോട്ടറിയുടെ പരസ്യക്കാരനായിരുന്ന ഒരു നടൻ അടുത്തകാലത്ത് വെളിപ്പെടുത്തി, താൻമൂലം അനേകർക്ക് ഇടർച്ചയുണ്ടായതിനാൽ പ്രസ്തുത പരസ്യത്തിൽനിന്നും പിൻമാറുന്നതായി.

ഇടർച്ചയുടെ വഴികൾ ലോകത്ത് സുലഭമാണ്. വഴിതെറ്റിക്കുന്നതും മനോമോഹനങ്ങളുമായവയെക്കൊണ്ട് ലോകം നിറഞ്ഞിരിക്കുന്നു. പരസ്യങ്ങൾ ഇടറാനുള്ള ക്ഷണങ്ങളാണ്. തിരികല്ലുകൾ തികയാത്ത കാലമാണിത്. എന്നാൽ, ഇടർച്ചകളും പ്രലോഭനങ്ങളും ശിഷ്യത്വത്തിന്റെ വഴിയിലെ അനിവാര്യമായ തടസ്സങ്ങളാണ് എന്നാണ് ക്രിസ്തു ഭാഷ്യം (വാ. 7). 110 മീറ്റർ ഹർഡിൽസ് ഓടുന്നവൻ പത്ത് തടസ്സങ്ങളെങ്കിലും ചാടിക്കടന്നിരിക്കണം. തടസ്സങ്ങളില്ലാത്ത ഓട്ടമല്ല തടസ്സങ്ങൾ നിറഞ്ഞ ഹർഡിൽസാണ് ശിഷ്യത്വം. തടസ്സങ്ങളോരോന്നും മറികടക്കുമ്പോൾ മഹത്വപ്പെടുന്നതാണ് ശിഷ്യത്വം. കണ്ണും കാതും കയ്യുമൊക്കെ ഇടർച്ചയുടെ പാതയിലെ വഴിയോരക്കാഴ്ച്ചയിൽ മയങ്ങിപ്പോകാം. കണ്ണും കാലും കയ്യും നയിച്ച മോഹവഴിയേ നടന്നതിനാൽ എത്രയോ ശിഷ്യർ പതറി വീണുപോയി. കണ്ണും മെയ്യും മെരുക്കാതെ ഇടർച്ചയുടെ വഴിയിൽ ശിഷ്യത്വം ജീവിക്കാനാവില്ല.

എന്നാൽ, ചെറിയവർക്ക് ഇടർച്ച വരുത്തുന്നവന്റെ മൃതശരീരം പോലും ഉയർന്നുവരാതെ തിരികല്ലുകെട്ടി എറിയാനാണ് ക്രിസ്തു പറയുന്നത്. കുഞ്ഞുങ്ങളെ വഴിതെറ്റിക്കുന്ന സകലരും, പാഠപുസ്തകങ്ങളിൽപോലും നിരീശ്വരവാദം നിറയ്ക്കുന്നവരുൾപ്പടെ ഈ വിമർശനത്തിന് ശരവ്യമാകുന്നുണ്ട്.

**അനുബന്ധചിന്തകൾ**

1. യേശുവിന്റെ പന്ത്രണ്ടു ശിഷ്യരുടെയും പിൽക്കാല സഭയുടെയും നിത്യപ്രലോഭനം തങ്ങളിൽ വലിയവൻ ആര് എന്ന സമസ്യയുടെ ഉത്തരം തേടലാണ്. ഇനിയും കണ്ടെത്താത്ത ഈ സമസ്യക്കുള്ള ഉത്തരം സുവിശേഷകൻ പറഞ്ഞുതരികയാണ്: വലിയവൻ ഗുരു (റബ്ബി) മാത്രമാണ്. ശേഷിക്കുന്നവരെല്ലാം ചെറിയവരാണ്. റബ്ബി എന്ന വാക്കിന് വലിയവൻ എന്നാണർത്ഥം. ഏകനായ വലിയവന്റെ ചെറിയ ശിഷ്യരാണു തങ്ങൾ എന്ന തിരിച്ചറിവാണ് ക്രിസ്തീയ ആത്മീയതയുടെ മർമ്മം.

2. ഇടർച്ചയുണ്ടാക്കുന്നവനുള്ള കഠിനശിക്ഷയ്ക്ക് കാലികപ്രസക്തിയുണ്ട്. പരസ്യങ്ങളും സിനിമകളും മുതൽ മാതാപിതാഗുരുക്കന്മാരുടെ പ്രവൃത്തികൾവരെ ഇടർച്ചയുടെ വഴുതുന്ന പ്രതലം വളരുന്ന തലമുറയ്ക്കായി ഒരുക്കിവയ്ക്കുന്നു. സംസാരം മുതൽ വസ്ത്രധാരണംവരെ ഇടർച്ചയുടെ വഴികൾ നീളുന്നു. ഇടർച്ച നൽകുന്നതിന്റെ ഭവിഷ്യത്ത് എത്രകണ്ട് ദൂരവ്യാപകമാണെന്ന് ക്രിസ്തുവിനു ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് അവിടുന്ന് ഏറ്റവും കഠിനശിക്ഷ ഇടർച്ചയുണ്ടാക്കുന്നവർക്കു വിധിച്ചത്.

**(ഡോ. ജോസഫ് പാംപ്ലാനി)**



# 10

## പതിനൊന്നാം മണിക്കൂറിലെത്തുന്ന യജമാനൻ

**(മത്താ 20:1 – 16)**

ആവശ്യത്തിൽ കൂടുതലും അർഹതപ്പെട്ടതിലധികവും മോഹിക്കുന്നത് ആർത്തിയാണ്. അപരന്റെ നേട്ടത്തിൽ മനസ്സു തളരുന്നത് അസൂയയാണ്. ആർത്തിയും അസൂയയും ഒന്നിക്കുന്നിടത്ത് സകല നന്മയും അസ്തമിക്കും. അവിടെ ദൈവംപോലും വിചാരണ ചെയ്യപ്പെടും. മത്തായി 20:1–16 ലെ ഉപമയിൽ സംഭവിക്കുന്നതും ഇതിനു സമാനമാണ്.

ഉപമയിലെ ജോലിക്കാർ അവകാശങ്ങൾക്കുവേണ്ടി അനാവശ്യസമരം ചെയ്യുന്നവരാണ്. അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം മാത്രമായി ജീവിതത്തെ വിലയിരുത്തുന്നത് വിവരദോഷമല്ലേ. വാസ്തവത്തിൽ എന്താണു നമ്മുടെ അവകാശം. ഈ ജീവനും ജീവിതവും ആയുസ്സും സത്യമായും അവകാശമല്ല ദാനമായി കിട്ടിയതാണ്. അധ്വാനിക്കാനുള്ള കൈക്കരുത്തും കായബലവും അവകാശമായി കിട്ടിയതല്ല അനുഗ്രഹമായി ലഭിച്ചതാണ്. സ്നേഹമുള്ള മാതാപിതാ

ക്കൾ, കരുണയുള്ള സഹോദരങ്ങൾ, കരുതലുള്ള ജീവിതപങ്കാളി, ആത്മാർത്ഥ സുഹൃത്തുക്കൾ ഇതൊന്നും ആരുടെയും അവകാശ മല്ലല്ലോ...... പൂവും പുഴയും നിറവും നിലാവും വെള്ളവും വായുവും ആരുടെയും അവകാശമല്ല. അവകാശം പറയാൻ പോരുന്നതൊന്നും ശേഷിക്കുന്നില്ല എന്നതല്ലേ സത്യം. സർവ്വതും ദാനമായി തരുന്ന വന്റെ മുന്നിൽ അവകാശം പറയുന്നത് അവിവേകമാണോ അഹ ന്തയാണോ എന്നേ അറിയേണ്ടതുള്ളൂ. ജീവിതത്തിലെ സകല നന്മ യുംപോലെ ദൈവരാജ്യവും ദൈവദാനമാണെന്നു സ്ഥാപിക്കുക യാണ് ഉപമയുടെ ലക്ഷ്യം.

## ആദിമസഭാ പശ്ചാത്തലം

ഉപമയുടെ ഉത്ഭവത്തിനു നിദാനമായി ആദിമസഭയിലെ ചില ചരിത്രപശ്ചാത്തലങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

1. മത്തായിയുടെ സമൂഹത്തിൽ നിലവിലുണ്ടായിരുന്ന പ്രതിസ ന്ധിക്കുള്ള ഉത്തരം കൂടിയാണ് ഈ ഉപമ. യഹൂദക്രിസ്ത്യാനി കൾക്കു ഭൂരിപക്ഷമുണ്ടായിരുന്ന മത്തായിയുടെ സമൂഹത്തിൽ വൈകി വിശ്വാസം സ്വീകരിച്ചെത്തിയ വിജാതീയരോട് പുച്ഛമനോ ഭാവം പുലർത്തിയിരുന്നവരുണ്ടായിരുന്നു. കർത്താവിന്റെ മുന്തിരി ത്തോട്ടത്തിൽ ദീർഘകാലം പണിയെടുത്ത അവകാശവാദവുമായി നിൽക്കുന്ന "ഇരുത്തന്മാരും" അടുത്തകാലത്ത് വിശ്വാസസമൂഹ ത്തിലേക്ക് കടന്നുവന്ന "വരത്തന്മാരും" തമ്മിലുള്ള സംഘർഷമാ ണത്. "ആഢ്യക്രിസ്ത്യാനികളും" "മാർഗ്ഗവാസികളും" തമ്മിലുള്ള അന്തരമാണ് മത്തായിയുടെ വിവക്ഷ. ഇരുത്തന്മാരുടെ പഴമയോ സേവനചരിത്രമോ സ്വർഗ്ഗം പ്രദാനം ചെയ്യില്ലെന്നും ഇരുത്തനും വരത്തനും ഒരുപോലെ ദൈവകാരുണ്യത്തിനും സ്വർഗ്ഗത്തിനും അർഹരാണെന്നും ക്രിസ്തു വിവക്ഷിക്കുന്നു.

2. ക്രിസ്തുവിന്റെ കാലത്തു വിശ്വാസം സ്വീകരിച്ചവരും പിൽക്കാ ലത്തു വിശ്വാസം സ്വീകരിച്ചവരുമായ യഹൂദ ക്രൈസ്തവരുടെ ഇട യിൽതന്നെ മൂപ്പിളമ തർക്കമുണ്ടായിരുന്നത്രേ. ആദിമുതലേ ഉള്ള തങ്ങളുടെ പ്രാമുഖ്യവും പ്രാമാണ്യവും അംഗീകരിപ്പിക്കാനുള്ള ചില രുടെ ആധിപത്യ പ്രവണതയെ തിരുത്തുക എന്നതും ഈ ഉപമ യുടെ ലക്ഷ്യമായി കരുതപ്പെടുന്നു.

3. ഒരുവന്റെ ആയുസ്സും നിത്യജീവനും തമ്മിലുള്ള ബന്ധത്തെ ക്കുറിച്ചുള്ള തർക്കവും ഈ ഉപമയുടെ പിന്നാമ്പുറത്ത് വായിച്ചെടു ക്കാനാകുമെന്ന് കരുതുന്നവരുണ്ട്. ഏതാനും വർഷങ്ങൾമാത്രം ജീവിച്ചുമരിച്ച ശിശുക്കളെയും ഒരു നൂറ്റാണ്ടോളം സഭാശുശ്രൂഷ





സ്തുത്യർഹമായി നിർവ്വഹിച്ചുമരിച്ച സഭാപിതാക്കന്മാരെയും താര തമ്യം ചെയ്താൽ ആരാണ് നിത്യജീവന് കൂടുതൽ അർഹർ എന്ന ചോദ്യം ആദിമസഭയിൽ നിലനിന്നിരുന്നു. തുല്യവേതനത്തിന്റെ ഉപമയിലൂടെ ഈ പ്രതിസന്ധിക്കും സുവിശേഷകൻ ഉത്തരം നൽകു ന്നു.

4. ഈ ഉപമയുടെ ആദിമസഭയിലെ വ്യാഖ്യാനം വളരെയേറെ വിശ്വാസ പ്രതിസന്ധിക്കു കാരണമായിട്ടുണ്ട്. അവസാന മണിക്കൂ റിൽ വന്നവനും ആദ്യം വന്നവന്റെയൊപ്പം പ്രതിഫലം ലഭിക്കു മെന്നു കരുതിയിരുന്ന ആദിമസഭയിലെ ചിലർ മാനസാന്തരവും മാമ്മോദീസായും മരണത്തിനു തൊട്ടുമുമ്പു നടത്തിയാൽ മതി എന്നു കരുതി ജീവിതകാലം മുഴുവൻ പാപത്തിൽ മുഴുകി ജീവി ക്കാൻ തുടങ്ങി. എന്നാൽ ഈ വ്യാഖ്യാനം തെറ്റാണെന്നു മാത്രമല്ല ക്രിസ്തു വിവക്ഷിക്കുന്ന അർത്ഥത്തിനു ഘടകവിരുദ്ധമാണുതാനും.

## ഉപമയിലെ സമയഗണന

യഹൂദരുടെ സമയഗണന മനസ്സിലാക്കേണ്ടത് ഉപമയുടെ വ്യാഖ്യാനത്തിന് അത്യന്താപേക്ഷിതമാണ്. പുരാതന സമയഗണ നയിൽ പകൽ സമയം മാത്രമേ പരിഗണിക്കപ്പെട്ടിരുന്നുള്ളൂ. സൂര്യോ ദയം മുതൽ അസ്തമയംവരെയുള്ള സമയത്തെയാണ് ഒരു ദിവസ മായി പൗരാണികജനത കരുതിയിരുന്നത്. എന്നാൽ യഹൂദർ ദിവ സത്തെ പകലെന്നും രാത്രിയെന്നും രണ്ടു ഭാഗങ്ങളായി തിരിച്ചു മനസ്സിലാക്കിയിരുന്നു (ഉൽപ 1:3-11). അർദ്ധരാത്രിയിൽ ദിവസം ആരംഭിക്കുന്ന ആധുനിക സമയക്രമം റോമൻ സമയഗണനയിൽ നിന്ന് രൂപം കൊണ്ടതാണ്. ഈ സമയക്രമം യഹൂദർക്ക് സ്വീകാര്യ മായിരുന്നില്ല. പകലിനെയും രാത്രിയെയും മൂന്നു യാമങ്ങൾ വീത മായാണ് യഹൂദർ തിരിച്ചിരുന്നത്.

മേൽപറഞ്ഞ വിവരണങ്ങളുടെ വെളിച്ചത്തിൽ ഉപമയിലെ സമ യക്രമം ഇപ്രകാരം മനസ്സിലാക്കാം.

| | | |
|---|---|---|
| ഒന്നാം മണിക്കൂർ | - | രാവിലെ 6നും 7നുമിടയിൽ |
| മൂന്നാം മണിക്കൂർ | - | രാവിലെ 8നും 9നുമിടയിൽ |
| ആറാം മണിക്കൂർ | - | മധ്യാഹ്നം 11നും 12നുമിടയിൽ |
| ഒൻപതാം മണിക്കൂർ | - | ഉച്ചകഴിഞ്ഞ് 2നും 3നുമിടയിൽ |
| 11-ാം മണിക്കൂർ | - | വൈകുന്നേരം 4നും 5നുമിടയിൽ |

## പ്രതിഫലമെന്ന പ്രശ്നം

ഈ ഉപമയുടെ സ്ഥാനനിർണ്ണയം വ്യാഖ്യാനത്തിൽ നിർണ്ണായ കമായ ദിശാസൂചിയാണ്. എല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ച

ഞങ്ങൾക്ക് എന്താണ് ലഭിക്കുക? (19:27) എന്ന പത്രോസിന്റെ ചോദ്യത്തിനും സ്വർഗ്ഗരാജ്യത്തിലെ ഇടതുംവലതുമുള്ള സിംഹാസനങ്ങൾ തങ്ങൾക്കുവേണം (20:21) എന്ന സെബദീകുടുംബത്തിന്റെ ആവശ്യത്തിനും ഇടയിലാണ് ഈ സുവിശേഷഭാഗം മത്തായി ഉൾച്ചേർത്തിരിക്കുന്നത്. അതുകൊണ്ടുതന്നെ ശിഷ്യത്വത്തിന്റെ വഴിയിലെ പ്രതിഫലേച്ഛ തന്നെയാണ് ഉപമയുടെ പ്രതിപാദ്യം എന്ന് അനുമാനിക്കാം. മത്താ 19:30-ലെ മുമ്പൻമാർ പിമ്പന്മാരാകുന്ന വൈരുദ്ധ്യത്തെക്കുറിച്ചു പറഞ്ഞശേഷമാണ് ഈ ഉപമ ആരംഭിക്കുന്നത്. ഉപമയുടെ അവസാനവാക്യവും ഇതുതന്നെയാണ് (20:16). 19:30-ൽ ശിഷ്യത്വത്തെക്കുറിച്ചു പഠിപ്പിക്കുമ്പോഴാണ് ഈശോ ഈ വചനം അരുളിച്ചെയ്യുന്നത്. 20:16-ലാകട്ടെ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കുറിച്ചും. ശിഷ്യത്വവും ദൈവരാജ്യപ്രവേശനവും ഒരേ മാനങ്ങളുൾക്കൊള്ളുന്നതാണെന്ന് ഈ വചന സാധർമ്മ്യം സാക്ഷ്യപ്പെടുത്തുന്നു. ശിഷ്യത്വത്തിൽ രണ്ടുതരം മനോഭാവങ്ങൾ കടന്നുവരാം. പ്രതിഫലം പ്രതീക്ഷിക്കുന്ന, വ്യവസ്ഥ ചെയ്യുന്ന മനോഭാവമാണ് ആദ്യത്തെ കൂട്ടരുടേത്. ഇത്തരം ശിഷ്യർ കൂലിക്കാരാണ്. അവർ സാങ്കല്പികമായെങ്കിലും ഒരു ഉടമ്പടി മനസ്സിൽ സൂക്ഷിക്കുന്നവരാണ്. അർഹതപ്പെട്ടതു കിട്ടിയില്ലെങ്കിൽ അവർ കലഹിക്കും. തന്നെക്കാളും ഇളപ്പക്കാരെ തന്നിലും ഉയരത്തിൽ പ്രതിഷ്ഠിച്ചാൽ അവർ കലാപക്കൊടി ഉയർത്തും. അവരുടെ സകല വിലയിരുത്തലിന്റെയും മാനദണ്ഡം സ്വാർത്ഥതയാണ്. ഉപമയിലെ ആദ്യംവന്ന കൂലിക്കാരുടെ മനോഭാവമാണിത്. ദൈവവേലയ്ക്ക് കണക്കുപറയുന്ന അഭിനവ ശുശ്രൂഷകരുടെ മുൻഗാമികളാണവർ.

വൈകിവന്ന രണ്ടാമത്തെ കൂട്ടരാകട്ടെ സ്വന്തം കഴിവിന്റെ നിസ്സാരത തിരിച്ചറിയുന്ന വേലക്കാരാണ്. അവരുടെ ആശ്രയം യജമാനന്റെ നന്മയും കാരുണ്യവുമാണ്. കിട്ടുന്നതെല്ലാം ലാഭമായി കരുതുന്ന ഇവർ പരാതിപ്പെടാത്തവരാണ്. തങ്ങൾക്ക് അർഹതയില്ലെന്ന തിരിച്ചറിവല്ലേ ഒരുവനെ എളിമയുടെ യാഥാർത്ഥ്യത്തിൽ നിലനിർത്തുന്നത്. ശിഷ്യന്റെ അടിസ്ഥാന മനോഭാവം അവകാശബോധമല്ല അയോഗ്യതാബോധത്തിൽനിന്നുള്ള ചുമതലാബോധമാണെന്ന ക്രിസ്തുഭാഷ്യം പ്രസക്തമാണ്. തൊഴിലാളികളുടെ അവകാശബോധത്തെ ഊതികത്തിച്ച കമ്മ്യൂണിസ്റ്റുകാർ ചുമതലാബോധം പഠിപ്പിക്കാത്തതുകൊണ്ട് മുന്തിരിത്തോട്ടംതന്നെ വെട്ടിനിരത്തപ്പെടുന്ന പാഠഭേദമായി മാറിയിട്ടുണ്ട് കേരളത്തിലെ കാർഷികരംഗം. പ്രതിഫലം വാങ്ങുന്നവർ ആനുപാതികമായി അധ്വാനിക്കണം. നോക്കുകൂലിയും വിരട്ടുകൂലിയുമായി പ്രതിഫലം ഗുണ്ടാപ്പിരിവായി മാറുന്ന





തൊഴിൽ സംസ്കൃതിയിൽ തൊഴിലുടമയുടെ അവകാശത്തെയും നീതിബോധത്തെയുംകുറിച്ച് ക്രിസ്തു നൽകുന്ന പ്രബോധനം ശ്രദ്ധേയമാണ്.

നിത്യതയെ ലക്ഷ്യമാക്കി ജീവിക്കുന്നതിന്റെ പൊരുളാണ് ഉപമയുടെ കാതൽ. നിത്യതയാണ് വലുതെന്ന് കണ്ടെത്തിയപ്പോൾ അസ്സീസ്സിയിലെ ഫ്രാൻസീസും അൽബേനിയായിലെ മദർതെരേസയും ദാരിദ്ര്യം സ്വമനസ്സാ വരിച്ചു. നിത്യതയുടെ മഹത്വം കണ്ടവരെല്ലാം ലോകത്തിന്റെ ശൂന്യത തിരിച്ചറിഞ്ഞു. എന്നാൽ നിത്യതയെക്കുറിച്ചുള്ള ചിന്ത അസ്തമിക്കുന്നിടത്ത് ലോകത്തിന്റെ നിയമം ഭരണം നടത്തുന്നു. ദൈവവിളിയുടെ വഴിയിൽപോലും ഭൗതികതയുടെ നിയമങ്ങൾ ആധിപത്യം പുലർത്തുന്നതു നാം കാണുന്നു.

## അനുബന്ധ ചിന്തകൾ

1. പതിനൊന്നാം മണിക്കൂറുവരെ ജോലിക്കാർ പ്രതീക്ഷയോടെ ചന്തസ്ഥലത്തു കാത്തിരുന്നു എന്നതാണ് അവരെ അനുഗ്രഹീതരാക്കിയത്. എട്ടും പത്തും മണിക്കൂർ കാത്തിരുന്നിട്ട് നിരാശരായി പിന്തിരിഞ്ഞിരുന്നുവെങ്കിൽ അവരുടെ കാത്തിരിപ്പ് വ്യർത്ഥമാകുമായിരുന്നു. യജമാനൻ വരുന്നതുവരെയുള്ള കാത്തിരിപ്പിനേ അർത്ഥമുള്ളൂ. നമ്മിൽ പലരും അവസാനംവരെയും കാത്തിരിക്കാൻ മടിക്കുന്നതുകൊണ്ട് നിരാശരും ദു:ഖിതരുമായി കഴിയുന്നുണ്ട്. രക്ഷകൻ വരുന്ന നാളുവരെ പ്രതീക്ഷയോടെ കാത്തിരിക്കാനുള്ള ആഹ്വാനമാണ് ഈ ഉപമ.

2. അർഹതപ്പെട്ടത് ലഭിച്ചതിൽ സന്തോഷിക്കാനാവാതെ ആദ്യം വന്ന ജോലിക്കാരെ നിരാശരാക്കിയത് അവർ നടത്തുന്ന താരതമ്യമാണ്. തനിക്കുകിട്ടിയതിൽ സന്തോഷിക്കാനാവാതെ അപരനു കിട്ടിയതിനെ ഓർത്ത് അസൂയപ്പെടുന്നതാണ് പല ആത്മീയരെയും പിന്നോട്ടു നയിച്ചത്. ദൈവം വാഗ്ദാനം ചെയ്യുന്നത് തുല്യവേതനത്തിന്റെ ഭൗമിക പറുദീസയല്ല മറിച്ച് ദൈവനീതിയുടെ സ്നേഹക്രമമാണ്. ദുരയുടെ കണ്ണുകളിൽ ദൈവസ്നേഹം അനീതിയായി വ്യാഖ്യാനിക്കപ്പെടുന്നതിന് ഉത്തരവാദി ദൈവമല്ല മനുഷ്യൻതന്നെയാണ്.

**(ഡോ. ജോസഫ് പാംപ്ലാനി)**

# 11

## കഴുതപ്പുറത്തൊരു കുഞ്ഞാട്
## (മത്താ 21:1–17)

പാതനിറഞ്ഞും പാതയോരത്തുമുള്ള പ്രകടനങ്ങളും യോഗങ്ങളും നിയമവിരുദ്ധവും പൗരാവകാശലംഘനവുമാണെന്ന് കോടതി വിധിച്ചിട്ട് ഏറെ നാളുകളായില്ല. വിധി പറഞ്ഞ കോടതിയെ ആക്ഷേപിച്ചതിന് ചിലർ കോടതി നിരങ്ങുമ്പോൾ പ്രസ്തുത വിധിയെ മറികടക്കാൻ നിയമം നിർമ്മിക്കാനും നിയമസഭ മുതിർന്നു. വഴിയോരപ്രകടനം ശരിക്കും ശക്തിപ്രകടനം തന്നെയാണ്. പള്ളികളും അമ്പലങ്ങളും രാഷ്ട്രീയപാർട്ടികളും തങ്ങളുടെ ശക്തിപ്രകടനങ്ങളിലൂടെ ആണ്ടുവട്ടത്തിലൊരിക്കലെങ്കിലും നാടും നടപ്പാതകളും സ്തംഭിപ്പിക്കാറുണ്ട്. ശക്തിപ്രകടനക്കാർക്ക് അത് ആവേശകരമാണെങ്കിലും വഴിയാത്രക്കാർക്കും മറ്റുള്ളവർക്കും അത് അസ്വാസ്ഥ്യം ജനിപ്പിക്കുന്നതുമാണ്. ശക്തി പ്രകടനങ്ങളിൽ വഴിമുടങ്ങി മണിക്കൂറുകൾ കാത്തുകഴിക്കേണ്ടി വന്നിട്ടില്ലാത്ത ആരും





നമ്മുടെയിടയിലുണ്ടാവില്ല. പലരും ദിവസക്കൂലിയും മറ്റുബത്തകളും നൽകിയാണ് ശക്തിപ്രകടനത്തിന് ആളെ കൂട്ടുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ ആരും സംഘടിപ്പിക്കാതെ ആളുകൾ ഓടിക്കൂടും. നെൽസൺ മണ്ഡേല ജയിൽ മോചിതനായപ്പോൾ 20 ലക്ഷം പേർ റാലി നടത്തിയത്രേ... മദർ തെരേസ കണ്ണൂരു വന്നപ്പോഴാണ് മലബാറിലെ ഏറ്റവും വലിയ ജനക്കൂട്ടത്തിന് നഗരം സാക്ഷ്യം വഹിച്ചതെന്ന് മാധ്യമങ്ങൾ എഴുതി. അപ്പോൾ ശക്തിപ്രകടനങ്ങളും സ്നേഹപ്രകടനങ്ങളുമുണ്ട് എന്ന് വ്യക്തമാകുന്നു. ശക്തിപ്രകടനങ്ങൾ ഏതെങ്കിലുമൊരു വിഭാഗത്തിന്റെ മാത്രമാകുമ്പോൾ സ്നേഹപ്രകടനങ്ങൾ സകലജനങ്ങളുടെയും സന്തോഷപ്രകടനമാണ്. ശക്തിപ്രകടനങ്ങൾക്കു സംഘാടകസമിതി വേണം സ്നേഹപ്രകടനങ്ങൾക്കാകട്ടെ സ്നേഹകാരണമായ വ്യക്തിമാത്രം മതി. ഓശാന ഞായറാഴ്ച ഒരു സ്നേഹപ്രകടനത്തിന്റെ ഓർമ്മയാചരണമാണ്. ലോകനാഥന് ജറുസലേം നഗരവാസികളൊരുക്കിയ സ്നേഹപ്രകടനത്തിന്റെ ഓർമ്മയാണ് ഓശാന ഞായർ.

ഒലിവിൻ ചില്ലകളിളക്കി മേലങ്കികൾ വഴിയിൽ വിരിച്ച് ജനക്കൂട്ടമൊന്നാകെ രക്ഷകനു സ്വാഗതമോതുന്ന ഓശാന ഞായർ സുവിശേഷത്തിലെ വേറിട്ട കാഴ്ചതന്നെയാണ്. ജനക്കൂട്ടത്തിന്റെ കയ്യടികളിൽനിന്നും കല്ലേറുദൂരം മാറിനടക്കണം എന്ന കണിശം ക്രിസ്തുവിന് എന്നുമുണ്ടായിരുന്നു. ദൈവത്തെ സ്തുതികൾക്കും സ്തുതിപാഠകരായ മാലാഖാമാർക്കും മധ്യേ സങ്കല്പിച്ച യഹൂദ സംസ്കാരത്തിൽ ഈ ദൈവപുത്രൻ എന്നും വ്യത്യസ്തനായിരുന്നു. രോഗശാന്തി നേടിയവരുടെ അധരങ്ങൾ ആശ്ചര്യസ്തുതിപ്പിനായി മലർക്കെ തുറന്നപ്പോൾപ്പോലും അവ പൊത്തിപ്പിടിച്ച് ആരോടും പറയരുത് എന്നു വിലക്കാൻ അവൻ ബദ്ധശ്രദ്ധനായിരുന്നു. അസ്ഥിത്വത്തിന്റെ അകക്കാമ്പിന്റെ മാറ്റ് ഉരച്ചുനോക്കേണ്ടത് അണികളുടെ അംഗബലത്തിലോ ജയ്‌വിളികളുടെ ഘോഷത്തിലോ അല്ല എന്ന തിരിച്ചറിവായിരുന്നു നസ്രായന്റെ നേതൃത്വത്തിന്റെ വ്യതിരിക്തത. എന്നിട്ടും വിശുദ്ധവാരത്തിനു ഭൂമിക തീർക്കുന്ന ഈ പുണ്യദിനത്തിൽ അവൻതന്നെ മുൻകൈ എടുത്ത് ഇപ്രകാരമൊരു വരവേല്പ് ഒരുക്കുന്നെങ്കിൽ അതിൽ കാര്യമുണ്ടാകണം. കേവലമൊരു കയ്യടിക്കും ജയ്‌വിളിക്കും ശക്തിപ്രകടനത്തിനുമപ്പുറത്ത് ഓശാനത്തിരുനാൾ പ്രസക്തമാകുന്നതും അതുകൊണ്ടുതന്നെയാണ്.

### ഓശാനാ ഒരുക്കദിനമാണ്

ഓശാനതിരുനാൾ ഒരുക്കദിനമായിട്ടാണ് യഹൂദർ മനസ്സിലാക്കിയിരുന്നത്. പെസഹാത്തിരുനാളിൽ കൊല്ലപ്പെടേണ്ട കുഞ്ഞാടിനെ യഹൂദഭവനങ്ങളിൽ തിരഞ്ഞെടുക്കേണ്ടത് പെസഹായ്ക്കു നാലു

നാളുകൾക്കു മുൻപാണെന്ന് (പുറ 12:3) യഹൂദനിയമം അനുശാസിച്ചിരുന്നു. പുതിയപെസഹാതിരുനാളിൽ കൊല്ലപ്പെടേണ്ട കുഞ്ഞാടായി യേശു തന്നെത്തന്നെ തിരഞ്ഞെടുത്തതിന്റെ ഓർമ്മയാണ് ഓശാനതിരുനാൾ. സ്വയം ബലിവസ്തുവായവൻ ബലിപീഠംതേടി ദേവാലയം ലക്ഷ്യമാക്കി വരുന്ന ആ യാത്രയിലെ ആരവങ്ങൾ സമ്പൂർണ്ണ ദഹനബലിയർപ്പണ സമയത്തെ സ്തുതിപ്പുകൾക്കു സമാനമായാണ് സുവിശേഷകന്മാർ അവതരിപ്പിക്കുന്നത്. ചെവിയോർത്താൽ കൊല്ലപ്പെടേണ്ട ഒരു കുഞ്ഞാടിന്റെ നെഞ്ചിടിപ്പും കാൽവരിയിലെ നിലവിളിയും ഓശാനവിളിയിൽ തേങ്ങിനില്പുണ്ട്.

ഹോസാന എന്ന പദത്തിന് ഏറെ അർത്ഥവ്യാപ്തിയുണ്ട്. കൂടാരത്തിരുനാളിന്റെ ഏഴാംദിവസം പുരോഹിതന്മാർ ബലിപീഠത്തെ ഏഴുവട്ടം വലംവെച്ച് മഴപെയ്യാൻ പ്രാർത്ഥിക്കുമ്പോൾ ഉരുവിട്ടിരുന്ന പ്രാർത്ഥനാവാക്യമാണ് ''ഹോസാന''. ''കർത്താവേ ഞങ്ങളെ രക്ഷിക്കണമേ'' എന്നതാണ് ഇതിനർത്ഥം. തിളച്ചുമറിയുന്ന കൊടുംവേനലിന്റെ കാഠിന്യത്തിൽ ഭൂമിയാകെ വിണ്ടുകീറുകയും ജീവജാലങ്ങൾ ദാഹജലത്തിനായി പരക്കം പായുകയും ചെയ്യുന്ന നാളുകളിൽ നടത്തിയിരുന്ന ഈ മഴപ്രാർത്ഥന ഒരു ജനതയുടെ നിലനില്പിനുവേണ്ടിയുള്ള നിലവിളിയായിരുന്നു. ആഹ്ലാദാരവങ്ങൾക്കപ്പുറം ദാഹാർത്തമായ ഒരു ജനതയുടെ പ്രാർത്ഥനയായിരുന്നു പ്രാരംഭത്തിൽ ഹോസാന. മരുഭൂമിയിലെ ജനം തെളിനീരിനെക്കുറിച്ചുകണ്ട സ്വപ്നമാണ് ഹോസാന.

കാലാന്തരത്തിൽ ഹോസാന എന്നത് വരാനിരിക്കുന്ന മിശിഹായ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയായി മാറി. കേവലമൊരു മഴയല്ല ജീവജലത്തിന്റെ നിലയ്ക്കാത്ത നീരുറവയായി വരുന്ന മിശിഹാ ഹോസാനയുടെ ലക്ഷ്യമായിമാറി. റോമൻ അടിമത്വത്തിന്റെ നുകം പേറി തളർന്നുപോയ ഒരു ജനത സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായുവിനെക്കുറിച്ചു കണ്ട സ്വപ്നമാണ് ഹോസാന.

## കഴുതപ്പുറത്തൊരു കുഞ്ഞാട്

ആരവങ്ങളിൽനിന്ന് ബോധപൂർവ്വം അകലം സൂക്ഷിക്കുന്ന രക്ഷകൻ വിജയാരവങ്ങൾക്കിടയിൽ കഴുതപ്പുറത്ത് വരുന്നെങ്കിൽ അതിന് ആഴമേറിയ അർത്ഥതലങ്ങളുണ്ടാകണം.

കുരുത്തോലകൾ ഇളക്കി ഓശാന പാടുന്ന നാം മിശിഹായുടെ രാജകീയമായ പട്ടണപ്രവേശത്തെ അനുസ്മരിക്കുകയാണ്. ആഹ്ലാദാരവങ്ങൾക്കപ്പുറം കൊല്ലപ്പെടാനുള്ള ഒരു കുഞ്ഞാടിന്റെ തേങ്ങലുകൾ ഉയരുന്ന ദിനം കൂടിയാണിന്ന്. നീസാൻ മാസം 14 ന് ആഘോഷിക്കുന്ന പെസഹായ്ക്ക് നാലു നാൾ മുമ്പ് പെസഹാ ഭക്ഷണമാകേണ്ട കുഞ്ഞാടിനെ തെരഞ്ഞെടുത്ത് ഭവനങ്ങളിൽ പ്രത്യേകമായി പരിരക്ഷിക്കണമെന്ന് നിയമഗ്രന്ഥം അനുശാസിക്കുന്നു (പുറ 12:3). ക്രമപ്രകാരം പെസഹാക്കുഞ്ഞാടായി ക്രിസ്തു സ്വയം തിരഞ്ഞെടുത്ത ദിനമായിരുന്നു ഓശാന ഞായർ. അതുകൊണ്ടുതന്നെ ആ ദിനം സ്മരണീയമാക്കാൻ അവിടുന്ന് തീരുമാനിച്ചു. ദാരുണമായ മരണത്തെ ഉത്സവംപോലെ ആഘോഷമായി വരവേൽക്കാൻ ദൈവപുത്രനല്ലാതെ മറ്റാർക്കാണ് കഴിയുക.

അടുത്തഗ്രാമത്തിൽ കെട്ടിയിരിക്കുന്ന കഴുതയെയും കഴുതക്കുട്ടിയെയും അഴിച്ചുകൊണ്ടുവരാനാണ് ഈശോ ശിഷ്യരോട് ആവശ്യപ്പെടുന്നത് (21:2). ഉൽപ 49:11 ൽ യാക്കോബ് യൂദായെ അനുഗ്രഹിക്കുന്ന സന്ദർഭത്തിൽ അധികാരദണ്ഡ് കയ്യിലേന്തുന്ന യൂദാ തന്റെ കഴുതയെയും കഴുതക്കുട്ടിയെയും മുന്തിരിവള്ളിയിൽ കെട്ടിയിടും എന്ന് പ്രഖ്യാപിക്കുന്നുണ്ട്. യൂദാഗോത്രത്തിൽനിന്നു ജനിക്കാനിരിക്കുന്ന മിശിഹായുടെ പ്രതീകമായി മുന്തിരിത്തോട്ടത്തിൽ കെട്ടിയിട്ടിരിക്കുന്ന കഴുതയും കഴുതക്കുട്ടിയും കരുതപ്പെട്ടിരുന്നു. അവൻ വരുമ്പോൾ മാത്രമേ ഈ കഴുതയും കഴുതക്കുട്ടിയും അഴിക്കപ്പെടുകയുള്ളൂ എന്ന യഹൂദവിശ്വാസമാണ് ഇവിടെ സാക്ഷാത്കരിക്കപ്പെടുന്നത്.

കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് എഴുന്നള്ളുന്ന രാജാവ് എന്നത് യേശുവിന്റെ മിശിഹാത്വത്തിനുള്ള തെളിവാണ്. എന്നാൽ, മറ്റൊരു വ്യാഖ്യാനം കൂടി ഇതിനു നൽകപ്പെടാറുണ്ട്. ''കഴുതയുടെയും കഴുതക്കുട്ടിയുടെയും'' എന്നല്ല ''കഴുതയുടെ കുട്ടിയായ കഴുതയുടെ പുറത്ത്'' എന്നാണ് മത്തായി വിവക്ഷിക്കുന്നത് എന്നാണ് ഈ വ്യാഖ്യാനം. കഴുതയും കുതിരയും ചേർന്നുണ്ടാകുന്ന കോവർകഴുത എന്ന സങ്കരയിനത്തിൽപ്പെട്ട മൃഗത്തെയല്ല യഥാർത്ഥ കഴുതയെത്തന്നെയാണ് യേശു സവാരിക്കു തിരഞ്ഞെടുത്തത് എന്ന സൂചനയാണ് ഇവിടെ നൽകപ്പെടുന്നത്.

റോമൻ പാരമ്പര്യത്തിൽ രാജാവ് കഴുതപ്പുറത്ത് എഴുന്നള്ളുന്നത് സമാധാന സൂചനയായി കരുതപ്പെട്ടിരുന്നതിനാൽ യേശുവിന്റെ രാജകീയമായ പട്ടണപ്രവേശം റോമൻ നേതൃത്വവുമായി ഏറ്റുമുട്ടുന്നതിനല്ല എന്ന സൂചനയും ഇവിടെ നൽകുന്നുണ്ട്. കുതിരപ്പുറത്താണ് അവൻ വന്നിരുന്നതെങ്കിൽ അവന്റെ ലക്ഷ്യം ഏറ്റുമുട്ടലാണെന്ന് അനുമാനിക്കണം.

സോളമൻ രാജാവ് കിരീടധാരണത്തിനായ് ജറുസലേമിലേക്കു വരുന്നത് തന്റെ പിതാവിന്റെ പ്രിയപ്പെട്ട കഴുതയുടെ പുറത്താണ് (1രാജ 1:33). യഹൂദ പാരമ്പര്യത്തിൽ രാജാവ് കഴുതപ്പുറത്തെഴുന്ന ള്ളുന്നത് കിരീടധാരണത്തെയും സ്ഥാനാരോഹണത്തെയുമാണ് സൂചിപ്പിക്കുന്നത്. സോളമന്റെ പട്ടണപ്രവേശത്തെ അനുസ്മരിപ്പി ക്കുന്നതാണ് "വസ്ത്രം വിരിച്ചുള്ള സ്വീകരണവും" (1 രാജാ 1:33 -34) "കഴുതപ്പുറത്ത് ഇരുത്തുന്നതും" ദാവീദിന്റെ പുത്രൻ എന്ന സംബോധനയും. എന്നാൽ ഇതോടൊപ്പം പറയുന്ന "കർത്താവിന്റെ നാമത്തിൽ വരുന്നവൻ" എന്ന പദപ്രയോഗം സങ്കീ 118:20 ൽ നിന്നു ള്ളതാണ്. ജറുസലേം ദേവാലയത്തിൽ തീർത്ഥാടനത്തിനു വരു ന്നവരെ ആശീർവ്വദിച്ചുകൊണ്ട് പുരോഹിതർ ചൊല്ലിയിരുന്ന പ്രാർത്ഥനയുടെ ഭാഗമായിരുന്നു പ്രാരംഭത്തിൽ ഈ വിശേഷണം. എന്നാൽ പിൽക്കാലത്ത് ഈ അഭിസംബോധനയും വരാനിരിക്കുന്ന മിശിഹായെ സൂചിപ്പിക്കുന്നതായി മാറി.

ചുരുക്കത്തിൽ കഴുതയും കഴുതക്കുട്ടിയും അഭിവാദനങ്ങളുമെല്ലാം യേശുനാഥൻ വരാനിരിക്കുന്ന മിശിഹായാണെന്ന സത്യം പ്രഘോ ഷിക്കുകയും അവൻ തന്റെ രാജപദവി സ്വീകരിക്കാൻ തലസ്ഥാന നഗരിയിൽ എത്തിയിരിക്കുകയാണെന്ന് വ്യക്തമാക്കുകയും ചെയ്യു ന്നു. അവന്റെ സിംഹാസനം കുരിശും, കിരീടം മുൾമുടിയും, അഭി ഷേകതൈലം സ്വന്തം രക്തവുമാണെന്ന സൂചന അവൻ പെസ ഹാക്കുഞ്ഞാടാണെന്ന പ്രതീക കൽപനയിൽ വ്യക്തമാണുതാനും. യേശുവിന്റെ ജനനത്തിലെന്നപോലെ (മത്താ 2:3) ഓശാനാതിരു നാളിലും ജറുസലേം നഗരം ഇളകിവശായി (മത്താ 21:10) എന്ന പരാമർശത്തിലൂടെ മത്തായി സുവിശേഷകൻ യേശുവിന്റെ പട്ടണ പ്രവേശത്തെ ദൈവപുത്രന്റെ ലോകപ്രവേശത്തോട് (ജനനം) താര തമ്യം ചെയ്യുകയാണ്. യേശുവിന്റെ ജനനത്തിൽ ഹേറോദേസിന്റെ രാഷ്ട്രീയ നേതൃത്വമാണ് അസ്വസ്ഥമാകുന്നതെങ്കിൽ അവന്റെ പട്ട ണപ്രവേശത്തിൽ യഹൂദമതനേതൃത്വമാണ് അസ്വസ്ഥമാകുന്നത്.

## ഒലിവുമലയും മരച്ചില്ലകളും

ഒലിവുമലയ്ക്കരികെയുള്ള ബത്ഫഗെയിൽ വച്ചാണ് യേശു ഓശാനയാത്രയ്ക്കുള്ള ഒരുക്കങ്ങൾ നടത്തുന്നത്. മിശിഹാവരുന്നത് ഒലിവുമലയിൽനിന്നാണ് എന്ന യഹൂദ വിശ്വാസം ഈ സ്ഥലസൂ ചനയ്ക്കു പിന്നിലുണ്ട് (മത്താ 21:1). ജറുസലേമിന്റെ കാവൽ ഗോപു രമായിട്ടാണ് ഈ മല കരുതപ്പെടുന്നത്. ജറുസലേം ദേവാലയത്തിന്റെ നാശത്തെക്കുറിച്ച് യേശു പ്രവചിക്കുന്നത് ഈ മലയിൽ വച്ചാണ് (മത്താ 24:3; മർക്കോ 14:26). ജറുസലേം നഗരം വിട്ടുപോയ കർത്താ





വിന്റെ മഹത്വം (എസെ 11:2) നഗരത്തിലേക്ക് തിരിച്ചുവരുന്നത് ഒലി വുമലയിൽനിന്നാണ് (എസെ 43:2) എന്ന എസെക്കിയേലിന്റെ ദർശ നവും ഇവിടെ പ്രസക്തമാണ്. യേശുവിന്റെ സ്വർഗ്ഗാരോഹണം (ലൂക്കാ 24:50; അപ്പ 1:12) നടന്ന ഒലിവുമലയിലാണ് അവിടുത്തെ പുനരാഗമനവും സംഭവിക്കുന്നത് എന്ന് ആദിമക്രൈസ്തവർ വിശ്വ സിച്ചിരുന്നു. അതിനാൽ ഒലിവുമല എന്നത് ദൈവം തന്റെ ജന ത്തിന്റെ ചരിത്രത്തിൽ നിർണ്ണായകമായി ഇടപെടുന്നസ്ഥലത്തെ യാണ് സൂചിപ്പിക്കുന്നത്.

ഒലിവുമലയിൽനിന്നു ശേഖരിക്കുന്ന മരച്ചില്ലകൾ (മത്താ 21:8) തീർച്ചയായും ഒലിവിൻ ചില്ലകളായിരിക്കും (യോഹ 12:13 ൽ മര ച്ചില്ലകൾക്കു പകരം ഈന്തപ്പന കൈകളാണ്). ഒലിവിൻ ചില്ല നോഹയുടെ കാലത്തെ പ്രളയത്തെ അനുസ്മരിപ്പിക്കുന്നു. പ്രത്യാ ശയുടെ തിരിനാളമായി നോഹയുടെ പേടകത്തിലേക്ക് പ്രാവുകൊ ണ്ടുവന്നത് ഒലിവിൻ ചില്ലയായിരുന്നു. അതിനാൽ ഓശാനാത്തി രുനാൾ പ്രത്യാശയുടെ തിരുനാളുകൂടിയാണ്. സങ്കടങ്ങളുടെ പെരു മഴക്കാലം കഴിഞ്ഞതായും കഷ്ടനഷ്ടങ്ങളുടെ പ്രളയജലം വാർന്നൊഴിഞ്ഞതായും പ്രതീക്ഷയുടെ തീരം തെളിഞ്ഞതായുമുള്ള സന്ദേശമാണ് ഒലിവിൻ ചില്ലകൾ നൽകുന്നത്.

## അഹത്തെ ജയിക്കാത്തവരുടെ ആത്മീയത

യേശുവിലെ ഏറ്റവും വലിയ അത്ഭുതം അവനിലെ നിസ്വഭാവ മാണെന്ന് നിസ്സംശയം പറയാം. സകലത്തിന്റെയും ഉടയവൻ അത്യാ വശ്യത്തിന് ഒരു കഴുതയെ കടം വാങ്ങുന്നു എന്നത് ഓശാന ഞായ റാഴ്ച ഏറെ സ്മരിക്കപ്പെടാത്ത വസ്തുതയാണ്. സ്വന്തമാക്കുന്നവ യുടെമേൽ അധികാരിയായി സ്വയം ചമയുന്നവരുടെ നാട്ടിൽ ക്രിസ്തു വ്യത്യസ്തനാകുന്നു. ലോകത്തെ ജയിക്കണമെങ്കിൽ ആദ്യം സ്വയം ജയിക്കണമെന്ന് ക്രിസ്തുവിന് അറിയാമായിരുന്നു. തന്നോടു നിരന്തരം യുദ്ധം ചെയ്യാത്തവൻ അന്യരോടു യുദ്ധം ചെയ്തുകൊണ്ടേയിരിക്കും. അഹത്തെ ജയിക്കാത്തവനു മുന്നിൽ സകലരും കീഴടക്കപ്പെടേണ്ട എതിരാളികളാകുന്നു. ചതഞ്ഞ ഞാങ്ങണ ഒടിക്കാതെയും പുകഞ്ഞതിരി കെടുത്താതെയും അവ ഗണനയിൽ നിലവിളിക്കാതെയും ആർപ്പുവിളികളിൽ നിലമറക്കാ തെയും നിലകൊള്ളാൻ ക്രിസ്തുവിന് കഴിഞ്ഞത് അവൻ സ്വയം ജയിച്ചതുകൊണ്ടാണ്. സ്വയം ജയിക്കാത്ത "ആത്മീയർ" ദൈവഭവ നത്തെപ്പോലും കച്ചവടചന്തയാക്കുന്നതിനെതിരേ ചാട്ടവാറുയരുന്ന ദിനം കൂടിയാണ് ഓശാന ഞായർ.

ജീവിതകാലമത്രയും നിസ്വനായിരുന്നവന് ആർത്തിയുടെ സംസ്കാരം അന്യമായിരുന്നു. ഭൗതികതയുടെ ആർത്തി ആത്മീയതയുടെ മേഖലകളെ വിഴുങ്ങിത്തുടങ്ങിയപ്പോൾ നിത്യശാന്തനായവൻ പോലും കൈയ്യിൽ ചാട്ടവാറെടുത്തു. കാരണം ആരാധനാലയം പിതാവിന്റെ ഭവനമാണ്. ചന്തസ്ഥലത്തുനിന്ന് അത് അങ്ങേയറ്റം വ്യതിരിക്തമാണ്. ചന്തയിൽ ലാഭം മാത്രമാണ് ലാക്കാക്കുന്നത്. പരമാവധി ലാഭം നേടുന്നവനാണ് ചന്തയിലെ വിജയി. ലാഭം കൊയ്യാനുള്ള വ്യഗ്രതയിൽ കാലുവാരുന്നതും കത്തികാട്ടുന്നതും ചന്തയുടെ നീതിയാണ്. വിജയിക്കുന്നവന്റെ ആഹ്ലാദത്തിനല്ലാതെ പരാജിതന്റെ അമർത്തിയ തേങ്ങലുകൾക്ക് ചന്തയിൽ വിലയില്ല. കരുത്തനുമാത്രമേ ചന്തയിൽ കാര്യനിർണ്ണയം നടത്താനാവൂ. എന്നാൽ, ഭവനമാകട്ടെ തികച്ചും വ്യത്യസ്തമാണ്. ഭവനത്തിൽ ദുർബ്ബലന് പ്രത്യേക പരിഗണനയുണ്ട്. ലാഭത്തിനായി അവിടെ യാരും അന്യോന്യം കാലുവാരുകയോ കത്തികാട്ടുകയോ ചെയ്യുന്നില്ലെന്നു മാത്രമല്ല അപരന്റെ നന്മയ്ക്കായി നഷ്ടപ്പെടുത്തുന്നതിൽ ആനന്ദിക്കുന്നവരാണ് ഭവനാംഗങ്ങൾ. ആഹ്ലാദത്തിന്റെ ആർപ്പുവിളികൾ ഭവനത്തിലെ ഒറ്റപ്പെട്ടുപോയവന്റെ തേങ്ങലുകൾക്കു മുന്നിൽ നിശബ്ദമാകുന്നു. ഭവനങ്ങൾ ചന്തകളായി രൂപപ്പെടാതിരിക്കാൻ ഭവനാംഗങ്ങൾ നിതാന്ത ജാഗ്രത പുലർത്തണം.

ഭവനങ്ങളെല്ലാം ചന്തസ്ഥലമായി രൂപപ്പെടുമ്പോൾ ചന്തകളെ ഭവനങ്ങളായി പുനർരൂപപ്പെടുത്താനാണ് "പിതാവിന്റെ ഭവന"മായ സഭയെ ക്രിസ്തു സ്ഥാപിച്ചത്. പക്ഷേ വേലി വിളവു തിന്നുന്നു എന്ന ആരോപണം കനത്തു വരുന്നു. പിതാവിന്റെ ഭവനത്തിലെ പദ്ധതികളിൽ ലാഭേച്ഛ ലക്ഷ്യമാകരുത്. പിതാവിന്റെ ഭവനത്തിൽ അവസാനത്തവന്റെ തേങ്ങലിനു വേണ്ടിയും കാതോർക്കാൻ ആളുണ്ടാവണം; കരുതാൻ അർത്ഥമുണ്ടാകണം. ഇല്ലെങ്കിൽ ഭവനത്തിന്റെ അവകാശിയായ പുത്രൻ ചാട്ടവാറുമായി വരുന്ന നാളിൽ നമ്മുടെ കാര്യം കഷ്ടതമമായിരിക്കും.

### ദേവാലയശുദ്ധീകരണം

യേശുവിന്റെ ദേവാലയശുദ്ധീകരണത്തെ സാക്ഷിനിർത്തി അവനെ ലോകം കണ്ട ഏറ്റവും വലിയ വിപ്ലവകാരിയായി വാഴ്ത്താൻ വിപ്ലവ പാർട്ടികൾ മത്സരിക്കുന്ന കാലത്ത് ദേവാലയശുദ്ധീകരണത്തിന്റെ അർത്ഥം ശരിയാംവിധം വായിച്ചെടുക്കേണ്ടതുണ്ട്.

യേശുവിന്റെ പ്രവൃത്തിയെ മത-പൗരോഹിത്യങ്ങളുടെ നിഷേധമായി വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ, മത-പൗരോഹിത്യങ്ങളെക്കുറിച്ച് മോശയുടെ നിയമത്തിലൂടെ ദൈവം വെളിപ്പെടുത്തിയ സത്യത്തിൽ അവയെ ഉറപ്പിച്ചു നിർത്താനാണ് യേശു ശ്രമിക്കുന്നത്. മതം ആചാരബദ്ധവും അന്തസ്സാരമില്ലാത്തതുമാകുമ്പോൾ ദേവാലയങ്ങൾ കച്ചവടശാലകളാകും. കച്ചവടശാലയായി തരംതാണുപോയ ദേവാലയത്തെയും കച്ചവടക്കാരായി വേഷംമാറിപ്പോയ പുരോഹിതരെയും പുനരുദ്ധരിക്കുന്ന യേശുവിന്റെ കർമ്മം മതനിഷേധമല്ല മതവിശ്വാസത്തിന്റെ ശരിയായ ദിശചൂണ്ടിക്കാണിക്കുന്നതാണ്. നിങ്ങൾ ഈ ദേവാലയം നശിപ്പിക്കൂ; മൂന്നുദിനം കൊണ്ട് ഞാൻ അതു പടുത്തുയർത്തും എന്ന പ്രസ്താവനയിലൂടെ ദേവാലയം നശിപ്പിക്കുന്നത് ഉള്ളിലുള്ളവർ തന്നെയെന്ന് യേശു വ്യക്തമാക്കുകയാണ്. വർഗ്ഗീയവാദികളും നിരീശ്വരവാദികളും രാജാക്കന്മാരും കിണഞ്ഞു ശ്രമിച്ചാലും ദേവാലയത്തിന്റെ കരിങ്കൽ ഭിത്തികൾ ഇളക്കാനേ കഴിയൂ.... എന്നാൽ യഥാർത്ഥ ദേവാലയം (ക്രിസ്തുവിലുള്ള വിശ്വാസം) നശിപ്പിക്കാൻ സഭയ്ക്കുള്ളിലുള്ള വിശ്വാസികൾക്കേ കഴിയൂ.

യേശുവിൽ കേവലം വിപ്ലവകാരിയെ മാത്രം കാണുന്നവർ ദേവാലയ ശുദ്ധീകരണത്തെ ജനകീയ വിപ്ലവമായികണ്ട് ചാട്ടവാറിനെയും അടിച്ചുപുറത്താക്കുന്ന പ്രവൃത്തിയെയും ആവേശത്തോടെ ഊന്നിപ്പറയും. എന്നാൽ അതിന് അവനെ പ്രേരിപ്പിച്ചത് "ദേവാലയത്തെക്കുറിച്ചുള്ള തീക്ഷ്ണത" അവനെ വിഴുങ്ങുന്നു എന്ന സത്യമാണ്. സങ്കീ 69:1,7,8 വാക്യങ്ങളുടെ ഉദ്ധരണിയാണിത്. പീഡിതന്റെ പ്രാർത്ഥനയാണ് ഈ സങ്കീർത്തനം. സ്വയം പീഡനമേൽക്കുമ്പോഴും ദൈവത്തിൽ ശരണപ്പെടുന്നവന്റെ തീക്ഷ്ണതയാണിത്. സെലട്ടുകൾ (= തീക്ഷ്ണമതികൾ) എന്ന യഹൂദ തീവ്രവാദികൾ ദേവാലയത്തെക്കുറിച്ചും റോമൻ അടിമത്വത്തിനെതിരെയും തീക്ഷ്ണത കൊണ്ടു ജ്വലിച്ചു വാളെടുത്തവരാണ്. എന്നാൽ യേശുവിന്റെ തീക്ഷ്ണത അവനെക്കൊണ്ടു കുരിശെടുപ്പിക്കുന്നു. വാളെടുത്തു വെട്ടി അപരന്റെ ജീവൻ ബലിയർപ്പിക്കുന്ന വർഗ്ഗസമരത്തിന്റെ തീക്ഷ്ണതകൊണ്ട് ലോകത്ത് ഒരു വിപ്ലവവും വിജയിച്ചില്ല. എന്നാൽ കുരിശിലേറി സ്വന്തം ജീവൻ കൊടുത്തവന്റെ വിപ്ലവം കാലദേശങ്ങൾക്കിപ്പുറവും വിജയിക്കുന്നു.

**(ഡോ. ജോസഫ് പാംപ്ലാനി)**

# 12

## മൂലക്കല്ലുകളകാനുള്ള നിയോഗം

**(മത്താ 21:33 – 46)**

ജെസ്സെയുടെ 6 മക്കളിൽ അപ്രസക്തനായിരുന്നു ദാവീദ്. സാവൂളിനു പിൻഗാമിയായ രാജാവിനെ തേടി തന്റെ ഭവനത്തിലെത്തിയ സാമുവേൽ പ്രവാചകന്റെ മുന്നിൽ തന്റെ മക്കളെ ഓരോരുത്തരെയായി ജെസ്സെ നിരത്തിനിർത്തി..... കരുത്തും തലയെടുപ്പും സൗന്ദര്യവും ഒത്തിണങ്ങിയ മക്കളെ ഒന്നൊന്നായി കണ്ടിട്ട്, സാമുവേൽപോലും പ്രലോഭിതനായിട്ടും, ദൈവം പറഞ്ഞു ഇവരാരുമല്ല ദൈവത്തിന്റെ അഭിഷിക്തൻ. ഇനിയും നിനക്കു മക്കളില്ലേ... ഇളയ ബാലൻ ആടുകളെ മേയ്ക്കാൻ പോയതായിരുന്നു. കൃശഗാത്രനും രാജലക്ഷണങ്ങളൊന്നുമില്ലാത്തവനുമായ അവനെ കണ്ടപാടേ ദൈവം സാമുവേലിനോടു പറഞ്ഞു: "ശങ്കകൂടാതെ അവനെ രാജാവായി അഭിഷേകം ചെയ്തു കൊള്ളുക". അങ്ങനെ അപ്പൻപോലും കണക്കിൽ പെടുത്താതിരുന്ന മകൻ ഇസ്രായേലിന്റെ രാജാവും രാജകുലത്തിന്റെ പിതാമഹനുമായി, മനുഷ്യർ അവഗണിക്കുന്നതിനോട് ദൈവത്തിന് എന്നും





പ്രത്യേക പ്രതിപത്തിയുണ്ടായിരുന്നു. വിക്കനായ മോശയും ബാലനായ സാമുവേലും കരുത്തില്ലാത്ത ജറെമിയായുമൊക്കെ മനുഷ്യർ ഉപേക്ഷിച്ചുകളഞ്ഞ കല്ലുകളായിരുന്നു. എന്നാൽ ദൈവം അവരെ മൂലക്കല്ലുകളാക്കി മാറ്റി. ഇന്നും ദൈവം ഇതേ പ്രവൃത്തി തുടരുന്നു. വൃദ്ധനും രോഗിയുമായ ജോൺ 23-ാമൻ പാപ്പായിലൂടെ രണ്ടാംവത്തിക്കാൻ കൗൺസിൽ ദൈവം വിളിച്ചുകൂട്ടി. പ്രായാധിക്യത്താൽ അവഗണിക്കപ്പെട്ടിരുന്ന കർദ്ദിനാൾ റാറ്റ്സിംഗറെ കത്തോലിക്കാസഭയുടെ അമരത്ത് ദൈവം ഇരുത്തി അത്ഭുതാവഹമാംവിധം സഭയെ നയിച്ചു. അവഗണിക്കപ്പെട്ട ബാല്യങ്ങളിൽ നിന്നല്ലേ ദൈവം കെ. ആർ. നാരായണനെയും അബ്ദുൾകലാമിനെയും ഭാരതത്തിന്റെ മൂലക്കല്ലുകളാക്കിത്തീർത്തത്. ഇന്നത്തെ സുവിശേഷവും അവഗണിക്കപ്പെട്ട കല്ലുകളിൽനിന്ന് മൂലക്കല്ലുകൾ തീർക്കുന്ന ദൈവിക പ്രവൃത്തിയെയാണ് വിശദമാക്കുന്നത്.

### മുന്തിരിത്തോട്ടം

മുന്തിരിത്തോട്ടത്തിലുള്ള യജമാനന്റെ അതിരറ്റ വാത്സല്യമാണ് യജമാനൻ ചെയ്യുന്ന 7 പ്രവൃത്തികൾ വ്യക്തമാക്കുന്നത് (21:33-34). ദൈവജനത്തെ മുന്തിരിത്തോട്ടമായി ചിത്രീകരിക്കുന്ന പതിവ് പഴയനിയമത്തിന്റെ ഭാഗമാണ് (ഏശ 5:7; സങ്കീ 80:8-16).

മുന്തിരിത്തോട്ടത്തിലെ ചക്ക് എന്നതിലൂടെ ആഴവ്യത്യാസമുള്ളതും പരസ്പരബന്ധിതമായ രണ്ടു കുഴികളുള്ളതുമായ ഒരു വലിയ പാറ എന്നാണ് അർത്ഥം. ആഴം കുറഞ്ഞകുഴിയിൽ മുന്തിരിയിട്ടു ചവിട്ടുമ്പോൾ മുന്തിരിച്ചാറൊഴുകി ആഴംകൂടിയകുഴിയിലെത്തുന്നു.

നാലാംവർഷം മുതലാണ് മുന്തിരിത്തോട്ടത്തിൽ വിളവെടുക്കുന്നത്. ആദ്യവർഷങ്ങളിൽ നാമമാത്രമായ വിളവേ ലഭിക്കുകയുള്ളൂ. എങ്കിലും യജമാനൻ വിളവിന്റെ വിഹിതം മേടിക്കാൻ ആളെ അയച്ചിരുന്നു. മൂന്നുവർഷം തുടർച്ചയായി വിഹിതം വാങ്ങാതിരുന്നാൽ വസ്തുവിൻമേലുള്ള അവകാശം നഷ്ടപ്പെടുമെന്ന് യഹൂദർ കരുതിയിരുന്നു (Mishua B. Bat 3.1). ദൈവം ഫലം അന്വേഷിക്കുന്നത് മനുഷ്യൻ തന്റെ സ്വന്തമാണെന്ന് ദൈവം ഉറപ്പിക്കുന്ന പ്രക്രിയയാണ്.

### കുടിയാന്മാരും ദാസന്മാരും

വിളവെടുപ്പിനു "സമയമായപ്പോൾ" (= ഗ്രീക്കിൽ 'എഗ്ഗിസെൻ') എന്ന പദപ്രയോഗം ദൈവരാജ്യം സമാഗതമാകുന്നതിനെ സൂചിപ്പിക്കാൻ മത്തായി ഉപയോഗിക്കുന്ന പദംതന്നെയാണ് (3:2; 4:7;

10:7). അതായത് ഈ ഉപമ ഒരേസമയം ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെയും അവിടുത്തെ യുഗാന്ത്യാഗമനത്തെയും കുറിച്ച് സൂചന നൽകുന്നുണ്ട്. മനുഷ്യാവതാരത്തിൽ അവനെ തള്ളിക്കളഞ്ഞ കുടിയാന്മാർ യഹൂദ നേതൃത്വമാണെങ്കിൽ യുഗാന്ത്യത്തിൽ അവനെതിരായി തിരിയുന്നവർ സകല അവിശ്വാസികളുമായിരിക്കും.

യജമാനൻ അയച്ച ദാസൻമ്മാർ പ്രവാചകരെ സൂചിപ്പിക്കുന്നു എന്ന് കരുതുമ്പോൾ പ്രവാചകൻ അനുഭവിക്കേണ്ടിവന്ന കഷ്ടതകളാണ് 21:35 ൽ വിവരിക്കുന്നത്. അടിക്കുക, കൊല്ലുക, കല്ലെറിയുക എന്നീ പീഡനമുറകളാണ് ഇവിടെ വിവരിക്കുന്നത്. ജറെ 26:21-23 ൽ പ്രവാചകനെ അടിക്കുന്നതിനെയും കൊല്ലുന്നതിനെക്കുറിച്ചും 2 ദിന 24:21 ൽ പ്രവാചകനെ കല്ലെറിയുന്നതിനെക്കുറിച്ചുള്ള സൂചനയായി ഇതിനെ മനസ്സിലാക്കാം. വിരുന്നിനു ക്ഷണിക്കാൻ രാജാവയച്ച ഭൃത്യരെ അടിക്കുകയും കൊല്ലുകയും ചെയ്തവരുടെ പ്രവൃത്തിയും (മത്താ 22:6) ഇതിനുസമാനമാണ്. വീണ്ടും വീണ്ടും അവിടുന്ന് ഭൃത്യരെ അയച്ചതായി പറയുന്നുണ്ട്. ഒരുപക്ഷേ വിവിധ വർഷങ്ങളിലെ വിളവെടുപ്പുകാലങ്ങളിലാകാം ഇപ്രകാരം അയച്ചത്. രക്ഷാകരപദ്ധതിയിലെ വർഷങ്ങൾ നീണ്ട ദൈവിക കാത്തിരിപ്പിന്റെയും പ്രതീക്ഷയുടെയും സ്നേഹത്തിന്റെയും ചിത്രമാണ് ഇത് വ്യക്തമാക്കുന്നത്. ദൈവത്തിന്റെ ദൂതന്മാരെ ഇല്ലാതാക്കുന്നതിലൂടെ ദൈവത്തെതന്നെ ഇല്ലാതാക്കാനാകുമെന്ന വ്യർത്ഥ ചിന്തയാണ് ഇവിടെ പ്രതിഫലിക്കുന്നത്.

നിരീശ്വരവാദവും ദൈവനിഷേധവും വളർത്താൻ ദൈവികമായ സകലതിനെയും ദൈവപ്രതിനിധികളായ സകലരെയും അപമാനിച്ചും ചെളിവാരിയെറിഞ്ഞും കല്ലെറിഞ്ഞും മാധ്യമ വിചാരണനടത്തിയും ഇല്ലാതാക്കാൻ ആധുനികയുഗം ശ്രമിക്കുമ്പോൾ ഉപമയിലെ യാഥാർത്ഥ്യങ്ങൾ ആവർത്തിക്കപ്പെടുകയാണ്.

ഉപമയിലെ യഥാർത്ഥ പ്രശ്നം കുടിയാന്മാർ യജമാനന്മാരോടുള്ള ബന്ധം വിസ്മരിച്ചതാണ്. ഈ പ്രശ്നത്തിന് പരിഹാരം വാളും വർഗ്ഗസമരവുമല്ല. നഷ്ടമായ ദൈവ-മനുഷ്യബന്ധത്തിന്റെ കണ്ണികൾ കൂട്ടിയോജിക്കപ്പെടുമ്പോൾ തൊഴിലാളി മുതലാളി ബന്ധത്തിലെ അസ്വാരസ്യങ്ങളും അവസാനിക്കും എന്നതാണ് ക്രിസ്തുവിന്റെ സാമൂഹ്യദർശനം.

മത്തായിയുടെ സുവിശേഷത്തിലെ 21-22 അധ്യായങ്ങളിലെ തുടർച്ചയായ മൂന്ന് ഉപമകളും (21:28-32; 21:33-44; 22:1-14) പരസ്പരബന്ധമുള്ളതും യഹൂദനേതൃത്വത്തിനെതിരെയുള്ള വിധിവാചകങ്ങളുമാണ്.





21:28-32, രണ്ടു പുത്രന്മാരുടെ ഉപമ = അധരംകൊണ്ടുമാത്രം ദൈവസേവനം നടത്തുന്നവരാണ് യഹൂദനേതാക്കൾ.
21:33-46, കുടിയാന്മാരുടെ ഉപമ = യഹൂദർക്ക് ദൈവരാജ്യം നഷ്ടമാകും.
22:1-14, മഹാവിരുന്നിന്റെ ഉപമ = തെരഞ്ഞെടുക്കപ്പെട്ടവർ (യഹൂദർ) അവഗണിക്കപ്പെടും.

ഈ മൂന്ന് ഉപമകളുടെയും പാരസ്പര്യം അവയുടെ വ്യാഖ്യാനത്തിൽ പ്രത്യേകം ശ്രദ്ധാർഹമാണ്. ആദ്യരണ്ടുപമകൾ മുന്തിരിത്തോട്ടത്തെയും പുത്രനെയും (മാരെയും) കുറിച്ചുള്ളതാണ്. മൂന്നാം ഉപമയിലെ വിരുന്നിനു ക്ഷണിക്കപ്പെട്ടവരുടെ ക്രൂരമായ പ്രതികരണവും (22:6) രണ്ടാം ഉപമയിലെ കുടിയാന്മാരുടെ പ്രതികരണവും തമ്മിൽ (21:35) ഏറെ സാമ്യമുണ്ട്. മൂന്ന് ഉപമകളുടെയും പൊരുൾ ഒന്നുതന്നെയാണ്: ദൈവരാജ്യത്തിന് അവകാശികളാണെന്ന് കരുതപ്പെട്ടിരുന്നവർ പുറന്തള്ളപ്പെടുകയും ദൈവരാജ്യത്തിൽ പ്രവേശനമില്ല എന്നു കരുതപ്പെട്ടിരുന്നവർ ദൈവരാജ്യത്തിന്റെ നിർണ്ണായക ഭാഗമാകുകയും ചെയ്യും.

**(ഡോ. ജോസഫ് പാംപ്ലാനി)**

# 13

## സത്യമായും അവൻ മൂന്നാംദിനം ഉയിർത്തെഴുന്നേറ്റു

**(മത്താ 28:1– 6)**

ക്രിസ്തു ഉയിർത്തില്ലെങ്കിൽ ക്രിസ്തീയ വിശ്വാസം വ്യർത്ഥമാണെന്നും (1 കോറി 15:14–15) യേശു കർത്താവാണെന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ രക്ഷപ്രാപിക്കും (റോമാ 10:9) എന്നും പഠിപ്പിച്ച ആദിമസഭ ഉത്ഥാനസത്യത്തിന്റെ പ്രാധാന്യമാണ് പറഞ്ഞുതരുന്നത്.

### ഉത്ഥാനമെന്ന രഹസ്യം

മരിച്ചവരായി വർഷങ്ങളായി കരുതപ്പെട്ടിരുന്ന "പരേതർ" തിരിച്ചുവരുന്നതിന്റെ കഥകൾ പലപ്പോഴും മാധ്യമങ്ങളിൽ കാണാം. മരിച്ചു എന്നു ഡോക്ടർമാർ വിധിച്ച് മോർച്ചറിയിലേക്കു മാറ്റിയ "ശവങ്ങൾ" എഴുന്നേറ്റു നടന്ന വാർത്തകളും അപൂർവ്വമായി കേൾക്കാറുണ്ട്.





ഹൃദയവും ശ്വാസവും നിലച്ചുപോയവരെ ഭിഷഗ്വരന്മാർ ചിലപ്പോൾ ജീവനിലേക്ക് മടക്കിക്കൊണ്ടു വരുന്നതും വാർത്തകളിലുണ്ട്. എന്നാൽ ഇവയൊന്നും ഉത്ഥാനരഹസ്യത്തെ വെളിപ്പെടുത്തുന്നില്ല. മരിച്ച വ്യക്തി ഈ ലോകജീവിതത്തിലേക്കു തിരിച്ചുവരുന്നതും ഉത്ഥാനരഹസ്യത്തെ വെളിപ്പെടുത്തുന്നില്ല. നായിമിലെ വിധവയുടെ മകനും (ലൂക്കാ 7:11–17) ജായ്റോസിന്റെ മകളും (മർക്കോ 5:35–43) ലാസറും (യോഹ 11:1–44) അപ്രകാരം ഈ ലോകജീവിതത്തിലേക്കു തിരിച്ചു വന്നവരാണ്. എന്നാൽ അവർ പിന്നീട് മരണമടഞ്ഞു. അവരെ ഉത്ഥാനം ചെയ്തവരായി ആരും കരുതുന്നില്ല. ഉത്ഥാനം എന്നത് കേവലം പുനർജീവനം അല്ല എന്ന് ബൈബിൾതന്നെ വ്യക്തമാക്കുന്നു. മർത്യതയുടെ പരിമിതികൾക്കപ്പുറത്തേക്കുള്ള പ്രയാണമാണത്. മനുഷ്യാസ്ഥിത്വത്തിന് പുതിയ അർത്ഥതലങ്ങളും ചക്രവാളങ്ങളും അനന്തസാധ്യതകളും തുറന്നിട്ട കർമ്മമാണ് ഉത്ഥാനം. ദൈവികതയിലേക്കുള്ള മനുഷ്യന്റെ പ്രവേശനം സാധ്യമാകുന്ന മഹത്തായ സംഭവമാണ് യേശുവിന്റെ പുനരുത്ഥാനം.

ഗലീലി മുതൽ യൂദാവരെ ജനക്കൂട്ടത്തെ ഇളക്കിമറിച്ച നസ്രായൻ കുരിശിൽ ദാരുണമായി മരിക്കുമെന്ന് ആരും കരുതിയതല്ല. എന്നാൽ അവൻ മരിച്ചു. മരണത്തിന്റെ അഗാധതയിലേക്ക് നിശ്ശബ്ദം പോയവൻ ഉയിർത്തെഴുന്നേൽക്കുമെന്നും ആരും കരുതിയിരുന്നതല്ല. എന്നാൽ അവൻ ഉയിർത്തെഴുന്നേറ്റു. മനുഷ്യന്റെ സാമാന്യധാരണകളെ തകിടം മറിക്കുന്ന ദൈവിക പ്രവൃത്തികളുടെ നിഗൂഢാത്മകതയാണ് ക്രിസ്തുസംഭവത്തിൽ അനാവരണം ചെയ്യുന്നത്. രണ്ടു വസ്തുതകൾ ഇവിടെ ഗ്രഹിക്കാവുന്നതാണ്:

1) എത്രമേൽ തകർന്നതും ഇരുളടഞ്ഞതുമായ ജീവിതത്തെയും ഉത്ഥാനപ്രഭയിൽ നിർത്താൻ ദൈവത്തിനു കഴിയും എന്ന പ്രത്യാശയുടെ സാക്ഷ്യമാണ് ക്രിസ്തുവിന്റെ ഉത്ഥാനം. 2) തിന്മയുടെ ശക്തികളുടെ വിജയം ക്ഷണികമാണ്. കയ്യാഫാസിന്റെ പൊട്ടിച്ചിരിയുടെ ആയുസ്സ് 36 മണിക്കൂർ മാത്രമായിരുന്നു. നന്മയെ എക്കാലത്തെക്കും തോല്പിക്കാൻ തിന്മക്കു കഴിയില്ല. സത്യം ഒരുനാൾ പുറത്തുവരും. എത്രകണ്ട് ശക്തമായും തന്ത്രപരമായും മുദ്രവച്ചടച്ച് കാവലേർപ്പെടുത്തിയാലും സത്യം കല്ലറകൾ ഭേദിച്ചു പുറത്തുവരും. ലോകത്തിലെ ശാശ്വതമായ വിജയം നന്മയുടെയും അന്തിമമായ ചിരി ദൈവത്തിന്റേതുമായിരിക്കും എന്ന വിശ്വാസത്തിന്റെ പ്രഖ്യാപനമാണ് ഉത്ഥാനം. അധികാര പ്രമാണിമാരുടെ ഉരുക്കുമുഷ്ടിക്കുമുമ്പിൽ ശ്വാസംമുട്ടുന്ന സത്യപക്ഷത്തിന് ഉത്ഥാനം നൽകുന്ന ആശ്വാസം വർണ്ണനാതീതമാണ്.

## മൂന്നാം ദിവസത്തെ ഉത്ഥാനം

യേശു മൂന്നാംദിനം ഉയിർത്തെഴുന്നേറ്റു എന്നത് ആദിമസഭയുടെ ശക്തമായ വിശ്വാസ ബോധ്യമാണ്. ദൈവത്തിന്റെ പരിശുദ്ധൻ ജീർണ്ണിച്ചുപോകുന്നില്ല; എന്റെ ആത്മാവിനെ പാതാളത്തിൽ ഉപേക്ഷിക്കില്ല (സങ്കീ 16:10-11) എന്ന സങ്കീർത്തനവാക്യത്തെയാണ് പത്രോസ് ഉത്ഥാനത്തിനു തെളിവായി അവതരിപ്പിക്കുന്നത് (അപ്പ 2:26-28). എന്നാൽ ഇവിടെ മൂന്നാം ദിനത്തിലെ ഉത്ഥാനം പരാമർശിക്കുന്നില്ല. ഹോസി 6:1-2 ൽ ഇസ്രായേലിന്റെ പുനരുദ്ധാരണത്തെക്കുറിച്ചു പരാമർശിക്കുമ്പോൾ "രണ്ടു ദിവസത്തിനുശേഷം അവൻ നമുക്കു ജീവൻ തരും. മൂന്നാം ദിവസം അവൻ നമ്മെ ഉയിർപ്പിക്കും" എന്ന പ്രസ്താവനയൊഴികെ പഴയ നിയമത്തിലൊരിടത്തും മൂന്നാം ദിവസത്തെ ഉത്ഥാനത്തെക്കുറിച്ച് സൂചനയില്ല. ഹോസി 6:1-2 ലാകട്ടെ യേശുവിന്റെ ഉത്ഥാനത്തെക്കുറിച്ചല്ല ഇസ്രായേലിന്റെ പുനരുദ്ധാരണത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്. എന്നിട്ടും ഉത്ഥാനവും മൂന്നാംനാളും തമ്മിൽ ഇത്രമേൽ അഭേദ്യം ബന്ധിപ്പിക്കപ്പെട്ടത് എന്തുകൊണ്ടാണ്? വെള്ളിയാഴ്ച വൈകിട്ട് 3 മണിക്കു മരിച്ച ക്രിസ്തു ശനിയാഴ്ച രാത്രിയുടെ അന്ത്യയാമങ്ങളിൽ ഉയിർത്തെഴുന്നേറ്റു എങ്കിൽ മൂന്നുദിവസം എന്നത് മണിക്കൂറുകളുടെ കണക്കല്ല എന്നു വ്യക്തമാണ്.

മൂന്നാംദിവസം എന്ന വിശ്വാസപ്രഖ്യാപനത്തിന് സഭാപിതാക്കന്മാർ നൽകുന്ന രണ്ട് അർത്ഥങ്ങൾ പ്രസക്തമാണ്: (1) യേശുവിന്റെ കല്ലറ ശൂന്യമാണെന്ന് ശിഷ്യർ കണ്ടെത്തിയത് മൂന്നാം ദിവസമാണ്. (2) ഉത്ഥിതനായ ക്രിസ്തുവിനെ അവർ മുഖാമുഖം കണ്ടത് മൂന്നാം ദിവസമായ ഞായറാഴ്ചയാണ്. ഇതിൽ രണ്ടാമത്തെ വിശദീകരണം ഏറെ ശ്രദ്ധാർഹമാണ്. ഉത്ഥാനരഹസ്യത്തിന്റെ സങ്കീർണ്ണതയ്ക്കോ അതു സംഭവിച്ച നിഗൂഢ സമയത്തെക്കുറിച്ചോ അല്ല ആദിമസഭ പ്രാധാന്യം നൽകി അവതരിപ്പിക്കുന്നത്. മറിച്ച്, ഉത്ഥിതനെ കണ്ടുമുട്ടിയതിനും ഉത്ഥിതന്റെ സാന്നിധ്യാനുഭവം നൽകിയ സന്തോഷത്തിനുമാണ്. സഭയിൽ ഉത്ഥിതനെ അനുഭവിച്ചുതുടങ്ങിയ ഞായറാഴ്ചയെയാണ് മൂന്നാംദിനം എന്നു വിവക്ഷിക്കുന്നത്. "അവൻ മൂന്നാംദിനം ഉയിർത്തെഴുന്നേറ്റു" എന്നതിലൂടെ അവൻ "ഞായറാഴ്ച ഉയിർത്തെഴുന്നേറ്റു " എന്ന സത്യമാണ് ആദിമസഭ പ്രഘോഷിക്കുന്നത്. സാബത്താചരണം ശനിയാഴ്ചയാണ് എന്ന ചിരപ്രതിഷ്ഠിതമായ പാരമ്പര്യത്തെ മറികടന്ന് ഞായറാഴ്ചയാചരണത്തിലേക്കു സഭയെ കൈപിടിച്ചു നടത്തിയത് യഥാർത്ഥത്തിൽ ഈ വിശ്വാസ പ്രഖ്യാപനമാണ്.





## ഉത്ഥിതനും തിരുസ്സഭയും

1. ഉത്ഥിതനെ തോട്ടക്കാരനായിട്ടാണ് മറിയം ആദ്യം തിരിച്ചറിയുന്നത്. ആഖ്യാനപരമായി ബോധപൂർവ്വമാണ് ഈ തെറ്റിദ്ധാരണ. ഏദേൻ തോട്ടത്തിൽ നഷ്ടമായ വരപ്രസാദം വീണ്ടെടുക്കാൻ വന്ന രണ്ടാം ആദം തോട്ടക്കാരൻ ആകുന്നത് അർത്ഥവത്താണ്. അവൻ തിരുസ്സഭയാകുന്ന തോട്ടത്തിന്റെ അധികാരിയാണ്. ഇവിടെ തിരുസ്സഭ പറുദീസായുടെ പുനരാവിഷ്കാരമാകുന്നു.

2. ഉത്ഥിതനെ തിരിച്ചറിയാനുള്ള വഴികൾ ഉത്ഥാന വിവരണങ്ങളിൽ വ്യക്തമാണ്. മറിയം യേശുവിന്റെ 'വചനം' കേട്ടപ്പോഴും എമ്മാവൂസ് അപ്പസ്തോലന്മാർ അവിടുത്തെ "അപ്പം" ഭക്ഷിച്ചപ്പോഴും (കൂദാശകൾ) തിബേരിയാസിന്റെ തീരത്തെ അപ്പസ്തോലന്മാർ 153 വലിയ മത്സ്യങ്ങൾ നിറഞ്ഞ വല (സഭ) കണ്ടപ്പോഴും യേശുവിനെ തിരിച്ചറിഞ്ഞു. വചനം, കൂദാശകൾ, ഇവ രണ്ടും നൽകുന്ന തിരുസ്സഭ എന്നീ ആധാര ത്രയങ്ങളിലാണ് ഉത്ഥാനരഹസ്യത്തെ സുവിശേഷം അവതരിപ്പിക്കുന്നത്. ഉത്ഥിതനെ അനുഭവിക്കാനാഗ്രഹിക്കുന്നവർ തിരുവചനം, വി. കൂദാശകൾ, തിരുസ്സഭാകൂട്ടായ്മ എന്നീ വഴികൾ തേടണം എന്ന സന്ദേശമാണ് സുവിശേഷകന്മാർ തരുന്നത്.

**(ഡോ. ജോസഫ് പാംപ്ലാനി)**

# 14

## ഉത്ഥാനത്തിരുനാൾ

**(മത്താ 28:1– 20)**

ജീൻപോൾ സാർത്രിന്റെ No Exit എന്ന വിഖ്യാതമായ കഥ ജീവിതത്തിന്റെ നിരർത്ഥകത ദ്യോതിപ്പിക്കുന്നതാണ്. മൂന്നുപേർ ഒരു വിചിത്ര മുറിയിൽ അകപ്പെട്ടു. തങ്ങളെത്തന്നെ അനേകവട്ടം അന്തമായി പ്രതിഫലിപ്പിക്കുന്ന കണ്ണാടികൾകൊണ്ടു നിർമ്മിക്കപ്പെട്ട മുറിയാണിത്. ബാർബർഷോപ്പിലെ സമാന്തരകണ്ണാടികൾ നമ്മുടെ തലയെ അനന്തമായി പ്രതിഫലിപ്പിക്കുന്നതുപോലെ ഈ മുറിയിലകപ്പെട്ടവർക്ക് തങ്ങളുടെ പ്രതിച്ഛായയല്ലാതെ മറ്റൊന്നും കാണാൻ കഴിയുകയില്ല. ആ മുറിക്ക് വാതിലുകളില്ല, ജനലുകളുമില്ല. നിത്യകാലത്തേക്ക് ആ മുറിയിലായിരിക്കാൻ വിധിക്കപ്പെട്ടവർക്ക് തങ്ങളുടെ ഭൂതകാലത്തെക്കുറിച്ച് ഓർക്കാൻ കഴിയും, എന്നാൽ ഗതകാലത്തിൽനിന്നു പാഠമുൾക്കൊണ്ട് വർത്തമാനകാലത്തിലെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്താൻ അവർക്കു കഴിയില്ല. ഇരുന്നു മടുക്കുന്ന അവർ അവസാനം പറയും “നമുക്കുപോകാം”, എഴുന്നേൽക്കുന്ന അവർ തിരിച്ചറിയുന്നു





പോകാൻ തങ്ങൾക്കു വഴികളില്ല. അതുകൊണ്ടുതന്നെ അവർ വീണ്ടും ഇരിപ്പുതുടരുന്നു... അനന്തമായി, അനാവശ്യമായി... ജീവിതത്തിന്റെ കരകാണാകയങ്ങളിൽനിന്നു രക്ഷനേടാനുള്ള മനുഷ്യപ്രയത്നങ്ങൾ വ്യർത്ഥമാകുന്നതിനെ ചൂണ്ടിയാണ് സാർത്ര് ഈ കഥ പറയുന്നത്.

ഈ കഥാപാത്രങ്ങൾക്കൊരു മോചനം സാധ്യമാണോ? ന്യൂട്ടന്റെ ചലനനിയമങ്ങളിലൊന്ന് ഇപ്രകാരമാണ്. “നിശ്ചലാവസ്ഥയിലായിരിക്കുന്നതോ നിയതമായി ചലിച്ചുകൊണ്ടിരിക്കുന്നതോ ആയ ഒരു വസ്തു ബാഹ്യസമ്മർദ്ദമുണ്ടാകുംവരെ ആ അവസ്ഥ തുടരുന്നു”. അടയ്ക്കപ്പെട്ട വാതായനങ്ങൾ തുറക്കാൻ ആരെങ്കിലും വരുന്നതുവരെ മുറിയിലടയ്ക്കപ്പെട്ടവർ അങ്ങനെതന്നെ തുടരണം. അടയ്ക്കപ്പെട്ട കല്ലറയും യഹൂദരെ ഭയന്ന് അടഞ്ഞ കതകുകൾക്കു പിന്നിൽ പരുങ്ങുന്ന ശിഷ്യരും മരവിച്ചുപോയ ജീവിതത്തിന്റെ തനിപ്പകർപ്പായിരുന്നു. എന്നാൽ സ്വർഗ്ഗത്തിൽനിന്ന് ദൈവമിറങ്ങി കല്ലുരുട്ടി മാറ്റിയപ്പോൾ..., ഉത്ഥാന സന്ദേശവുമായി ശിഷ്യരുടെ വാതിലിൽ മുട്ടിയപ്പോൾ സകലതിനും നൂതനമായ അർത്ഥം കൈവന്നു. അതുവരെയും ഗതകാലമോർത്തു കരയാൻ കഴിയുമായിരുന്ന മർത്യത അമർത്യതയുടെ അമരലോകം കണ്ടു. പറുദീസായുടെ അടഞ്ഞ വാതിൽ രക്ഷകൻ തുറന്നപ്പോൾ പാപത്തിന്റെ ഫണം വിടർത്തുന്ന സർപ്പങ്ങളുടെ തല എന്നേക്കുമായി തകരുന്നതും അവയുടെ സീൽക്കാരങ്ങൾക്കുമേൽ മാലാഖമാരുടെ ഹല്ലേലുയ്യാ ഗീതമുയരുന്നതും മനുഷ്യൻ കണ്ടു. മരണത്തിന്റെ ജയഭേരിക്കുമുന്നിൽ തലകുനിച്ചുനിന്നവർ മരണത്തെ നോക്കിച്ചിരിച്ചു. യേശുവിന്റെ ഉത്ഥാനം മനുഷ്യത്വത്തിന്റെ അനന്തസാധ്യതയിലേക്കു ദൈവം തുറന്ന വാതായനമായിരുന്നു.

ഈസ്റ്ററിന്റെ സന്ദേശമെന്തെന്ന് ഈസ്റ്റർ രാത്രിയിലെ വായനകളിൽ നിന്നുതന്നെ വ്യക്തമാണ്. നാലുകാര്യങ്ങളാണ് ശ്രദ്ധാർഹമായ സന്ദേശങ്ങൾ.

1. ജീവിക്കുന്നവനെ മരിച്ചവരുടെയിടയിൽ തേടരുത്?
2. ഭയപ്പെടേണ്ട
3. കരയരുത്
4. ഉത്ഥാനവാർത്ത സഹോദരങ്ങളെ അറിയിക്കുക.

### ജീവിക്കുന്നവനെ മരിച്ചവരുടെയിടയിൽ അന്വേഷിക്കരുത്

വെൺമയേറിയ വസ്ത്രം ധരിച്ച് യേശുവിന്റെ കല്ലറയിൽ കാണപ്പെട്ട രണ്ടുപേരുടെ മുന്നറിയിപ്പ് ഉത്ഥാന സന്ദേശത്തിൽ പ്രസ

ക്തമാണ്: "നിങ്ങൾ ജീവിക്കുന്നവനെ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നുവോ?" (ലൂക്കാ 24:5). നഷ്ടമായതു തിരയുന്നത് സാമാന്യഗതിയിൽ അത് കാണപ്പെടാനിടയുള്ള ഇടങ്ങളിലാണ്. കാണാതായ പശുവിനെ തട്ടുംപുറത്ത് തപ്പേണ്ടതില്ല എന്ന ന്യായമാണ് വെള്ളവസ്ത്രധാരികൾ പറഞ്ഞുതരുന്നത്.

പലപ്പോഴും ഉത്ഥിതനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നവരാണ് നാം. കാലഹരണപ്പെട്ട അന്ധവിശ്വാസങ്ങളും അബദ്ധവിശ്വാസങ്ങളും ആശങ്കകളും നമ്മുടെ വിശ്വാസജീവിതത്തെ ഭരിക്കുമ്പോൾ തീർച്ചയായും ഉത്ഥിതനെ നാം മരിച്ചവരുടെ ഇടയിൽ തിരയുന്നവരാണ്. അവനെ കണ്ടെത്താനുള്ള മാർഗ്ഗവും വെള്ളവസ്ത്രധാരികൾ പറഞ്ഞു തന്നു: "അവൻ നിങ്ങളോടുകൂടിയായിരുന്നപ്പോൾ പറഞ്ഞകാര്യങ്ങൾ ഓർമ്മിക്കുക." ഉത്ഥിതനെ അറിയാനുള്ള വഴി അവന്റെ കല്ലറയും ശവക്കച്ചയും മുൾമുടിയും തേടിയിറങ്ങുക എന്നതല്ല മറിച്ച് അവൻ പറഞ്ഞുതന്ന വഴിയിൽ ജീവിതത്തെ ക്രമപ്പെടുത്തുക എന്നതാണ്. അവൻ പങ്കുവച്ചുതന്ന തിരുശരീരരക്തങ്ങൾ സ്വീകരിച്ച്, അവൻ പഠിപ്പിച്ച കൂട്ടായ്മയുടെ ജീവിതം പങ്കുവെച്ച്, അവൻ സ്ഥാപിച്ച തിരുസ്സഭയുടെ കൂട്ടായ്മയിൽ പങ്കുചേരുമ്പോഴാണ് നമ്മുടെ ജീവിതം ഉത്ഥാനത്തിന് അനുയോജ്യമായ ജീവിതമാകുന്നത്.

### ഭയപ്പെടേണ്ട

പീഢാനുഭവ വിവരണങ്ങളിലുടനീളം ഭയത്തിന്റെ നിഴൽ വീണിട്ടുണ്ട്. പത്രോസ് ഭയംകൊണ്ടു തള്ളിപ്പറയുന്നു. മറ്റുശിഷ്യന്മാർ ഭയംകൊണ്ട് ഓടിയൊളിച്ചു. പീലാത്തോസ് ഭയന്ന് കൈകഴുകുകയും യേശുവിന് കുരിശുവിധിക്കുകയും ചെയ്യുന്നു. പീലാത്തോസിന്റെ ഭാര്യ ഭയന്ന് യേശുവിനെ രക്ഷിക്കാൻ പരിശ്രമിക്കുന്നു. യേശുവിന്റെ മരണം കണ്ട ശതാധിപൻ ഭയന്ന് അവിടുത്തെ ദൈവീകത ഏറ്റുപറയുന്നു. യഹൂദരെ ഭയന്നു കഴിഞ്ഞിരുന്ന നിക്കോദേമോസാണ് മൃതസംസ്കാരത്തിനു നേതൃത്വം കൊടുക്കുന്നത്. മൃതസംസ്ക്കാരം കഴിഞ്ഞിട്ടും പ്രധാനാചാര്യന്മാർ യേശുവിനെ ഭയക്കുന്നതിനാൽ അവർ അവന്റെ കല്ലറക്കു കാവൽ ഏർപ്പെടുത്തി. ഉത്ഥാനസമയത്തെ ഭൂകമ്പത്തിൽ കാവൽക്കാർ ഭയന്നുവിറച്ച് മരിച്ചവരെപ്പോലെയായി. ശൂന്യമായ കല്ലറ കണ്ടു ഭയക്കുന്ന സ്ത്രീകൾക്കാണ് ഭയപ്പെടേണ്ട എന്ന സന്ദേശം ലഭിക്കുന്നത്.

ബൈബിളിൽ ഭയത്തെക്കുറിച്ചുള്ള ആദ്യപരാമർശം ആദിമാതാപിതാക്കൾ പാപം ചെയ്ത ദിനത്തിലെ വിവരണത്തിലാണ്: "അവർ





ഭയന്ന് മരങ്ങൾക്കിടയിലൊളിച്ചു" (ഉൽപ 3:9). തെറ്റുചെയ്തവന്റെ വികാരമാണ് ഭയം. തെറ്റിന്റെ അനന്തരഫലമാണ് ഭയം. അപരനെ ഭയപ്പെടുന്നവനിൽ ശത്രുത, അസൂയ, കൊലപാതകചിന്ത എന്നിവ ഉടലെടുക്കുന്നു. ദൈവവിരുദ്ധമായ നിലപാടാണ് ഭയത്തിന് ആധാരം. ദൈവസാന്നിധ്യം ഭയം ജനിപ്പിക്കുമെങ്കിലും പ്രസ്തുതഭയം രക്ഷാകരവും ദൈവാരാധനയുടെ ഭാഗവുമാണ്. ഭക്തസ്ത്രീകളുടെ ഭയം ഇത്തരത്തിലുള്ളതാണ്. എന്നാൽ കാവൽക്കാരുടെ ഭയം തെറ്റിന്റെ പക്ഷത്തു നിലയുറപ്പിക്കുന്നതിന്റെ അനന്തരഫലമാണ്. ഭയപ്പെടേണ്ട എന്ന സന്ദേശത്തിലൂടെ നന്മയുടെ പക്ഷത്ത് ഉറച്ചുനിൽക്കാനുള്ള ആഹ്വാനമാണ് ഉത്ഥിതൻ നൽകുന്നത്. ചിലപ്പോഴൊക്കെ തിന്മയുടെ വിജയത്തിൽ നന്മയുടെ പക്ഷം ഭയപ്പെട്ടുപോകാറുണ്ട് എന്നത് സത്യമാണ്. ക്രിസ്തു മരിക്കുകയും കയ്യാഫാസ് ചിരിക്കുകയും ചെയ്തപ്പോൾ ശിഷ്യർ ഭയപ്പെട്ടതുപോലെ... എന്നാൽ ഉത്ഥിതൻ പറയുന്നു ഭയപ്പെടേണ്ട.

### കരയേണ്ട... സ്ത്രീയേ

കണ്ണീരും ചോരയും ഇഴപിരിയാതെ കാൽവരിയിൽനിന്ന് ഒഴുകിയിറങ്ങുന്ന ആ തോട്ടത്തിൽവച്ച് "തോട്ടക്കാരൻ" എന്നു തോന്നിച്ചവൻ പറഞ്ഞു കരയേണ്ട. ഏദേനിലെ തോട്ടത്തിൽ ആദ്യത്തെ സ്ത്രീക്കു കാലിടറിയപ്പോൾ തുടങ്ങിയ കരച്ചിലായിരുന്നു സ്ത്രീയുടേത്. പുരുഷാധിപത്യവും ഈറ്റുനോവിന്റെ നൊമ്പരവും സ്ത്രീയുടെ സങ്കടകാരണമാകുമെന്ന് അന്നു സ്രഷ്ടാവ് പ്രവചിച്ചതായിരുന്നു. തോട്ടത്തിനു വെളിയിലിറക്കി കതകടച്ചതുമുതൽ അവൾ കരയുകയായിരുന്നു. ഇണയുടെ അധീശഭാവങ്ങളെയോർത്ത്... സന്താനങ്ങളുടെ അസുരഭാവങ്ങളെയോർത്ത്. എന്നാൽ തോട്ടത്തിന്റെ ഉടമസ്ഥൻ അവളോട് ഇന്ന് ആദ്യമായി പറഞ്ഞു: "കരഞ്ഞതു മതി..." ദൈവത്തെ നഷ്ടമാക്കിയ ആദിമാതാവിനെപ്പോലെ മഗ്ദലനക്കാരിയായ ആ സ്ത്രീ തിരിച്ചറിഞ്ഞു, യേശുവിനെ നഷ്ടമായതാണ് തന്റെ ദുഃഖകാരണം. എല്ലാ സങ്കടത്തിന്റെയും ആത്യന്തിക കാരണം ദൈവനഷ്ടമാണ്. ദൈവം കൂടെയുണ്ടെങ്കിൽ മരണത്തിന്റെ തണുത്തുറഞ്ഞ താഴ്വരയിലും കണ്ണീർ തുളുമ്പാതെ മെയ്യിടറാതെ പാദം പതറാതെ, നെറ്റിവിയർക്കാതെ നടക്കാൻ മനുഷ്യനു കഴിയും. ക്രിസ്തുവിനെ നഷ്ടമായതിന്റെ ശൂന്യതയാണ് നമ്മുടെ കണ്ണുകളെ ഈറനണിയിച്ചിരുന്നതും കരളിനെ നൊമ്പരഭാരത്താൽ ഞെരുക്കിയിരുന്നതെന്നും തിരിച്ചറിയാനുള്ള തിരുനാളാണ് ഈസ്റ്റർ. കാതോർത്താൽ നമുക്കും കേൾക്കാം ആ സന്ദേശം... "കരഞ്ഞതു മതി."

### “എന്റെ സഹോദരങ്ങളോടു പറയുക”

ഉത്ഥാനത്തിരുനാളിന്റെ അന്തിമസന്ദേശവും അർത്ഥവത്താണ്: നീ എന്റെ സഹോദരന്മാരുടെ (അപ്പസ്തോലന്മാരുടെ) അടുക്കലേക്ക് ചെന്ന് ഉത്ഥാനവാർത്ത അറിയിക്കുക. സങ്കടപ്പെട്ടിരിക്കുന്ന ഒരുപാടു ജീവിതങ്ങളിൽ ഉത്ഥാനത്തിന്റെ സന്തോഷം പകരുമ്പോഴാണ് ഈസ്റ്റർ പൂർണ്ണമാകുക. ശിഷ്യർ കാത്തിരുന്ന ഏറ്റവും വലിയ സന്തോഷവാർത്ത അവരെ അറിയിക്കാൻ നിയോഗിക്കപ്പെട്ടത് മറിയമാണ്. നമ്മെയും ദൈവം ഉത്ഥാനത്തിന്റെ സന്തോഷവാർത്ത അറിയിക്കാൻ നിയോഗിക്കാറുണ്ട്.... വെറുപ്പിലും വിദ്വേഷത്തിലും അകന്നു കഴിയുന്ന സഹോദരഭവനത്തിൽ സ്നേഹത്തിന്റെ നിറപുഞ്ചിരിയുമായി കടന്നുചെല്ലാൻ....രോഗിയായി ആശയറ്റ് കഴിയുന്ന അയൽ വീട്ടിൽ പ്രതീക്ഷയുടെ പുതുവെളിച്ചവും കരുതലിന്റെ ചെമ്പുതുട്ടുകളുമായി കയറിച്ചെല്ലാൻ... ചതഞ്ഞ ഞാങ്ങണ തല്ലിയൊടിച്ച് പുകഞ്ഞ തിരി ഊതിക്കെടുത്തി ആനന്ദിക്കുന്നവരുടെയിടയിൽ പെട്ട് അപമാനഭാരത്തിൽ തലകുനിഞ്ഞു പോയവരുടെ മുഖമുയർത്താൻ... വിവാഹപ്രായം കഴിഞ്ഞിട്ടും ദാരിദ്ര്യംകൊണ്ട് കെട്ടുതാലി സ്വപ്നമായിമാത്രം ശേഷിക്കുന്ന നിസ്വയായ സഹോദരിയുടെ ജീവിതത്തെ കൈപിടിച്ചുയർത്താൻ... എത്രയോ ഉത്ഥാനതിരുനാളുകൾ ജീവിതത്തിൽ പാഴായിപ്പോയി.

### അനുബന്ധചിന്തകൾ

1. കല്ലറയുടെ ദുർവഹമായ കല്ല് ഉരുട്ടിനീക്കാൻ കഴിവില്ലാതിരുന്നിട്ടും കല്ലറയിങ്കൽ സുഗന്ധലേപനത്തിനുപോയ സ്ത്രീകൾ വിശ്വാസത്തിന്റെ ഉദാത്ത മാതൃകയാണ്. മനുഷ്യനാൽ അസാധ്യമായത് ചെയ്യാൻ ദൈവം തന്റെ മാലാഖയെ അയച്ചുതരും എന്ന വിശ്വാസമാണ് അവരെ നയിച്ചത്. ജീവിതത്തിന്റെ പ്രതിസന്ധികളാകുന്ന കല്ലുകൾ ഉരുട്ടിമാറ്റാൻ ദൈവം തന്റെ മാലാഖയെ അയക്കും എന്ന പ്രത്യാശയുള്ളവർക്കേ ഉയിർപ്പിന്റെ ആനന്ദം അനുഭവിക്കാനാകൂ.

**(ഡോ. ജോസഫ് പാംപ്ലാനി)**



# 15

## ഒരു വലിയ നിയോഗം

**(മത്താ 28:16 – 20)**

അസ്സീസ്സിയിലെ പുണ്യവാളൻ സന്യാസസഭ തുടങ്ങാനുള്ള മോഹവുമായി അനുവാദത്തിനായി പരിശുദ്ധ പിതാവിനെ കാണുവാൻ പോയി. ചാക്കുവസ്ത്രവും ചകിരിക്കയറിന്റെ അരക്കെട്ടും അലസമായ മുടിയും ദയനീയമായ നടപ്പും മട്ടും... മാർപ്പാപ്പയ്ക്ക് തീരെ ബോധിച്ചില്ല ഈ സാധുവിനെ. നിങ്ങൾ പന്നികളോട് സുവിശേഷം പ്രസംഗിക്കൂ എന്ന് പരിഹസിച്ച് പാപ്പ അവനെ പുറത്താക്കി. പാപ്പായുടെ കല്പ്പന പാലിക്കാനായി ഫ്രാൻസീസ് വത്തിക്കാന്റെ പ്രാന്തപ്രദേശത്തുള്ള പന്നിക്കൂട്ടിൽ പോയി വചനം പറഞ്ഞു തുടങ്ങി. ദൈവിക അരുളപ്പാടു കിട്ടിയ പാപ്പ ഫ്രാൻസീസിനെ തേടിയിറങ്ങി. പന്നിക്കുഴിയിലിറങ്ങി പന്നികളോട് വചനം പ്രസംഗിക്കുന്ന ഫ്രാൻസീസിന്റെ എളിമയുടെയും അനുസരണത്തിന്റെയും മുന്നിൽ പാപ്പാ അമ്പരന്നു. ഫ്രാൻസീസിന് അതു ശീലമായി മാറി. കടവിലിരുന്ന് മത്സ്യങ്ങളോടും കാട്ടിലിരുന്ന് കുരുവികളോടും മൃഗങ്ങളോടും ഇഴജന്തുക്കളോടും ഫ്രാൻസീസ് ദൈവഹിതം പങ്കുവച്ചിരുന്നു. അവയാകട്ടെ കാതുകൂർപ്പിച്ച് ഫ്രാൻസീസിനെ കേൾക്കുമായിരുന്നത്രേ. അക്രമണകാരിയായ ഒരു ചെന്നായ

ഫ്രാൻസീസിന്റെ പ്രസംഗംകേട്ട് മാനസാന്തരപ്പെട്ട് കുഞ്ഞാടായി മാറിയ കഥ ജീവചരിത്രകാരന്മാർ പറയുന്നുണ്ട്. "സകലജാതിക ളോടും" സുവിശേഷം പ്രസംഗിച്ച ഫ്രാൻസീസ് എന്ന മഹാപ്രേഷി തൻ രണ്ടാമത്തെ ക്രിസ്തുവായി.

## പ്രേഷിതൻ ക്രിസ്തുവിന്റെ തുടർച്ച

"മഹത്തായ നിയോഗം" (Great Commission) എന്ന പേരിലാണ് മത്തായി 28:16-20 അറിയപ്പെടുന്നത്. താൻ പറഞ്ഞതും ചെയ്തതും ലോകത്തിന്റെ അതിരുകളും അവസാനവും വരെ തുടരുവാൻ അവി ടുന്ന് ശിഷ്യരെ ചുമതലപ്പെടുത്തുന്നതാണ് ഈ വചന ഭാഗത്തിന്റെ പ്രധാന പ്രതിപാദ്യമെങ്കിലും മുഴുവൻ സുവിശേഷത്തിന്റെയും സമാ പന സന്ദേശമായും ഇത് നിലകൊള്ളുന്നു. മുൻവിവരണങ്ങളെ അനു സ്മരിപ്പിക്കുന്ന പദപ്രയോഗങ്ങൾ ഈ വചനഭാഗത്ത് ദൃശ്യമാണ്.

- ➔ പരസ്യജീവിതത്തിന്റെ ആരംഭംകുറിക്കുന്ന 4:12 ലെ "ഗലീലി"തന്നെയാണ് സമാപനരംഗവും.
- ➔ യേശുവിന്റെ ആദ്യപ്രഭാഷണവേദിയായ മല (5:1) തന്നെ യാണ് വിടവാങ്ങൽ സന്ദേശത്തിന്റെയും വേദി.
- ➔ ശിഷ്യരുടെ സംശയം 14:31-33 ലെ പത്രോസിന്റെ സംശ യത്തെ ഓർമ്മിപ്പിക്കുന്നു.
- ➔ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലുള്ള മാമ്മോദീസായെക്കുറിച്ചുള്ള പരാമർശം മത്തായി 3:13-17 ലെ യേശുവിന്റെ മാമ്മോദീസായെ ഓർമ്മി പ്പിക്കുന്നു.
- ➔ 28:20 ൽ "ഞാൻ നിങ്ങളോടുകൂടെയുണ്ട്"എന്ന വാഗ് ദാനം 1:23 ലെ ഇമ്മാനുവൽ പ്രവചനത്തെ ഓർമ്മി പ്പിക്കുന്നു.
- ➔ എല്ലാവരെയും ശിഷ്യപ്പെടുത്താനുള്ള നിർദ്ദേശം, യേശു ശിഷ്യരെ വിളിക്കുന്ന രംഗങ്ങളെ ഓർമ്മിപ്പിക്കുന്നു (മ ത്തായി 4:8-9).
- ➔ യഹൂദരുടെ ഇടയിൽ മാത്രമായി ചുരുക്കപ്പെട്ടിരുന്ന പ്രേഷിതപ്രവർത്തനത്തെ (10:5-6; 15:24) "എല്ലാ ജന തകളെയും ശിഷ്യപ്പെടുത്താനുള്ള" കല്പനയിലൂടെ സാർവ്വത്രികവത്കരിക്കുന്നു.
- ➔ "ഞാൻ നിങ്ങളോട് കല്പിച്ചവ... പഠിപ്പിക്കുവിൻ" എന്ന പ്രബോധനം സുവിശേഷത്തിന്റെ മുഴുവൻ ഉള്ളട ക്കത്തേയും പഠിപ്പിക്കാനുള്ള കല്പനയായി കരുതാം.

ചുരുക്കത്തിൽ ശിഷ്യരുടെ പ്രേഷിത പ്രവർത്തനം എന്നത് വ്യത്യ സ്തമായ ഒരു പ്രവൃത്തിയല്ല, അത് യേശുവിന്റെ പ്രവർത്തനങ്ങ





ളുടെ തുടർച്ചയാണ്. ഒരു വ്യക്തിയുടെ വാക്കും പ്രവൃത്തിയും ചിന്തയും യേശുവിന്റേതിനു സമാനമാകുമ്പോഴാണ് പ്രസ്തുത വ്യക്തി പ്രേഷിതനാകുന്നത്. ഈ അർത്ഥത്തിലാണ് സഭ സ്വഭാവ ത്താലേ പ്രേഷിതയാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠി പ്പിക്കുന്നത്. സഭ ക്രിസ്തുവിന്റെ തുടർച്ചയാണ് എന്നു പറയുന്നതും സഭ പ്രേഷിതയാണ് എന്നു പറയുന്നതും ഒരേ അർത്ഥത്തിലാണ് എന്നു സാരം.

സഭയെ അവതരിപ്പിക്കാൻ ഉപയോഗിക്കുന്ന ഈ വചനഭാഗത്ത് ക്രിസ്തുവിന്റെ അഭിധാനങ്ങൾ അപ്പസ്തോലൻ ആവർത്തിച്ചുറപ്പി ക്കുന്നതിന്റെ അർത്ഥവും ഇതുതന്നെയാണ്: സ്വർഗ്ഗത്തിലും ഭൂമിയി ലുമുള്ള സമസ്ത അധികാരവും ലഭിക്കുന്നതിലൂടെ (വാ. 18) ദാനി യേൽ 7:13-14ലെ "മനുഷ്യപുത്രനായി" ക്രിസ്തു സ്വയം പ്രതിഷ്ഠി ക്കുന്നു. സമസ്ത അധികാരവും ലഭിക്കുക വഴി അവിടുന്നു "കർത്താവാ"ണ്. ഞാൻ നിങ്ങളോടു കല്പിച്ചവ പഠിപ്പിക്കുക എന്ന കല്പനയിലൂടെ യേശു സ്വയം "ഗുരു" വായി പ്രഖ്യാപിക്കുന്നു. "എല്ലാ ജനതകൾക്കുമുള്ള രക്ഷ"യെ സൂചിപ്പിക്കുന്നതിലൂടെ (വാ. 19=ഉൽപ 12:13; 18:18; 22:18) യേശു "അബ്രാഹത്തിന്റെ പുത്രനായി" സ്വയം അവതരിപ്പിക്കുന്നു. "എന്നും നിങ്ങളോടുകൂടി..." എന്ന വാഗ്ദാനത്തിലൂടെ അവിടുന്ന് തന്നെത്തന്നെ എമ്മാനുവലായി അവ തരിപ്പിക്കുന്നു. ചുരുക്കത്തിൽ ക്രിസ്തു എന്തായിരുന്നുവോ അത് ആയിത്തീരുവാനാണ് അവിടുന്നു സഭയെ സ്ഥാപിച്ചത്.

## വീണ്ടും ഒരു മലമുകളിൽ

മത്തായിയുടെ സുവിശേഷത്തിൽ ശിഷ്യത്വത്തിന്റെ ആദ്യപാഠ ങ്ങൾ പഠിപ്പിക്കപ്പെടുന്നത് ഒരു മലമുകളിൽ വച്ചാണ്. ഗിരിപ്രഭാ ഷണം എന്ന വിഖ്യാത പ്രസംഗത്തിന്റെ പശ്ചാത്തലം മലയാണല്ലോ (5:1). ശിഷ്യത്വത്തിന്റെ സമാപന സന്ദേശം നൽകാനും ക്രിസ്തു ഗലീലിയിലെ അതേ മലതന്നെ തിരഞ്ഞെടുത്തത് ബോധപൂർവ്വ മായിരുന്നു. ആദ്യന്തം അവിടുന്നു പഠിപ്പിച്ചവയത്രെയും ശിഷ്യരുടെ ജീവിതപ്രമാണമാകണമെന്നതായിരുന്നു ആദിയിലെയും അന്ത്യത്തി ലെയും രംഗസജ്ജീകരണത്തിന്റെ സമാനത വ്യക്തമാക്കുന്നത്. മല മുകളിൽ മോശയ്ക്ക് പ്രത്യക്ഷപ്പെട്ടിരുന്ന ദൈവത്തെ ഓർമ്മിപ്പി ക്കുമാറ് യേശുവും മലമുകളിൽ പ്രത്യക്ഷപ്പെടുന്നു. മോശ ദൈവത്തെ ആരാധിച്ചതിനു സമാനമായി ശിഷ്യരും യേശുവിനെ ആരാധി ക്കുന്നു (വാ. 17).

മലമുകളിലെ യേശുവിന്റെ വിടവാങ്ങൽരംഗം മോശയുടെ വിട വാങ്ങലിന്റെ ശക്തമായ സൂചന തരുന്നുണ്ട്. നിയമാവർത്തനം 34:1-4 ൽ നെബോമലയിലെ പിസ്ഗായുടെ മുകളിൽ കയറി വാഗ്ദാന

നാടായ കാനാൻ ദേശം നോക്കിക്കാണുന്ന മോശയെപ്പോലെ പുതിയനിയമത്തിലെ മോശയായ ക്രിസ്തുവും തന്റെ രക്ഷാകരകർമ്മത്തിന്റെ ഫലമായി രൂപം കൊള്ളുന്ന സഭയെയും സഭയുടെ പ്രവർത്തനങ്ങളെയും നോക്കിക്കണ്ട് ശിഷ്യർക്ക് നിർദ്ദേശം നൽകുന്നതാണ് സന്ദർഭം. പല സമാനതകളും ഈ വിവരണങ്ങൾ തമ്മിലുണ്ട്.

1. രണ്ടു വിവരണങ്ങളും അന്തിമമായ വിടവാങ്ങൽ രംഗങ്ങളാണ്.
2. രണ്ടിലും തങ്ങളുടെ അധ്വാനഫലമായി രൂപം കൊണ്ട ശോഭനമായ ഭാവിയെ നായകന്മാർ നോക്കിക്കാണുന്നതാണ് ഇതിവൃത്തം.
3. നിയമാവർത്തന വിവരണം 12 ഗോത്രങ്ങളെ പരാമർശിക്കുമ്പോൾ മത്തായി 12 ശിഷ്യരെ പരാമർശിക്കുന്നു.
4. രണ്ടു സംഭവങ്ങളും മലമുകളിലാണ് നടക്കുന്നത്.
5. മോശയുടെ ശവകുടീരം ആരും കണ്ടില്ല എന്ന പരാമർശം (നിയമ 34:6) മോശയുടെ ആരോഹണത്തെ (Ascent) സൂചിപ്പിക്കുന്നതായാണ് പാരമ്പര്യം പറയുന്നത്. മത്തായിയുടെ വിവരണവും യേശുവിന്റെ സ്വർഗ്ഗാരോഹണത്തിന്റെ പശ്ചാത്തലത്തിലാണ്.

പുതിയനിയമത്തിലെ മോശയായി യേശുവിനെ അവതരിപ്പിക്കുന്നു എന്ന പ്രഖ്യാപിത ലക്ഷ്യവുമായി സുവിശേഷരചന നിർവ്വഹിക്കുന്ന മത്തായിയുടെ സുവിശേഷത്തിന് തികച്ചും അനുയോജ്യമാണ് ഈ സമാപനരംഗം എന്നു വ്യക്തമാണ്.

**ചിലരുടെ സംശയം**

ഉത്ഥിതനെ കണ്ടവരെല്ലാം സംശയിക്കുന്നുണ്ട്. മഗ്ദലനാമറിയം അവനെ തോട്ടക്കാരനായും എമ്മാവൂസിലേക്കുപോയ ശിഷ്യർ അവനെ അപരിചിതനായും തിബേരിയാസിന്റെ തീരത്തു നിന്നവനെ ഒരു യുവാവായും ശിഷ്യർ സംശയിക്കുന്നുണ്ട്. മരിച്ചവൻ തന്നെയാണ് ഉയിർത്തത് എന്ന് സ്ഥാപിക്കുമ്പോഴും ക്രൂശിതനിൽനിന്ന് ഉത്ഥിതനിലേക്കുള്ള അകലത്തിന്റെ അതിസ്വാഭാവികത നിലനിർത്താൻ സുവിശേഷകന്മാർ കണ്ടെത്തുന്ന ഒരു രചനാ സങ്കേതമായിരിക്കാം ഈ സംശയം (മർക്കോ 16:11; ലൂക്കാ 24:13-35; യോഹ 20:14; 21:4).

ദൈവികസാന്നിധ്യമുള്ള വ്യക്തികളെ തിരിച്ചറിയാൻ കഴിയാതെ പോകുന്ന സംഭവങ്ങൾ യഹൂദരചനകളിൽ സാധാരണമാണ്. ജോസഫിന്റെ സഹോദരന്മാർക്ക് അവനെ തിരിച്ചറിയാൻ കഴിയാതിരുന്നത് (ഉൽ 42:8), സീനായ് മല ഇറങ്ങി വരുന്ന മോശയെ ജനം തിരിച്ചറിയാത്തത് (*LAB 12.1*), സാവൂളും കൂട്ടരും ദാവീദിനെ തിരിച്ചറിയാതിരുന്നത് (*LAB 61.9*), അബ്രാഹം മുഖ്യദൂതനായ മിഖായേലിനെ തിരിച്ചറിയാതിരുന്നത് (*Test. Abr. 2*) തുടങ്ങിയവ ഉദാഹരണങ്ങളാണ്. പ്രേക്ഷകന്റെ ഭാഗത്തെ വീഴ്ചയാണ് പലപ്പോഴും തെറ്റിദ്ധാരണയ്ക്ക് കാരണമാകുന്നതെന്ന് ഈ സംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.





തള്ളിപ്പറഞ്ഞവനെയും സംശയിക്കുന്നവരെയും ഒറ്റുകാരന്റെ പകരക്കാരനെയും ഒക്കെക്കൂട്ടി ദൈവരാജ്യത്തിന്റെ അടിത്തറ പണിയാനാണ് ക്രിസ്തു തീരുമാനിക്കുന്നത്. താൻ സ്ഥാപിക്കുന്ന സഭ പുണ്യപൂർണ്ണരുടെ മാത്രമല്ല പാപികളുടേതുമാണെന്ന് അവിടുന്ന് മുന്നറിയിപ്പു തരുന്നു. ഒരിക്കലും വീഴാത്തവർക്കു മാത്രമല്ല വീണതിനെ ഓർത്തു കരയാൻ കഴിവുള്ളവർക്കും സഭയിൽ സ്ഥാനമുണ്ട്. പാപിയുടെ അവസാനത്തെ അത്താണി സഭയാണ്. സഭയും ബഹിഷ്ക്കരിച്ചാൽ അവന് പോകാനൊരിടവുമില്ലെന്ന് യേശുവിനറിയാമായിരുന്നു. സ്വന്തം ബലഹീനതയെക്കുറിച്ചുള്ള അറിവ് സഭാനേതൃത്വത്തെ എളിമയിലേക്കും ദൈവാശ്രയബോധത്തിലേക്കും നയിക്കണം. പാപവഴി വിട്ടുപോന്ന ആഗസ്തീനോസും ഫ്രാൻസീസ് സേവ്യറുമൊക്കെ സഭയുടെ കരുത്തായത് ഇപ്രകാരമാണ്. ഇളകിയ മണ്ണ് കൂടുതൽ ഫലം പുറപ്പെടുവിക്കും പോലെ, "ഒടിഞ്ഞ കൈയ്ക്ക് ബലം കൂടുമെന്നു" പറയുന്നതുപോലെ തകർച്ചകളെ ശക്തിയാക്കാൻ ദൈവത്തിനു കഴിയുന്നു.

അക്ഷരാഭ്യാസമില്ലാത്ത കേവലം 12 അപ്പസ്തോലന്മാരെ ഉപയോഗിച്ച് ആഗോള കത്തോലിക്കാസഭയ്ക്ക് അടിത്തറയിടാനുള്ള ക്രിസ്തുവിന്റെ തീരുമാനം തികച്ചും ശരിയായിരുന്നുവെന്ന് ചരിത്രം തെളിയിച്ചതല്ലേ.

ഒരുവന്റെ പരിമിതികൾ പ്രേഷിതപ്രവർത്തത്തിനു തടസ്സമല്ല. മഠം വിട്ട് പുറത്തിറങ്ങാൻ കഴിയാതെ ശയ്യാവലംബയായിരുന്ന കൊച്ചുത്രേസ്യായെ സഭയുടെ ഏറ്റവും വലിയ പ്രേഷിതപ്രവർത്തകയായി പരി. പിതാവ് പ്രഖ്യാപിച്ചപ്പോൾ പ്രേഷിതപ്രവർത്തനത്തിനു പുതിയ മാനം കൈവരുകയായിരുന്നു. പ്രേഷിതമേഖലയിലായിക്കുന്നവരെ പ്രാർത്ഥന കൊണ്ട് ആത്മീയമായും സമ്പത്തുകൊണ്ട് ഭൗതികമായും സഹായിക്കാൻ സകല വിശ്വാസിക്കും കടമയുണ്ട്. ഉത്തരേന്ത്യയിൽ പോയി പ്രേഷിതപ്രവർത്തനം നടത്താനാവാത്തവർക്ക് സ്വന്തം ഉത്തരത്തിനു കീഴിലിരുന്ന് പ്രേഷിത പ്രവർത്തനം നടത്താം. ചെയ്യുന്ന പ്രവൃത്തിയുടെ വലിപ്പമോ നേട്ടമോ അല്ല അതിലടങ്ങിയിരിക്കുന്ന ആത്മാർത്ഥതയാണ് യഥാർത്ഥ പ്രേഷിത ചൈതന്യം.

**(ഡോ. ജോസഫ് പാംപ്ലാനി)**

## Selected Bibliography: The Gospel of Matthew

Allison Dale C., *The New Moses: A Matthean Typology* (Minneapolis: Fortress Press, 1993).
Anderson J. Capel, *Matthew's Narrative Web Over, and Over, and Over Again* (Sheffield: JSOT Press, 1994).
Aune David E., ed., *The Gospel of Matthew in Current Study: Studies in Honor of William G. Thompson* (Grand Rapids: Eerdmans, 2001).
Balch D.L., ed, *Social History of the Matthean Community: Cross-Disciplinary Approaches* (Minneapolis: Fotress Press, 1991).
Bauer David R., Mark Allan Powell, eds., *Treasures Old and New: Recent Contributions to Matthean Studies*, SBL Symposium Series 1 (Atlanta, GA: Scholar's Press, 1996).
Boring, M.E. "Matthew," in *New Interpreter's Bible* (Nashville: Abingdon Press, 1994).
Bornkamm G., G. Barth, and H.J. Held, *Tradition and Interpretation in Matthew* (Philadelphia: Westminster Press, 1963).
Brown Jeannine K., *The Disciples in Narrative Perspective: The Portrayal and Function of the Matthean Disciples* (Leiden: Brill, 2002).
Brubo Maggioni, *Il Racconto di Matteo*, Assisi, 2009
Carter W.C., *Matthew and the Margins: A Sociopolitical and Religious Reading* (Maryknoll, NY: Orbis Books, 2000).
Carter Warren, *What are they saying about Matthew's Sermon on the Mount* (New York: Paulist, 1994).
David Hill, *The Gospel of Matthew,* The New Century Bible Commentary, Michigan, 1984
Davies W.D. and D.C. Allison, *A Critical and Exegetical Commentary on the Gospel According to Saint Matthew*, NICC, 3 vols. (Edinburgh: T&T Clark, 1988-1997).
Davies W.D., *The Setting of the Sermon on the Mount* (Cambridge: Cambridge University Press, 1964).
Duling Dennis C., "Matthew as a Marginal Scribe in an Advanced Agrarian Society," *Hervormde Teologise Studies* 58 (2002): 520-575.
Garland David, *Reading Matthew: A Literary and Theological Commentary on the First Gospel*, red., Reading the New Testament series (Macon, GA: Smyth and Helwys, 1999)
George T. Montague, S.M. *A Cross Cultural Commentary on the Gospel of Mathew,* Companion God, New York, 1990
Giuseppe Barbaglio, *L'Evangelo di Matteo* in I Vangeli, Assisi,2008, p.57-466
Guenter Bornkamm, *Tradition and Interpretation in Matthew,* Philadelphia, 1963
Gundry R.H, *Matthew: A Commentary on His Handbook for a Mixed Church under Persecution*, 2nd ed. (Grand Rapids: Eerdmans, 1994)





Gundry R.H., *The Use of the Old Testament in St. Matthew's Gospel. With Special Reference ot the Messianic Hope* (Leiden: Brill, 1975).
Gurtner Daniel M. and John Nolland, eds., *Built Upon the Rock: Studies in the Gospel of Matthew* (Grand Rapids, MI: Eerdmans, 2008).
H. Benedict Green, *Gospel according to Mathew,* New Clarendon Bible, Oxford University Press, 1975
Hare D.R.A., *Matthew* (Louisville: John Knox, 1993).
Harrington Daniel J., *Gospel of Matthew*, Sacra Pagina 1 (Collegeville, MN: Liturgical Press, 1991).
Harrington, Daniel J. *Gospel of Matthew*, Sacra Pagina 1 (Collegeville, MN: Liturgical Press, 1991). Harrington's gift is to sort through a wide range of contemporary interpretations and highlight the best. This offers a good thorough introduction.
Hatina Thomas R., ed., *Biblical Interpretation in Early Christian Gospels*, Vol. 2: *The Gospel of Matthew*, series: Library of New Testament Studies 310 (London / New York: T&T Clark [A Continuum Imprint], 2008).
Hauerwas Stanley, *Matthew*, Brazos Theological Commentary on the Bible (Grand Rapids: Brazos, 2006).
Henry Wansbrough O.S.B., *New Catholic Commentary on Holy Scripture*, New York, 1975,
Horsley R.A., *The Liberation of Christmas: The Infancy Narratives in Social Context* (New York: Crossroad, 1989).
Jack Dean Kingsbury, *Matthew, Structure, Christology, Kingdom*, London, 1976
John L. McKenzie, S. J., *The Gospel According to Matthew,* in Jerome Biblical Commentary, London, 1970
Josef Schmid, *L' Evangelo Secondo Matteo,* Brescia, 1965 Kingsbury Jack Dean, *Matthew: Structure, Christology, Kingdom* (Minneapolis: Fortress Press, 1989).
Luigi Rolfo, *Commento della Bibia Liturgica*, Roma, 1981, p. 849-1013
Luz Ulrich, *Matthew: A Commentary*, Hermeneia, 3 vol., trans. William C. Linss (Minneapolis: Fortress Press, 1989-2005).
M. D. Goulder, *Midrash and Lection in Mathew,* London, 1974
Malina Bruce J. and J.H. Neyrey, *Calling Jesus Names: The Social Value of Labels in Matthew*(Sonoma: Polebridge Press, 1988).
Meier John P., *The Vision of Matthew: Christ, Church, and Morality in the First Gospel* (New York: Crossroad, 1991).
Neyrey J.H., *Honor and Shame in the Gospel of Matthew* (Louisville: Westminster John Knox, 1998).
Orton D.E., *The Understanding Scribe: Matthew and the Apocalyptic Ideal* (Sheffield: Sheffield Academic Press, 1989).
Overman J. Andrew, *Church and Community in Crisis: The Gospel Accroding to Matthew*, The New Testament in Context (Valley Forge: Trinity International Press, 1996).

Overman J.Andrew, *Matthew's Gospel and Formative Judaism: The Social World of the Matthean Community* (Minneapolis: Fortress Press, 1990). p. 902-953
Patte Daniel, *The Gospel According to Matthew: A Structural Commentary on Matthew's Faith* (Philadelphia: Fortress Press, 1987).
Pierro Coda, *I Quatro Vangeli, Milano,* 2008
Pope Benedict XVI, *Jesus of Nazareth*, Part One, Vatican City, 2007: Part two, San Francisco, 2011
Riches J.and D.C. Sim, eds., *The Gospel of Matthew in its Roman Imperial Context* (London: T&T Clark, 2005).
Robert H. Gundry, *Mathew, A Commentary on His Literary and Theological Art,* Michigan, 1982
Ronald E. Clements, Mathew Black, *The Gospel of Mathew,* London, 1972
Saldarini A.J., *Matthew's Christian-Jewish Community* (Chicago: University of Chicago Press, 1994).
Schnackenburg Rudolf, *The Gospel of Matthew*, trans. Robert R. Barr (Grand Rapids, MI: Wm. B. Eerdmans, 2002).
Senior Donald, "Between Two Worlds: Gentile and Jewish Christians in Matthew's Gospel,"*Catholic Biblical Quartetly* 61 (1999): 1- 23.
Senior Donald, *Matthew*, Abingdon New Testament Commentary (Nashville: Abingdon, 1998).
Sim David C., *Apocalyptic Eschatology in the Gospel of Matthew* (Cambridge: Cambridge University Press, 1996).
Stanton G.N., "The Origin and Purpose of Matthew's Gospel: Matthean Scholarship from 1945- 1980," *Aufstieg und Nidergang der römischen Welt*, II.25.3. 1890-1951 (1985).
Stanton G.N., *A Gospel for a New People: Studies in Matthew* (Edinburgh: T&T Clark, 1992)
Talbert Charles H., *Matthew,* series: Paideia (Grand Rapids: Baker Academic, 2010)
Theodore H. Robinson, *The Gospel of Mathew,* The Moffatt New Testament Commentay, London, 1928
Wainwright Elaine M., "Who Do You Say That I Am? A Matthean Response," in *The Blackwell Companion to Jesus*, ed. Delbert Burkett (Oxford: Wiley-Blackwell, 2011), 30-46.